# VIII നിയമനിർമ്മാണ കാര്യം

## (1) 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ഇന്ന് മൂന്നുമണിക്കൂർ ചർച്ചയും തുടർന്ന് രണ്ട് ബില്ലുകൾ പാസ്സാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന്റെ റൂളിംഗ് പാലിച്ച് സമയകൃത്യത പാലിക്കണമെന്ന് അഭ്യർഥിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഇതര ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യാൻപോലും സാധിക്കാത്ത വിധം കേരളം നേടുന്ന സാമൂഹിക പുരോഗതിക്ക് എല്ലാകാലത്തും ചാലകശക്തിയായത് ഇടതുപക്ഷ സർക്കാരുകളാണെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. അയിത്തം, അനാചാരം, പട്ടിണി ഇവയിലൂടെ പിടയുന്ന ജനതയെ തട്ടിയുണർത്തി അവകാശസമരത്തിന്റെ പോരാട്ട വീഥിയിലേക്ക് നയിച്ച് മാറ്റിയെടുത്തതാണ് ഇന്ന് കാണുന്ന കേരളം എന്നതിന് തർക്കമുണ്ടാകില്ലെന്ന് തോന്നുന്നു. ആധുനിക കേരളത്തിന് അടിത്തറയിട്ട 1957-ലെ ഇ. എം. എസ്. സർക്കാർ മുതൽ 2016-ലെയും ഇന്നത്തെയും പിണറായി സർക്കാർവരെ നടത്തിയ ഇടപെടലുകളാണ് കേരളത്തെ പുതുക്കിപണിതത് എന്നതാണ് വസ്തുത.

നാടിനെ വികസനത്തിലേക്ക് നയിക്കുന്നതോടൊപ്പം വർഗീയതയുടെ കഴുകന്മാർക്ക് കൊത്തിപ്പറിക്കാൻ അനുവദിക്കാതെ ജനങ്ങളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന പിണറായി സർക്കാരിനെ ഇകഴ്ത്തികാണിക്കാൻ യു.ഡി.എഫ്.-ഉം നാട്ടിലെ എല്ലാ മാധ്യമങ്ങളും ശ്രമിച്ചാൽ അതിലൊന്നും വീഴുന്നവരല്ല മലയാളികൾ എന്നത് വരുംദിവസങ്ങളിൽ എല്ലാവർക്കും ബോധ്യമാകും. ഉദിച്ചുയരുന്ന സൂര്യനെ പഴയമുറംകൊണ്ട് തടുക്കാൻ ശ്രമിക്കുന്നതിനുതുല്യമാകും എല്ലാ വാദങ്ങളുമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയ ഭൂപരിഷ്കരണ നയം, വിദ്യാഭ്യാസ ബിൽ, സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം തുടങ്ങിയ വിപ്ലവകരമായ ഇടപെടലുകളുടെ തുടർച്ചയാണ് ഇന്നത്തെ പിണറായി സർക്കാർ. വികസിത-അർധവികസിത രാജ്യങ്ങളിലെ ജീവിത നിലവാരത്തിലേക്ക് കേരളത്തെ നയിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ആരുതടുത്താലും അതിനെയെല്ലാം തട്ടിമാറ്റികൊണ്ട് ഈ സർക്കാർ മുന്നോട്ടുതന്നെപോകും. കേന്ദ്രം

അടിച്ചേൽപ്പിക്കുന്ന ഉപരോധസമാനമായ നിയന്ത്രണങ്ങളെ അതിജീവിച്ചാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നതെന്ന് പ്രതിപക്ഷം ഓർക്കണം. കേന്ദ്രത്തിൽ കോൺഗ്രസ് ഭരിക്കുമ്പോഴും ഇതുതന്നെയായിരുന്നു കേരളത്തോട് കാണിച്ചതെന്ന് കേരള ചരിത്രം വിശദമായി പരിശോധിച്ചാൽ ബോധ്യമാകും. രാജ്യം നേരിടുന്ന ഉരുൾപ്പൊട്ടൽ ദുരന്തബാധിതരോടുപോലും ക്രൂരത കാണിക്കുന്ന കേന്ദ്ര സർക്കാർ കേരളത്തിനവകാശപ്പെട്ട ശതകോടികളുടെ സാമ്പത്തിക വിഹിതം തടഞ്ഞുവച്ചിരിക്കുകയാണ്. ഇതിനെതിരെ യു.ഡി.എഫ്. എം.പി.-മാർ മൗനം പാലിക്കുന്നത് മൂന്നരകോടിയിലധികം വരുന്ന മലയാളികളെ വഞ്ചിക്കുന്നതിന് തുല്യമാണെന്ന് കാണണം. ഇതൊന്നും ജനങ്ങൾ കാണുന്നില്ല, മനസ്സിലാക്കുന്നില്ല എന്ന ധാരണയിലാണ് നിലവിൽ യു.ഡി.എഫ്. ചർച്ച ചെയ്യുന്നത്. ചില മാധ്യമങ്ങൾ വസ്തുതകൾക്കുവിരുദ്ധമായി പ്രചരിപ്പിക്കുന്നതൊക്കെ നൂറ് ശതമാനം ശരിയാണെന്ന് ജനങ്ങൾ കരുതുമെന്ന് അവർ ധരിക്കുകയാണ്. മലർപൊടിക്കാരന്റെ സ്വപ്നംപോലെയാകും കേരള രാഷ്ട്രീയം എന്നത് അവർ അനുഭവിക്കാൻ പോകുകയാണ്. സ്വാതന്ത്ര്യദിനത്തിനുശേഷം ഏറ്റവും കൂടുതൽകാലം ഇന്ത്യ ഭരിച്ചത്

കോൺഗ്രസ്സാണ്. എല്ലാ സംസ്ഥാനങ്ങളുടെയും അധികാരത്തിന്റെ അട്ടിപേറും കോൺഗ്രസ്സിനായിരുന്നു. നിലവിൽ കോൺഗ്രസ്സിന്റെ സ്ഥിതി എന്താണെന്നതിനെ സംബന്ധിച്ച് ഭൂതകണ്ണാടിവച്ചൊന്നും നോക്കേണ്ടതില്ല, നേരിട്ട് നോക്കിയാൽതന്നെ മനസ്സിലാകും. ഇന്ത്യാ സഖ്യമുള്ളതുകൊണ്ടാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കുറച്ച് സീറ്റ് പാർലമെന്റിൽനിന്നും അവർക്ക് ലഭിച്ചത്. അപ്പോഴേക്കും അഹങ്കാരം മൂത്തു. അതാണ് പിന്നെ ഹരിയാനയിലെയും ഡൽഹിയിലെയും തിരഞ്ഞെടുപ്പിൽ നാം കണ്ടത്. അതുകൊണ്ട് ഇനിയെങ്കിലും നേരെയാകാനുള്ള മനസ്സ് കോൺഗ്രസ് പ്രകടിപ്പിച്ചാൽ നന്നാകുമെന്നാണ് എനിക്കിപ്പോൾ സൂചിപ്പിക്കാനുള്ളത്. കോൺഗ്രസ് ഇപ്പോൾ കാലഹരണപ്പെട്ട പാർട്ടിയായി മാറിയെന്ന കാര്യത്തിൽ അവർക്കുതന്നെ സംശയമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. എങ്ങനെയെങ്കിലും പിണറായി സർക്കാരിനെതിരെ ജനവികാരത്തെ ഇളക്കിവിടാൻ കോൺഗ്രസ്സും ബി.ജെ.പി.-യും മാധ്യമങ്ങളുമെല്ലാം ചേർന്ന് കിണഞ്ഞ് ശ്രമിക്കുകയാണ്. അതൊക്കെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ മലയാളികൾ തള്ളിക്കളയുമെന്ന കാര്യത്തിൽ തർക്കമില്ല.

ജീവിതമൊന്ന് ഇപ്പോൾ നടക്കുന്ന രാഷ്ട്രീയ ദുഷ്പ്രചരണങ്ങൾ മറ്റൊന്നാണെന്ന കാര്യം തിരിച്ചറിയാനുള്ള അറിവും വിവേകവുമൊക്കെ മലയാളികൾക്കുണ്ടെന്നത് നമ്മൾ കാണണം.

ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത, വികേന്ദ്രീകൃത ഭരണനിർവഹണം, ദാരിദ്ര്യ നിർമ്മാർജനം, വ്യവസായ സൗഹൃദം എന്നീ മേഖലകളിൽ രാജ്യത്ത് ഒന്നാമതാണ് കേരളം എന്നത് ദിവസവും തെളിയിക്കപ്പെടുന്നുവെന്നതാണ് പിണറായി സർക്കാരിന്റെ മുഖമുദ്ര. യു.ഡി.എഫ്. തകർത്തെറിഞ്ഞ കേരളത്തെ നവകേരളമാക്കി പരിവപ്പെടുത്താൻ എൽ.ഡി.എഫ്. സർക്കാർ നടത്തിയ പരിശ്രമത്തിന്റെ ഫലംകൂടിയാണ് ഇന്ന് പ്രകടമാകുന്നത്. മൂലധന നിക്ഷേപത്തിൽ വലിയ മുന്നേറ്റമാണ് കഴിഞ്ഞ എട്ടുവർഷങ്ങളിലായി കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. 2011-16-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മൂലധന നിക്ഷേപം 24,505 കോടി രൂപയായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അത് 47,680 കോടി രൂപയായും ഈ സർക്കാരിന്റെ ആദ്യമൂന്ന് വർഷത്തിൽ 41,772 കോടി രൂപയായും വർധിച്ചു. കേരളം പടിപടിയായി മുന്നേറുന്നുവെന്നതിന്റെ ലക്ഷണമാണ്

അനുദിനം ബോധ്യമാകുന്നത്. പാശ്ചാത്തല സൗകര്യവികസനത്തിന് 1147 പദ്ധതികളിലായി 87,521 കോടി രൂപയുടെ നിക്ഷേപം കേരളത്തിലുണ്ടായി. യു.ഡി.എഫ്. സർക്കാർ ഉപേക്ഷിച്ച ദേശീയ പാത വികസനത്തിന് സ്ഥലമേറ്റെടുക്കാൻ 5,580 കോടി രൂപയാണ് പിണറായി സർക്കാർ ചെലവിട്ടത്. മറ്റ് സംസ്ഥാനങ്ങളിലൊന്നും ഇല്ലാത്ത സംഭവമാണത്.

തൊഴിൽ മേഖലയിലും വലിയ കുതിപ്പാണുണ്ടായിട്ടുള്ളത്. വ്യാവസായിക, കാർഷിക മേഖലയിലും പുത്തനുണർവുണ്ടായിട്ടുണ്ട്. വൈജ്ഞാനിക സമൂഹ സൃഷ്ടിയിലും വലിയ മുന്നേറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നത് ജനങ്ങൾ കാണുന്നുണ്ട്. എന്തെല്ലാം അപവാദങ്ങൾ ഈ സർക്കാരിന് എതിരെ ഉയർത്തിയാലും അതൊന്നും നടക്കാൻ പോകുന്നില്ലെന്നതാണ് വസ്തുത. നിലവിൽ നടക്കുന്ന ആശാ വർക്കേഴ്സ് സമരത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് എല്ലാ മാധ്യമങ്ങളും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യുമെല്ലാം പ്രവർത്തിക്കുന്നത്. ആശാ വർക്കേഴ്സ് സമരവുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതമായ വിഷയങ്ങൾ ഉയർത്തിക്കൊണ്ട് ഗവൺമെന്റിനെ അട്ടിമറിക്കാൻവേണ്ടിയുള്ള പ്രവർത്തിന്റെ ഭാഗമായി സാമ്പത്തിക സഹായമുൾപ്പെടെ ചെയ്തുകൊണ്ടാണ്

ചിലർ പ്രവർത്തിക്കുന്നത്. ചില മാധ്യമങ്ങളിലെ ചർച്ചയിൽ അവതാരകന്മാർ കാര്യങ്ങൾ അവതരിപ്പിക്കുന്നത് കണ്ടാൽ മുഖത്ത് തേൾ കുത്തിയതുപോലെ തോന്നും. മുഖത്ത് തേൾ കുത്തിയാൽ എന്തായിരിക്കും സ്ഥിതി? ആ രീതിയിലാണ് പരിപാടികൾ അവതരിപ്പിക്കുന്നത്. ചിലയാളുകൾ സർവഊർജവും സമാഹരിച്ചുകൊണ്ട് പിണറായി സർക്കാരിനെതിരെ ആഞ്ഞടിക്കുകയാണ്. ഇപ്പോൾ ഉദ്ദേശിക്കുന്നത് ബംഗാളിൽ ഇടതുപക്ഷ ഗവൺമെന്റിനെ അട്ടിമറിക്കുന്നതിനുവേണ്ടി നക്സലേറ്റുകളെയും അങ്കണവാടി കുട്ടികളെയും ഉപയോഗപ്പെടുത്തിക്കൊണ്ടും സർവ ചണ്ടിപണ്ടാരങ്ങളുംകൂടി ചേർന്നുകൊണ്ടുമാണ് ആ ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള ശ്രമം നടത്തിയത്. കേരളത്തിലത് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നിലവിൽ എല്ലാവരുംകൂടി ശ്രമിക്കുന്നത്. ഇന്നലെ അല്ല ഇന്ന് എന്നുകാണുന്നത് എല്ലാവർക്കും നല്ലതാണ്. ബംഗാളിൽ ചിലപ്പോഴത് വിജയിച്ചിട്ടുണ്ടാകും. അത് കേരളത്തിന്റെ മണ്ണിൽ വിജയിക്കാൻ പോകുന്നില്ലെന്ന കാര്യം മനസ്സിലാക്കുന്നതായിരിക്കും നല്ലത്. "ചന്ദനം ചാരിയാൽ ചന്ദനം മണക്കും, കാഞ്ഞിരത്തോട് ചേർന്നാൽ കാഞ്ഞിരം കയ്ക്കും. മുസ്ലീം ലീഗിനെക്കുറിച്ചും

എനിക്ക് അതാണ് തോന്നുന്നത്. കോൺഗ്രസിന്റെ പിന്നാലെനിന്ന്, കാഞ്ഞിരത്തോട്ടുചേർന്നുനിന്ന് നിങ്ങൾ സ്വന്തം അസ്തിത്വം മെച്ചപ്പെടുത്താൻ ഒരു ശ്രമം നടത്തേണ്ട കാലം അതിക്രമിച്ചുവെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെ ഈ സർക്കാരിനും മുഖ്യമന്ത്രിയുടെ കുടുംബത്തിനും ശ്രീമതി വീണാ ജോർജിനും എല്ലാം എതിരായി എത്ര മോശമായ, നമുക്ക് ഒരിക്കലും ഊഹിക്കാൻ സാധിക്കാത്ത തരത്തിലുള്ള ആക്ഷേപങ്ങൾ ചൊരിയുകയാണ്. സാധാരണഗതിയിൽ ഒരു ജനാധിപത്യ സംവിധാനത്തിൽ സമരം ചെയ്യുന്ന ആൾക്കാരെക്കൊണ്ട് പറയിപ്പിക്കുന്ന രീതിയിലല്ല മാധ്യമങ്ങളുടെ ചോദ്യം ചെയ്യലും അവരുടെ പ്രതികരണവും നാട്ടിലുണ്ടായിക്കൊണ്ടിരിക്കുന്നത്. നിയമസഭയിലൊന്നും പറയാൻ സാധിക്കാത്ത വാചകങ്ങളാണ് അവരിപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിന്റെ അർത്ഥം എന്താണ്? വെടക്കാക്കി തനിക്കാക്കുക എന്ന രീതിയിലുള്ള പ്രവർത്തനത്തിന് നേതൃത്വം നൽകാനാണ് ഇപ്പോൾ യു.ഡി.എഫ്.-ഉം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മാധ്യമങ്ങൾ എന്തടിസ്ഥാനത്തിലാണ് ഇത് ചെയ്യുന്നതെന്നറിയില്ല. എന്തായാലും നല്ലകാലം വന്നിട്ടുണ്ട്. ഒരു മാധ്യമ

പ്രമാണിതന്നെ ബി.ജെ.പി.-യുടെ പ്രസിഡന്റായി ഇപ്പോൾ അവരോധിക്കപ്പെട്ടിരിക്കുകയാണ്. പിന്നീടുള്ള കാര്യങ്ങൾ എന്താണെന്നതൊക്കെ നമ്മൾ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. കോവളം എം.എൽ.എ. മിനിഞ്ഞാന്നത്തെ ചർച്ചയിൽ ശിവാജി ഗണേശൻ അഭിനയിച്ച വീരപാണ്ഡ്യ കട്ടബൊമ്മൻ എന്ന സിനിമയിലെ ഒരു ഡയലോഗാണ് പറഞ്ഞത്. നികുതി എന്തിന് നൽകണം എന്നതിനെ സംബന്ധിച്ച് ബ്രിട്ടീഷുകാരോട് സംവാദം നടത്തുന്നതിന്റെ കാര്യം അദ്ദേഹം സൂചിപ്പിച്ചു. 'സാരംഗധാര' ശിവാജി ഗണേശൻ അഭിനയിച്ച സിനിമയാണ്. ആ സിനിമയിൽ അദ്ദേഹം രാജവാഴ്ച കിരാതഭരണം നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അതിനെതിരായി ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് അതിശക്തമായ പോരാട്ടം നടത്തിയപ്പോൾ അദ്ദേഹത്തെ പിടിച്ച് തടവിലിട്ട് തൂക്കിക്കൊല്ലാൻ വിധിച്ചു. താൻ ചെയ്ത തെറ്റെന്താണെന്ന് അപ്പോൾ അദ്ദേഹം ചോദിക്കുകയാണ്. ഒരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് അദ്ദേഹത്തെ ആക്ഷേപിക്കുന്നത്. അപ്പോൾ അദ്ദേഹം പറഞ്ഞ ഒരു ഡയലോഗുണ്ട്. “ നട്ടു ഇരവിൽ ഉദയസൂര്യനുദിച്ചാൽ, അതെ കണ്ണില്ലാതവൻ

പാർത്താനാം, കൈയില്ലാതവൻ പിടിക്കമുയൻഡ്രാനാം, കാതില്ലാതവൻ കേട്ടാനാം" എന്ന രീതിയിലാണ് അത് പറഞ്ഞത്." അതിന്റെ മലയാള അർഥം, അർഥരാത്രി സൂര്യനുദിച്ചു, ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ നാട്ടിൽ പോയപ്പോൾ, അത് കണ്ടത് കണ്ണില്ലാത്തവനാണ്, കേട്ടത് കാതില്ലാത്തവനാണ്. കൈയില്ലാത്തവൻ പിടിക്കാൻവരെ പോയി എന്നുവരെ പറഞ്ഞു. അടിസ്ഥാനരഹിതമായ ആരോപണത്തിന്റെ പേരിൽ അട്ടിമറി പ്രവർത്തനം സംഘടിപ്പിക്കുന്ന ഇത്തരം ആൾക്കാർ ഒരു കാര്യം മനസ്സിലാക്കണം, ഇത് കേരളമാണ്. തീർച്ചയായും കേരളം അതിന്റെ ഔന്നത്യം പ്രകടിപ്പിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലിനെ എതിർക്കുകയാണ്. ഗുരുതരമായ സാമ്പത്തിക തകർച്ചയിലാണ് സംസ്ഥാനം. കേരളം സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറി എന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. അത് അദ്ദേഹത്തിന്റെ സ്വപ്നമായിരിക്കാം. പക്ഷേ

കേരളത്തിൽ പ്ലാൻ വെട്ടിക്കുറയ്ക്കുന്നു, ലക്കും ലഗാനമില്ലാതെ കടമെടുക്കുന്നു. പ്ലാൻ ബി നടപ്പാക്കുമെന്ന് പറഞ്ഞു; എന്താണ് പ്ലാൻ ബി? പ്ലാൻ അലോക്കേഷൻപോലും വെട്ടിക്കുറയ്ക്കുന്നതാണ് പ്ലാൻ ബി എന്നുപറയുന്നത്. സാമൂഹ്യക്ഷേമ പദ്ധതികൾ തകർച്ചയിലായി. പലതും കട്ടപ്പുറത്തായി. വസ്തുതകൾ മറച്ചുവയ്ക്കുകയും പദ്ധതികൾ നടപ്പാക്കാതിരിക്കുകയും ബില്ലുകൾ പിടിച്ചുവയ്ക്കുകയും ചെയ്തുകൊണ്ട് സാമ്പത്തികസ്ഥിതിയിൽ മാറ്റം വരുത്താമെന്നുള്ള തെറ്റായ ധാരണയാണ് അദ്ദേഹത്തിനുള്ളത്. 2016-ൽ ഡോ. തോമസ് ഐസക് ഒരു ധവളപത്രം ഇറക്കിയിരുന്നു. അന്ന് അദ്ദേഹം പറഞ്ഞത്, 2023-24 കാലഘട്ടങ്ങളിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതി അതീവഗുരുതരമാകുമെന്നാണ്. അങ്ങനെ പറഞ്ഞെങ്കിലും അതിനുശേഷമുള്ള രണ്ട് ഇടതുമുന്നണി ഗവൺമെന്റുകളും സാമ്പത്തികരംഗത്തെ മെച്ചപ്പെടുത്താനുതകുന്ന ഒരു കർമ്മപദ്ധതികൾക്കും രൂപം നൽകിയില്ല എന്നതാണ് സത്യം. Accounts at a glance എന്ന റിപ്പോർട്ടിൽ പറയുന്നത്, 2023-24 കാലഘട്ടത്തിൽ സംസ്ഥാനം എടുത്ത കടം ഒരു ലക്ഷം കോടി രൂപയാണ്. ഒന്നാം പിണറായി ഗവൺമെന്റ് അധികാരത്തിലെത്തിയപ്പോൾ

1.62 ലക്ഷം കോടി രൂപയായിരുന്നു പൊതുകടം. എട്ടുവർഷംകൊണ്ട് 4.71 ലക്ഷം കോടി രൂപയായി പൊതുകടം വർധിച്ചിരിക്കുന്നു. വികസന പദ്ധതികൾക്ക് കടമെടുക്കേണ്ടിവരും. അത് ആവശ്യമാണ്. എല്ലാ സംസ്ഥാനങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. പക്ഷേ ഇവിടെ എന്താണ് ചെയ്യുന്നത്; ways and means-നുവേണ്ടിയും പഴയ കടം തിരിച്ചുകൊടുക്കാൻ വേണ്ടിയും എടുക്കുന്ന കടം ചെലവഴിക്കുന്ന സാഹചര്യമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലും കടക്കെണിയിലും വീണുകിടക്കുകയാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമനെ കാണാൻ കേരളത്തിന്റെ മുഖ്യമന്ത്രി പോകുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രിയെക്കൂടി കൊണ്ടുപോകാതിരുന്നത് വളരെ കഷ്ടമായിപ്പോയി. കാരണം ധനസ്ഥിതിയെക്കുറിച്ച് അറിയുന്നത് അദ്ദേഹത്തിനല്ലേ; അദ്ദേഹത്തിനെ അവിടെയും അവഗണിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുടെ മുകളിൽ മറ്റൊരു സംവിധാനമുണ്ടാക്കിക്കൊണ്ട് ധനവകുപ്പിനെയും ധനകാര്യ വകുപ്പുമന്ത്രിയെയും ഇകഴ്ത്തിക്കാണിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. എന്താണ് ധനകാര്യ

വകുപ്പുമന്ത്രിയായ ശ്രീമതി നിർമ്മല സീതാരാമനോട് മുഖ്യമന്ത്രി പറഞ്ഞത് എന്നകാര്യം ഇതുവരെ പറഞ്ഞിട്ടില്ല. ഒരുഭാഗത്ത് കേന്ദ്രവിരുദ്ധ സമരം, മറുഭാഗത്ത് അനുനയം. ഇതാണ് സി.പി.ഐ.(എം.)-ന്റെ സമീപനം. ശ്രീ. രാജീവ് ചന്ദ്രശേഖർ വന്നത് നല്ലകാലമാണെന്ന് ശ്രീ. എ. പ്രഭാകരൻ സൂചിപ്പിച്ചത് വളരെ നന്നായി. കാരണം നിങ്ങൾ അവരുമായി ചേർന്നുപ്രവർത്തിക്കുന്നവരാണ്. നല്ലകാലം വന്നുവെന്നാണ് സൂചിപ്പിച്ചത്. ശ്രീ. രാജീവ് ചന്ദ്രശേഖരനല്ല, ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി വന്നാലും കേരളത്തിൽ ബി.ജെ.പി. ക്ലച്ച് പിടിക്കില്ല എന്നുള്ളതാണ് സത്യം. കേരളം ബാലികേറാമലയല്ലെന്നും ഞങ്ങൾക്ക് ജയിക്കാൻ കഴിയുമെന്നും ശ്രീ. പ്രഹ്ലാദ് ജോഷി പറഞ്ഞിരിക്കുന്നു. സി.പി.ഐ.(എം) സഹായിച്ചാലും കേരളത്തിലെ ജനങ്ങൾ ബി.ജെ.പി.-യെ അധികാരത്തിലേറ്റാൻ ഒരു സീറ്റുപോലും നൽകുകയില്ല എന്നുള്ള സത്യം ഞാനിവിടെ പറയാനാഗ്രഹിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഈ നാടകം അവസാനിപ്പിക്കണം. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി 'ബ്രേക്ക് ഫാസ്റ്റ് ഡിപ്ലോമസി;' അതിന്റെ അർഥമെന്താണ്; എന്താണെന്നുള്ള കാര്യം നിങ്ങൾ ഇതുവരെ പറയുന്നില്ല. ധനകാര്യ

വകുപ്പിനെക്കുറിച്ചായിരുന്നെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി പോകണമായിരുന്നു. ഏതായാലും അതിപ്പോഴും ദുരൂഹത തുടരുകയാണ്. plan expenditure is very low. 2024-25 കാലഘട്ടത്തിൽ 79 ശതമാനം പ്ലാൻ എക്സ്പെൻഡിച്ചർ ഉണ്ടായെന്നാണ് കഴിഞ്ഞ നിയമസഭ സമ്മേളനത്തിൽ അദ്ദേഹം സൂചിപ്പിച്ചത്. സ്റ്റേറ്റ് പ്ലാനിങ് ബോർഡിന്റെ കണക്ക് അനുസരിച്ച് 54.74 ശതമാനം മാത്രമാണ് പ്ലാൻ എക്സ്പെൻഡിച്ചറെന്ന്. പ്ലാനിംഗ് ബോർഡ് പറയുന്നതാണോ ശരി, ധനകാര്യ വകുപ്പുമന്ത്രി പറയുന്നതാണോ ശരി. അതോടൊപ്പം തന്നെ “ There is no accuracy, transparency and the department is in total confusion. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കഴിഞ്ഞ ദിവസം നിയമസഭയിൽ സൂചിപ്പിച്ചു. സംസ്ഥാന പദ്ധതിയിൽ മാത്രം 21,838 കോടി രൂപയിൽ 15,945 കോടി രൂപ ചെലവഴിച്ചു എന്ന്. പ്ലാൻ സൈസ് വെട്ടിക്കുറച്ച് വികസന പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭിപ്പിക്കുന്ന ഒരു ഗവൺമെന്റാണ് ഇന്നുള്ളത്. ലോക്കൽ ബോഡീസിന് 94 ശതമാനം ചെലവുണ്ടായി എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. പക്ഷേ 45.44 ശതമാനമാണെന്ന് സ്റ്റേറ്റ് പ്ലാനിങ് ബോർഡ് പറയുന്നു. കേന്ദ്ര പദ്ധതികൾക്കൂടി

ചേർക്കുമ്പോൾ 57.26 ശതമാനമാകുന്നു. ഇതാണോ പ്ലാൻ ബി.? പ്ലാൻ മുഴുവൻ വെട്ടിക്കുറച്ചു, ന്യൂനപക്ഷ സ്കോളർഷിപ്പ് 6.8 കോടി രൂപ വെട്ടിക്കുറച്ചു. അതുപോലെ പട്ടിക ജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് നൽകേണ്ട 500 കോടി രൂപ വെട്ടിക്കുറച്ചു. ഇതാണോ ശ്രീ. എ. പ്രഭാകരൻ സൂചിപ്പിക്കുന്ന ഈ ഗവൺമെന്റിന്റെ നയം? ഇന്നുവരെ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമായ ആളുകളുടെ ഉന്നമനത്തിനുവേണ്ടി ചെലവഴിക്കുന്ന തുക ഒരു സർക്കാരും വെട്ടിക്കുറച്ചിട്ടില്ല. എന്തിനാണ് ഇങ്ങനെ കബളിപ്പിക്കുന്നത്. Downsizing the plan എന്നുള്ളതാണ് നിങ്ങളുടെ മുഖമുദ്ര. അല്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി പറയണം. ഇത് രാഷ്ട്രീയവും ഭരണപരവുമായ നിരവധിയായ ചോദ്യങ്ങളുയർത്തുകയാണ്. Contradiction മാത്രമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചുള്ള നിരവധി ചോദ്യങ്ങളുയരുമ്പോൾ അതിന് വ്യക്തമായ മറുപടി നിങ്ങൾ പറയുന്നില്ല. പ്ലാൻ 50 ശതമാനം വെട്ടിക്കുറയ്ക്കാൻ നിങ്ങൾ ക്യാബിനറ്റിൽ തീരുമാനിച്ചതാണ്. രണ്ട് ഗവൺമെന്റ് ഓർഡറുകൾ നിങ്ങളിറക്കി. മാർച്ച് 31 ആകുമ്പോൾ എന്താണ് സ്ഥിതി serious restriction has been introduced by the Finance

Department. മാർച്ച് 26-ന് മുമ്പ് ബില്ലുകൾ സബ്മിറ്റ് ചെയ്യണമെന്നാണ് നിർദേശം. ഒരു ലക്ഷം വരെയുള്ള ബില്ലുകൾ മാത്രമെ പാസാക്കാവൂ എന്നും വൈകി വരുന്ന ബില്ലുകൾ അംഗീകരിക്കണ്ട എന്നും പറയുന്നു. അപ്പോൾ serious ആയിട്ടുള്ള നിയന്ത്രണങ്ങൾ ട്രഷറിയിൽ നിങ്ങൾ ഏർപ്പെടുത്തുകയാണ്. അവസാന നിമിഷത്തെ ഇൻഫ്ലക്സ് (influx) തടയാൻ ടോക്കൺ സിസ്റ്റം ഏർപ്പെടുത്തുന്നുണ്ടോയെന്ന് മന്ത്രി വ്യക്തമാക്കണം. ഈ വർഷത്തെ ബില്ലുകൾ പോലും ക്ലിയർ ചെയ്തിട്ടില്ലെങ്കിൽ എന്ത് നടപടിയുണ്ടാകും, അക്കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിന്റെ മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തുന്നു. മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന് 36.23 പൊതുക്കടമെന്നാൽ FRBM (Fiscal Responsibility and Budget Management) ആക്ട് പ്രകാരം 33.23 മാത്രമെ പാടുള്ളൂ. ഈ പരിധിക്ക് പുറത്താകുമോയെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ (C&AG) നിരീക്ഷിക്കുകയാണ്. അതോടൊപ്പം എല്ലാ വികസന പ്രവർത്തനങ്ങളും സ്തംഭിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ

പോകുന്നില്ല. കേന്ദ്ര ഗവൺമെന്റിന് കൊടുക്കേണ്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് പല പദ്ധതികൾക്കുമുള്ള കേന്ദ്ര വിഹിതം ലഭിക്കാത്തതെന്നാണ് ശ്രീമതി നിർമ്മല സീതാരാമൻ പറയുന്നത്. അക്കാര്യം ശരിയാണോയെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം വ്യക്തമാക്കണം. ശ്രീ. എ. പ്രഭാകരൻ സൂചിപ്പിച്ച ഒരു കാര്യത്തിന് മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം പറഞ്ഞു കോൺഗ്രസ് കാലഹരണപ്പെട്ട പാർട്ടിയാണെന്ന്. ലോകത്ത് മൂന്നിൽ രണ്ട് രാജ്യങ്ങൾ ഭരിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ആ തത്വശാസ്ത്രവും തകർന്ന് തരിപ്പണമായത് ഇന്ത്യൻ ജനതയും ലോകവും കണ്ടിട്ടുള്ളതാണ്. ബംഗാളിലും ത്രിപുരയിലും വലിയ ശക്തിയുണ്ടായിരുന്നൊരു പാർട്ടിയാണ് സി.പി.ഐ.(എം). കേരളത്തിൽ മാത്രം നിങ്ങൾ ഒതുങ്ങി നിൽക്കുകയും ചെയ്യുന്നു. ഞങ്ങളതിൽ സന്തോഷിക്കുന്നവരല്ല. കമ്മ്യൂണിസ്റ്റ് പാർട്ടികൾ തകരണമെന്ന് ആഗ്രഹിക്കുന്നവരല്ല. പക്ഷേ, കോൺഗ്രസ് തകരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങളുടെ അന്ധമായ കോൺഗ്രസ് വിരോധമാണ് ഇതിലൂടെ പ്രകടമാകുന്നത്. നാളെ കേരളത്തിലെ ജനങ്ങൾ നിങ്ങൾക്കിതിന് മറുപടി

നൽകുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്നൊരു തിരഞ്ഞെടുപ്പ് നടത്തിയാൽ യു.ഡി.എഫ്. നൂറ് സീറ്റുകളോടെ അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. കാരണം ജനങ്ങൾക്ക് ബോധ്യപ്പെട്ടു, കഴിഞ്ഞ ഒമ്പത് വർഷക്കാലത്തെ ദുരന്തം ഇനിയും കേരളത്തിന് ആവർത്തിക്കാൻ പാടില്ലെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ കേരളത്തിലെ ജനങ്ങൾ ഇതുപോലെ ത്യാഗവും കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സഹിക്കുന്നൊരു കാലമുണ്ടായിട്ടുണ്ടോ? ആശുപത്രികളിൽ മരുന്നില്ല, ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നില്ല. ആശാ വർക്കർമാർക്കും അങ്കണവാടി പ്രവർത്തകർക്കും ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. കാൻസർ രോഗികൾക്കുപോലും പെൻഷൻ കൊടുക്കുന്നില്ല. ഹാർട്ട് ഓപ്പറേഷനുവേണ്ടി stent കൊടുത്തിട്ടുള്ള കമ്പനികൾക്ക് പണം കൊടുക്കുന്നില്ല. മെഡിസെപ് പൂർണ്ണമായും തകർന്നിരിക്കുന്നു.

<u>മി. സ്പീക്കർ</u>: യെസ്... യെസ്... പ്ലീസ്... പ്ലീസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും തകർച്ച നേരിടുന്നൊരു കാലഘട്ടമാണെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിന് മറുപടി പറയുമെന്നുള്ള വിശ്വാസത്തോടെ ഞാൻ ഈ Appropriation Bill-നെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. വി. ശശി: സർ, 2025-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ രാജ്യത്തിന്റെ വളർച്ച കുപ്പുകുത്തുന്നൊരു സ്ഥിതിയാണ് സാമ്പത്തിക സർവെയിലൂടെ നാം കണ്ടത്. ജി.ഡി.പി. വളർച്ച 2023-2024-ൽ 8.2 ശതമാനമായിരുന്നത് 1.8 ശതമാനം ഇടിഞ്ഞ് 6.4 ശതമാനത്തിലേക്ക് പതിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിച്ചത്. അടുത്ത സാമ്പത്തിക വർഷവും ജി.ഡി.പി.-യിൽ വലിയ വളർച്ച പ്രതീക്ഷിക്കുന്നില്ല. രാജ്യം ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങളിലേക്ക് നീങ്ങുകയാണെന്ന പരോക്ഷ മുന്നറിയിപ്പ് നൽകുന്നതാണ് സാമ്പത്തിക സർവെ. നവഉദാരവൽക്കരണ നയം ആവേശപൂർവം പിൻതുടരുന്ന നമ്മുടെ രാജ്യത്ത് സാമ്പത്തിക വളർച്ച

മുകളിലേക്ക് ഉയരുമ്പോഴും തൊഴിലില്ലായ്മ വർധന താഴേക്ക് ഇടിയുന്ന അവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇതാണ് ഇനിയും തിരിച്ചറിയാതെ പോകുന്ന നവ ലിബറൽ കാലഘട്ടത്തിന്റെ നീക്കിബാക്കി. വർധിച്ചുവരുന്ന അസമത്വം, ദാരിദ്ര്യം, സാമ്പത്തിക ഇടിവ് തുടങ്ങി സമ്പദ് മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ കേന്ദ്ര ബജറ്റ് പൂർണ്ണമായും പരാജയപ്പെട്ടു. തന്ത്രപ്രധാനമായ മേഖലകളെ സ്വകാര്യവൽക്കരിക്കുന്നതിന് ബജറ്റ് മുൻഗണന നൽകുന്നു. ചങ്ങാത്ത മുതലാളിത്തം ശക്തിപ്പെടുത്തുന്നതും അതിസമ്പന്നരോട് വിധേയത്വം പുലർത്തിയുമാണ് കേന്ദ്ര ബജറ്റ്. വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങി ജീവൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളൊന്നും കേന്ദ്ര ബജറ്റ് മുന്നോട്ട് വയ്ക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ സമ്പന്നരെ അതിസമ്പന്നരാക്കുകയും സമ്പത്താകെ ചുരുക്കം ചിലരുടെ കൈകളിൽ കേന്ദ്രീകരിക്കുകയും മഹാഭൂരിപക്ഷത്തെയും പരമ ദരിദ്രരാക്കുകയും ചെയ്യുന്ന നവ ഉദാരവൽക്കരണ നയമാണ് കേന്ദ്ര സർക്കാർ ഇപ്പോഴും ശക്തമായി പിൻതുടരുന്നത്. എന്നാൽ കേരളം ഒരു സംസ്ഥാനമെന്ന നിലയിൽ നമ്മുടെ ഭരണഘടന നൽകുന്ന

സംരക്ഷണം പരമാവധി പ്രയോജനപ്പെടുത്തി ഒരു ബദൽ സാമ്പത്തിക നയമാണ് 2016 മുതൽ സ്വീകരിച്ചുപോരുന്നത്. അതിന്റെ ഫലമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി വിവിധ മേഖലകളിൽ നമുക്ക് വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ ഗ്രാമീണ മേഖലയിൽ മിനിമം വേതന നിരക്ക് ഏറ്റവും കൂടുതൽ ലഭിക്കുന്ന സംസ്ഥാനമായി കേരളത്തിന് മാറാനായി. മാത്രമല്ല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് ആയിരക്കണക്കിന് ആളുകൾ ജോലി തേടി കേരളത്തിൽ എത്തുന്നത് സ്വന്തം സംസ്ഥാനത്ത് മതിയായ വേതനമോ, തൊഴിൽ സുരക്ഷയോ ലഭിക്കാത്തതുകൊണ്ടാണെന്ന് കാണാം. കർഷകത്തൊഴിലാളികൾക്ക് ഉയർന്ന വേതനമായ 807 രൂപ ലഭിക്കുന്നത് കേരളത്തിലാണ്. യു.പി., ബീഹാർ, ഗുജറാത്ത്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വേതനം ഇതിന്റെ മൂന്നിലൊന്ന് മാത്രമാണ്. കാർഷികേതര ജോലികളുടെ അവസ്ഥയും വ്യത്യസ്തമല്ല. കേരളത്തിൽ 735 രൂപ ലഭിക്കുമ്പോൾ 262 മുതൽ 285 രൂപവരെയാണ് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ കൂലി. സർക്കാരിന്റെ കരുതൽ നയവും തൊഴിലാളി സംഘടനകളുടെ

കരുത്തുമാണ് കേരളത്തിലെ ഉയർന്ന വേതനത്തിന് അടിസ്ഥാനം. സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് കുറച്ചുകൊണ്ടുവരാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പിരിയോഡിക് ലേബർ സർവെ പ്രകാരം 11.4 ശതമാനത്തിൽ നിന്നും 7.2 ശതമാനമായി കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഔദ്യോഗിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരിക്കുകയാണ് കേരളം. ഇതിന്റെ പ്രധാനപ്പെട്ട ഉദാഹരണമാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾ. കഴിഞ്ഞ അഞ്ച് വർഷം പി.എസ്.സി. മുഖേന 144561 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇന്ത്യയിൽ 2.8 ശതമാനം മാത്രം ജനസംഖ്യയുള്ള കേരളത്തിലാണ് ഇന്ത്യയിലെ മൊത്തം സർക്കാർ ഔദ്യോഗിക നിയമനങ്ങളിൽ പകുതിയിലധികവും നടക്കുന്നതെന്നത് നാം മനസ്സിലാക്കണം. ജനപങ്കാളിത്ത വികസന സമീപനം കൊണ്ടും സർക്കാരിന്റെ ജനപക്ഷ നയങ്ങൾകൊണ്ടും ജനങ്ങൾക്കിടയിലെ പുരോഗമന ചിന്താഗതികൊണ്ടും കേരളാ മോഡൽ വികസന മാതൃക അനുദിനം അഭിവൃദ്ധി പ്രാപിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹ്യനീതി,

സാമുദായിക സൗഹാർദ്ദം എന്നിവ ദശാബ്ദങ്ങളായി നമ്മൾ ശ്രദ്ധാപൂർവം നടത്തിയ ശ്രമങ്ങൾ കൊണ്ട് വളർത്തിയെടുത്തതാണ്. വികസനവും ക്ഷേമവും എന്നപോലെ സേവനവും ജനങ്ങളുടെ അവകാശമാണ്. സേവനം എല്ലാവർക്കും പ്രാപ്യവും സുതാര്യവുമാക്കണം എന്നതാണ് ഇടതുമുന്നണിയുടെ സമീപനം. അതുകൊണ്ടാണ് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചത്. അതിനായി കെ-ഫോണും സൗജന്യ പബ്ലിക് Wi-Fi ഹോട്ട്സ്പോട്ടുകളും യാഥാർഥ്യമാക്കിയത്. ഇപ്പോൾ ഓൺലൈൻ സേവനങ്ങളും വാതിൽപ്പടി സേവനങ്ങളും സാർവത്രികമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തൊള്ളായിരത്തിലധികം സേവനങ്ങളാണ് ഇപ്പോൾ ഓൺലൈനായി ലഭ്യമാക്കിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതിയും ഈ സർക്കാർ നടപ്പാക്കുകയാണ്. നവ ഉദാരവൽക്കരണ സാമ്പത്തിക നയങ്ങൾക്ക് ബദൽ നയം സ്വീകരിച്ചുകൊണ്ടാണ് വിവിധ വികസന സൂചികയിൽ കേരളം ആഗോള നിലവാരത്തിലേക്ക് ഉയർന്നത്. ആ നയങ്ങൾ പിൻതുടർന്നുകൊണ്ടാണ് സാമൂഹ്യ സുരക്ഷാ പെൻഷന്റെ കാര്യത്തിൽ കേരളം രാജ്യത്തിനുതന്നെ

മാതൃകയായത്. ഈ ബദൽ വികസന കാഴ്ചപ്പാടിന്റെ ഭാഗമായാണ് ലൈഫ്, ആർദ്രം, പൊതുവിദ്യഭ്യാസ സംരക്ഷണം എന്നീ മിഷനുകളുടെ പ്രവർത്തനത്തിലും ദുരിതാശ്വാസ നിധിയിലൂടെ നൽകുന്ന സഹായങ്ങളിലും വ്യക്തമാക്കിയത്. യു.ഡി.എഫ്. സർക്കാർ 2011 മുതൽ 2016 വരെ അഞ്ച് വർഷം 9000 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ 2016 മുതൽ 2024 വരെ എട്ട് വർഷം കൊണ്ട് എൽ.ഡി.എഫ്. സർക്കാർ ചെലവഴിച്ചത് 64,000 കോടി രൂപയാണ്. യു.ഡി.എഫ്. സർക്കാർ പ്രതിവർഷം ചെലവഴിച്ചത് 1800 കോടി രൂപയാണെങ്കിൽ എൽ.ഡി.എഫ്. സർക്കാർ പ്രതിവർഷം 8000 കോടി രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചത്. നാലര ഇരട്ടി തുകയാണ് സാമൂഹ്യ സുരക്ഷയ്ക്കുവേണ്ടി ഈ സർക്കാർ ചെലവഴിച്ചത്. മാനവ വികസന സൂചികയിൽ 7.1 പോയിന്റുമായി കേരളം ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാംസ്ഥാനത്താണ്. ആഗോള തലത്തിൽതന്നെ അംഗീകരിക്കപ്പെട്ട കേരളത്തിന്റെ നേട്ടമാണിത്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും കേരളം ഒന്നാംസ്ഥാനത്താണ്. ആരോഗ്യം, വിശപ്പ്, ലിംഗസമത്വം, വിദ്യാഭ്യാസം എന്നിവ അടിസ്ഥാനമാക്കിയാണ് ഈ സൂചന

നിർണ്ണയിക്കുന്നത്. ദാരിദ്ര്യ സൂചികയിൽ 0.002 നേട്ടവുമായി കേരളം മികച്ച പ്രകടനമാണ് കാഴ്ചവച്ചിരിക്കുന്നത്. ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഭരണ നിർവഹണത്തിൽ മൂന്നാം സ്ഥാനത്താണ് കേരളം. ഇന്ത്യൻ സംസ്ഥാനങ്ങളുടെ സമ്പദ്ഘടനകളിൽ ഒൻപതാം സ്ഥാനത്തുള്ള കേരളം മൊത്തം ആഭ്യന്തര ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. ആവർത്തിത ഊർജ്ജം, കാലാവസ്ഥാ വ്യതിയാനം, ഗ്രാമവികസനം എന്നീ നൂതന മേഖലകളിൽ പ്രവർത്തിക്കുന്ന നവസംരംഭങ്ങൾകൊണ്ടും കേരളം ശ്രദ്ധേയമായ മുൻകൈ നേടിയിട്ടുണ്ട്. ധാതുലവണങ്ങൾപോലുള്ള പ്രകൃതി വിഭവങ്ങളുടെ അഭാവം, വ്യവസായ പിന്നാക്കാവസ്ഥ, നികുതി വരുമാനമടക്കം മൊത്തം വരുമാനത്തിന്റെ പരിമിതി എന്നിവയെല്ലാം നിലനിൽക്കെയാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്. അത് സംസ്ഥാനത്തിന്റെ മുഴുവൻ നേട്ടമായാണ് നാം കാണേണ്ടത്. ഈ നേട്ടങ്ങൾ എല്ലാ മലയാളികൾക്കും അവകാശപ്പെട്ടതും അഭിമാനാർഹവുമാണ്. അവ നിലനിർത്തിയും ശക്തിപ്പെടുത്തിയും മുന്നോട്ടുപോകുക എന്നതാണ് സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ആ വെല്ലുവിളി

ഏറ്റെടുക്കാനുള്ള നിശ്ചയദാർഢ്യമാണ് കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്. അതിന് നമുക്ക് അർഹമായ അവകാശങ്ങൾ കേന്ദ്ര ഭരണകൂടത്തിൽനിന്നും നേടിയെടുക്കാൻ കേരളം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. ലോകത്തിനുതന്നെ മാതൃകയായ കേരളത്തെ ശത്രുരാജ്യംപോലെയാണ് കേന്ദ്രസർക്കാർ കാണുന്നത്. സാമ്പത്തികമായി കേരളത്തെ തകർക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. ഇതിനെതിരെ കേരളം ഒറ്റക്കെട്ടായി അണിനിരന്ന് കേരളത്തിന്റെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനുള്ള നീക്കങ്ങൾ വരും ദിനങ്ങളിലുണ്ടാകണം. പ്രതിസന്ധികളിൽ തളരാതെ മുന്നോട്ടുപോകുകയാണ് എൽ.ഡി.എഫ്. സർക്കാർ. നേട്ടങ്ങൾ പലതും കൈവരിച്ചെങ്കിലും ഇനിയും പലമേഖലകളിലും മുന്നേറാനുണ്ട്. അതിനായി നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ്. വ്യവസായ വികസനം ത്വരിതപ്പെടുത്തുക, കാർഷിക നവീകരണം സാധ്യമാക്കുക, തദ്ദേശ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുക, ജീവിതശൈലീരോഗങ്ങൾ തടയുക, അതിവേഗ യാത്രാസൗകര്യങ്ങൾ കാര്യക്ഷമമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങളിലൂടെ

കേരളം വികസനത്തിന്റെ പുതിയ കുതിപ്പിലേക്ക് കടക്കുകയാണ്. ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. തുടക്കം തന്നെ പാളിപ്പോയ ഒരു ഗവൺമെന്റാണിത്. ആ പാളിച്ച ഒൻപതോളം വർഷം ഭരിച്ച്, രണ്ട് ടേം പൂർത്തിയാകുമ്പോൾ അത് ജീവിതത്തിന്റെ നാനാതുറയിലുള്ള മുഴുവൻ ജനങ്ങളെയും ബാധിച്ചുതുടങ്ങിയെന്നുള്ളതാണ് സത്യം. തുടക്കം പാളിയെന്ന് പറയാനുള്ള കാരണം,ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് വലിയ ആവേശത്തിലായിരുന്നു. ജി.എസ്.ടി. വന്നാൽ എല്ലാം ശരിയാകുമെന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ആഴ്ച ടേക്ക് ഓഫിന്റെയും ട്രില്യന്റെ കണക്കും മറ്റും പറഞ്ഞതുപോലെ ഡോ. ടി. എം. തോമസ് ഐസക്കും വലിയ ആവേശത്തിലായിരുന്നു. ജി.എസ്.ടി. വരട്ടെ; എല്ലാം ശരിയാകുമെന്നാണ് പറഞ്ഞത്. ജി.എസ്.ടി. വന്നു. പ്രതീക്ഷിച്ചത് 30 ശതമാനം ഗ്രോത്താണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും അത്

പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തെക്കുറിച്ച് ഭാവനയിൽ കണ്ടത് ശരിയായിരുന്നു. കേന്ദ്ര ഗവൺമെന്റ് One Nation-One Tax കൊണ്ടുവന്നത് അത്ര മോശമായ കാര്യമായിരുന്നില്ല. കേരളത്തിന് നന്നായി പ്രയോജനപ്പെടുത്താവുന്ന, ജി.എസ്.ടി. വരുമാനംകൊണ്ട് സംസ്ഥാനത്തിന്റെ സ്ഥിതിയിൽ മാറ്റം വരുത്താവുന്ന സാധ്യത തന്നെയായിരുന്നു അത്. പക്ഷേ അതിനനുസരിച്ച് സംവിധാനം റീ-സ്ട്രക്ച്ചർ ചെയ്യേണ്ടതല്ലേ; സംവിധാനം റീ-സ്ട്രക്ച്ചർ ചെയ്തില്ല, എല്ലാം പഴയ രീതിയിൽതന്നെയായിരുന്നു അദ്ദേഹം തുടർന്നത്. അതിനുശേഷം വന്ന ടീമാണ് ഇപ്പോഴുള്ളത്. അവർക്ക് കാര്യങ്ങൾ മനസ്സിലായി വന്നപ്പോൾ സമയം പോയി. അങ്ങനെ സമയം പോയതിന്റെ ഫലമായി ഇപ്പോൾ എന്തുണ്ടായി; ജി.എസ്.ടി. മഹാകാര്യമെന്നൊക്കെ പറഞ്ഞെങ്കിലും തുടക്കം പാളിയതുകൊണ്ട് ഇപ്പോൾ വരുമാനത്തിന് യാതൊരു വഴിയുമില്ല. ഇനിയൊരു ടേക്ക് ഓഫാണെന്നും ട്രില്യൺ ഇക്കോണമിയാണെന്നും ധനകാര്യ വകുപ്പുമന്ത്രി പറയുന്നുണ്ട്. അതെങ്ങനെയാണ്; എവിടെനിന്ന്? വായ്പയെടുക്കാൻ കേന്ദ്രഗവൺമെന്റ് സമ്മതിക്കുന്നില്ലെന്നത് ശരിതന്നെ. അതുപോലെ നികുതി

ചുമത്താനുള്ള പവറില്ല. ഞങ്ങളൊക്കെ ഗവൺമെന്റിലുണ്ടായിരുന്ന കാലത്ത് പുതിയ വരുമാന മാർഗങ്ങൾ ആലോചിക്കുമായിരുന്നല്ലോ; പക്ഷേ ഇപ്പോൾ എന്തെങ്കിലും ചെയ്യുന്നുണ്ടോയെന്ന് എനിക്കറിയില്ല. ജി.എസ്.ടി. വരുമാനം വർധിപ്പിക്കുകയല്ലാതെ വേറെ യാതൊരു മാർഗവുമില്ല. ഈ പാളിച്ച ആരെയൊക്കെയാണ് ബാധിക്കുന്നത്; അതാണ് ഗൗരവമുള്ള കാര്യം. ആശാ വർക്കർമാർ സമരവുമായി ബന്ധപ്പെട്ട് ഇങ്ങനെ വെയിലത്ത് കിടക്കുന്നത് നമുക്ക് അത്ര ഭൂഷണമല്ല. അവരുമായി ചർച്ച ചെയ്ത് എന്തെങ്കിലുമൊരു ആനുകൂല്യം നൽകുകയല്ലേ ചെയ്യേണ്ടത്; സാമ്പത്തിക പരാധീനത മനസ്സിലാക്കാം. സമരം ചെയ്യുന്നവരെ ഒരുതരത്തിലും തിരിഞ്ഞുനോക്കാതെ അവരെ കളിയാക്കുന്ന തരത്തിലുള്ള നയം ശരിയാണോ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെയാണ് അതിനുള്ള മറുപടി പറയേണ്ടത്. കാരണം, ഈ പ്രശ്നത്തിൽ ഇടപെട്ടാൽ സാമ്പത്തിക ബാധ്യത വരുമെന്നാണോ കരുതുന്നത്; എന്നാലും give and take അപ്രോച്ച് ആ കാര്യത്തിലില്ലേ; പൊളിറ്റിക്കലായി നമ്മളാരും അതിനെ അനുകൂലിക്കുന്നവരല്ലല്ലോ; അതുപോലെ നിങ്ങൾ നടപ്പാക്കിയ റീസ്ട്രക്ച്ചറിങ്ങും വരുമാനം വർധിപ്പിക്കാൻ

കഴിയാത്തതുമായ കാര്യങ്ങൾ ഇന്ന് ഏതെല്ലാം മേഖലകളെയാണ് ബാധിച്ചിരിക്കുന്നത്; ചില മലയോര മേഖലയിൽ പുലിയിറങ്ങുകയും ആളുകളെ പിടിക്കുകയും ആന കാട്ടിൽനിന്ന് ഇറങ്ങി ആളുകളെ ചവിട്ടി കൊല്ലുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്തുകൊണ്ടാണ് സംഭവിക്കുന്നത്? സംവിധാനം കൃത്യമായി വർക്ക് ചെയ്യാത്തതുകൊണ്ടാണത്. വനം വകുപ്പുമന്ത്രി ഇക്കാര്യങ്ങളൊക്കെ എഫിഷ്യന്റായി പരിശോധിക്കേണ്ടതുണ്ട്. അത് ചെയ്യുന്നില്ലെന്നത് നമ്മളൊക്കെ കണ്ടുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ വളരെവേഗത്തിൽ ആക്ഷൻ ഓറിയന്റഡായി കാര്യങ്ങൾ ചെയ്യേണ്ട സമയമാണ്. നാട്ടിൽ പുലിയും ആനയും മറ്റ് മൃഗങ്ങളും ഇറങ്ങുന്നതിനാൽ ഏത് അങ്ങാടിയിലും കാണാൻ സാധിക്കും. ഒരു ദിവസം മാനന്തവാടി, നിലമ്പൂർ, അങ്ങാടിയിൽക്കൂടി കാട്ടാന പോകുന്നതാണ് കണ്ടത്. മഞ്ചേരി അങ്ങാടിയുടെ അടുത്ത് പുലിയെ കണ്ടവരുണ്ട്. നമ്മൾ പ്രാകൃത യുഗത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. പണ്ട് പുരാണങ്ങളിൽ വലിയ ധീരകൃത്യമായാണ് ഇത്തരം കാഴ്ചകളെ കണ്ടിരുന്നത്. അന്നൊക്കെ എവിടെ നോക്കിയാലും കാട്ട് മൃഗങ്ങളെയും ഹിംസ്ര ജന്തുക്കളെയും കാണാമായിരുന്നു.

പഴയ കാലത്തിന്റെ സമാനതയിലേക്ക് നാം എത്തിയിരിക്കുകയാണ്. എന്താണ് കാരണം? യാത്ര ചെയ്യാനായി ജീപ്പും മറ്റ് സംവിധാനങ്ങളുമില്ല. നാട്ടിൽ പോലീസുകാർ കാര്യക്ഷമതയോടെ ജോലി ചെയ്യണം. പോലീസ് സ്റ്റേഷനിൽ വിളിച്ചാൽ വരാൻ പെട്രോളില്ല, വണ്ടിയില്ല എന്നാണ് പറയുന്നത്. അപ്പോൾ നാട്ടിൽ നടക്കുന്ന കാര്യങ്ങളൊക്കെ നടന്നു കഴിയില്ലേ; ഇന്ന് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. ആരോഗ്യരംഗത്ത് നമ്മുടെ പഴയ സ്റ്റാറ്റസ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. ഇപ്പോൾ ചെലവഴിക്കാനുള്ള പണമില്ലാത്തതുകൊണ്ട് കേരളത്തിന്റെ സ്ഥിതി വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. മലബാർ മേഖലയിലുള്ള വിദ്യാലയങ്ങളിൽ പുതിയ കോഴ്സ് അനുവദിച്ചോ? ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ടുപോയത്. രാഷ്ട്രീയം നോക്കാതെ കോളേജ് ഇല്ലാത്ത മണ്ഡലങ്ങളിലെല്ലാം കോളേജ് അനുവദിച്ചു. ഓരോ വർഷവും കുട്ടികൾ പാസ്സായിക്കൊണ്ടിരിക്കുകയാണ്. അവർക്ക് നിലവാരമുള്ള വിദ്യാഭ്യാസം നൽകണം. ഒരു ക്ലാസിൽ 65 മുതൽ 70 എണ്ണം വരെ കുട്ടികളെ

ഉൾപ്പെടുത്തുന്നതിനുപകരം ആവശ്യമായ പ്ലസ് ടു, ഡിഗ്രി കോഴ്സുകൾ അനുവദിക്കണം. പക്ഷേ നിങ്ങൾ പത്ത് വർഷമായി ആ ഫയലുകൾ കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുന്നതല്ലാതെ ഏതെങ്കിലും സ്ഥാപനങ്ങൾ അനുവദിച്ചോ?

Backward Districts-ന്റെ സ്ഥിതിയെന്താണ്? പബ്ലിക് സ്കൂളുകളിലെയും കോളേജുകളിലെയും പൊതുവികസനം ശക്തിപ്പെടുത്തിയെന്ന് പറയുന്നതുപോലെ, എല്ലാ രംഗങ്ങളെയും സംബന്ധിച്ച് ഓരോരോ പ്രഖ്യാപനങ്ങൾ........ അടിസ്ഥാന സൗകര്യവികസനത്തിന് 300 കോടി രൂപ എന്നുതുടങ്ങി വെറുതെ പ്രഖ്യാപിക്കുകയാണ്. എന്നാൽ 10 പൈസ പോലും ചെലവഴിച്ചില്ല, No Expenditure… അതുപോലെ ഐ.ടി. രംഗത്തെ ഇൻഫ്രാസ്ട്രക്ചറിന് 134 കോടി രൂപ, അതും No expenditure. ഞാൻ ആ ലിസ്റ്റ് വായിക്കുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഫണ്ടനുവദിക്കാതെ അവ നിലനിൽക്കുമോ? നല്ലരീതിയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞുകുറഞ്ഞു 15 ആയതായി ഇത്തവണത്തെ ഇക്കണോമിക്ക് റിവ്യൂ പരിശോധിച്ചാൽ കാണാൻകഴിയും. ലാഭത്തെക്കുറിച്ച് പറയാതിരിക്കുകയാണ് നല്ലത്; ലാഭത്തിന്റെ പ്രശ്നമുന്നയിക്കുന്നില്ല. KMML

(The Kerala Minerals and Metals Ltd) അടക്കം ആനുകൂല്യങ്ങൾക്കുവേണ്ടി സമരംതുടങ്ങി. അവസാനം ശമ്പളം കൊടുക്കുകയെന്നത് ഒരു അപൂർവകാര്യമായി മാറി.

റേഷൻ സമ്പ്രദായമിപ്പോൾ പഴയതുപോലെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഫണ്ടിന്റെ പ്രശ്നമാണെന്ന് അന്വേഷിച്ചാൽ അറിയാൻ സാധിക്കും. പല സംസ്ഥാനങ്ങളിലും ശമ്പളം മുടങ്ങിയിട്ടുണ്ട്; ഇവിടെ ശമ്പളം മുടങ്ങിയിട്ടില്ലെന്നാണ് ഇവർ പറയുന്ന നേട്ടം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെപ്പോലെ, ആരോഗ്യരംഗത്ത്... വിദ്യാഭ്യാസ രംഗത്ത്.. മറ്റെല്ലാ രംഗത്തും ലോകോത്തര നിലവാരത്തിൽ സംസ്ഥാനം ഒന്നാമതാണെന്ന് ഇപ്പോൾ പറയുന്നു. ഞാൻ വ്യവസായ വകുപ്പുമന്ത്രിയും ഐ. ടി. വകുപ്പുമന്ത്രിയും ആയിരുന്ന കാലത്ത് പല സ്ഥലങ്ങളിലും ഡെലിഗേഷനിൽ പങ്കെടുക്കുമ്പോൾ അവിടെ പറഞ്ഞുകൊണ്ടിരുന്നതും ഇന്ത്യൻ സംസ്ഥാനമായ കേരളം വേൾഡ് ക്ലാസ് ആയുർദൈർഘ്യം, വേൾഡ് ക്ലാസ് ലിറ്ററസി, വേൾഡ് ക്ലാസ് ആരോഗ്യം, സ്റ്റാൻഡേർഡ് ഓഫ് ലിവിങ് എന്നീ നേട്ടങ്ങൾ തന്നെയാണ്. പലതും പണ്ടേ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. ഇപ്പോൾ ഇതൊക്കെ

ഇന്നലെയുണ്ടായതുപോലെയാണ് പറയുന്നത്. മിഷനറിമാരുടെ പ്രവർത്തനം, ലിറ്ററസി, കേരളത്തിന്റെ പ്രത്യേകത എന്നീ കാര്യങ്ങളാണ് കേരളത്തെ ഉയർന്ന നിലവാരത്തിലെത്തിക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തതയാണ് ഇപ്പോഴത്തെ പ്രശ്നം. പണമില്ലാത്ത സ്ഥിതിയിൽ ഇതെല്ലാം തുടർന്നാൽ ആ സ്റ്റാൻഡേർഡ് നിലനിർത്താൻ കഴിയുമോയെന്നുള്ളതാണ് നിലവിലെ പ്രശ്നം. സർക്കാർ 80/85 ശതമാനം തുക ചെലവഴിച്ചാണ് പെൻഷനും ശമ്പളവും മറ്റുപ്രവർത്തനങ്ങൾക്കും നൽകിക്കൊണ്ടിരിക്കുന്നത്. അതിനായി ലോണെടുക്കുന്നതിനനുസരിച്ച് കുടിക്കുടി അവസാനം........ നമ്മുടെ ശമ്പളം മുടങ്ങും. ശമ്പളം കൊടുക്കുകയെന്നുള്ളതും പ്രത്യേകിച്ച് ഉത്സവ സീസണിലൊക്കെയുള്ള ടാസ്ക് അല്ലേ; മാർച്ച് മാസത്തിൽ പ്രശ്നങ്ങളില്ലേ; എങ്ങനെയെങ്കിലുമൊക്കെ ശമ്പളം കൊടുത്തുകൊണ്ടിരിക്കും; ശമ്പളം മുടങ്ങുന്നില്ലെന്നുള്ളത് ശരിയാണ്; പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം അതുമതിയോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഏകദേശം 8/9 വർഷമായി.........അതിന്റെ തുടക്കം പാളിയതിനാൽ ഒടുക്കംവരെയും ഇങ്ങനെ തുടരുമെന്നാണ് ഞാൻ പറഞ്ഞത്. എന്നിട്ടിപ്പോൾ തിരിച്ചുവരുമെന്ന്

നിങ്ങൾ പറയുന്നതിലെ പൊളിറ്റിക്കൽ പോയിന്റുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. എന്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ തിരിച്ചുവരുമെന്ന് പറയുന്നതെന്ന് എനിക്കറിയില്ല. ഇക്കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിലെ കണക്ക് പരിശോധിച്ചാൽ, നിങ്ങളുടെ ശക്തികേന്ദ്രങ്ങളായ പല അസംബ്ലി മണ്ഡലങ്ങളിലെ ബൂത്തുകളിലെയും വോട്ടുകളുടെ എണ്ണത്തിൽ നിങ്ങൾ വളരെ താഴേയ്ക്ക് പോയിട്ടുണ്ടെന്നുള്ളതാണ് വസ്തുത. അവിടെയുള്ള ജനങ്ങൾ വോട്ട് ചെയ്യാത്തതുകൊണ്ടും നിങ്ങൾക്കെതിരായി വോട്ട് ചെയ്തതുകൊണ്ടുമാണ് കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ആ റിസൾട്ടുണ്ടായത്. ഇനി വരാൻ പോകുന്ന അസംബ്ലി തിരഞ്ഞെടുപ്പിൽ തിരിച്ചുവരുമെന്ന് നിങ്ങൾ പറഞ്ഞതിന്റെ അടിസ്ഥാനമെന്താണ്? അത് അനലൈസ് ചെയ്യുമ്പോഴാണ് ഒരു സാധ്യത കാണാൻ സാധിക്കുന്നത്. അതായത് തിരിച്ചുവരാനുള്ള ഒരു hope.... അതായത് ഇത്രയും നേരം പറഞ്ഞതുപോലെ, പെർഫോർമൻസിന്റെ അടിസ്ഥാനത്തിലല്ല. ബാലൻസ് ഷീറ്റ് പരിശോധിക്കുമ്പോൾ, ആകെ റോഡുകൾ മാത്രമാണുള്ളത്. അത് ശ്രീ. നിതിൻ ജയറാം ഗഡ്കരിയുടെ റോഡല്ലേ? അത് നിങ്ങളുടേതല്ല. അതിന്

നിങ്ങൾ 'എട്ടുകാലി മമ്മൂഞ്ഞ്' പറയുന്നതുപോലെ ഇത് ഞങ്ങളുടേതാണെന്ന് പറയുന്നതിൽ ഒരു കാര്യവുമില്ല; അക്കാര്യം എല്ലാവർക്കുമറിയാം. പറയുന്നതുകേട്ടാൽ, ഈ റോഡ് കാസർഗോഡ് തുടങ്ങിയശേഷം തിരുവനന്തപുരം എത്തുമ്പോൾ നിൽക്കുമെന്നാണ്. അങ്ങനെയല്ലല്ലോ, അത് തുടർന്നുപോകുകയല്ലേ ചെയ്യുന്നത്. ആ റോഡ് നിർമ്മിക്കുന്നതിനായി അയ്യായിരം കോടി രൂപ സംസ്ഥാനം കൊടുത്തുവെന്നുള്ളത് ശരിയാണ്. പക്ഷേ ആ റോഡ് കാസർഗോഡ് കഴിഞ്ഞ് മംഗലാപുരവും കടന്ന് പിന്നെയും പോകുകയല്ലേ; അപ്പോൾ മറ്റു സംസ്ഥാനങ്ങൾക്കുള്ള പണം അതത് സ്റ്റേറ്റ് നൽകും; അത്രയേയുള്ളൂ. എന്നിട്ട് എട്ടുകാലി മമ്മൂഞ്ഞ് ചമഞ്ഞ് ആ റോഡ് ഞങ്ങളുടേതാണെന്ന് പറയുന്നു. ആകെ കാണാൻ കഴിയുന്ന ഒരു സംഗതി അതാണ്. വേറെ ഒന്നും കാണാനില്ല. ഞങ്ങൾ കൊണ്ടുവന്ന സ്മാർട്ട് സിറ്റിവരെ പോയെന്നുള്ളതാണ് ഫലം. വേറൊരു ഫലവും ഈ 9 വർഷത്തെ ഭരണത്തിലൂടെ കാണാൻ കഴിയില്ല. അപ്പോൾ ഇവർ എങ്ങനെ തിരിച്ച് വരാനാണ്? എന്റെ അറിവിൽ, ആകെയൊരു പ്രതീക്ഷയുള്ളത് ഞാൻ അങ്ങേയ്ക്ക്

പറഞ്ഞുതരാം. അങ്ങേയ്ക്ക് സുരക്ഷിത മണ്ഡലമുള്ളതുകൊണ്ട് ഭയക്കേണ്ടതില്ല. പക്ഷേ ഞാൻ ചോദിക്കട്ടെ, ഈ തിരിച്ചുവരവിന്റെ കഥയെന്താണ്?

ബി.ജെ.പി. കുറച്ച് വോട്ട് അടിച്ചുമാറ്റുമ്പോൾ അതിന്മേൽ രക്ഷപ്പെടാമെന്നുള്ളതാണ് തിരിച്ചുവരുന്നവർക്കുള്ള ഉറപ്പ്. അതുകൊണ്ടാണ് മുനമ്പത്തെ വഖഫ് ഭൂമി പ്രശ്നമൊക്കെ തീർപ്പാക്കാതെ നീട്ടികൊണ്ടുപോകുന്നതും. ഗവൺമെന്റും വഖഫ് ബോർഡും നിങ്ങളുടെ കൈയിൽതന്നെ എന്നതിനാൽ  ഗവൺമെന്റ് വിചാരിച്ചാൽ, ആ പ്രശ്നങ്ങൾ കൂടിയാലോചനയിലൂടെ തീർക്കാൻ കഴിയില്ലേ; ബന്ധപ്പെട്ട കക്ഷികളെല്ലാം നെഗോഷിയേഷൻസ് ഗവൺമെന്റുതന്നെ തീർക്കണമെന്ന് പറഞ്ഞിട്ടും നിങ്ങൾ തീർക്കുന്നില്ല; ഒരു കൂടിയാലോചനക്ക് ഇതുവരെയെങ്കിലും വിളിച്ചിട്ടുണ്ടോ; അങ്ങനെ ചെയ്തിരുന്നെങ്കിൽ ടി പ്രശ്നം പരിഹരിച്ചു കൂടേ? വഖഫ് ബോർഡും ഗവൺമെന്റും നിങ്ങളുടേത്. ഈ പ്രശ്നം അവസാനിപ്പിക്കാൻ ഗവൺമെന്റിന് അധികാരമില്ലെന്നാണോ പറയുന്നത്; ഈ ഭൂമി പ്രശ്നം അവസാനിപ്പിക്കാത്തതിനുകാരണം, ബി.ജെ.പി. കുറച്ച് വോട്ട് അടിച്ചുമാറ്റുമെന്ന ആകെ ഒരു പ്രതീക്ഷയാണ്. അതായിരിക്കാം തിരിച്ചുവരുമെന്ന് പറഞ്ഞതിന്റെ

അടിസ്ഥാനമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കൂടുതൽ ദീർഘിപ്പിക്കാതെ ഞാൻ ഈ ധനകാര്യബില്ലിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ ധനകാര്യബില്ലിനെ പിന്തുണയ്ക്കുകയാണ്. ഇവിടെ അൽപംമുമ്പ് സംസാരിച്ച മുതിർന്ന നേതാവായ ശ്രീ. രമേശ് ചെന്നിത്തല, എനിക്കദ്ദേഹത്തോട് വളരെ ബഹുമാനവുമാണ്. ഇന്നിവിടെ ഒരു തിരഞ്ഞെടുപ്പ് നടന്നാൽ യു.ഡി.എഫ്. 100 സീറ്റോടെ അധികാരത്തിൽ വരുമെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. തൊട്ടുമുമ്പ് സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ/ത്രിതല പഞ്ചായത്തിലെ 30 സീറ്റുകളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടന്നപ്പോൾ, 17 സീറ്റിലും വിജയിച്ചത് എൽ.ഡി.എഫ്. ആണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെ കേരളം വലിയ കടക്കെണിയിലാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ കടമെന്ന് പറയുന്നത് കേരളത്തിന്റെ ആകെ ജി.എസ്.ഡി.പി.-യുടെ മൂന്ന് ശതമാനത്തിൽ താഴെ മാത്രമാണ്. കടം വർധിച്ചെങ്കിൽ ജി.ഡി.പി.-യും വർധിച്ചു. കേന്ദ്രത്തിന്റേത് 6 ശതമാനത്തിൽ മുകളിലാണെന്നുകൂടി മനസ്സിലാക്കണം. ഈയിടെയായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, മി. ചീഫ്

മിനിസ്റ്റർ, മി. പ്രഭാകരൻ, മി. ഫിനാൻസ് മിനിസ്റ്റർ എന്നൊക്കെ പറയാറുണ്ട്. എനിക്ക് തോന്നുന്നു, മുഖ്യമന്ത്രി സ്ഥാനത്തേയ്ക്കുള്ള സ്ഥാനാർഥി മത്സരത്തിൽ മി. ചീഫ് മിനിസ്റ്റർ എന്ന് വിളിക്കുന്നവർക്ക് മുൻഗണനകിട്ടുമെന്നോ മറ്റോ അദ്ദേഹം ധരിച്ചിട്ടുണ്ടാകാം. കഴിഞ്ഞതവണ നഷ്ടപ്പെട്ട പ്രതിപക്ഷനേതാവ് സ്ഥാനം തിരിച്ചുപിടിക്കാൻ ഈ മത്സരബുദ്ധി കാണിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്കദ്ദേഹത്തോട് വിനയപൂർവ്വം സൂചിപ്പിക്കാനുള്ളത്.

ഈ ധനകാര്യബില്ലിനെ പിന്തുണയ്ക്കുന്നുവെന്ന് പറയുന്നതോടൊപ്പം ധനകാര്യവകുപ്പുമന്ത്രിയുടെ ധനകാര്യ മാനേജ്മെന്റ് വൈഭവത്തെയും ഞാൻ അങ്ങേയറ്റം ആത്മാർഥമായി അഭിനന്ദിക്കുകയാണ്. കേരളം ഏറ്റവുമധികം ഞെരുക്കപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. കേരളത്തിന്റെയാകെ റവന്യൂ വരുമാനത്തിന്റെ 20 ശതമാനത്തിൽ താഴെ മാത്രമാണ് കേന്ദ്ര സഹായം. 80 ശതമാനത്തിലധികവും കേരളത്തിലെ തനത് റവന്യൂ വരുമാനമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഏറ്റവും കുറവ് കേന്ദ്ര വിഹിതം ലഭിക്കുന്നത്

കേരളത്തിലാണെന്ന യാഥാർത്ഥ്യം ഉയർന്നുനിൽക്കുകയാണ്. ഇത്തരം ഒരു ദുഃസ്ഥിതിയിൽ, നാം മനസ്സിലാക്കേണ്ട ഒരു കാര്യം, വികസനക്ഷേമപ്രവർത്തനങ്ങളുടെയെല്ലാം പ്രധാന ചുമതല സംസ്ഥാനത്തിനും നികുതി വരുമാനത്തിന്റെ പ്രധാന നേട്ടങ്ങളധികവും ലഭിക്കുന്നത് കേന്ദ്രത്തിനുമാണ്. പണ്ടൊരു പഴമൊഴി പറയുന്നതുപോലെ, 'അടി ചെണ്ടയ്ക്കും, പണം മാരാർക്കും' എന്ന സ്ഥിതിയാണ് ഇന്ന് വർത്തമാനകാല ഇന്ത്യയിലുള്ളത്. ഇത് നിലനിൽക്കുമ്പോൾ സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര സഹായങ്ങൾ നിഷേധിക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറക്കുകയും വായ്പയെടുക്കുന്നത് നിഷേധിക്കുകയും ഗ്രാന്റ് നൽകാതിരിക്കുകയും ചെയ്യുന്ന ഈ കേന്ദ്രനയത്തെ ഒന്നിച്ച് എതിർക്കണമെന്ന് പറയുമ്പോൾ, പ്രതിപക്ഷം അതിന് കൂട്ടാക്കാതെ കേരളത്തിന്റെ കെടുകാര്യസ്ഥതയെന്ന് പറയുന്ന ഇരട്ടത്താപ്പ് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്നാണ് എനിക്ക് അതേക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. 'പുര കത്തുമ്പോൾ വാഴ വെട്ടുന്ന' ഈ നയം പ്രതിപക്ഷം തിരുത്തണമെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ഞാൻ അക്കാര്യങ്ങളിലേക്ക് ദീർഘമായി

പോകുന്നില്ല. യോജിച്ച ഒരു പോരാട്ടത്തിന് പ്രതിപക്ഷം മുന്നോട്ടുവരുന്നതാണ് കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുസൃതമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് ഒരു അഭ്യർഥന മുന്നോട്ടുവയ്ക്കാനുള്ളത്, എം.എൽ.എ. ഫണ്ടുകളുമായി ബന്ധപ്പെട്ട് 18 ശതമാനം ജി.എസ്.ടി. ഒഴിവാക്കാൻ നടപടി സ്വീകരിച്ചാൽ അതൊരു വലിയ കാര്യമായിരിക്കും. പലപ്പോഴും 10 ലക്ഷം രൂപ എം.എൽ.എ. ഫണ്ട് അനുവദിച്ചാൽ, അതിലെ ജി.എസ്.ടി., Contractors' Profit, Centage Charge എന്നിവയെല്ലാം കിഴിവ് ചെയ്തശേഷം ഫലത്തിൽ ചെലവഴിക്കപ്പെടുന്നത് ആകെ 6 ലക്ഷം രൂപയോ 6.50 ലക്ഷം രൂപയോ ആണ്. പക്ഷേ 10 ലക്ഷം രൂപ എം.എൽ.എ. ഫണ്ടനുവദിച്ചുവെന്ന് ബോർഡ് വയ്ക്കുമ്പോൾ എം.എൽ.എ.-മാർ ജനങ്ങളുടെ മുന്നിൽ അപഹാസിതരാകുന്ന രീതിയാണുണ്ടാകുന്നത്. അടുത്ത മാസം മുതൽ പി.ഡബ്ല്യൂ.ഡി റേറ്റ് റിവിഷൻ വരുമെന്നാണ് മനസ്സിലാകുന്നത്. മുമ്പ് 10 ലക്ഷം രൂപ അനുവദിച്ചാൽ 150 മീറ്റർ റോഡ് ടാർ ചെയ്യാമായിരുന്നുവെങ്കിൽ ഇനി അത് 100 മീറ്ററായി ചുരുങ്ങുമെന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് കഴിവതും എം.എൽ.എ. ഫണ്ടിൽനിന്ന്

ജി.എസ്.ടി. ഒഴിവാക്കുന്നത് പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് എം.എൽ.എ.-മാരും ഇത് പിന്തുണയ്ക്കുമെന്നാണ് കരുതുന്നത്. കെടുകാര്യസ്ഥതയെയും ദുർചെലവിനെയും സംബന്ധിച്ച് പറയുമ്പോൾ മറ്റുനാടുകളിൽ നടക്കുന്നതൊന്നും ആരും കാണുന്നില്ല. കഴിഞ്ഞ ദിവസം കേട്ട ഒരു വാർത്ത, ഇന്ത്യയുടെ പ്രധാനമന്ത്രി കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ 38 രാജ്യങ്ങൾ സന്ദർശിച്ചതിന് രാജ്യത്തിന്റെ ഖജനാവിൽനിന്നും ചെലവഴിച്ചത് 258 കോടി രൂപ എന്നാണ്. കർണാടകത്തിൽ മന്ത്രിമാർക്കും എം.എൽ.എ.-മാർക്കുമുള്ള ആനുകൂല്യങ്ങൾ നിലവിലുള്ളതിന്റെയും നേരെ ഇരട്ടിയാക്കി, പുതിയ വാഹനങ്ങൾ വാങ്ങുന്നു. ആ സ്ഥലങ്ങളിലെല്ലാം ഇക്കാര്യങ്ങൾ ചെയ്യുന്നത് ഏറ്റവും വലിയ ആവശ്യങ്ങളുടെയും സൗകര്യത്തിന്റെയും ഭരണമികവിന്റെയും സുതാര്യതയുടെയും ഭാഗമായാണ്. എന്നാൽ ഇവിടെ ഇത്തരം കാര്യങ്ങൾ വരുമ്പോൾ അവയൊക്കെയും കെടുകാര്യസ്ഥതയും ധൂർത്തുമാണെന്നുള്ള നിലയിൽ വ്യാഖ്യാനിക്കപ്പെടുന്നത് ഒരു നിലയിലും ശരിയല്ലെന്നുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ മുനിസിപ്പാലിറ്റിയായ ഈരാറ്റുപേട്ടയെ സംബന്ധിച്ച്

വലിയ രീതിയിലുള്ള അപകീർത്തികരമായ പരാമർശങ്ങളും ആക്ഷേപങ്ങളും അവിടത്തെ മുൻ എം.എൽ.എ. അടക്കമുള്ള ആളുകളുടെ ഒരു ഗൂഢാലോചനയുടെ ഫലമായി നടത്തുന്നുണ്ട്. ഇക്കാര്യം ഗൗരവമായി കാണണമെന്നും അത്തരം തെറ്റായ പ്രചാരവേലയ്ക്കെതിരെ ശക്തമായ നടപടികളുണ്ടാകണമെന്നുള്ള ഒരു അഭ്യർഥനകൂടി മുന്നോട്ടുവച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. കേരളത്തിന്റെ വളർച്ചയെ മുരടിക്കുന്ന ഇന്നത്തെ സ്ഥിതിവിശേഷം ഗവൺമെന്റ് ഗൗരവമായി കണ്ണുതുറന്ന് കാണുവാനും വിലയിരുത്തുവാനും തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്. കേരളത്തിലെ ചെറുപ്പക്കാർ മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും പലായനം ചെയ്യേണ്ടിവരുന്നു. അവർക്ക് ഇവിടെ തൊഴിൽ ചെയ്യാനോ, നിൽക്കുവാനോ, പഠിക്കുവാനോ സാധിക്കുന്ന സാഹചര്യങ്ങൾ ഉറപ്പുവരുത്തിയാൽ ഭൂരിപക്ഷം പേരും ഇവിടെ ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ്. നിയമസഭയിൽ ഈ വിഷയം പലപ്പോഴായി ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ ബജറ്റും

ഇതിനോടനുബന്ധിച്ചുള്ള വസ്തുതകളും കഴിഞ്ഞ 9 വർഷത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും വിലയിരുത്തിയാൽ മറ്റുസംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കുംമുള്ള യുവാക്കളുടെ ഒഴുക്ക് അനുസ്യൂതം വർധിക്കുകയാണെന്ന് മനസ്സിലാകും. ഇതിനൊരു പ്രതിവിധിയുണ്ടാകാൻ, ഏതെങ്കിലും വിധത്തിലുള്ള ഇടപെടലുകൾ നടത്താൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയുമോ; ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. നേരത്തെ ശ്രീ. പി. ജെ. ജോസഫും ഇക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ച് കോഴ്സുകളെ പുനഃസംവിധാനം ചെയ്യുന്നതിനും അതോടൊപ്പം വിദ്യാഭ്യാസ രീതിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും തൊഴിൽ നൽകാൻ ഉതകുന്ന സാഹചര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. അതിന് സാധിക്കുന്നില്ലെന്ന് പറയുന്നത് ഏറ്റവും നിർഭാഗ്യകരമാണ്. ഇവിടെ തൊഴിലവസരങ്ങൾ ഇല്ലാതാകുന്നുവെന്ന വസ്തുത നിലനിൽക്കുന്നു. തൊഴിലവസരങ്ങൾ ഇല്ലാതായാൽ കേരളത്തിന് ആശ്രയിക്കാൻ സാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട

മേഖല കാർഷിക മേഖലയാണ്. എന്നാൽ കാർഷിക മേഖലയും തകർന്ന് തരിപ്പണമായിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കൃഷിക്ക് ഇത്രയും വലിയ പ്രതിസന്ധിയുള്ളതുകൊണ്ട് സ്വഭാവികമായും ധനകാര്യ വകുപ്പുമന്ത്രി കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന നിർദേശങ്ങൾ കൊണ്ടുവരുമെന്നാണ് പ്രതീക്ഷിച്ചത്. ഇടുക്കി, വയനാട്, കുട്ടനാട് പാക്കേജുകളെ സംബന്ധിച്ച് പറഞ്ഞു. ഈ പാക്കേജുകളെല്ലാം ശ്രീ. ടി. എം. തോമസ് ഐസക്ക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ചതാണ്. ഒന്നും നടന്നിട്ടില്ല. ഇപ്പോൾ പാക്കേജുകളെക്കുറിച്ച് പറഞ്ഞ് പേടിപ്പിക്കുന്നില്ല. പക്ഷേ കാര്യങ്ങളൊന്നും നടക്കുന്നില്ലെന്ന അവസ്ഥ കാർഷിക മേഖലയെ തകർത്തിരിക്കുകയാണ്. റബ്ബർ വില സ്ഥിരതാ ഫണ്ട് 280 രൂപയായി വർധിപ്പിക്കുമെന്നത് എൽ.ഡി.എഫ്.-ന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനമാണ്. അത് ഇതുവരെ നടന്നിട്ടില്ല. കടയിൽ കൊണ്ടുപോയി റബ്ബർ വിപണനം ചെയ്താൽ സർക്കാർ നൽകുന്നതിനേക്കാൾ കൂടിയ വില ലഭിക്കുമെന്നതുകൊണ്ട് സർക്കാരിന്റെ പുറകെ ആരും പോകുന്നില്ല. ജനങ്ങളെ സഹായിക്കാൻവേണ്ടി റബ്ബർ വില സ്ഥിരതാ ഫണ്ട് 250 രൂപ ആക്കി മാറ്റാൻ സർക്കാരിന് സാധിക്കുന്നില്ല. കുട്ടനാട്ടിലെയും അപ്പർ

കുട്ടനാട്ടിലെയും നെല്ല് സംഭരണം ഞാൻ സഭയിൽ ഉന്നയിച്ച കാര്യമാണ്. ഇപ്പോഴും കൊയ്ത നെല്ല് മുഴുവൻ കയറ്റിവിടാൻ സാധിച്ചിട്ടില്ല. നെല്ല് സംഭരണം പരാജയപ്പെട്ട് നിൽക്കുകയാണ്. എല്ലാ വർഷവും ഈ വിഷയം ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ വളരെ വിനയപൂർവ്വം അഭ്യർഥിക്കുന്നത്, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് വർഷംതോറുമുണ്ടാകുന്ന പ്രതിസന്ധിക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന വിധത്തിൽ ബജറ്റിൽ തുക വകയിരുത്തി പാഡി ഓഫീസർമാരുടെ മേൽനോട്ടത്തിൽ ഗവൺമെന്റ് നേരിട്ട് നെല്ല് സംഭരിക്കുന്ന ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കണമെന്നാണ്. എങ്കിൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, ഇവിടെ നെൽക്കൃഷിയെ പ്രോത്സാഹിപ്പിക്കുമ്പോഴും കേരളത്തിൽ മാത്രം നെൽക്കൃഷി കുറഞ്ഞുപോകുകയാണ്. കൃഷിചെയ്യാൻ തയ്യാറാകുന്ന നെൽക്കർഷകർക്ക് ഇവിടെ സംരക്ഷണമില്ല. പിന്നെ എങ്ങനെയാണ് ഇവിടെ കർഷകർക്ക് നെൽക്കൃഷി ചെയ്യാൻ സാധിക്കുന്നത്? ഏറ്റവും പ്രധാനപ്പെട്ട

കാർഷിക മേഖലയ്ക്ക് സർക്കാർ പ്രത്യേക പരിഗണന നൽകി മുന്നോട്ടുവരാൻ തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്. മാർച്ച് 31-ാം തീയതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ഒരു പ്രശ്നം കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. പഞ്ചായത്തുകളുടെ ബില്ലുകൾ ട്രഷറിയിൽ 2025 മാർച്ച് 25 വരെ എടുക്കുന്ന വിധത്തിലാണ് നിർദേശം വന്നിരിക്കുന്നത്. പഞ്ചായത്തുകളുടെ ഗ്രാന്റുകൾ ലഭിച്ചതുതന്നെ അവസാന നിമിഷത്തിലാണ്. മാർച്ച് 30, 31 തീയതികൾ പൊതുഅവധിയായിരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് എക്സ്പെൻഡിച്ചർ ആക്കുന്നതിനോ, അവയുടെ ബില്ലുകൾ മാറുന്നതിനോ കഴിയാത്ത അവസ്ഥ സംസ്ഥാനത്തെ മുഴുവനായി ബാധിച്ചിരിക്കുകയാണ്. ഗവൺമെന്റ് ഇടപെട്ടുമാത്രമെ ഇതിന് ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഈ ആശങ്കകൾ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഗൗരവമായി കാണണമെന്ന് അഭ്യർഥിക്കുകയാണ്. ഈ സാമ്പത്തിക വർഷത്തെ ബജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരു നല്ലകാര്യം ചെയ്തിട്ടുണ്ട്. മൂന്നു നാലുവർഷമായി ഡി.എസ്.ആർ. (Delhi Schedules of

Rates)-ൽ മാറ്റം വരുത്താൻ സാധിച്ചിരുന്നില്ല. ഏപ്രിൽ ഒന്നുമുതൽ പുതിയ ഡി.എസ്.ആർ. നിരക്ക് പ്രാബല്യത്തിൽ വരുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു. എം.എൽ.എ.-മാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമെല്ലാം പ്രതികൂലമായി ബാധിക്കാൻ പോകുന്ന ഒരു പ്രശ്നം കൂടി ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പഴയ ഡി.എസ്.ആർ. പ്രകാരമാണ് എല്ലാ എസ്റ്റിമേറ്റുകളും ടെൻഡർ ചെയ്ത വർക്കുകളും നിർവഹിക്കുന്നത്. അത് ഈ മാർച്ച് മാസം 31-ഓടുകൂടി അവസാനിക്കുമ്പോഴും പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതെ നിലനിൽക്കുകയാണ്. മാർച്ച് 31-ന് മുമ്പ് ഭരണാനുമതി നൽകുന്ന പ്രവൃത്തികളും ഏപ്രിൽ മാസം 1-ാം തീയതി കഴിയുമ്പോൾ പുതിയ ഡി.എസ്.ആർ.-ലേയ്ക്ക് പോകേണ്ട സ്ഥിതിയാണ്. ഇതുമൂലം വലിയ പ്രശ്നം വരാൻ പോകുകയാണ്. വീണ്ടും പുതിയ എസ്റ്റിമേറ്റ് ചെയ്യുന്നതിന്റെ ഫലമായി ഒരു വർഷംകൂടി നഷ്ടപ്പെടുന്നതാണ്. 6 മാസം കഴിയുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള ഇലക്ഷനും തുടർന്ന് നിയമസഭ ഇലക്ഷനും വരാൻ പോകുകയാണ്. അങ്ങനെവരുമ്പോൾ മുഴുവൻ വികസന പ്രവർത്തനങ്ങളും പൂർണ്ണമായും സ്തംഭനത്തിലേയ്ക്ക് പോകുന്ന

സ്ഥിതിയാണ്. സർക്കാർ തുക നൽകാതെയും വികസനം നടത്താതെയും മൊത്തവും തകർത്ത് രക്ഷപ്പെടാനാണുദ്ദേശിക്കുന്നതെങ്കിൽ ഇത് ഏറ്റവും നല്ല പണിയാണ്. പക്ഷേ അതിലേയ്ക്കല്ല പോകാൻ ഉദ്ദേശിക്കുന്നതെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരു ഉപകാരം ചെയ്യണം. കോസ്റ്റ് ഡിഫറൻസ് നൽകിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതാണ്. ഇത് മുമ്പ് സംസ്ഥാനം ചെയ്തിട്ടുള്ള കാര്യമാണ്. അതുകൊണ്ട് നിലവിലുള്ള ടെൻഡറുകളും എസ്റ്റിമേറ്റും എ.എസ്.-ഉം നിലനിർത്തിക്കൊണ്ടുതന്നെ ഏപ്രിൽ മാസം ഒന്നാം തീയതി ഡി.എസ്.ആർ. നടപ്പാക്കുന്നതിലൂടെ വരുന്ന കോസ്റ്റ് ഡിഫറൻസ് ഗവൺമെന്റ് പരിശോധിച്ച് അതിന്മേൽ തീർപ്പാക്കി ആ തുക അഡീഷണൽ അലോട്ട്മെന്റായി നൽകുകയാണ് ഇതുവരെ സംസ്ഥാനം ചെയ്തിട്ടുള്ളത്. അത് ഇപ്രാവശ്യവും ചെയ്യാൻ കഴിയുന്നൊരു സാഹചര്യമുണ്ടാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ പറഞ്ഞതുപോലെ പഞ്ചായത്തുകൾക്ക് നൽകുന്ന എല്ലാ ഫണ്ടിനും 10 ശതമാനത്തിൽ കൂടുതൽ ധനകാര്യ വകുപ്പ് നൽകുന്നുണ്ട്. എന്നാൽ എം.എൽ.എ. ഫണ്ടിന്റെ കാര്യത്തിൽ ഈ 10 ശതമാനം ഫിനാൻസ് ഒബ്ജക്ട്

ചെയ്തു. അത് വേണ്ടെന്ന് വച്ചു. ആരും വർക്ക് എടുക്കുകയില്ല. കോൺട്രാക്ടർമാർ വർക്ക് ഏറ്റെടുത്താൽ തന്നെ വർഷങ്ങൾ കഴിഞ്ഞുമാത്രമെ തുക ലഭിക്കുകയുള്ളൂ. അതുകൊണ്ട് പഞ്ചായത്തുകൾക്ക് ഇപ്പോൾ വികസനകാര്യങ്ങളിൽ നടപ്പിലാക്കിയിരിക്കുന്ന ആനുകൂല്യം എം.എൽ.എ. ഫണ്ടിന്റെ കാര്യത്തിൽകൂടി തുടർന്ന് നടപ്പാക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മനസ്സ് കാണിക്കണം. അങ്ങയുടെ മറുപടി പ്രസംഗത്തിൽ അതുകൂടി പറയണമെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ദേശീയപാത അടക്കമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിക്കുകയുണ്ടായി. യു.ഡി.എഫ്. ഭരണകാലത്ത് ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു കേരളത്തിന്റെ ദേശീയപാത വികസനമെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അന്ന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പല തർക്കങ്ങളുണ്ടാകുകയും ഭൂമി ഏറ്റെടുത്തപ്പോൾ അത്

വേണ്ടെന്ന് കേന്ദ്രത്തെ അറിയിച്ച സാഹചര്യങ്ങളും നമുക്കെല്ലാവർക്കും അറിയാം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ദേശീയ പാത വികസനമുണ്ടെന്നും, കേരളത്തിൽ ദേശീയപാത വികസനം ഇല്ലാതിരിക്കുന്നത് കേരളത്തിന്റെ വികസനത്തിന് തടസ്സമാകുമെന്ന് മനസ്സിലാക്കികൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഏകദേശം രണ്ടായിരത്തിലധികം വരുന്ന ഭൂമി ഏറ്റെടുത്തു. കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന പിണറായി വിജയന്റെ നിശ്ചയദാർഢ്യം കൊണ്ടാണ് ഇത് സംഭവിച്ചത്. അത് മനസ്സിലാക്കേണ്ട കാര്യമാണ്. ഇവിടെ പ്രതിപക്ഷവും പ്രതിപക്ഷ ഉപനേതാവും ദേശീയ പാതയുടെ ക്രെഡിറ്റ് മുഴുവനായി ബി.ജെ.പി.-ക്ക് കൊടുക്കുകയാണ്. എന്ത് നാണംകെട്ട രാഷ്ട്രീയമാണ് ഇവർ കൈകാര്യം ചെയ്യുന്നത്; കേരളത്തിൽ ബി.ജെ.പി. വരാത്തതിന്റെ വേദന പ്രതിപക്ഷനേതാവും പ്രതിപക്ഷഉപനേതാവും പ്രകടിപ്പിക്കുകയല്ലേ ഇതിലൂടെ ചെയ്യുന്നത്; ഇവിടെ മുടങ്ങിക്കിടന്ന പവർ ഗ്രിഡ്, ദേശീയ പാത വികസനം, ഗെയിൽ പൈപ്പ് ലൈൻ ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങൾ മുഖ്യമന്ത്രിയുടെ നിശ്ചയദാർഢ്യം ഒന്നുകൊണ്ടുമാത്രമാണ് നടപ്പാക്കിയതെന്ന് ജനങ്ങൾ തിരിച്ചറിയുകയാണ്.

സുരക്ഷിതമായ സീറ്റ് സ്പീക്കർക്ക് തലശ്ശേരിയിൽ ഉണ്ടെന്നാണ് പ്രതിപക്ഷ ഉപനേതാവ് പറയുന്നത്. ഭരണപക്ഷത്തിരിക്കുന്ന 99 പ്രതിനിധികളുടെയും സീറ്റുകൾ സുരക്ഷിതമാണെന്നാണ് ഞാൻ പറയുന്നത്. നിങ്ങളുടെ സീറ്റ് നിങ്ങൾ സുരക്ഷിതമാക്കിയാൽമതി. ഭരണത്തുടർച്ചയുണ്ടാകുമെന്ന് ഞങ്ങൾ പറയുന്നതിന്റെ വിശ്വാസം അതാണ്. നിങ്ങളാണ് തിരിച്ചുവരേണ്ടത്. ഭരണത്തുടർച്ച ഉണ്ടാകുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് തർക്കമൊന്നുമില്ല. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഈ കേരളം തുടങ്ങിവച്ച എല്ലാ കാര്യങ്ങളും നിശ്ചയമായും പൂർത്തീകരിക്കുമെന്ന് ജനങ്ങൾക്ക് നല്ല വിശ്വാസമുണ്ട്, അതിന്റെ പ്രതിഫലനമാണ് ഇപ്പോൾ നടന്നിട്ടുള്ള ഉപതിരഞ്ഞെടുപ്പ്. ആ ഉപതിരഞ്ഞെടുപ്പിൽ വലിയ ഭൂരിപക്ഷമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ലഭിച്ചത്. എല്ലാം സ്ഥലങ്ങളിലും നമുക്ക് മേൽക്കൈ കിട്ടി. ഞങ്ങൾ അടുത്ത ഒന്ന്-ഒന്നര വർഷം കൊണ്ട് ഇപ്പോൾ തുടങ്ങിയ പദ്ധതികൾകൂടി പൂർത്തീകരിക്കുമ്പോൾ സ്വാഭാവികമായും ജനങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ വിശ്വാസം വർധിക്കും. പ്രളയം, കോവിഡ്, വെള്ളപ്പൊക്കം എന്നിവയെ നേരിടാൻ ജനങ്ങൾക്കൊപ്പം നിന്ന

സർക്കാരാണ് കേരളത്തിലുള്ളത്. ഞങ്ങളുടെ വിശ്വാസവും ഞങ്ങളുടെ ഏറ്റവും വലിയ ഉറപ്പെന്നും പറയുന്നത് ഈ നാട്ടിലെ ജനങ്ങളാണ്. ആ ജനങ്ങൾ ഞങ്ങളോടൊപ്പം നിൽക്കും അതിൽ ഒരു സംശയവും ആർക്കും വേണ്ട. നിങ്ങളുടെ സീറ്റ് നിങ്ങൾ സുരക്ഷിതമാക്കിയാൽ മതി. നിങ്ങളുടെ ഇപ്പോഴുള്ള നാൽപ്പത് സീറ്റും കൂടി ഒലിച്ചുപോകാതെ നിങ്ങൾ നോക്കിയാൽ മതിയെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഇടതുപക്ഷം ഭരിച്ച കാലയളവിനെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് രാവിലെ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ കുറഞ്ഞ കാലയളവുകൊണ്ട് കേരളത്തെ കേരളമാക്കി മാറ്റുന്നതിനുവേണ്ട നയസമീപനങ്ങൾ സ്വീകരിച്ച ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ്. ഭൂപരിഷ്കരണ നിയമമായാലും സമഗ്ര വിദ്യാഭ്യാസ നിയമമായാലും സാക്ഷരതാ പ്രസ്ഥാനമായാലും കുടുംബശ്രീയായാലും ജനകീയ ആസൂത്രണ പ്രസ്ഥാനമായാലും നവകേരള കർമ്മ പദ്ധതികളായാലും ഇപ്പോൾ കിഫ്ബിയിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന പശ്ചാത്തല സൗകര്യ വികസനങ്ങളായാലും 2025 നവംബർ മാസം ഒന്നാം തീയതി നമ്മൾ പ്രഖ്യാപിക്കാൻപോകുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജനമായാലും ഇടതുപക്ഷ

സർക്കാരുകളുടെ അടയാളങ്ങളാണ് ഈ കേരളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് യു.ഡി.എഫ്.-ന് അവകാശപ്പെടാൻ സാധിക്കുമോ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ സൂചിപ്പിച്ചല്ലോ; യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ നേട്ടങ്ങൾ അങ്ങനെ പറയാൻ സാധിക്കുമോ? കേരളത്തിന്റെ കൃത്യമായ വികസനത്തിന്റെയും സാമൂഹ്യമാറ്റത്തിന്റെയും ദിശാബോധം അടയാപ്പെടുത്തിയ ഗവൺമെന്റാണ് ഇടതുപക്ഷ സർക്കാരിന്റേതെന്ന് വളരെ അഭിമാനപുരസരം നമുക്ക് പറയാൻ സാധിക്കും. ഇവിടെ ശ്രീ. രാജീവ് ചന്ദ്രശേഖർ എന്ന വ്യക്തി ബി.ജെ.പി.-യുടെ പ്രസിഡന്റായി. ഇതിൽ ഞങ്ങൾക്ക് ഭയമില്ല. ശ്രീ. രാജീവ് ചന്ദ്രശേഖർ അല്ല ശ്രീ. നരേന്ദ്ര മോദി കേരളത്തിൽ ബി.ജെ.പി.-യുടെ പ്രസിഡന്റായാലും വന്നാലും ഞങ്ങൾക്ക് പ്രശ്നമില്ല. കാരണം ബി.ജെ.പി.-യെ എതിർക്കുന്ന രാഷ്ട്രീയം കൃത്യമായി കൈകാര്യം ചെയ്യുന്നത് കേരളത്തിലെ സി.പി.ഐ.(എം.)-ഉം ഇടതുപക്ഷകക്ഷികളുമാണെന്ന് കൃത്യമായി ജനങ്ങൾക്കറിയാം. കേരളനിയമസഭയിൽ നേമം നിയോജകമണ്ഡലത്തിൽനിന്നും ആദ്യമായി ബി.ജെ.പി.-യുടെ ഒരു പ്രതിനിധി കടന്നുവന്നു. എങ്ങനെയാണ് വന്നത്;

സി.പി.ഐ.(എം.) സഹായിച്ചിട്ടാണോ; അവിടെ യു.ഡി.എഫ്.-ന് ലഭിക്കേണ്ട വോട്ട് എത്രയാണ്? ഏകദേശം 12000 വോട്ടിലേയ്ക്ക് യു.ഡി.എഫ്.-ന്റെ വോട്ട് താഴ്ന്നു. താമര ജയിച്ചു. അങ്ങനെയാണ് ശ്രീ. ഒ. രാജഗോപാൽ കേരള നിയമസഭയിലേയ്ക്ക് കടന്നുവരാനുള്ള സാഹചര്യമുണ്ടായത്. ബി.ജെ.പി.-യെ സി.പി.ഐ.(എം.) സഹായിക്കുകയാണെന്ന് മുൻപ്രതിക്ഷനേതാവ് ഇവിടെ പറയുകയാണ്. അങ്ങനെയാണോ വസ്തുത; തൃശ്ശൂരിൽനിന്നും ഒരു എം.പി. ലോകസഭയിലേയ്ക്ക് പോയി. യു.ഡി.എഫ്.-ന്റെ 83000 വോട്ട് എവിടെപ്പോയി; എവിടെയെല്ലാം ബി.ജെ.പി. ജയിക്കുന്നുണ്ടോ അവിടെയെല്ലാം നമ്മൾ മനസ്സിലാക്കേണ്ടത് യു.ഡി.എഫ്.-ന്റെ സഹായംകൊണ്ടാണ് ഈ കേരളത്തിലടക്കം അക്കൗണ്ട് തുറക്കാനുള്ള സാഹചര്യം ബി.ജെ.പി.-ക്കുണ്ടായതെന്നത്. ആ രാഷ്ട്രീയം നിങ്ങൾ മറന്നുപോകരുത്. കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി നിർമ്മലാ സീതാറാം മുഖ്യമന്ത്രിയെക്കണ്ടത് വളരെ മോശപ്പെട്ട കാര്യമായാണ് പ്രതിപക്ഷം അവതരിപ്പിക്കുന്നത്. അവിടെ ചായ കുടിക്കാൻ വേണ്ടി വന്നു, സ്വീകരിച്ചു, കാര്യങ്ങൾ വിശദീകരിച്ചു എന്നിങ്ങനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ കൃത്യമായി കാര്യങ്ങൾ പറഞ്ഞു.

അവിടെ എന്താണ് നടന്നതെന്ന് പറയണമെന്ന് അദ്ദേഹം വീണ്ടും ഉന്നയിക്കുകയാണ്. സ്വാഭാവികമായും കേരളത്തിലെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടാകും. നിങ്ങൾ വെട്ടിക്കുറച്ച് ഫണ്ട് പുനഃസ്ഥാപിക്കണമെന്ന് പറയും. അത് സ്വാഭാവികമല്ലേ; കേരളത്തിന്റെ ആനുകൂല്യങ്ങൾ വാങ്ങിയെടുക്കാൻ കേരളത്തിൽനിന്നും ജയിച്ചുപോയ എം.പി.-മാർ വഹിക്കുന്ന പങ്ക് എന്താണ്; ധനകാര്യ കമ്മിഷൻ ഷെയർ ഏകദേശം 1.92 ശതമാനമായി വെട്ടിക്കുറച്ചു. പ്രതിഷേധമുണ്ടോ; നമ്മുടെ മറ്റ് പദ്ധതികളുടെയും സ്കീം ഫണ്ട് വെട്ടിക്കുറയ്ക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിഹിതം 50 ശതമാനവും 40 ശതമാനവും 30 ശതമാനവുമായി വെട്ടിക്കുറയ്ക്കുന്നു. യു.ഡി.എഫ്.-ന്റെ എം.പി.-മാർ പ്രതികരിക്കാൻ തയ്യാറാകുന്നുണ്ടോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒറ്റയ്ക്കുനിന്ന് പടനയിച്ച് ഈ കേരളത്തെ കൈപിടിച്ചുയർത്തുന്നതിന്റെ അസ്വസ്ഥത നിങ്ങൾക്കുണ്ടാകുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമൊന്നുമില്ല. ആ അസ്വസ്ഥത തുടർച്ചയായി എല്ലാക്കാലവും ഉണ്ടാകും എന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. പട്ടികജാതി ഫണ്ട് നമ്മൾ വെട്ടിക്കുറച്ചെന്നാണ് പറയുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം

2980 കോടി രൂപ നമ്മൾ പട്ടികജാതി ജനവിഭാഗങ്ങൾക്കുവേണ്ടി ചെലവഴിച്ചു. ഈ പദ്ധതി പണം ഉപയോഗിച്ച് 10663 കുടുംബങ്ങൾക്ക് ഭൂമി വാങ്ങിനൽകി. 770 കോടി രൂപ പട്ടികജാതി വിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിനായി നമ്മൾ നൽകിയിട്ടുണ്ട്. ഇതെല്ലാം കൂട്ടിയാൽ ഏകദേശം 59994 പട്ടികജാതി/- പട്ടികവർഗ കുടുംബങ്ങൾക്ക് പ്രസ്തുത ഫണ്ടിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇവർ ആരെയാണ് തെറ്റിദ്ധരിപ്പിക്കുന്നത്? അടിസ്ഥാന ജനവിഭാഗങ്ങൾ എല്ലാക്കാലത്തും ഇടതുപക്ഷത്തിനൊപ്പം ഉറച്ചുനിൽക്കുന്നവരാണ്. അവരുടെ പിന്തുണ എല്ലാക്കാലവും ഞങ്ങൾക്കുണ്ടാകുമെന്നതിൽ തർക്കമൊന്നുമില്ല. ചില സാമ്പത്തിക പ്രയാസങ്ങളുടെ ഭാഗമായി പ്ലാൻ സൈസിൽ ചെറിയ പ്രശ്നങ്ങളൊക്കെ വന്നിട്ടുണ്ട്. ആ പണവും ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചുതരികയാണ്. ഏത് മണ്ഡലത്തിലാണ് പണി നടക്കാതിരിക്കുന്നത്; ഈ മാർച്ച് മാസം 31-നുമുമ്പ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തകൃതിയായി പണിനടക്കുകയാണ്. ഏത് വാർഡിൽ ചെന്നാലും പണി നടക്കുകയാണ്. അവിടെയെല്ലാം റോഡുകളുടെയും പാലത്തിന്റെയും മറ്റ് പശ്ചാത്തല സൗകര്യ വികസനങ്ങളും നടക്കുന്നു. ഇത്

പണം കൊടുക്കാത്തതുകൊണ്ടാണോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം വിവിധ ഗഡുക്കളായി നമ്മുടെ സർക്കാർ നൽകിയിട്ടുണ്ടെന്ന കാര്യം നമ്മൾ കാണാതെ പോകരുത്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്ത പ്രശ്നം വന്നല്ലോ; യു.ഡി.എഫ്.-നോട് ഞാൻ ചോദിക്കുകയാണ്, ബ്രാൻഡിങിനെ നിങ്ങൾ അനുകൂലിക്കുകയാണോ; ഒരു വീട് വയ്ക്കുമ്പോൾ ആ വീടിനുമുമ്പിൽ പ്രധാനമന്ത്രിയുടെ എംബ്ലം വയ്ക്കണമെന്ന് പറഞ്ഞാൽ നിങ്ങൾ അത് അംഗീകരിക്കുന്നുണ്ടോ; അത്തരത്തിൽ എംബ്ലം വയ്ക്കുന്നതുൾപ്പെടെയുള്ള ബ്രാൻഡിങ് നിങ്ങൾ നടപ്പാക്കിയില്ലെങ്കിൽ നിങ്ങൾക്ക് ഫണ്ട് തരില്ലായെന്ന് പറയുമ്പോൾ അതിനെതിരെ പാർലമെന്റിൽ പ്രതിഷേധിക്കാൻ നിങ്ങളുടെ എം.പി.-മാർക്ക് സാധിക്കുന്നുണ്ടോ; ഇതൊന്നും ചെയ്യാത്ത നിങ്ങളാണ് ഞങ്ങളെ ഉപദേശിക്കാൻ വരുന്നതെന്ന് നിങ്ങൾക്ക് ഓർമ്മയുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ബി.ജെ.പി.-ക്കെതിരായി കൃത്യമായി രാഷ്ട്രീയം പറഞ്ഞ് മുന്നോട്ടുപോകുന്നത് ഞങ്ങൾതന്നെയാണ്. ഇനിയും ആ രാഷ്ട്രീയം ഞങ്ങൾ ഉയർത്തിപ്പിടിക്കും. അതിൽ യു.ഡി.എഫ്. വേവലാതിപ്പെടേണ്ട കാര്യമില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലം, 2011-2016, യു.ഡി.എഫ്. അന്ന് എത്ര വീടുകളാണ് നൽകിയത്; ആ അഞ്ച് വർഷക്കാലംകൊണ്ട് ഏകദേശം മുപ്പതിനായിരത്തിൽപ്പരം വീടുകളാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നൽകിയതെങ്കിൽ കഴിഞ്ഞ എട്ട് വർഷക്കാലം കൊണ്ട് 410000 വീടുകൾ പിണറായി ഗവൺമെന്റ് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ടെന്നുകൂടി കാണണം. ഒരു വീടിന് ഏകദേശം 400000/- രൂപയാണ് നമ്മൾ നൽകുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതംകൂടി ചേർത്ത് 425000/- രൂപ കൊടുക്കുകയാണ്. ഈ നിലയിൽ കാര്യങ്ങൾ നടപ്പിലാക്കുന്നൊരു സർക്കാരാണ് കേരളം ഭരിക്കുന്നത് എന്നത് വളരെ അഭിമാനകരമായ കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിരന്തരമായി ഒരു നരേറ്റീവ് ഉണ്ടാക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രയോരിറ്റി ദുർബല ജനവിഭാഗങ്ങൾക്കൊപ്പമല്ല എന്ന കഥയാണ് അദ്ദേഹം മെനയുന്നത്. അതിന് ഉപോൽബലകമായ ആശാപ്രവർത്തകരുടെ സമരം ചൂണ്ടിക്കാണിക്കുകയാണ്. ആശാപ്രവർത്തകരുടെ കാര്യത്തിൽ ഈ

ഗവൺമെന്റിന് അനുകൂലമായ നിലപാടാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അതിനായി കൂടുതൽ തുക കേന്ദ്രസർക്കാർ അനുവദിച്ചുനൽകണമെന്ന ഡിമാന്റ് നമ്മൾ വയ്ക്കുകയാണ്. ആശാപ്രവർത്തകർ ഉൾപ്പെടെയുള്ള ലേബർമാരെ ലേബർമാരായി അംഗീകരിക്കുന്നതിനാവശ്യമായ അവകാശം ഞങ്ങൾ ഉന്നയിക്കുകയാണ്. അതിനൊപ്പം നിൽക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എൽ.ഡി.എഫ്. സർക്കാർ പരമ്പരാഗത മേഖലയിൽ ഏകദേശം 580 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. ഖാദി -437 കോടി രൂപ, കയർ- 1600 കോടി രൂപ, കരകൗശലം- 47 കോടി രൂപ സാമൂഹ്യക്ഷേമ പെൻഷൻ ഏകദേശം 64000 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 8400 കോടി രൂപ എന്നിങ്ങനെ ഇതിനോടകം നമ്മൾ ചെലവഴിച്ചിരിക്കുകയാണ്. കൂടാതെ ഈ രണ്ട് സർക്കാരിന്റെ ഭരണകാലത്തുമായി ഏകദേശം 227800 പി.എസ്.സി. നിയമനങ്ങൾ നടന്നിരിക്കുന്നു. കഴിഞ്ഞവർഷം 25 സംസ്ഥാനങ്ങളിൽ പി.എസ്.സി. വഴി ഏകദേശം 51498 നിയമനങ്ങളാണ് നടന്നത്. ഇതിൽ 34116 നിയമനവും കേരളത്തിലാണ് എന്നത് ഈ ഗവൺമെന്റിന്റെകൂടി

നേട്ടമാണ്. കേരള പി.എസ്.സി. പ്രതിവർഷം മുപ്പതിനായിരത്തിൽപ്പരം നിയമനങ്ങൾ നടത്തുന്ന ഒരു സ്ഥാപനമാണെന്നുകൂടി നമ്മൾ കാണണം. 2025 നവംബർ മാസം 1-ാം തീയതിയോടുകൂടി ദാരിദ്ര്യം ഇല്ലാതാകുന്ന കേരളമെന്ന ഒരു ശുഭമുഹൂർത്തത്തിനുകൂടി നാം സാക്ഷ്യം വഹിക്കുകയാണ്. അത്തരം നല്ല പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എച്ച്. സലാം</u>: സർ, സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഈ ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുൻപ്രതിക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും വസ്തുതാവിരുദ്ധമായ ചില കാര്യങ്ങൾ ഇവിടെ സംസാരിക്കുകയുണ്ടായി. അതിൽ രാഷ്ട്രീയമായി, ഗൗരവമായി ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടത്, ഇടതുപക്ഷവും ബി.ജെ.പി.-യും തമ്മിലുള്ള എന്തോ ഒരു ബന്ധം എന്ന രീതിയിലേയ്ക്കുള്ള സംസാരമാണ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പ്രധാനമായും പറഞ്ഞത്. കേരളത്തിൽ നിരവധി സന്ദർഭങ്ങളിൽ, തിരഞ്ഞെടുപ്പുകളിൽ ബി.ജെ.പി., യു.ഡി.എഫ്. സഖ്യത്തിന്റെ നിരവധി

അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. പ്രശാന്ത് സൂചിപ്പിച്ചതുപോലെ നേമം മോഡലുണ്ട്, ഇപ്പോൾ തൃശ്ശൂർ മോഡലുമുണ്ട്, വടകര-ബേപ്പൂർ മോഡലുണ്ട്, കോലീബി സഖ്യമുണ്ട്. ഇതെല്ലാം കേരളത്തിലെ പൊതുസമൂഹത്തിനുമുമ്പിൽ കൃത്യമായി രേഖപ്പെടുത്തപ്പെട്ട, നല്ലതുപോലെ മനസ്സിലായിട്ടുള്ള പരസ്യമായ രഹസ്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അതിന്റെയെല്ലാം ഭാഗമായ പരീക്ഷണങ്ങൾ ഈ രണ്ട് കൂട്ടരും ചെയ്തപ്പോഴും അതിനെയെല്ലാം അതിജീവിച്ച് വിജയിച്ചവരാണ് കേരളത്തിലെ ഇടതുപക്ഷമെന്നുള്ളതും ഈ നാടിന്റെ മതനിരപേക്ഷമായ പാരമ്പര്യത്തിന്റെയും ചരിത്രത്തിന്റെയും ഏറ്റവും യശസ്സുള്ള അധ്യായമാണ് എന്ന കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ശ്രീ. രമേശ് ചെന്നിത്തല ഹരിപ്പാട് നിയോജകമണ്ഡലത്തിൽനിന്ന് നിരന്തരം വിജയിക്കുന്ന വ്യക്തിയാണ്. എന്റെ ജില്ലയിലെ തൊട്ടടുത്ത നിയോജകമണ്ഡലമാണത്. ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-കോൺഗ്രസ് ബന്ധത്തെക്കുറിച്ച് ആ നാട്ടുകാർക്ക് നന്നായി അറിയാം. ശ്രീ. കെ. സി. വേണുഗോപാൽ മത്സരിക്കുമ്പോഴും ഇദ്ദേഹം മത്സരിക്കുമ്പോഴും വോട്ടിന്റെ

ഘടനയിൽ വ്യത്യാസം വരുന്നത് എങ്ങനെയാണ്? ശ്രീ. രമേശ് ചെന്നിത്തല മത്സരിച്ചാൽ ബി.ജെ.പി.-യുടെ വോട്ട് കുറയുകയും കോൺഗ്രസിന്റെ വോട്ട് കൂടുകയും ചെയ്യും. ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിയെ തീരുമാനിക്കുന്നത് ആരാണ്; ബി.ജെ.പി. ആണോ? ശ്രീ. രമേശ് ചെന്നിത്തല തീരുമാനിക്കുന്നുവെന്ന് ഞാൻ പറയുന്നില്ല, പക്ഷേ അങ്ങനെ അദ്ദേഹത്തിന് പങ്കുണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താനാകാത്ത വിധത്തിലുള്ള കെട്ടുപിണഞ്ഞ ബന്ധമാണ് കോൺഗ്രസും ബി.ജെ.പി.-യും തമ്മിലുള്ളതെന്ന കാര്യം ഞങ്ങൾക്ക് നന്നായി അറിയുന്നൊരു യാഥാർത്ഥ്യമാണ്. അതുമായി ബന്ധപ്പെട്ട് ഏറെക്കാര്യങ്ങൾ പറയുന്നില്ല. അങ്ങനെ നിൽക്കുന്നയാൾ സ്വയം നോക്കിയിട്ടുവേണം എൽ.ഡി.എഫ്.-നെക്കുറിച്ച് ഇങ്ങനെ ആക്ഷേപം പറയേണ്ടതെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പി. കെ. കുഞ്ഞാലിക്കുട്ടി, അദ്ദേഹം പരിണിതപ്രജ്ഞനായ നേതാവാണ്. ലോകസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടിങ് പാറ്റേൺ പരിശോധിച്ചാണ് അദ്ദേഹം ഇവിടെ ആശ്വാസം കൊള്ളുന്നത്. 19 സീറ്റ് യു.ഡി.എഫ്.-നുണ്ട്, നിയമസഭ വോട്ട്

പരിശോധിക്കുമ്പോൾ എൽ.ഡി.എഫ്. ആകെ പിന്നിലാണ്. അതുകൊണ്ട് യു.ഡി.എഫ്. വിജയിക്കുമെന്ന വിശ്വാസമാണുള്ളത്. 2019-ൽ കേരളത്തിലെ ലോക് സഭ വോട്ടിങ് പാറ്റേൺ എങ്ങനെയായിരുന്നു? യു.ഡി.എഫ്.-ന് ആയിരുന്നില്ലേ ഭൂരിപക്ഷം; പാർലമെന്റ് തിരഞ്ഞെടുപ്പിൽ 19 സീറ്റ് യു.ഡി.എഫ്.-ന് ലഭിച്ചു. നിയമസഭ തിരഞ്ഞെടുപ്പിന്റെ ഭൂരിപക്ഷം പരിശോധിച്ചാൽ യു.ഡി.എഫ്.-നായിരുന്നു ഭൂരിപക്ഷം ലഭിക്കേണ്ടത്. പക്ഷേ തുടർന്നുണ്ടായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിലും അതുപോലെ നിയമസഭ തിരഞ്ഞെടുപ്പിലും യു.ഡി.എഫ്.-നെ നന്നായി തോൽപ്പിച്ച് കേരളം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിലേയ്ക്ക് വന്നുവെന്നതാണ് രാഷ്ട്രീയ യാഥാർഥ്യം. ആ കണക്കുവച്ചാണ് യു.ഡി.എഫ്. നിൽക്കുന്നതെങ്കിൽ, മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ ഭരണം നോക്കിയിരിക്കാൻ മാത്രമേ വിധിയുള്ളൂ എന്നാണ് ഈ സമയത്ത് എനിക്ക് പ്രീയപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനോട് പറയാനുള്ളത്. എൻ.എച്ച്.-മായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹം ഇവിടെ പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിന്റെ ഭരണത്തിന്റെ യാത്രയും വേഗതയും

എങ്ങനെയായിരുന്നുവെന്ന് നല്ലതുപോലെ നമ്മുടെ നാടിനറിയാവുന്നതാണ്. എൽ.ഡി.എഫ്. മാത്രമാണോ പറഞ്ഞത്; യു.ഡി.എഫ്.-ന്റെ തന്നെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും രാജ്യത്തെ രണ്ടാമനുമായിരുന്ന നേതാവ് സാക്ഷാൽ ശ്രീ. എ. കെ. ആന്റണി തന്നെ 2013-ൽ പറഞ്ഞിട്ടില്ലേ? അദ്ദേഹം അന്ന് ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ സാന്നിധ്യത്തിൽ 2013-ൽ നടത്തിയ സ്റ്റേറ്റ്മെന്റ് എന്താണ്? അദ്ദേഹം കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയായതിനുശേഷം കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിലേയ്ക്ക് ഒരു പദ്ധതിയും കൊണ്ടുവരാൻ എനിക്ക് ധൈര്യമില്ലെന്നാണ് യു.ഡി.എഫ്.-നെ നോക്കി പറഞ്ഞത്. സാക്ഷാൽ ഉമ്മൻചാണ്ടി സാറിനെയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെയും നോക്കിയാണ് പറഞ്ഞത്. എനിക്ക് ധൈര്യമില്ലെന്ന് പറഞ്ഞത് സാക്ഷാൽ ശ്രീ. എ. കെ. ആന്റണിയല്ലേ? ആ വേദിയിൽ അദ്ദേഹം പറഞ്ഞു...., ആരാധ്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. എളമരം കരീമും മുന്നോട്ടുവച്ച ഓരോ പദ്ധതികളെയും ഏറ്റവും വിജയകരമായി പിന്തുണച്ചവരാണെന്ന് കൃത്യമായി രേഖപ്പെടുത്തിയ ചരിത്രം ഈ നാടിനുണ്ട്. ഞാൻ ഇത് പറയുന്നത്...., ഹൈവേ നിർമ്മിച്ചപ്പോൾ

ശ്രീ. നിതിൻ ഗഡ്ഗരിയുടെ വകയായി പതിച്ചുനൽകാൻ എന്തൊരു ഉത്സാഹത്തോടുകൂടിയാണ് പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്. യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് ഹൈവേ നിർമ്മാണ ഓഫീസ് എന്തുകൊണ്ടാണ് പൂട്ടിക്കെട്ടിപ്പോയത്; നിങ്ങളുടെ നിലപാടുകൊണ്ടല്ലേ? നിങ്ങൾ സ്ഥലമെടുപ്പ് പൂർത്തീകരിച്ചിരുന്നെങ്കിൽ ഇത്രയും തുക നൽകാതെ, ചെലവാക്കാതെ കുറച്ചുവർഷം മുമ്പുതന്നെ ഈ ഹൈവേ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമായിരുന്നില്ലേ? യു.ഡി.എഫ്.-ന് ചെയ്യാൻ സാധിക്കാത്ത കാര്യം, അസാധ്യമാണെന്ന് പ്രഖ്യാപിച്ച കാര്യം, നിർമ്മാണച്ചുമതലയുള്ള ഓഫീസ് പൂട്ടിക്കെട്ടിപ്പോയത് ഇതൊക്കെ ബഹുമാനപ്പെട്ട പിണറായി വിജയൻ നയിക്കുന്ന ഈ സർക്കാർ നടപ്പാക്കുമ്പോൾ ഒരു നല്ലവാക്ക് പറഞ്ഞോ..., എൽ.ഡി.എഫ്. തുക അനുവദിച്ചതുകൊണ്ടും സ്ഥലമേറ്റെടുത്ത് നൽകിയതുകൊണ്ടുമാണ് നടന്നതെന്നല്ലേ പറയേണ്ടത്; കേന്ദ്ര സർക്കാർ മറ്റൊരു സംസ്ഥാനത്തോടും ആവശ്യപ്പെടാത്ത കാര്യം കേരളത്തോട് ആവശ്യപ്പെട്ടില്ലേ? നിങ്ങൾ മലയാളികളല്ലേ; അങ്ങനെ സംസാരിച്ചപ്പോൾ അതിനെതിരെ നിങ്ങൾക്കൊരു വാക്കെങ്കിലും പറയാൻ സാധിക്കാത്തത്

എന്തുകൊണ്ടാണ്? നാടിന്റെ വികസന കുതിപ്പിന്റെ കാര്യത്തിൽ എത്രമാത്രം നമ്മൾ മുന്നോട്ട് പോകുന്നുവെന്നതാണ് യു.ഡി.എഫ്. നോക്കേണ്ടത്. കേരളത്തിൽ എവിടെയെങ്കിലും വികസനമില്ലാതെപോയ ചരിത്രമുണ്ടോ? ഓരോ പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലത്തിലെ കിഫ്ബിയുടെയും പ്ലാൻ ഫണ്ടിന്റെയും ബജറ്റിന്റെയും ഭാഗമായുള്ള വികസനപ്രവർത്തനങ്ങൾ നിങ്ങൾ വിലയിരുത്തണം. അദ്ദേഹം പറഞ്ഞത്, പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കപ്പെടുന്നുവെന്നാണ്. സംസ്ഥാന വിഹിതം ഏതെല്ലാം വിധത്തിൽ വെട്ടിക്കുറയ്ക്കപ്പെടുന്നുവെന്ന കണക്കുകൾ കേന്ദ്രസർക്കാർ വിശദീകരിച്ച് പറയുന്നില്ല. എവിടെയാണ് പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കുന്നത്? കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകേണ്ട നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും ധനകാര്യ കമ്മീഷന്റെ ഗ്രാൻഡും വെട്ടിക്കുറയ്ക്കപ്പെടുകയും വായ്പയില്ലാതാക്കുകയും ചെയ്യുന്നു. അപ്പോൾ സംസ്ഥാനം എങ്ങനെയാണ് മുന്നോട്ടുപോകുന്നത്? മുൻപ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായിരിക്കുകയാണോ? സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയല്ലേ ചെയ്തത്; ഈ

പ്രയാസങ്ങൾക്ക് നടുവിലും സംസ്ഥാനത്തിന്റെ നികുതി വരുമാനവും നികുതിയേതര വരുമാനവും എല്ലാവിധത്തിലും മെച്ചപ്പെടുത്താനാവശ്യമായ നിലപാട് സ്വീകരിച്ച് വികസനം മാറ്റിവയ്ക്കാതെ ബജറ്റിന്റെ ഭാഗമായ വികസന പ്രവർത്തനങ്ങളും ബജറ്റിന് പുറത്തുള്ള കിഫ്ബിയുടെ ഭാഗമായ വികസന പ്രവർത്തനങ്ങളുമെല്ലാം നന്നായി മുന്നോട്ടുകൊണ്ടുപോകുന്ന സർക്കാരാണിത്. നികുതി വരുമാനവും നികുതിയേതര വരുമാനവും കൂടി. കടബാധ്യതയും റവന്യൂ കമ്മിയും ധനകമ്മിയും കുറഞ്ഞു. ഈ അഞ്ച് കാര്യങ്ങൾ പരിശോധിച്ചാൽ ഒരു സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതി ഏറ്റവും മികച്ചരീതിയിൽ കൊണ്ടുപോകുന്ന സർക്കാരാണിതെന്ന് കൃത്യമായി പറയാൻ സാധിക്കും. അതല്ലേ യാഥാർഥ്യം? ആ യാഥാർഥ്യം മറച്ചുവച്ചിട്ട് അനാവശ്യമായ കാര്യങ്ങളാണ് പ്രതിപക്ഷം പറയുന്നത്. നികുതി വരുമാനത്തിലെ വളർച്ച 17.4 ശതമാനമായി ഉയർന്നിരിക്കുന്നുവെന്ന് കാണാം. പൊതുകടത്തിന്റെ അനുപാതം 35.92 ശതമാനത്തിൽനിന്ന് 34 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചാൽ സംസ്ഥാനത്തിന്റെ ചെലവ് കൂടുന്നത് എങ്ങനെയാണ്? 2016 മുതലുള്ള അഞ്ച് വർഷക്കാലത്തെ സംസ്ഥാനത്തിന്റെ പ്രതിവർഷച്ചെലവ്

പരിശോധിച്ചാൽ 1.17 ശതമാനമാണ്. ഈ സർക്കാരിന്റെ മൂന്ന് വർഷക്കാലത്തെ പ്രതിവർഷ കണക്ക് പരിശോധിച്ചാൽ 1.62 ലക്ഷം കോടി രൂപയായി ചെലവ് വർധിച്ചിരിക്കുന്നു. എങ്ങനെയാണ് ചെലവ് വർധിച്ചത്? ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ സംസ്ഥാനത്തിന്റെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചാൽ ചെലവിൽ എങ്ങനെയാണ് വർധനവുണ്ടാകുന്നത്? ബജറ്റിന്റെ ഭാഗമായി ചെലവിന്റെ കണക്ക് പരിശോധിച്ചാൽ ഈ വ്യത്യാസം കാണാൻ സാധിക്കും. ഉമ്മൻചാണ്ടി സർക്കാർ ഭരിക്കുന്ന കാലത്ത് ബജറ്റിന്റെ ഭാഗമായുള്ള മൂലധനച്ചെലവ് 24,505 കോടി രൂപയായിരുന്നു. ഈ മൂന്ന് വർഷക്കാലത്തെ ചെലവ് പരിശോധിച്ചാൽ 41,772 കോടി രൂപയാണ്. 2016 മുതൽ 2022 വരെയുള്ള ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ മൂലധനച്ചെലവ് 47,650 കോടി രൂപയാണ്. ഞാൻ പറയുന്നതെല്ലാം ബജറ്റിന്റെ ഭാഗമായി ചെലവായ കണക്കുകളാണ്. ഇതിനുപുറമെ കിഫ്ബിയുടെ ഭാഗമായ ബജറ്റേതര മൂലധനച്ചെലവ് പരിശോധിച്ചാൽ വലിയ കുതിച്ചുചാട്ടം കാണാൻ സാധിക്കും. ഒരു ലക്ഷം കോടി രൂപയുടെ ചെലവ് നിശ്ചയമായും കാണാൻ സാധിക്കും. ആശാപ്രവർത്തകരുമായി ബന്ധപ്പെട്ട ഒരു പ്രശ്നം കേരളത്തിലുണ്ട്. നിങ്ങൾ

കച്ചിത്തുരുമ്പുപോലെ പിടിക്കുന്ന കേരളത്തിലെ കുറെ മാധ്യമങ്ങളും യു.ഡി.എഫ്./കോൺഗ്രസ്, മുസ്ലീംലീഗ്, ആർ.എസ്.എസ്., ബി.ജെ.പി., ജമാഅത്തെ ഇസ്ലാമി, എസ്.യു.സി.ഐ. എന്നീ സംഘടനകളെല്ലാം മഴവിൽ സഖ്യംപോലെ ആശാപ്രവർത്തകരുടെ സമരത്തെ പിന്തുണയ്ക്കുകയല്ലേ? വസ്തുതാവിരുദ്ധമായി ഈ നാട്ടിലെ പാവപ്പെട്ട സാധാരണക്കാരായ സ്ത്രീകളെ കബളിപ്പിക്കാനാവശ്യമായ നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. ആശാപ്രവർത്തകരുടെ ഓണറേറിയം 1,000 രൂപയിൽനിന്ന് ആറ് പ്രാവശ്യം വർധിപ്പിച്ച് 7,000 രൂപയാക്കി വർധിപ്പിച്ചത് ഇടതുപക്ഷ സർക്കാരാണ്. സമരത്തിലെ എസ്.യു.സി.ഐ.-ക്കാർക്കോ പ്രതിപക്ഷത്തിനോ ബി.ജെ.പി-ക്കോ കേന്ദ്ര സർക്കാർ ഓണറേറിയം വർധിപ്പിക്കണമെന്ന നിലപാടുണ്ടോ? 12 വർഷമായി ഫിക്സഡ് ഇൻസെന്റീവോ സ്കീമിന്റെ ഭാഗമായി വരുന്ന ഇൻസെന്റീവോ ആയി ഒരു നയാപൈസ വർധിപ്പിക്കാത്ത കേന്ദ്ര സർക്കാരിനോട് ഇവരാരും ചോദിക്കുന്നില്ല. ആശാപ്രവർത്തകരെ തൊഴിലാളികളായി അംഗീകരിക്കണമെന്ന ആവശ്യം എസ്.യു.സി.ഐ. നയിക്കുന്ന സമരക്കാർക്കില്ല. കേരളത്തിലെ പാവങ്ങളായ സ്ത്രീകളെ

പറ്റിക്കാനാവശ്യമായ നിലപാടാണ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി അവിടെ പോയിനിന്ന് തുള്ളുകയും ഡാൻസ് കളിക്കുകയുമാണുണ്ടായത്. അവരെ കബളിപ്പിക്കുന്ന നിലപാടിന്റെ കൂടെ പ്രതിപക്ഷവും ചേരുകയല്ലേ ചെയ്യുന്നത്? മാധ്യമങ്ങളും പ്രതിപക്ഷവുമെല്ലാം ചേർന്ന് ഇതിന്റെ ഭാഗമായി സ്ഥാപിക്കാൻ ശ്രമിക്കുന്ന കാര്യം, ഇടതുപക്ഷ വിരുദ്ധത സൃഷ്ടിക്കാൻ സാധിക്കുമോയെന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിൽക്കുന്നത് ബി.ജെ.പി. സർക്കാരാണ്. ആ ബി.ജെ.പി. സർക്കാർ രാജ്യത്തിന്റെ പൊതുആസ്തിയും പൊതുമേഖലാ സ്ഥാപനങ്ങളും ആകാശവും കടലും ഭൂമിയും വിൽക്കുകയാണ്. ഇപ്പോൾ വന്നുവന്ന് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് സ്ഥാനംപോലും വില്പനയ്ക്കുവച്ച പാർട്ടിയായി കേരളത്തിലെ ബി.ജെ.പി. മാറിയിരിക്കുകയാണ്. ഏഷ്യാനെറ്റ് ന്യൂസ് മുതലാളി, ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് സ്ഥാനംപോലും വിലയ്ക്കുവാങ്ങിയ കാലത്താണ് നമ്മൾ സംസാരിക്കുന്നതെന്നതുകൊണ്ട് ബി.ജെ.പി. നയിക്കുന്ന കേന്ദ്രസർക്കാർ നമ്മോട് കാണിക്കുന്ന അനാവശ്യത്തെ ചോദ്യം ചെയ്യാൻ നമുക്ക് ഒറ്റക്കെട്ടായ

നിലപാട് സ്വീകരിക്കാൻ സാധിക്കണമെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് പത്ത് വർഷത്തിനുശേഷം, 1957-ലാണ് കേരളത്തിൽ ആദ്യമായി ഒരു സർക്കാർ അധികാരത്തിൽ വരുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. ലോകത്താദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു സർക്കാർ ബാലറ്റിലൂടെ അധികാരത്തിൽ വന്ന സംസ്ഥാനം കേരളമാണ്. അതിന് നേതൃത്വം നൽകിയ ഇ.എം.എസ്.-ന്റെ എല്ലാ നിലയിലുമുള്ള മുൻകൈ ആ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നത് കാണാൻ സാധിക്കും. 1957-ൽ ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും സാമൂഹ്യ സുരക്ഷാരംഗത്തും ഏറ്റവും പിന്നിൽ നിന്നിരുന്ന നാടായിരുന്നു കേരളം. എന്നാൽ ആ കേരളത്തിൽ 1980 വരെയുള്ള കാലത്ത് ഏതാണ്ട് എട്ട് വർഷക്കാലത്തിന് താഴെമാത്രം ഭരിച്ച എൽ.ഡി.എഫ്./ഇടതുപക്ഷ സർക്കാർ എന്ത് സംഭാവനയാണ് കേരളത്തിന്

നൽകിയതെന്നാണ് ഇന്നിവിടെ പ്രതിപക്ഷനേതാവ് ചോദിച്ചത്. 'കേരളം' എന്ന സംസ്ഥാനം 1956 നവംബർ 1-ന് പെട്ടെന്ന് പിറവികൊണ്ടതല്ല, കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ നമുക്കറിയാം. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഒരു പ്രദേശം, ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനം രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ആവശ്യത്തിന്റെ തുടർച്ചയിൽ 'ഒന്നേകാൽ കോടി മലയാളികൾ' എന്ന ഇ.എം.എസ്.-ന്റെ ലേഖനവും അതിന്റെ തുടർച്ചയിൽ 'കേരളം-മലയാളികളുടെ മാതൃഭൂമി' എന്ന പുസ്തകവും എഴുതി.., ആ നിലയിൽ 'കേരളം' എന്ന സംസ്ഥാനം രൂപീകരിക്കപ്പെടുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള പ്രസ്ഥാനമാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമെന്ന് ഈ നാടിന്റെ ചരിത്രം പരിശോധിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കും. ആ എട്ട് വർഷത്തെ സർക്കാരിനെക്കൊണ്ട് എന്ത് നേട്ടമാണുണ്ടായതെന്നാണ് പ്രതിപക്ഷനേതാവ് ചോദിക്കുന്നത്. 1957-ലെ ഗവൺമെന്റ് മുന്നോട്ടുവച്ച ഏറ്റവും സുപ്രധാനമായൊരു നീക്കം ഭൂപരിഷ്കരണ നയമായിരുന്നു. നമ്മുടെ നാട്ടിലെ മനുഷ്യനെ തന്റേടമുള്ളവനായി, തന്റേതായ ഇടമുള്ളവനാക്കി മാറ്റിയത് ഭൂപരിഷ്കരണ നയമായിരുന്നു. രാജ്യത്തെ

മറ്റുപ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി മലയാളിയെ അഭിമാനത്തോടുകൂടി നിവർന്നുനിൽക്കാനും നേരെ നടക്കാനും പ്രാപ്തനാക്കിയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയപരിപാടികളായിരുന്നു. മറ്റൊന്ന്, വിദ്യാഭ്യാസ ബില്ലാണ്. ഇവ രണ്ടിനും നേതൃത്വം നൽകിയതും അടിസ്ഥാനപരമായി കേരളത്തിന്റെ വളർച്ചയ്ക്കും മുന്നേറ്റത്തിനും സഹായകമായ നേതൃത്വം നൽകിയതും ശിലപാകിയതുമായ ടി ഗവൺമെന്റിനെ അട്ടിമറിക്കാൻ എല്ലാ പണിയും ചെയ്തവരാണ് കേരളത്തിലെ ഇന്നത്തെ കോൺഗ്രസ്സെന്ന് നമ്മുടെ നാടിന് നന്നായി തിരിച്ചറിയാൻ സാധിക്കും. ജന്മിത്വത്തിന്റെ അടിവേരറുക്കുകയും ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും മുന്നേറ്റത്തിന് നേതൃത്വം നൽകുകയും ചെയ്തത് എൽ.ഡി.എഫ്.-ഉം സി.പി.ഐ.(എം.)-ഉം ആണെന്നത് ബോധപൂർവം മറച്ചുവയ്ക്കാനുള്ള നീക്കമാണ് ഇവിടെ നടക്കുന്നതെന്ന് നാം മനസ്സിലാക്കണം. ഇപ്പോൾ ധനവിനിയോഗ ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ കേന്ദ്രം കേരളത്തോട് കാണിക്കുന്ന തെറ്റായ സമീപനത്തെ സംബന്ധിച്ചും അർഹതപ്പെട്ട വിഹിതം കേരളത്തിന് നൽകാത്തതിനെ സംബന്ധിച്ചും കേരളത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ

ഭാഗമായുള്ള വിഹിതം നൽകാത്തത് സംബന്ധിച്ചും രണ്ട് മിനിട്ട് സമയം പോലും സംസാരിക്കാൻ പ്രതിപക്ഷ ഉപനേതാവ് ഉൾപ്പെടെയുള്ളവർ തയ്യാറാകുന്നില്ലെന്ന ഏറ്റവും അപമാനകരമായ കാഴ്ചയാണ് ഇവിടെ കാണാൻ കഴിയുന്നത്. കേന്ദ്രം കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും ഉപരോധിക്കുമ്പോഴും ആശാവർക്കർമാർ ഉൾപ്പെടെയുള്ളവർ സമരം നടത്തുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി കേരളത്തിന്റെ പൊതുജനാരോഗ്യരംഗത്ത് ലഭിക്കേണ്ട തുക വെട്ടിക്കുറയ്ക്കുകയും നൽകുകയും ചെയ്യുന്നില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിപ്പോലും നമ്മുടെ നാട്ടിലെ സാധാരണക്കാരായ മനുഷ്യർക്ക് ലഭിക്കേണ്ട ഏകദേശം 800 കോടിയോളം രൂപവരെ നൽകാതിരിക്കുകയാണ്. ഇത്തരത്തിൽ കേന്ദ്രം കേരളത്തോട് കാണിക്കുന്ന ഉപരോധ സമാനമായ സാഹചര്യത്തെ നാം ഒറ്റക്കെട്ടായി അതിജീവിക്കേണ്ടതുണ്ട്. അതിന് യോജിച്ച് തയ്യാറാകേണ്ടതുണ്ടെന്ന വിശാലമായ ഫെഡറൽ തത്വത്തിന്റെ പ്ലാറ്റ്ഫോമിൽപ്പോലും കേരളത്തിലെ കോൺഗ്രസിന് നിൽക്കാൻ കഴിയുന്നില്ലെന്ന അപമാനകരമായ കാഴ്ചയാണ് ഇവിടെ കാണാൻ കഴിയുന്നത്.

കേന്ദ്ര സർക്കാർ, രാജ്യത്തെ കോർപ്പറേറ്റുകളുടെ കിട്ടാക്കടം എഴുതിത്തള്ളുകയാണ്. കഴിഞ്ഞ പത്തുവർഷംകൊണ്ട് ശ്രീ. നരേന്ദ്ര മോദി സർക്കാർ ഈ രാജ്യത്തെ കോർപ്പറേറ്റുകളുടെ കടം, കിട്ടാക്കടമായി എഴുതിത്തള്ളിയത് 82.6 ലക്ഷം കോടി രൂപയുടേതാണ്. ഈ സംഖ്യയുണ്ടെങ്കിൽ നമ്മുടെ രാജ്യത്ത് എത്രയോ വർഷക്കാലത്തേയ്ക്ക് സൗജന്യമായി എല്ലാ മനുഷ്യർക്കും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ കഴിയുമായിരുന്നു. രാജ്യത്തെ ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും വലിയ തോതിൽ മുന്നേറ്റത്തോടെ നയിക്കാൻ കഴിയും. അതിന് അവർ തയ്യാറാകുന്നില്ലെന്നതാണ് നാം മനസ്സിലാക്കേണ്ടത്. ധനവിനിയോഗ ബില്ലുമായി ബന്ധപ്പെട്ട താരതമ്യത്തിന് ഒരു നിലയിലും ഇടതുപക്ഷം തടസ്സമാകില്ലെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2016-ൽ കേരളത്തിന്റെ ആഭ്യന്തര വരുമാനം 26 ശതമാനമായിരുന്നു. എന്നാൽ 2025-ൽ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തെ സംസ്ഥാനത്തിന്റെ ആഭ്യന്തര തനതുവരുമാനം 73 ശതമാനമാണ്. ആഭ്യന്തര വളർച്ചാനിരക്ക് 2016-ൽ 9.6 ശതമാനവും 2025-ൽ 17.6 ശതമാനവുമാണ്.

മൊത്തം ആഭ്യന്തര ഉൽപാദനം 2016-ൽ 5.6 ലക്ഷം കോടി രൂപയും 2025-ൽ 13.11 ലക്ഷം കോടി രൂപയുമാണ്. 2016-ലെ പ്രതിശീർഷ വരുമാനം 1.48 ലക്ഷം രൂപയും നിലവിലെ കേരളത്തിന്റെ പ്രതിശീർഷ വരുമാനം 2.28 ലക്ഷം രൂപയുമാണ്. വ്യവസായരംഗത്തെക്കുറിച്ച് സൂചിപ്പിക്കാം. കേരളത്തിലെ ഇപ്പോഴുള്ള ആകെ നിക്ഷേപത്തിന്റെ 35 ശതമാനവും കേരളത്തിലെ ആകെ തൊഴിലവസരങ്ങളുടെ 40 ശതമാനവും ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങൾ കൊണ്ടുണ്ടായതാണെന്നത് വസ്തുതകളിൽനിന്ന് വ്യക്തമാണ്. അത് ക്യാപ്സ്യൂളല്ല, വസ്തുതകളാണെന്നത് സത്യമാണ്. സത്യാനന്തരകാലത്ത് സത്യം പ്രചരിപ്പിക്കാതിരിക്കുക, സത്യം പറയാതിരിക്കുക എന്നത് കേരളത്തിലെ കോൺഗ്രസ്സും പ്രതിപക്ഷവും ഒരു നയമായി സ്വീകരിക്കുമ്പോൾ ഇക്കാര്യം പറയാതിരിക്കാനാകില്ല. 2016-ൽ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചാനിരക്ക് 12 ശതമാനമായിരുന്നു, എന്നാൽ 2025-ൽ അത് 17 ശതമാനമായി. മാനുഫാക്ചറിങ് സെക്ടറിൽ 2016-ൽ 9.8 ശതമാനവും 2025-ൽ 14 ശതമാനവുമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് 82000 സൂക്ഷ്മ-ചെറുകിട സംരംഭങ്ങളാണുണ്ടായിരുന്നത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ

5 വർഷം കൊണ്ട് അത് 140000 ആയി വർധിപ്പിച്ചു. വ്യവസായസൗഹൃദ അന്തരീക്ഷത്തിൽ, 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേക്കും അവിടെനിന്ന് ഒന്നാം സ്ഥാനത്തേക്കും കേരളം വളരുമ്പോൾ അതിൽ അഭിമാനിക്കുന്നതിനുപകരം കണക്ക് ശരിയല്ലെന്ന് പറയാനും അത് സ്ഥാപിക്കാനും മുന്നിട്ട് നിൽക്കുന്നവരായി മാറി കേരളത്തിന്റെ പ്രതിപക്ഷം. കേരളത്തിന്റെ പ്രതിപക്ഷമായി ഈ ഗവൺമെന്റിന്റെയല്ല, ഈ നാടിന്റെതന്നെ പ്രതിപക്ഷമായി, വികസനത്തിന്റെയും മുന്നേറ്റത്തിന്റെയും നന്മയുടെയും നേരിന്റെയും പ്രതിപക്ഷത്ത് ഞങ്ങളുണ്ടെന്ന് പറയുന്നവരായി കേരളത്തിന്റെ പ്രതിപക്ഷം മാറുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് 8 പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നു ലാഭത്തിലുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 17 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ്. 2023-ലാണ് കേരളം ഒരു 'വ്യവസായനയം' അംഗീകരിക്കുന്നത്. 'വ്യവസായനയം' കേരളത്തിൽ കൊണ്ടുവന്നതിന്റെ ഭാഗമായി വലിയ മാറ്റങ്ങളുണ്ടായി. അതിന്റെ തുടർച്ചയായാണ് വ്യവസായസൗഹൃദ അന്തരീക്ഷത്തിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്തിയത്. ഇപ്പോൾ 'Global Investors Meet' കേരള

സർക്കാരും വ്യവസായ വകുപ്പും മുൻകൈയെടുത്ത് നടത്തുകയാണ്. ആദ്യ 'International Gen AI Conclave' കേരളം സംഘടിപ്പിക്കുകയാണ്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ അനുമതി നേടിയെടുത്ത സംസ്ഥാനമായി കേരളം മാറി. ഒറ്റപ്പാലം കിൻഫ്രയിൽ 10 ഏക്കറോളം സ്ഥലത്ത് 60000 ചതുരശ്ര അടി വിസ്തൃതിയിൽ 'Graphene Park' ബിൽഡ്അപ് ചെയ്യാനുള്ള ശ്രമമാരംഭിച്ചു. കേന്ദ്രം പൊതുമേഖല വിൽക്കുന്ന സമീപനം സ്വീകരിക്കുമ്പോൾ, കേരളം, കേന്ദ്രം വിൽക്കുന്ന പൊതുമേഖലാ സ്ഥാപനം ഏറ്റെടുക്കുന്ന സ്ഥിതിയിലെത്തി. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയുമായി ബന്ധപ്പെട്ട ലേലത്തിൽ പങ്കെടുത്ത് ടി സ്ഥാപനം വാങ്ങി, 'Kerala Paper Products Limited' എന്ന പേരിൽ വിജയകരമായി നടത്തി മുന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. Chandrayaan-3-യുടെ ദൗത്യത്തിൽ കെ.എം.എം.എൽ., കെൽട്രോൺ ഉൾപ്പെടെ 5 പൊതുമേഖലാ സ്ഥാപനങ്ങൾ പങ്കാളികളാകുന്ന അഭിമാനകരമായ കാഴ്ചയാണ് നാം കണ്ടത്. Aditya-L1 മിഷനിലും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഭാഗമായി. പബ്ലിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ

‘ American Society for Public Administration’ നൽകുന്ന 'Innovations In Public Administration' എന്ന അംഗീകാരം 'സംരംഭകവർഷം' പദ്ധതിക്ക് ലഭിക്കുകയുണ്ടായി. 82 വർഷത്തെ ഈ സംഘടനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ഇന്ത്യൻ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നത്.

ആരോഗ്യരംഗത്ത്, 2016-ലെ ബജറ്റ് വിഹിതം 665 കോടി രൂപയും 2025-ലെ ബജറ്റ് വിഹിതം 2500 കോടി രൂപയുമാണ്. കേരളം അഭിമാനകരമായ നേട്ടം കൈവരിക്കുകയാണ്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും ക്ഷേമപദ്ധതികൾക്കും നാടിന്റെ വികസനത്തിനും സർവ്വതോന്മുഖമായ വളർച്ചയ്ക്കുമാണ് കേരളം മുൻഗണന നൽകുന്നതെന്ന് ഇതിലൂടെ വ്യക്തമാക്കുകയാണ്. 2011-16-ൽ യു.ഡി.എഫ്.-ന്റെ കാലത്ത് 30000 വീടുകൾ നൽകിയിട്ടുണ്ട്. എന്നാൽ എൽ.ഡി.എഫ്.-ന്റെ ഭരണകാലം 8 വർഷമായപ്പോൾ 410000 വീടുകൾ പൂർത്തിയാക്കി. പൊതുവിതരണ സമ്പ്രദായത്തിൽ യു.ഡി.എഫ്.-ന്റെ കാലത്ത് 5 വർഷം കൊണ്ട് 5,247 കോടി രൂപ നീക്കിവച്ചപ്പോൾ എൽ.ഡി.എഫ്. 10,697 കോടി രൂപ നീക്കി

വയ്ക്കുകയുണ്ടായി. കൂടാതെ ഏറ്റവും കുറവ് വിലക്കയറ്റമുള്ള സംസ്ഥാനമായി കേരളം മാറുകയും ചെയ്തു.

പി.എസ്.സി. നിയമനത്തിൽ, 2011-16-ൽ 149000 നിയമനങ്ങൾ നടത്തി. എൽ.ഡി.എഫ്. സർക്കാർ നാളിതുവരെ 227800 നിയമനങ്ങൾ നടത്തുകയുണ്ടായി. രാജ്യത്ത് പി.എസ്.സി. മുഖേന നടത്തുന്ന നിയമനങ്ങളുടെ 40 ശതമാനവും കേരളത്തിലാണെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. 24 കോടി ജനസംഖ്യയുള്ള യു.പി.-യിൽ 4120 നിയമനമാണ് നടന്നത്. 140 കോടി ജനസംഖ്യയുള്ള ഇന്ത്യയിൽ യു.പി.എസ്.സി. മുഖേനയുള്ള നിയമനം അരലക്ഷത്തിൽ താഴെയാണ്.

ശുദ്ധജല വിതരണത്തിൽ 52.51 ഗ്രാമീണ വീടുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്ന നാടായി കേരളം മാറുകയാണ്. വിനോദസഞ്ചാര രംഗത്ത് അഭിമാനകരമായ നേട്ടം, ആഭ്യന്തരവരുമാനത്തിന്റെ 10 ശതമാനത്തിലധികം തുക കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ സംഭാവനയായി കേരളത്തിൽ മാറുന്നു. ലോകത്ത് കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളുടെ പട്ടികയിൽ

ഇടംപിടിക്കുന്ന തരത്തിലേയ്ക്ക് മാറാൻ കേരളം ശ്രദ്ധേയമായ നീക്കം നടത്തുന്നുണ്ട്.

കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള പരിശ്രമമാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായി 8 സർവകലാശാലകൾ, 359 കോളേജുകൾ തുടങ്ങിയവ National Assessment and Accreditation Council (NAAC)-ന്റെ ഭാഗമായി മാറി. ഇന്ത്യയിലെ ഏറ്റവും മികച്ച 300 കോളേജുകൾ തിരഞ്ഞെടുത്താൽ അതിൽ 71 എണ്ണം കേരളത്തിലാണെന്ന് മനസ്സിലാക്കാം. School Education Quality Index (SEQI)-ൽ കേരളം ഒന്നാമതാണ്. സ്കൂൾ തുറക്കുന്നതിനുമുമ്പ് പാഠപുസ്തകം നൽകുന്ന നാടായി കേരളം മാറി. വൈദ്യുതി രംഗത്തും ഐ.ടി. രംഗത്തും സമുന്നതമായ നേട്ടങ്ങൾ കൈവരിച്ചു. കേരളത്തിലെ ഐ.ടി. പാർക്കുകൾ വഴിയുള്ള കയറ്റുമതി യു.ഡി.എഫ്.-ന്റെ കാലത്ത് 9,753 കോടി രൂപയായിരുന്നെങ്കിൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് 20,000 കോടി രൂപയായി മാറി.

<u>ചെയർപേഴ്സൺ</u>: പ്ലീസ്.. കൺക്ലൂഡ്...

ശ്രീ. കെ. പ്രേംകുമാർ: സർ, ഈ നാടിന്റെ എല്ലാ മേഖലയിലും വളരെ വലിയ മുന്നേറ്റം സാധ്യമാക്കുന്നതിന് നേതൃത്വം നൽകിയ സർക്കാരിനെയും അതിന്റെ ഭാഗമായ ധനവിനിയോഗ ബില്ലിനെയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ എതിർത്ത് സംസാരിക്കുകയാണ്. ഈ സർക്കാരിന്റെ മികച്ച ധനകാര്യ മാനേജ്മെന്റ് പ്രോഗ്രാം ഇന്ന് തിരുവനന്തപുരത്ത് നടക്കുന്നുണ്ട്. തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ ഹരിത കേരളം മിഷന്റെ 'പരിസ്ഥിതി സംഗമം' നടക്കുകയാണ്. നിങ്ങൾ ആലോചിക്കണം, എല്ലാ ലോക്കൽ ബോഡീസിന്റെയും ബിൽ സബ്മിറ്റ് ചെയ്യാനുള്ള അവസാന തീയതി 25-03-2025 ആണ്. ഈ ഗവൺമെന്റ് നാളെ കേരളത്തിലെ മുഴുവൻ ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാരോടും സെക്രട്ടറിമാരോടും അവരുടെ സംഗമത്തിൽ പങ്കെടുക്കാൻ നിർബന്ധമായും തിരുവനന്തപുരത്ത് എത്തണമെന്ന് പറഞ്ഞിട്ടുണ്ട്. അതിനർത്ഥം, ഇതിനേക്കാൾ വലിയ ധനകാര്യ മാനേജ്മെന്റിന്റെ കുടിലതന്ത്രം വേറെ എന്തെങ്കിലുമുണ്ടോ;

ഇവർക്ക് ബിൽ സമർപ്പിക്കാൻ കഴിയുമോ, അതിനാവശ്യമുള്ള നടപടികൾക്ക് നേതൃത്വം നൽകാൻ കഴിയുമോ? തുക ചെലവഴിക്കാതിരിക്കുന്നതിനുള്ള വളഞ്ഞ വഴി, ഏത് രീതിയിൽ ചെയ്യാമെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്ന് നടക്കുന്ന ഈ സംഗമം. ഒരു ത്രിതല പഞ്ചായത്ത് സംവിധാനത്തോട് ഭരണകൂടം ചെയ്യാൻ പാടില്ലാത്ത ഏറ്റവും വലിയ അരുതാത്ത നടപടിയാണെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ശ്രീ. വി. കെ. പ്രശാന്ത് എന്നിവർ സംസാരിച്ചപ്പോൾ കഴിഞ്ഞ ലോക്കൽ ബോഡി തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ വലിയ വിജയം ഇടതുപക്ഷത്തിനുണ്ടായി, അതുകൊണ്ട് മൂന്നാം പിണറായി സർക്കാരിലേക്ക് നിങ്ങൾ പോകുമെന്ന് പറഞ്ഞു. നിങ്ങൾ ആലോചിച്ചുനോക്കണം, കഴിഞ്ഞ ഫെബ്രുവരി മാസം 25-ാം തീയതി നടന്ന തദ്ദേശ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. രണ്ട് സീറ്റ് പിടിച്ചെടുത്തു. എൽ.ഡി.എഫ്.-ന് മൂന്ന് സീറ്റ് കുറയുകയും യു.ഡി.എഫ്.-ന്റെ സീറ്റ് പത്തിൽനിന്നും പന്ത്രണ്ടാകുകയും ചെയ്തു. പിന്നെ എങ്ങനെയാണ് പിണറായി സർക്കാർ വരിക, അതിന്റെകൂടെ ഞാൻ ഒന്നുകൂടെ പറയാം. ഇനി ഉപതിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന നിലമ്പൂർ

നിയമസഭാമണ്ഡലത്തിലെ കരുളായി ഗ്രാമപഞ്ചായത്തിലെ ചക്കിട്ടാമല വാർഡുണ്ട്. അവിടെ 397 വോട്ടിനാണ് യു.ഡി.എഫ്. ജയിച്ചത്, ഒരുതർക്കവും നിങ്ങൾക്ക് വേണ്ട. ഇനി ഒന്നുകൂടി പറയാം. 2024 ഡിസംബർ മാസം 11-ാം തീയതി 31 തദ്ദേശ വാർഡുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ഉജ്ജ്വല വിജയം നേടി. എങ്ങനെയാണെന്ന് അറിയാമോ; പതിമൂന്നിൽനിന്നും പതിനേഴ് സീറ്റിലേക്ക് യു.ഡി.എഫ്. സീറ്റ് വിഹിതം ഉയർത്തുകയും പതിനഞ്ച് സീറ്റിൽനിന്ന് പതിനൊന്നിലേക്ക് എൽ.ഡി.എഫ്. ചുരുക്കുകയും ചെയ്തു. നിങ്ങൾ ഇപ്പോഴുള്ള സീറ്റിൽനിന്ന് നാൽപ്പതിലേക്ക് ചുരുങ്ങാൻ പോകുന്നുവെന്ന് കേരളത്തിലെ ജനം പ്രഖ്യാപിച്ച തിരഞ്ഞെടുപ്പാണ് ഇക്കഴിഞ്ഞ രണ്ട് തിരഞ്ഞെടുപ്പുകൾ. നൂറ് സീറ്റിലേക്ക് ഞങ്ങൾ കടന്നുവരുന്നു എന്നുള്ളതിന്റെ വിളംബര പ്രഖ്യാപനമാണ് ഈ രണ്ട് ഉപതിരഞ്ഞെടുപ്പുകൾ. ആ ഉപതിരഞ്ഞെടുപ്പുകൾ ഇവിടെ മറ്റൊരു പി.ആർ. വർക്കാക്കി അവതരിപ്പിക്കുന്ന നിങ്ങളോട് എന്താണ് പറയുക; പാലക്കാട്, പുതുപ്പള്ളി, തൃക്കാക്കര അതിന്റെ ഭാഗമായാണ് നിലമ്പൂരിൽ കരുളായി ഉപതിരഞ്ഞെടുപ്പ് വരാൻ പോകുന്നത്, അതൊക്കെ ഞങ്ങൾ സൂചിപ്പിച്ചു. ഞാൻ ഗുരുതരമായ

ഒരുകാര്യംകൂടി ചൂണ്ടിക്കാണിക്കാം. State Financial Corporation Act 1951,-ന്റെ സെൻട്രൽ ആക്ട് അനുസരിച്ചാണ് നമ്മുടെ KFC (Kerala Financial Corporation) നിലവിൽ വന്നത്. KFC-യുടെ section-34 അനുസരിച്ച് ഒരു കമ്പനിയിൽ ഈ സ്ഥാപനം നിക്ഷേപം നടത്തണമെങ്കിൽ അതിന്റെ ബോർഡിന്റെ അനുവാദം വാങ്ങണം. അത് പറയുമ്പോൾത്തന്നെ, Section-34-‘ ...The Financial Corporation to invest its surplus funds in accordance with applicable guidelines and prudential norms and in such securities as the Board may decide from time to time...’ എന്നാണ്. അത് ബോർഡ് തീരുമാനിച്ച് വേണം നൽകേണ്ടത്. ഇവിടെ നിങ്ങൾ ആലോചിക്കണം, ബോർഡ് മീറ്റിങ് നടക്കുന്നത് 18-06-2018-ലാണ്. ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയല്ല, അന്നത്തെ പിണറായി സർക്കാരിന്റെ ധനകാര്യവകുപ്പാണ്. അതിനുശേഷം തുക നിക്ഷേപിച്ചതോ..., നിങ്ങൾ ആലോചിക്കണം, ശ്രീ. അനിൽ അംബാനിയുടെ, Reliance Commercial Finance Limited (RCFL) എന്നുപറയുന്ന കമ്പനിയിൽ ബോർഡ് മീറ്റിങ് ഇല്ലാതെ 60.80 കോടി രൂപ നിക്ഷേപിക്കുകയാണ്. ബോർഡ് മീറ്റിങ്

ചേരാതെയാണ് അങ്ങനെ നിക്ഷേപിക്കുന്നത്. അതിനുശേഷം ബോർഡ് മീറ്റിങ് ചേരുന്നത് 18-06-2018-ലാണ്. ഇതിനേക്കാൾ രസകരമായ കാര്യം, നമ്മൾ 60.80 കോടി രൂപ നിക്ഷേപിച്ച് RCFL liquidate ചെയ്തപ്പോൾ നമുക്ക് ലഭിച്ചത് 7.09 കോടി രൂപ മാത്രമാണ്. ഇത് liquidate ചെയ്യാൻ പോകുകയാണ്, ഇത് ഗുരുതരമായ സ്റ്റേജിലാണ്.., AA+ rating by CARE Ratings with a ‘ ’ Credit watch with developing implications’ ’ എന്നാണ് ഈ കമ്പനിയെ ഫ്ലാഗ് ചെയ്തിരിക്കുന്നത്. ഇങ്ങനെ ഫ്ലാഗ് ചെയ്തിരിക്കുന്ന ഒരു കമ്പനിയിൽ ബോർഡ് മീറ്റിങ് കൂടാതെ കേരളത്തിലെ ജനങ്ങളുടെ തുക ഉപയോഗിച്ച് നിക്ഷേപം നടത്തിയത് ഒരു വലിയ അഴിമതിയാണ്. ഇന്ന് അറുപതുകോടി രൂപ അല്ല, 110 കോടി രൂപയായി കേരളത്തിന് തിരിച്ച് ലഭിക്കേണ്ട തുകയിൽ ആകെ ലഭിച്ചത് 11 കോടി രൂപ മാത്രമാണ്. ഞാൻ ചോദിക്കുന്നു, ഇവിടെ വിശുദ്ധ കൊലപാതകങ്ങളുണ്ട്. ആ വിശുദ്ധ കൊലപാതകത്തിലെ പ്രതികൾക്ക് നിങ്ങൾ 150, 200, 250-ഉം ദിവസങ്ങൾ പരോൾ നൽകും. ഈ അഴിമതിക്ക് നേതൃത്വം നൽകിയ ഒരാളുടെ പേരിലും നടപടിയെടുത്തില്ല. ഇത് പാർട്ടി നേതൃത്വം നൽകിയ ‘ holy

corruption' ആയതുകൊണ്ടാണോ; .... സർക്കാർ കേരളത്തിലെ ജനങ്ങളുടെ നികുതി തുക ഇതുപോലെ ദുർവിനിയോഗം ചെയ്യുതായ ഒരുകാലഘട്ടം..., തകർന്ന് തരിപ്പണമാകാൻ പോകുന്നതായ ഒരു കമ്പനി; എന്നിട്ടോ, C&AG-യുടെ ആന്വൽ റിപ്പോർട്ട് വന്നു. ആദ്യ രണ്ട് വർഷവും ആന്വൽ റിപ്പോർട്ടിൽ അനിൽ അമ്പാനിയുടെ കമ്പനിയുടെ പേര് പറഞ്ഞില്ല, ബോധപൂർവം മറച്ചുവച്ചു. മൂന്നാമത്തെ വർഷം കമ്പനിയുടെ പേര് പറഞ്ഞു. ഇത് അഴിമതിയല്ലേ? ഈ അഴിമതിക്ക് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ അന്ന് നേതൃത്വം നൽകിയ അഴിമതിക്കാർക്ക് ഈ ഗവൺമെന്റ്, ധനകാര്യവകുപ്പ് സംരക്ഷണം നൽകുകയാണ്. ഇത് ഗുരുതരമായ അഴിമതിയല്ലേ; ആ അഴിമതിയെ തുറന്നുകാണിക്കാൻ ഈ സഭയിൽ ഞാനാഗ്രഹിക്കുന്നു. ഞാൻ ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കോവിഡ് കാലത്ത് ബി.ബി.സി.-യുടെ റിപ്പോർട്ടുണ്ടായിരുന്നു. ആ റിപ്പോർട്ടിൽ പറഞ്ഞത്, ' Coronavirus: How India' s Kerala state ' flattened the curve' എന്നാണ്. അത് കേരളത്തിന് അനുകൂലമായ റിപ്പോർട്ടാണ്. യാഥാർഥ്യം പറഞ്ഞപ്പോൾ

ഞങ്ങളുടെ റിപ്പോർട്ട് ശരിയല്ലെന്ന് പറഞ്ഞ് പിന്നീട് ബി.ബി.സി. തിരുത്തി. പക്ഷേ ബി.ബി.സി.-യുടെ ആദ്യ റിപ്പോർട്ട് വന്നപ്പോൾ നിങ്ങൾ അതിനെ വലിയ രീതിയിലുള്ള പി.ആർ. വർക്കിലേക്ക് കൊണ്ടുപോയി. ബി.ബി.സി. ഇപ്പോൾ പുതിയൊരു കാര്യം പറഞ്ഞിട്ടുണ്ട്. ‘ India’ s frontline health workers fight for better pay and recognition’ ആശാപ്രവർത്തകരുടെ സമരത്തെക്കുറിച്ചുള്ള ബി.ബി.സി.-യുടെ റിപ്പോർട്ടാണ്. ഞങ്ങളാരും പറഞ്ഞാൽ നിങ്ങൾ കേൾക്കില്ല. ബി.ബി.സി. പറഞ്ഞാൽ നിങ്ങൾ അതേറ്റെടുക്കും. എന്നാൽ ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിലെങ്കിലും ആശാപ്രവർത്തകരുടെ സമരമൊന്ന് അവസാനിപ്പിക്കാനുള്ള നടപടികൾക്ക് നിങ്ങൾ നേതൃത്വം നൽകണമെന്ന് വിനീതമായി ഞങ്ങൾ നിങ്ങളോട് അഭ്യർഥിക്കുകയാണ്.

ചെയർപേഴ്സൺ: പ്ലീസ്.. കൺക്ലൂഡ്.... സമയം കഴിഞ്ഞു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്ക് അര മിനുട്ട് സമയംകൂടി അനുവദിക്കണം. ഈ ഗവൺമെന്റിനെ ഏത് രീതിയിൽ ക്രൂശിക്കണമെന്നത് സംബന്ധിച്ച് ജനം ചാട്ടവാർ കൊണ്ട് അടിക്കാൻ കാത്തുനിൽക്കുകയാണ്. എന്താണ് കാരണം? വെള്ളക്കരം, ബസ് ചാർജ്,

വൈദ്യുതി ചാർജ് എന്നിവ എല്ലാ വർഷവും നിങ്ങൾ വർധിപ്പിക്കുന്നു. ഓട്ടോ ചാർജ്, ടാക്സി ചാർജ്, ഭൂമിയുടെ കരം, കെട്ടിട നികുതി എന്നിവ വർധിപ്പിച്ചു. കെട്ടിട നികുതിയുടെ അപേക്ഷാഫീസുപോലും വർധിപ്പിച്ചു. കോൺട്രാക്ട് ക്യാരേജ്, സ്റ്റാമ്പ് ഡ്യൂട്ടി, ഡീസൽ സെസ്, പെട്രോൾ സെസ്, വാഹനങ്ങളുടെ റോയൽറ്റി എന്നിവ വർധിപ്പിക്കുകയും ചെയ്തു. ആവശ്യസാധനങ്ങളുടെ വിലനിലവാരം വർധിപ്പിച്ചു. ഭൂമിയുടെ രജിസ്ട്രേഷൻ ഫീസും കോർട്ട് കേസിന്റെ ഭാഗമായുള്ള ഏതെല്ലാം അപേക്ഷകളുണ്ടോ ആ അപേക്ഷകളുടെ ഫീസ് മുഴുവനും വർധിപ്പിച്ചു. ജനങ്ങളെ ഇതുപോലെ പോക്കറ്റടിക്കുന്ന ഈ സർക്കാരിനെ... (മൈക്ക് ഓഫ്)...

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഒരു ബദൽ ഉയർത്തിക്കൊണ്ട് കൃത്യമായ ധന മാനേജ്മെന്റിലൂടെ കേരളത്തിലെ ധനകാര്യ വകുപ്പിനെ മെച്ചപ്പെടുത്തുന്ന നിലയിലേക്ക് കൊണ്ടുപോകുന്ന ഗവൺമെന്റിനെയും ധനകാര്യവകുപ്പിനെയും ഞാൻ അഭിനന്ദിക്കുന്നു. ആവർത്തന വിരസതകൊണ്ട് ഞാൻ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ

ആഗ്രഹിക്കുന്നില്ല, ഈ സഭ അതൊക്കെ ചർച്ച ചെയ്തുകൊണ്ടേയിരിക്കുന്നതാണ്. പ്രതിപക്ഷ നിരയിലെ പ്രതിപക്ഷനേതാവിന്റെയും പ്രതിപക്ഷ അംഗങ്ങളുടെയുമെല്ലാം സംസാരം കാണുമ്പോൾ ഈ പ്രതിസന്ധിയെ അതിജീവിച്ചതിലുള്ള അസഹിഷ്ണുതയാണ് അവർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞദിവസമാണ് ധനകാര്യവകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. മാർച്ച് മാസം 23-ന് 817 കോടി രൂപയാണ് കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് പെൻഷനായി ഈ ഗവൺമെന്റ് അനുവദിച്ചത്. ഇവർക്ക് ഇഷ്ടപ്പെടുമോ? ഇത് നടക്കുമെന്ന് അവർ കരുതിയിരുന്നില്ല. അതിന്റെ തലേദിവസം മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 100 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള മറ്റൊരു ഉത്തരവും സർക്കാർ പുറപ്പെടുവിച്ചു. അതിന് രണ്ടുദിവസം മുമ്പാണ്, മാർച്ച് മാസം 20-ന് 100 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചുകൊണ്ടുള്ള ഉത്തരവും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചത്. അതിന് കുറച്ചുദിവസം മുമ്പ് മാർച്ച് മാസം 14-ന് പാവപ്പെട്ട നെൽകർഷകരുടെ നെല്ല് സംഭരിക്കുന്നതിനായി 353 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കേരളത്തിന്റെ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചു.

കെ.എസ്.ആർ.ടി.സി.-ക്ക് 73 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് മാർച്ച് മാസം 11-ാം തീയതിയാണ് പുറപ്പെടുവിക്കുന്നത്. അങ്കണവാടി ക്ഷേമനിധിയിലേക്ക് 10 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് മാർച്ച് മാസം 7-ാം തീയതിയാണ് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്നത്. ശ്രീ. ടി. സിദ്ദിഖ് വിഷമിക്കേണ്ട ആവശ്യമില്ല. പഞ്ചായത്ത് സെക്രട്ടറിമാർ, പ്രസിഡന്റുമാർ തുടങ്ങി ഏത് തലത്തിൽനിന്നുള്ളതാണെങ്കിലും ബിൽ പാസ്സാക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല, കാരണമെന്താണ്? മാർച്ച് മാസം ആദ്യമാണ് 1905 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനകാര്യ വകുപ്പ് അനുവദിച്ചത്. നമ്മൾ ഇത് ചർച്ച ചെയ്യുന്ന ഘട്ടം ഏതാണ്? തെലങ്കാന എന്ന നിങ്ങൾ ഭരിക്കുന്ന കോൺഗ്രസ് സംസ്ഥാനമുണ്ട്. നിങ്ങൾ മഹത്വവൽക്കരിക്കുന്ന ശ്രീ. രേവന്ത് റെഡ്ഡിയുടെ സർക്കാരിന് അവിടത്തെ സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകാൻ പൈസയില്ല. അവിടെ ജീവനക്കാർ ശമ്പളം ചോദിക്കരുതെന്ന് പറയുന്ന കാലമാണ്. നിങ്ങൾ ഭരിച്ച സമയത്തുള്ളതു പോലെയുള്ള സാമ്പത്തിക അവസ്ഥയല്ല ഇന്ന് കേരളത്തിലുള്ളത്. യു.ഡി.എഫ്. കേരളം ഭരിച്ച സമയത്ത് ഓഖിയും നിപയും

പ്രളയവും കോവിഡും ജി.എസ്.ടി.-യും ഒന്നുമില്ല. ഇതെല്ലാം വരുമെന്ന് നിങ്ങൾ ആഗ്രഹിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടം. ആ കാലഘട്ടമല്ല, ഇന്നുള്ളത്. ഇന്ന് കേന്ദ്രം വലിയ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്നു. ഈ പ്രതിസന്ധിയെല്ലാം നിലനിൽക്കുന്നു. നിങ്ങളുടെ കാലത്ത് അര ഡസനോളം മന്ത്രിമാരുണ്ടായിരുന്നു. നിങ്ങൾ ഇവിടെ ഭരിച്ചിരുന്ന പ്രധാനപ്പെട്ട സമയത്തെല്ലാം കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റായിരുന്നു. എന്നിട്ടും നിങ്ങൾ ട്രഷറി പൂട്ടിയിട്ടില്ലേ. കേരളത്തിൽ ശ്രീ. പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ. കെ. എൻ. ബാലഗോപാലും ഡോ. ടി. എം. തോമസ് ഐസക്കും കേരളത്തിന്റെ ട്രഷറി ഒരു ദിവസമെങ്കിലും പൂട്ടിയോ, ഒരു മിനിട്ടുപോലും പൂട്ടിയിട്ടില്ല. നമ്മുടെ സർക്കാരും ധനകാര്യ വകുപ്പും വളരെ ഇച്ഛാശക്തിയോടെ മുന്നോട്ടുപോകുമ്പോൾ എങ്ങനെയും വിവാദം ഉയർത്തി ഭരണം സ്തംഭിപ്പിക്കാനാണ് യു.ഡി.എഫ്. ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയാണ് അവർ സംസാരിക്കുന്നത്. ഇപ്പോൾ ഓരോ ദിവസവും ശൂന്യാകാശത്തേക്ക് ഉണ്ടയില്ലാ വെടി/ആരോപണം ഉയർത്തുകയാണ്. പാലക്കാട് ബ്രൂവറിയുടെ പേരിലായിരുന്നു ഒരു ആരോപണം. കഴിഞ്ഞ ദിവസം

വന്ന വാർത്ത എന്താണ്? നിങ്ങളുടെ കർണ്ണാടകയിലെ മൈസൂരിൽ 350 കോടി രൂപയുടെ ധാരണാപത്രമാണ് ഒപ്പിട്ടത്. അവിടെ എന്താണ്, ഭൂഗർഭ ജലമില്ലാതെ ബ്രൂവറി പ്ലാന്റ് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും ടെക്നോളജിയുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ പറയൂ. പാലക്കാട് പ്രശ്നത്തിൽ അവസാനം മന്ത്രി ശ്രീ. എം. ബി. രാജേഷ് നിങ്ങളുടെ പ്രതിപക്ഷനേതാവിനെയും മുൻ പ്രതിപക്ഷനേതാവിനെയും പരസ്യ സംവാദത്തിന് തയ്യാറാണോയെന്ന് വെല്ലുവിളിച്ചു. ഈ വിഷയം നമുക്ക് ചർച്ച ചെയ്യാമെന്നും പരസ്യമായി സംവദിക്കാമെന്നും പറഞ്ഞു. പഞ്ചാബി ഹൗസ് സിനിമയിൽ 'മല്ല യുദ്ധത്തിന് ഞാൻ തയ്യാർ, മല്ല യുദ്ധത്തിന് ഗോദയിലേക്ക് എനിക്ക് പകരം രമണൻ വരുമെന്ന്' കൊച്ചിൻ ഹനീഫ പറയുന്നതുപോലെ ഞാൻ ശ്രീ. വി. കെ. ശ്രീകണ്ഠനെ അയയ്ക്കാമെന്ന് പറഞ്ഞു. ശരി, നിങ്ങൾ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും കൂട്ടത്തിൽ ശ്രീ. വി. കെ. ശ്രീകണ്ഠനെയും കൂട്ടി നമുക്ക് ചർച്ച ചെയ്യാമെന്ന് ശ്രീ. എം. ബി. രാജേഷ് പറഞ്ഞു. നിങ്ങൾ ചർച്ച ചെയ്തോ, നിങ്ങൾ ചർച്ചയ്ക്ക് വരാൻ തയ്യാറായോ. നിങ്ങൾ കേരളത്തിലെ ചില മാധ്യമങ്ങളുടെ പിന്തുണയോടുകൂടി ഈ

സർക്കാരിനെ ദുർബലപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഞങ്ങൾ സത്യം സത്യസന്ധമായി ജനങ്ങളോട് പറഞ്ഞ് മുന്നോട്ടുപോകുകയാണ്. മുൻ പ്രതിപക്ഷനേതാവും മറ്റ് അംഗങ്ങളും സംസാരിച്ചപ്പോൾ ഇവിടെ ഇപ്പോൾ എന്തായിരുന്നു ഒരു പ്രശ്നം? ഒരു വ്യവസായി സർവോപരി ഒരു നമ്പർ വൺ വർഗീയവാദി കേരളത്തിലെ ബി.ജെ.പി.-യുടെ അധ്യക്ഷനാകാൻ പോകുന്നു. എന്താണ് അഭിപ്രായമെന്ന് ഇന്നലെ പ്രതിപക്ഷനേതാവിനോട് മാധ്യമങ്ങൾ ചോദിച്ചു. അദ്ദേഹം പറഞ്ഞ അഭിപ്രായം എന്താണെന്ന് അറിയാമോ? ബി.ജെ.പി.-യുടെ ഐഡിയോളജിയുള്ള ആളല്ല ശ്രീ. രാജീവ് ചന്ദ്രശേഖർ എന്നാണ്. പിന്നെ എന്താണ്; കോൺഗ്രസിന്റെ ഐഡിയോളജിയുള്ള ആളാണോ; ബി.ജെ.പി.-യുടെ പ്രത്യയശാസ്ത്രം എന്താണ്? നമ്പർ വൺ വർഗീയത. അവർക്ക് എന്ത് പ്രത്യയശാസ്ത്രമാണ്. ഇന്ത്യ മതരാഷ്ട്രം ആകണമെന്ന് ആഗ്രഹിച്ച് ഇന്ത്യയിൽ പ്രവർത്തിക്കുന്ന ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും എന്ത് പ്രത്യയശാസ്ത്രമാണുള്ളത്. നമ്മുടെ കേരളം തീവ്രവാദികളുടെ കേന്ദ്രമാണെന്നാണ് കേരളത്തിൽവന്ന് അദ്ദേഹം പറഞ്ഞത്. നമ്മുടെ കേരളം തീവ്രവാദികളുടെ കേന്ദ്രമാണോയെന്ന് ഞാൻ

പ്രതിപക്ഷനേതാവിനോട് ചോദിക്കുകയാണ്. കേരളത്തിലെ ചില മതങ്ങൾ കൂട്ടത്തോടെ തീവ്രവാദ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയാണ് എന്നാണ് അയാൾ പറഞ്ഞത്. അങ്ങനെയാണോ നമ്മുടെ കേരളത്തിലെ മതങ്ങൾ? അയാൾ വർഗീയവാദിയാണെന്ന് പറയാൻ ആർജ്ജവവും നട്ടെല്ലും കരളുറപ്പും വേണം. പ്രതിപക്ഷനേതാവേ, അത് ചന്തയിൽനിന്ന് വാങ്ങാൻ കിട്ടുന്നതല്ല. ഒരു ഘട്ടത്തിൽ കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനോട് ഈ മനുഷ്യനെക്കുറിച്ചുള്ള അഭിപ്രായം ചോദിച്ചു. ഇദ്ദേഹം കൊടുംവിഷമാണെന്നും ആ വർഗീയ വിഷം കേരളത്തിൽ നമുക്ക് അനുവദിക്കാൻ സാധിക്കില്ലെന്നും ആർജ്ജവത്തോടെ പറഞ്ഞു. ഈ പ്രതിപക്ഷനേതാവിൽനിന്ന് ഞാൻ ഇതിൽ കൂടുതലൊന്നും പ്രതീക്ഷിക്കുന്നില്ല. കാരണം എന്താണ്? ഗോൾവൽക്കറുടെ ഛായാചിത്രത്തിന് മുന്നിൽ വിളക്ക് കൊളുത്തിയ ആളാണ്. എന്റെ കൈയിലേക്ക് ആ ഗോൾവൽക്കറുടെ ചിത്രം ലഭിച്ചാൽ ഞാൻ എടുത്ത് തീകുണ്ഡത്തിലേക്കിടും. ഞാൻ മാത്രമല്ല, ഇന്ത്യയുടെ ചരിത്രം പഠിക്കുന്ന, ചരിത്രം പഠിച്ചിട്ടുള്ള ഏതൊരാളും അങ്ങനെ ചെയ്യും. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, യൂത്ത് കോൺഗ്രസുകാരെ അങ്ങനെ പഠിപ്പിക്കണം.

എന്താണ് അദ്ദേഹം പറഞ്ഞത്, നമ്മുടെ സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്ത ആളല്ലേ? നമ്മുടെ സ്വാതന്ത്ര്യസമരത്തെ വിഘടിപ്പിക്കാൻ, ഒരിക്കലും ഹിന്ദു യുവാക്കൾ ഊർജം സ്വാതന്ത്ര്യസമരത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരടിച്ച് നശിപ്പിക്കരുതെന്നും നമ്മുടെ ശത്രുക്കൾ ക്രിസ്ത്യാനികളും മുസ്ലീങ്ങളും കമ്മ്യൂണിസ്റ്റുകാരുമാണെന്ന് പഠിപ്പിച്ചയാളാണ് ഗോൾവൽക്കർ. ആ ഗോൾവൽക്കറുടെ ചിത്രത്തിന് മുന്നിൽ വിളക്ക് കൊളുത്തിയ പ്രതിപക്ഷനേതാവാണ്. ഞാൻ ഒരു കാര്യം അദ്ദേഹത്തോട് പറയാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ കുലം മുടിച്ചിട്ട് പോകരുത്. ആ കച്ചവടക്കാരൻ ഇവിടേക്ക് വരുമ്പോൾ, നിങ്ങളുടെ മുഖ്യമന്ത്രിമോഹികളുണ്ടല്ലോ, ആ പല മുഖ്യമന്ത്രിമോഹികളുമായി കച്ചവടം ഉറപ്പിച്ചിട്ടാണ് ഇങ്ങോട്ട് വന്നിട്ടുള്ളതെന്നാണ് പിന്നാമ്പുറ കഥകൾ പറഞ്ഞ് കേൾക്കുന്നത്. ശ്രീ. ടി. സിദ്ദിഖ് ഇവിടെ തുടർഭരണത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങളല്ല തുടർഭരണത്തെക്കുറിച്ച് പറഞ്ഞത്, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, ശ്രീ. ശശി തരൂർ തുടങ്ങി നിങ്ങളുടെ നേതാക്കന്മാരാണ് ഈ ഭരണത്തിന് തുടർച്ചയുണ്ടാകുമെന്ന്

പറഞ്ഞത്. ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, വളരെയേറെ സാമ്പത്തിക പ്രതിസന്ധികളുണ്ടായിട്ടും ഭാവികേരളത്തിന് വലിയ ഊർജം പകരുന്ന 2025-ലെ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും അധികാരത്തിൽ വരില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. ഇക്കാര്യം അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ മുന്നണിയുടെയും താൽപര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിതന്നെ വീണ്ടും അധികാരത്തിൽ വരണമെന്നതാണ് ഇവിടത്തെ ജനകോടികളുടെ താൽപര്യം. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിതന്നെ വീണ്ടും അധികാരത്തിലെത്തും. കഴിഞ്ഞ ദിവസം കൊച്ചിയിൽ നടന്ന 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്'-ൽ 1,52,905 കോടി രൂപയുടെ നിക്ഷേപ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. ഇക്കാര്യം ധനവിനിയോഗ ബില്ലിനോട് ചേർത്തുപറയുന്നതിന് കാരണം നിക്ഷേപ താൽപര്യങ്ങളെ

നിക്ഷേപങ്ങളായി മാറ്റുന്നതിനുള്ള അന്തരീക്ഷം ഈ സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കുന്നതിനുവേണ്ടിയാണ്. അതിനാവശ്യമായ പശ്ചാത്തലസൗകര്യമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2025-ലെ ബജറ്റിന്റെ സവിശേഷത. ഈ ബജറ്റ് കേരളത്തിന്റെ മുന്നേറ്റത്തിനായുള്ള പാതയൊരുക്കമാണ്. ഞാൻ മുമ്പ് ഈ സഭയിൽ ഉന്നയിച്ച കാര്യം ആവർത്തിക്കുകയാണ്. കേരളത്തിന് അനുയോജ്യമായ പദ്ധതികളുമായി നിക്ഷേപതൽപരർ ഇന്ന് നമ്മുടെ സംസ്ഥാനത്തെ ആശ്രയിക്കുന്നുണ്ട്, എന്നാൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മമൂലം സമയബന്ധിതമായി പ്രോജക്ടുകളും പദ്ധതികളും യാഥാർഥ്യമാകുന്നില്ലെന്നുള്ള കാര്യം അങ്ങ് വളരെ ശ്രദ്ധിക്കേണ്ടതാണ്. 5 കോടി രൂപ വരെയുള്ള റോഡുകൾക്ക് A.S. Committee (Administrative Sanction Committee) അംഗീകാരം നൽകുമ്പോൾ 5 കോടി രൂപയ്ക്കുമുകളിലുള്ള പദ്ധതികൾ ധനകാര്യ വകുപ്പിന്റെയും പ്ലാനിങ്ങിന്റെയും അനുമതിക്കായി അയയ്ക്കുമ്പോൾ തത്വത്തിൽ പദ്ധതികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിടുകയാണ്.

ഇത്തരം പ്രവൃത്തികളുടെ മാനദണ്ഡങ്ങളിൽ കാലോചിതമായ പരിഷ്കാരം ആവശ്യമാണ്. ഇത് നിക്ഷേപകരുടെ മാത്രം കാര്യമല്ല, ജനപ്രതിനിധികളായ ഞങ്ങൾ ശിപാർശ ചെയ്യുന്ന പദ്ധതികൾപോലും നിസ്സാരമായ ക്വറിയെഴുതി കാലതാമസം വരുത്തുന്നത് അടിയന്തരമായി പരിഹരിക്കണം.

കേന്ദ്രസർക്കാരിന്റെ നീരാളിപ്പിടുത്തത്തിലും കേരളം അതിജീവിക്കുന്നത് സാധാരണക്കാരുടെ നികുതിപ്പണത്തിന്റെ വർധനയിലൂടെയുണ്ടായ ഒരു വരുമാനത്തിലൂടെയാണ്. അതിനെ സാങ്കേതികത്വത്തിന്റെ തടവറയിലിടാതെ നടപ്പിലാക്കിയാൽ കൂടുതൽ നിക്ഷേപകരെയും കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ നമുക്ക് സാധിക്കും.

വൈകുന്നേരങ്ങളിൽ കുടുംബസമേതം പുറത്തുപോയി ഭക്ഷണം കഴിക്കുന്ന ഔട്ട് ഈറ്റിങ് ടൂറിസവും കേരളത്തിലെ ആബാലവൃദ്ധം ജനങ്ങളെയും ആകർഷിച്ചിരിക്കുകയാണ്. 'ടേക്ക് എ ബ്രേക്ക്' എന്ന പദ്ധതിക്ക് നമ്മുടെ പൊതുഇടങ്ങളിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചിരിക്കുന്നത്. പൊതുഇടങ്ങൾ ഉദ്യാനങ്ങളും കൃഷിയിടങ്ങളും കളിസ്ഥലങ്ങളുമായി പരിവർത്തനം

ചെയ്യേണ്ടതാണ്. അതത് വകുപ്പുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം ഇതിനുകൂടി പ്രയോജനപ്പെടുത്തണം.

എന്റെ നിയോജകമണ്ഡലത്തിലെ പാനൂരിൽ ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിൽ പാനൂർ നഗരസഭാ പരിധിയിൽ ഉപയോഗപ്പെടുത്താതെ കിടക്കുന്ന മൂന്ന് ഏക്കർ ഭൂമിയുണ്ട്. പ്രസ്തുത ഭൂമി ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിൽത്തന്നെ നിലനിർത്തിക്കൊണ്ട് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായികവകുപ്പിന് കൈമാറണമെന്ന ജനങ്ങളുടെ ആവശ്യം സ്വീകരിക്കണം. ചെറുകിട സംരംഭകരുടെ പ്രോത്സാഹനം സാധാരണക്കാർക്കും സ്ത്രീകൾക്കും ഏറെ ആശ്വാസം നൽകുകയും ഇത് നമ്മുടെ സാമ്പത്തിക അടിത്തറയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ വനിതാഘടക പദ്ധതിയിലും പ്രാദേശിക സാമ്പത്തിക വികസനത്തിനും സബ്സിഡി നൽകുന്നുണ്ട്. ഒരു വനിതാ ഗുണഭോക്താവിന് സംരംഭത്തിന് നൽകുന്ന സബ്സിഡി തുകയായ 30000/- രൂപ എന്നത് കാലാനുസൃതമായി പരിഷ്കരിക്കുകയും കുറഞ്ഞത് 60000/- രൂപയെങ്കിലും സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

വർധിച്ചുവരുന്ന ലഹരി, ലഹള, റാഗിങ് എന്നിവയെ പ്രതിരോധിക്കാനും മാനസികവും ശാരീരികവുമായ ആരോഗ്യത്തിനുതകുംവിധം സാമൂഹ്യ ആരോഗ്യക്രമം വിദ്യാർഥികളിലും കൗമാരക്കാരിലും യുവാക്കളിലും രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇതിനാവശ്യമായ പ്രചരണത്തിനും പ്രവർത്തനത്തിനുമുള്ള തുക വകയിരുത്തിക്കൊണ്ട് സഹായിക്കണം. സമൂഹത്തിൽ രോഗങ്ങളും ദുരിതങ്ങളുംമൂലം കഷ്ടപ്പെടുന്ന സാധാരണക്കാർക്കും തൊഴിലാളികൾക്കും രോഗികൾക്കും മറ്റുമായുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തിക്കൊണ്ട് സമയബന്ധിതമായി അവ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. തൊഴിലാളികളും സാധാരണക്കാരും കൂടുതലായി ആശ്രയിക്കുന്നത് ജനകീയ ഹോട്ടലുകളെയും സുഭിക്ഷ ഹോട്ടലുകളെയുമാണ്. ഈ സർക്കാർകൊണ്ടുവന്ന ആശ്വാസകരമായ ടി പദ്ധതികൾ തുടരുന്നതിനാവശ്യമായ തുക അനുവദിച്ചുകൊണ്ട് അവരെ സഹായിക്കണം.

സമീപദിവസങ്ങളിൽ ലഹരിക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ പൊതുസമൂഹത്തിൽ വലിയ സ്വീകാര്യതയാണ് ഉണ്ടാക്കിയിട്ടുള്ളത്.

കുട്ടികളെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്ന ലഹരി മിഠായികൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമുള്ള പിഴ നാമമാത്രമാണ്. ഇവരിൽനിന്നും ഭീമമായ പിഴ ഈടാക്കുന്നതിനും ടി സ്ഥാപനങ്ങളുടെ ലൈസൻസ് ആജീവനാന്തം റദ്ദുചെയ്യുന്നതിനും കടുത്ത ശിക്ഷകൾ കാലതാമസം കൂടാതെ നടപ്പിലാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

ലഹരിക്കെതിരെയുള്ള പ്രതിരോധംപോലെതന്നെ വർത്തമാന കാലഘട്ടത്തിൽ പ്രതിരോധവും ആശ്വാസവും നൽകേണ്ട മേഖലയാണ് വന്യജീവികളുടെ ആക്രമണം. കൃഷിയിടങ്ങളിൽ കാട്ടാന, കാട്ടുപന്നി, മുള്ളൻപന്നി, മയിൽ, കുരങ്ങ് തുടങ്ങിയ വന്യജീവികളുടെ ആക്രമണംമൂലം നമ്മുടെ കർഷകർ നിരാശയുടെ നാൽക്കവലകളിലാണ്. കൃഷിയിടങ്ങൾ നശിക്കുന്നതോടെ കർഷകന് തന്റെ ഒരുവർഷത്തെ സ്വപ്നങ്ങളും മോഹങ്ങളുമാണ് കരിഞ്ഞുതീരുന്നത്. നല്ല ഇൻഷ്വറൻസ് പരിരക്ഷയും സാമ്പത്തികാശ്വാസവും കൃഷിക്കാർക്ക് നൽകണം. നിലവിലുള്ള മാനദണ്ഡപ്രകാരം വന്യജീവികൾ കൃഷി നശിപ്പിച്ചാൽ നാമമാത്രമായ ആശ്വാസ ധനസഹായമാണ് കർഷകർക്ക് നൽകിവരുന്നത്.

എന്റെ നിയോജകമണ്ഡലത്തിൽ വർഷങ്ങൾക്കുമുമ്പ് ഭരണാനുമതി ലഭിച്ച സ്ഥാപനമാണ് കൂത്തുപറമ്പിലെ 'ജെൻഡർ കോംപ്ലക്സ്' . ഇതിന്റെ പ്രവർത്തനത്തിന് ഭാഗികമായ തുകമാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഡിസൈൻ പ്രകാരമുള്ള കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ മുഴുവൻ തുകയും അനുവദിച്ച് ടി പദ്ധതി നടപ്പിലാക്കണം. കേരളത്തിലെ പ്രധാനപ്പെട്ട ഒരു കോംപ്ലക്സായാണ് ടി കോംപ്ലക്സിനെ കാണുന്നത്. കൂത്തുപറമ്പ് ബസ് സ്റ്റാൻഡ് ടെർമിനൽ, കൂത്തുപറമ്പ് ബയോ റിസോഴ്സ് കം ആഗ്രോ സർവീസ് സെന്റർ (Bio Resource Cum Agro service centre), കൂത്തുപറമ്പ് വലിയവെളിച്ചത്ത് സ്ഥിതിചെയ്യുന്ന കാംകോ ന്യൂജനറേഷൻ പവർ ടില്ലർ യൂണിറ്റ് തുടങ്ങിയവയുടെ പ്രവർത്തനത്തിനാവശ്യമായ തുകയില്ലാത്തതുകൊണ്ട് പ്രവൃത്തികൾ മന്ദഗതിയിലാണ് പോകുന്നത്. പുതിയ തലമുറയ്ക്ക് ഇവയൊക്കെ വളരെയധികം ആവശ്യമായ സ്ഥിതിയിലേക്ക് വന്നുകൊണ്ടിരിക്കുന്നതിനാൽ ഇവയൊക്കെ ശക്തിപ്പെടുത്തണം.

റോഡ് നവീകരണത്തിനായി എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടും പ്രത്യേക വികസനനിധിയും വെള്ളപ്പൊക്ക നിവാരണഫണ്ടും

അനുവദിച്ചാൽ റോഡ് ടാറിങ്ങാണ് നടക്കാറുള്ളത്. റോഡ് നവീകരണത്തിനായി തുക അനുവദിച്ചാൽ പഞ്ചായത്തുകൾക്ക് റോഡ് പരിശോധിച്ച് അതിന്റെ സുരക്ഷയും ഈട് നിലനിൽപിനുമാവശ്യമായ ഡ്രെയിനേജ്, കൾവർട്ട്, സൈഡ് കോൺക്രീറ്റ് അടക്കമുള്ള പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകുന്നതിനായി നോംസിൽ മാറ്റം വരുത്തണം. ഇതുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഒരു റോഡിനായി ഫണ്ട് അനുവദിച്ചാൽ നിലവിൽ ടാറിങ് മാത്രമേ ചെയ്യാവൂ. അതിനുപകരമായി ഒരു റോഡ് ഏതുവിധത്തിലായിരിക്കണമെന്നത് പഞ്ചായത്ത് തീരുമാനിക്കുന്ന രൂപത്തിലേക്ക് എത്തണം. പദ്ധതി നടപ്പാക്കുന്നതിന് ആരാണോ തുക ആവശ്യപ്പെടുന്നത് അവർക്ക് നമ്മൾ തുക നൽകുകയും പഞ്ചായത്തുമുഖേന നടപ്പിലാക്കുകയും ചെയ്യുന്നു.

രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു ദിവസങ്ങളായി എന്റെ നിയോജകമണ്ഡലത്തിൽ രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ നാല് ജനകീയ സമിതികൾ ഉണ്ടായിട്ടുണ്ട്. ഈ സമിതികൾ എല്ലാകാര്യങ്ങളിലും ഇടപെടൽ നടത്തുന്ന രൂപത്തിലേക്ക് വരികയാണ്.

ഇത്തരത്തിലുള്ള സമിതികൾ വിവിധ വകുപ്പുകൾക്ക് കീഴിൽ രൂപീകരിച്ചാൽ വകുപ്പുകളുടെയെല്ലാം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. ഭാവികേരളത്തിനുതകുന്ന ഈ ബജറ്റിന്റെ ധനവിനിയോഗം കാര്യക്ഷമമായ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ആത്മാർഥമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളം പ്രധാനമായും രണ്ടുവെല്ലുവിളികളാണ് നേരിടുന്നത്. ഒന്നാമതായി, രാജ്യത്ത് നിലനിൽക്കുന്ന ഫെഡറൽ സംവിധാനത്തെ തകർത്തെറിയുകയും അതുവഴി അധികാരം കേന്ദ്രീകരിക്കുന്ന നയവും രണ്ടാമതായി, ആഗോളവൽക്കരണ കാലത്ത് അവകാശ വികസനനയങ്ങളെ പരാജയപ്പെടുത്തി നാടിനെ സാമ്പത്തികമായി തകർക്കുന്ന നിലപാടിനെ നേരിടുന്ന ഇടതുപക്ഷനയങ്ങളെ ദുർബലപ്പെടുത്തുന്ന ഇടപെടലുകളുമാണ്. ഇവ രണ്ടിനുമെതിരായാണ് കേരളത്തിലെ പിണറായി സർക്കാർ കഴിഞ്ഞ ഒൻപത്

വർഷമായി പോരാടിക്കൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്തെ മൂന്നരക്കോടിയോളം വരുന്ന ജനങ്ങളുടെ ജീവിതാഭിലാഷങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നടത്തിയ എണ്ണമറ്റ പ്രവർത്തനങ്ങൾ നമ്മുടെ കൺമുന്നിലുണ്ട്. അവകാശം, വികസനം, സാമൂഹ്യ സുരക്ഷിതത്വം, സാമൂഹ്യ സുരക്ഷ എന്നിവ കൂടാതെ ജനങ്ങളുടെ ജീവിതത്തിന്റെ നാനാമേഖലകളിൽ നടത്തുന്ന പ്രവർത്തനം വെറുതെ പ്രസംഗത്തിലൂടെയോ വർത്തമാനത്തിലൂടെയോ പറയേണ്ടതല്ല, ഇവയൊക്കെ നേർസാക്ഷ്യമാണ്. കേരളത്തിൽ നേർസാക്ഷ്യമല്ലാത്ത എന്ത് വികസനമാണ് നടന്നത്? ഓരോന്നും ഓരോ മേഖല തിരിച്ചുപരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കും.

1957-ൽ പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വന്നതുമുതൽ ഈ നാടിന്റെ വികസനത്തിനായി ഒരുക്കിയ വികസന പരിപ്രേക്ഷ്യം നാടിന്റെ എല്ലാ മേഖലകളിലും എത്തിക്കാൻ അന്നത്തെ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ട്. ഒരു ഗവൺമെന്റ് മാത്രമല്ല, കേരളത്തിൽ വളർന്നുവന്ന നവോത്ഥാന പ്രസ്ഥാനത്തിന്റെയും സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തിന്റെയും നിർദേശങ്ങളും അവരുടെ സംഭാവനകളും ചേർത്തുകൊണ്ടാണ് കേരളത്തിലെ ആരോഗ്യ,

വിദ്യാഭ്യാസ മേഖലയിൽ എന്തെന്നില്ലാത്ത മാറ്റമുണ്ടായത്. കാർഷിക ബന്ധ ബിൽവഴി കാർഷിക മേഖലയിൽ മാത്രമല്ല ഈ സംസ്ഥാനത്തെ സാധാരണ ജനങ്ങളുടെ ജീവിതത്തിലും മാറ്റം വരുത്താൻ ഉപകരിച്ചുവെന്നുള്ളത് നമുക്കറിയാം. 'കൂലി വ്യവസ്ഥ' കേരളത്തിൽ അന്നുവരെ നിലനിന്നിരുന്ന വ്യവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തി. അധ്വാനിച്ചാൽ കൂലി ലഭിക്കണമെന്ന് ഉറപ്പുവരുത്തുന്ന നിയമങ്ങൾ കൊണ്ടുവന്നതും 1957-ലെ ഗവൺമെന്റാണ്. ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ ഇടപെടലും സ്വാധീനവുമില്ലെന്ന് പറയുന്നില്ല. അതുവഴിയാണ് കേരളത്തിന്റെ വികസനത്തിന് ഒരു പുതിയ തുടക്കം കുറിക്കാനും ചരിത്രം രേഖപ്പെടുത്താനും നമുക്ക് സാധിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണെന്ന് തോന്നുന്നു രാവിലെ ഇവിടെ പറഞ്ഞു, അതിനുമുമ്പ് എത്ര വർഷമാണ് സംസ്ഥാനം ഭരിച്ചത്; 1980-ന് ശേഷമാണ് കേരള മോഡൽ വികസനം വരുന്നതെന്നാണ്. 1957-ന് മുമ്പുതന്നെ ഇടതുപക്ഷ പാർട്ടി/കമ്മ്യൂണിസ്റ്റ് പാർട്ടി, സംസ്ഥാനത്തിന്റെ സാമൂഹിക വികസനത്തെക്കുറിച്ചുള്ള നിരവധി ഡോക്യുമെന്റുകളാണ് സമ്മേളനങ്ങളിൽ അവതരിപ്പിച്ചതും അംഗീകരിച്ചതും. അക്കാര്യത്തിൽ ഒരു വികസന കാഴ്ചപ്പാട്

മുന്നോട്ടുവച്ചത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. അഞ്ചുവർഷമോ ആറുവർഷമോ ഭരിച്ചു എന്നുള്ളതോ എത്ര വർഷം ഭരിക്കുന്നു എന്നുള്ളതോ അല്ല കാര്യം. നീണ്ട എത്രയോ വർഷം, പതിറ്റാണ്ടുകൾ നമ്മുടെ രാജ്യം ഭരിച്ച പാർട്ടിയല്ലേ കോൺഗ്രസ് പാർട്ടി. ഇന്ത്യയിൽ അടിസ്ഥാനപരമായി കേരളത്തിൽ ആവിഷ്കരിച്ചതുപോലെ ഒരു കാർഷിക ഭൂപരിഷ്കരണ നടപടിയോ കാർഷിക ബന്ധ ബില്ലോ ദേശീയാടിസ്ഥാനത്തിൽ കൊണ്ടുവരാൻ അവർക്ക് കഴിഞ്ഞോ. വർഷങ്ങൾ ഭരിച്ചതുകൊണ്ട് കാര്യമില്ല. ചുരുങ്ങിയ കാലംകൊണ്ട് നമ്മുടെ നാട്ടിലെ സാധാരണക്കാർക്കുവേണ്ടി എന്തുചെയ്തു എന്നുള്ളതാണ് മുഖ്യമായ വിഷയം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, രണ്ട് പ്രധാനപ്പെട്ട വെല്ലുവിളികളെ നേരിട്ടുകൊണ്ടാണ് ഇക്കഴിഞ്ഞ ഒൻപത് വർഷമായി ഈ സർക്കാർ ഭരണം നടത്തുന്നതും സാധാരണ ജനങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്താൻ ശ്രമിച്ചതും. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യരംഗത്തും മാറ്റം വരുത്തിയില്ലേ; ആർക്കാണ് ഇല്ലെന്ന് പറയാൻ സാധിക്കുന്നത്. ആദിവാസി മേഖലയിൽ നിർമ്മിച്ച പാലത്തിന്റെ ഉദ്ഘാടനത്തിന് ഞാൻ ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവിനെക്കൂടി വിളിക്കുന്നുണ്ട്. ഈ സർക്കാർ വന്നതിനുശേഷം നൽകിയ പണമുപയോഗിച്ച് നിർമ്മിച്ച ഒരു പാലം അവിടെയുണ്ട്. സാധാരണ ജനങ്ങളുടെയും ആദിവാസി മേഖലയിൽ ജീവിക്കുന്നവരുടെയും മനസ്സുകളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി നിർമ്മിച്ച ഒരു പാലമാണത്. അത് വന്നുതന്നെ കാണണം. 1600-ൽപ്പരം കുടുംബങ്ങൾ ജീവിക്കുന്ന കുന്നത്തുമല, ചാക്കപ്പാറ തുടങ്ങിയ ആദിവാസി മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് കരിപ്പയാറിന് കുറുകെ നിർമ്മിച്ച പാലമാണ്. പതിറ്റാണ്ടുകളായി ആദിവാസി മേഖലയിലെ ജനങ്ങളുടെ ഉള്ളിലുണ്ടായിരുന്ന ആഗ്രഹമാണ് സഫലമാകാൻ പോകുന്നത്. അതിന്റെ ഉദ്ഘാടനത്തിന് ഞാൻ വിളിക്കാം. വികസന പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല എന്നല്ലേ നിങ്ങൾ പറയുന്നത്. നാട്ടിലെ റോഡുകളായാലും വിദ്യാഭ്യാസ സ്ഥാപനങ്ങളായാലും ആരോഗ്യ സ്ഥാപനങ്ങളായാലും എത്രമാത്രമാണ് മെച്ചപ്പെട്ടത്. കേരളത്തിൽ ഒരു നവകേരളം രൂപപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നുണ്ട്. കേരളത്തിൽ നാളിതുവരെ നേടിയ നേട്ടങ്ങളെ നിലനിർത്തിക്കൊണ്ട് പുതിയ നേട്ടങ്ങൾ കൈവരിക്കാൻ,

പുതിയ മേഖലയിലേക്ക് ജനങ്ങളുടെ ജീവിതത്തെ പുഷ്ടിപ്പെടുത്താൻ സന്തോഷകരമായ ഒരു ജീവിതം നയിക്കാൻ കഴിയുന്ന ഒരു സമൂഹത്തെക്കുറിച്ചാണ് ആധുനിക കേരളം സ്വപ്നം കാണുന്നതും ആഗ്രഹിക്കുന്നതും. അതിലേക്ക് എത്തുക എന്നുള്ളതാണ് പ്രധാനം. അതിന് കേരളത്തിന്റെ പരിമിതികളെ ശരിക്കും മനസ്സിലാക്കിക്കൊണ്ട് ശരിയായിട്ടുള്ള ഒരു ധനമാനേജ്മെന്റുള്ളതുകൊണ്ടാണ് കേരളത്തിൽ ഈ മാറ്റം വന്നത്. ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ട്. ആർക്കാണ് അതുണ്ടാകാത്തത്, എല്ലാവർക്കും ഉണ്ടാകും. പക്ഷേ ആ ബുദ്ധിമുട്ടുകളുടെ നടുവിലൂടെയാണ് കേരളത്തെ ഇത്രമാത്രം ഉയർത്തിക്കൊണ്ടുവരാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞത് എന്നോർക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ഇന്ത്യൻ രാഷ്ട്രീയം ഇന്നൊരു വഴിത്തിരിവിലാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ആദർശങ്ങളും ഭരണഘടനാ മൂല്യങ്ങളും കനത്ത വെല്ലുവിളി നേരിടുകയാണ്. മതനിരപേക്ഷത നമ്മുടെ രാജ്യത്തിന്റെതന്നെ അനിവാര്യമായ ഘടകമല്ലേ. എന്നാൽ മതാധിഷ്ഠിത രാഷ്ട്രീയത്തിലേക്കുള്ള കാൽവയ്പുകളാണ് സംഘപരിവാർ ശക്തികളുടെ നേതൃത്വത്തിൽ കേന്ദ്ര ഭരണാധികാരികൾ

നടത്തിക്കൊണ്ടിരിക്കുന്നത്. രാജ്യം നേരിടുന്ന ഈ ആപത്ത് മുൻകൂട്ടി കാണാനും ആശയതലത്തിലും തിരഞ്ഞെടുപ്പുകളിലും നിയമവേദികളിലും മതനിരപേക്ഷത നേരിടുന്ന വെല്ലുവിളികളെ ചെറുത്തുനിൽക്കാനും ഇടതുപക്ഷം എപ്പോഴും മുൻനിരയിൽ നിന്നിട്ടുണ്ട്. പുറകിലല്ല, ഏറ്റവും മുന്നിലാണ് ഇടതുപക്ഷം ഇന്നും നിൽക്കുന്നതും എപ്പോഴും നിലനിന്നിട്ടുള്ളതും. ഡൽഹിയിൽ ബുൾഡോസറുകൾ ഉരുണ്ടപ്പോൾ അവയെ തെരുവിൽ പ്രതിരോധിക്കാൻ മുന്നോട്ടുവന്നത് ഇടതുപക്ഷമായിരുന്നു. പൗരത്വത്തിന് മതാടിസ്ഥാനം നൽകാനുള്ള നീക്കമുണ്ടായപ്പോൾ എല്ലാവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിനകത്തും പുറത്തും ജനകീയ പ്രതിരോധം സംഘടിപ്പിക്കാനും സുപ്രീംകോടതിയിൽ നിയമപോരാട്ടം നടത്താനും മുൻപന്തിയിൽ നിന്നത് ഇടതുപക്ഷ സർക്കാരാണ്. കേന്ദ്ര സർക്കാരിനെ മുട്ടുകുത്തിച്ച കർഷകസമരത്തിലും ഇടതുപക്ഷത്തിന്റെ നിറസാന്നിധ്യമുണ്ടായിരുന്നു. ജമ്മു-കാശ്മീരിന്റെ സംസ്ഥാന പദവി വീണ്ടെടുക്കാനുള്ള നിയമയുദ്ധത്തിലും നേതൃത്വപരമായ പങ്കുവഹിച്ചത് ഇടതുപക്ഷമാണ്. ഇലക്ടറൽ ബോണ്ടുവഴി നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ അഴിമതിയിൽ കുളിപ്പിക്കുന്നതിനുവേണ്ടി

കോർപ്പറേറ്റ് ശക്തികൾ നടത്തിയ ഇടപെടൽ നമുക്ക് ഓർമ്മയുണ്ട്. അക്കാര്യത്തിൽ സുപ്രീംകോടതിയിൽ വിജയകരമായ നിയമപോരാട്ടം നടത്തിയതും ഇടതുപക്ഷമാണ്. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ; നിങ്ങൾക്ക് എത്ര ശക്തിയുണ്ടെന്ന് പലരും ചോദിക്കുന്നുണ്ട്. ഇടതുപക്ഷ ആശയങ്ങൾ സീറ്റിന്റെ അടിസ്ഥാനത്തിൽ പങ്കുവയ്ക്കേണ്ടതല്ല. എത്ര സീറ്റുണ്ട്; അത്ര സീറ്റല്ലേ ഇടതുപക്ഷത്തിനുള്ളൂ എന്ന് കരുതുന്നവരുണ്ട്. അത് വെറുതെയാണ്. നിങ്ങളിൽ ഇടതുപക്ഷ മനസ്സുള്ളവരില്ലേ, വലതുപക്ഷത്തിന്റെ ഭ്രരിപക്ഷ മനസ്സുള്ളവരുണ്ട്. ഇടതുപക്ഷത്തിന്റെ മനസ്സുള്ളവർ കോൺഗ്രസ് പാർട്ടിയിലില്ലേ? ഇടതുപക്ഷ മനസ്സ് എന്നുപറയുന്നത് സി.പി.ഐ.(എം.)-ന്റെയും ഇടതുപക്ഷ പാർട്ടികളുടെയും ഭാഗമായി മാത്രം നിൽക്കുന്നതല്ല. ഈ സമൂഹത്തിലെ ജനങ്ങളുടെ ഇടയിലേക്ക് വ്യാപിപ്പിച്ച ആശയമാണ്. ജനങ്ങൾക്കുവേണ്ടി, സാധാരണക്കാരനുവേണ്ടി നിലകൊള്ളുന്ന ഒരു പ്രസ്ഥാനം, അവരുയർത്തുന്ന ആശയമാണ് ഇടതുപക്ഷ ആശയം. ആ ആശയം സർവവ്യാപിയാണ്. സർവവ്യാപിയായിട്ടുള്ള ആശയങ്ങൾ, എത്ര സീറ്റ് ലഭിക്കുന്നു എന്നതിലല്ല.

ശ്രീലങ്കയിൽ നമ്മൾ കണ്ടില്ലേ, ഇടതുപക്ഷ ആശയം എത്ര വേഗത്തിലാണ് പാർലമെന്റിൽ ഭൂരിപക്ഷം നേടി അധികാരത്തിൽവന്നത്. ഇന്ത്യയെ മതാധിഷ്ഠിത രാഷ്ട്രമാക്കാൻ ശ്രമിക്കുന്ന വർഗീയ കോമരങ്ങൾക്കെതിരെ ഉജ്ജ്വലമായി പോരാടാൻ മനസ്സുള്ള ജനവിഭാഗങ്ങൾ ഇന്ന് തീരുമാനിച്ചാൽ നാളെ ഇടതുപക്ഷം ഇന്ത്യയിൽ അധികാരത്തിൽവരും. അതിനുതകുന്ന രാഷ്ട്രീയ പശ്ചാത്തലവും രാഷ്ട്രീയ പ്രതലവുമുണ്ടാകണം. ആ പ്രതലമുണ്ടാക്കുക എന്നതാണ് പ്രധാനം. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് ലഭിച്ച സീറ്റുകൾ മുഴുവൻ അവർ നടത്തിയ അധ്വാനത്തിന്റെ ഫലമാണോ; ഈ നാട്ടിൽ നടന്ന കർഷക സമരത്തിന് നിറസാന്നിധ്യമായിനിന്ന ഇടതുപക്ഷം നടത്തിയ ആശയപരമായ പ്രചരണത്തിന്റെ ഭാഗമായി നിങ്ങൾക്ക് കുറെ സീറ്റുകൾ ലഭിച്ചിട്ടില്ലേ, ഞങ്ങളുടെ പറ്റിൽ നിങ്ങൾക്ക് കിട്ടിയോ എന്ന് ചോദിച്ചാൽ, കിട്ടും; അതാണ് ആശയം. അതാണ് ആശയത്തിന്റെ വൈകല്യം. ആശയത്തിന്റെ സ്വാധീനം അതാണ്. ഇവിടെ ബി.ജെ.പി.-ക്ക് നേതൃത്വം കൊടുക്കാൻ ശ്രീ. രാജീവ് ചന്ദ്രശേഖർ വന്നു, ആർക്കും ഭയമില്ല. ആർക്കാണ് ഭയം; ഒരു കോർപ്പറേറ്റ്, പണമുണ്ടാക്കിയ ഒരു വ്യവസായ പ്രമുഖൻ. കഴിഞ്ഞ

പത്തോപതിനഞ്ചോ വർഷമായി ബി.ജെ.പി.-യുടെ കൂടെ ചേർന്നുനിന്നുകൊണ്ട് സ്ഥാനം പിടിച്ച വ്യക്തി. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ തിരുവനന്തപുരം മണ്ഡലത്തിൽനിന്ന് പാർലമെന്റിലേക്ക് മത്സരിച്ചു. യഥാർഥത്തിൽ തോറ്റു തുന്നംപാടി പോകേണ്ടതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഞങ്ങൾ ദേശീയാടിസ്ഥാനത്തിൽ കോൺഗ്രസടക്കമുള്ള ഇന്ത്യാ മുന്നണിക്ക് പിന്തുണ നൽകി ഉയർത്തിക്കൊണ്ടുവന്ന ഒരു ആശയം, ഇവിടെയും ബി.ജെ.പി. ജയിക്കുമെന്ന് കരുതി എന്നാൽ കോൺഗ്രസ് വിജയിക്കുകയാണ് ചെയ്തത്. അതാണ് ഇവിടെ നടന്നത്. അപ്പോൾ മറ്റൊരു ചേരിയിലേക്ക് ആളുകൾ ചെന്നെത്തുന്ന സ്ഥിതിയുണ്ടായി. അതാണ് തിരഞ്ഞെടുപ്പിന്റെ ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുന്നത്. ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ വർഷം ബജറ്റ് പാസ്സാക്കി. അതിനനുസരിച്ച് തുക വിനിയോഗിക്കാൻ ഇതുപോലൊരു ധനവിനിയോഗ ബില്ലും പാസ്സാക്കി.

അതിന് സഭ അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ അതിനുശേഷം എന്താണ് ഇവിടെ സംഭവിച്ചത്? പദ്ധതിവിഹിതത്തിന്റെ 50 ശതമാനം വെട്ടിക്കുറച്ചു. പത്ത് കോടിയിലധികം തുകയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഒന്നുകിൽ മാറ്റിവയ്ക്കുക അല്ലെങ്കിൽ 50 ശതമാനത്തിൽ നിജപ്പെടുത്താനുമാണ് പിന്നീട് നിർദേശം നൽകിയത്. അഞ്ച് കോടി രൂപവരെയുള്ള പ്രവൃത്തികളാണെങ്കിൽ ഭരണാനുമതി നൽകിയതിനുശേഷം ആവശ്യമുണ്ടോയെന്ന് വകുപ്പിനോട് സ്വകാര്യമായി ചോദിക്കും. നിയമസഭയുടെ അംഗീകാരം വാങ്ങിയതിനുശേഷം തോന്നിയ രീതിയിൽ തുക ചെലവഴിക്കാനാണെങ്കിൽ പിന്നെ എന്തിനാണ് ഇങ്ങനെയൊരു ബില്ലുമായി വീണ്ടും സഭയുടെ മുമ്പാകെവരുന്നത്. കഴിഞ്ഞ കുറെ സാമ്പത്തിക വർഷങ്ങളിലായി ബജറ്റ് മാനേജ്മെന്റിൽ ഗുരുതരമായ പിശകുകളും ക്രമരാഹിത്യവും ഉണ്ടാകുന്നുണ്ട്. ഇക്കാര്യം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ സി.&എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ബജറ്റിലെ വകയിരുത്തലുകൾക്ക് അനുസൃതമായി ചെലവ് ചെയ്യാനുള്ള അനുമതിക്കാണ് ഇവിടെ ഒരു ധനവിനിയോഗ ബിൽ

അവതരിപ്പിക്കുന്നത്. എന്നാൽ ഈ സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ ഏറ്റവും ഗുരുതരമായ ക്രമരാഹിത്യം, നിയമസഭ പാസ്സാക്കുന്ന ധനവിനിയോഗത്തിന് അനുസരിച്ചല്ല സർക്കാർ ചെലവ് ചെയ്യുന്നത്. പരിധിക്കപ്പുറമുള്ള ചെലവുകൾ ഭരണഘടനയുടെ 205-ാം ആർട്ടിക്കിളിന് വിരുദ്ധമാണെന്നതുപോലും വകവയ്ക്കാതെയാണ് അധികചെലവ് ചെയ്യുന്നത്. 2019 മുതൽ അതായത് ഏകദേശം അഞ്ച് വർഷങ്ങൾക്കുമുമ്പുള്ള ഏകദേശം 1685 കോടി രൂപയുടെ അധികചെലവ് ഇനിയും ക്രമപ്പെടുത്തിയിട്ടില്ല. എങ്ങോട്ടാണ് നമ്മുടെ ധനകാര്യ വകുപ്പ് പോകുന്നത്, ഇത് വളരെ ഗുരുതരമായ ഒരു വീഴ്ചയല്ലേ? പാസ്സാക്കിയതിനെക്കാൾ ചെലവുകളുള്ള 70 ശതമാനം കേസുകളിലും വ്യതിയാനത്തിനുള്ള വിശദീകരണംപോലും സർക്കാർ വകുപ്പുകൾ നൽകാറില്ലെന്നുള്ളതാണ് ഇതിനെക്കാൾ വിചിത്രം. നിയമസഭയോട് ഇവർക്കൊന്നും യാതൊരു തരത്തിലുള്ള അക്കൗണ്ടബിലിറ്റിയുമില്ലേ; 2022-23 മുതലുള്ള 1945 കേസുകളിൽ വ്യതിയാനത്തിനുള്ള വിശദീകരണം ഇനിയും സമർപ്പിക്കാനുണ്ട്. സർക്കാരിന്റെ സാമ്പത്തിക ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനുള്ള അധികാരം നിയമസഭയ്ക്കുണ്ട്. അത്

പരിമിതപ്പെടുത്തുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. തോന്നിയതുപോലെ ചെലവ് ചെയ്യാനാണെങ്കിൽ എന്തിനാണ് വീണ്ടും ഇതുപോലൊരു ധനവിനിയോഗ ബിൽ പാസ്സാക്കുന്നത്. ഈ ബജറ്റ് ആരെ പറ്റിക്കാനാണ്; ഈ കൂടിയിരുന്ന് ചർച്ച ചെയ്യുന്നത് വെറുതെയാവില്ലേ. വർഷങ്ങളായി ക്രമപ്പെടുത്താതെ കിടക്കുന്ന ഇത്തരം ചെലവുകൾ ആദ്യം ക്രമപ്പെടുത്തുകയല്ലേ വേണ്ടത്. പദ്ധതി വിഹിതം 50 ശതമാനം കുറച്ചിട്ടും കുറച്ചതിന്റെ 55 ശതമാനംപോലും ഇനിയും ചെലവഴിച്ചിട്ടില്ല. ഇത് സങ്കടകരമായ കാര്യമല്ലേ. നമ്മുടെ പല വകുപ്പുകൾക്കും പദ്ധതി നിർവഹിക്കാനുള്ള ശേഷിയില്ല. അല്ലെങ്കിൽ അത് വളരെ ദുർബലമാണ്. ഇതുകാരണമാണ് പദ്ധതി ചെലവ് കുറയുന്നത്. പദ്ധതി ചെലവുതന്നെ സാമ്പത്തിക വർഷത്തിന്റെ ഏറ്റവും അവസാനമാണുണ്ടാകുന്നത്. സാമ്പത്തിക വർഷാവസാനത്തിന്റെ തിടുക്കത്തിലുള്ള ചെലവ് സമ്പത്തിന്റെ ഔചിത്യമില്ലായ്മയാണ്. ബജറ്റ് എസ്റ്റിമേറ്റും ആക്ച്വൽ എക്സ്പെൻസസും തമ്മിൽ വലിയ ഗ്യാപ്പുണ്ടാകുന്നു. യാഥാർത്ഥ്യത്തിന് നിരക്കാത്ത പ്രൊപ്പോസലുകൾ അടിസ്ഥാനമാക്കിയാണ് ബജറ്റ് വകയിരുത്തലുണ്ടാകുന്നത്. തുടർച്ചയായ വർഷങ്ങളിൽ വീണ്ടുംവീണ്ടും

ഈ പിശകുണ്ടാകുന്ന എന്നുള്ളത് സങ്കടകരമായിട്ടുള്ള ഒരു കാര്യം തന്നെയാണ്. അത് നമ്മുടെ ബജറ്റിന്റെ കൃത്യതയില്ലായ്മയല്ലേ. ആരാണ് നമ്മുടെ ബജറ്റ് തയ്യാറാക്കുന്നത്; സാമ്പത്തിക വിദഗ്ധരൊന്നും ഇപ്പോൾ നമ്മുടെ കൂടെയില്ലേ; അവരൊക്കെ എവിടെപ്പോയി? ബജറ്റിൽ തുക വകയിരുത്തിയ പല പദ്ധതികളിലും ചെലവുണ്ടാകുന്നില്ല. എന്നാൽ പുതുതായി പ്രഖ്യാപിക്കുന്ന പല പദ്ധതികൾക്കും തുക വകയിരുത്തുന്നുമില്ല. ഇതൊക്കെ ബജറ്റ് തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന കുഴപ്പമാണ്. 2022-23 ബജറ്റിൽ വകയിരുത്തിയ തുകയിൽ 44,756 കോടി രൂപയുടെ മിച്ചമുണ്ടായി എന്ന് പറയുന്നു. 2020-21-ലെ ബജറ്റിൽ തൊട്ടുമുൻപുള്ള മൂന്ന് വർഷം വകയിരുത്തിയ തുകയുടെ കണക്ക് പരിശോധിച്ചാൽ 17 പദ്ധതികളിൽ ഒരു രൂപപോലും ചെലവഴിക്കാതെ മിച്ചം വന്നുവെന്ന് കാണാൻ സാധിക്കും. ഇങ്ങനെയെങ്കിൽ എന്തിനാണ് ഈ വകയിരുത്തൽ നടത്തുന്നത്? സാമൂഹ്യ സുരക്ഷയ്ക്കുള്ള സുപ്രധാന പരിപാടി ഉൾപ്പെടെയുള്ള പദ്ധതികൾക്കുപോലും തുടർച്ചയായി ഒരു രൂപപോലും ചെലവഴിച്ചിട്ടില്ലെന്നത് സങ്കടമല്ലേ? എന്നാൽ മറ്റൊരു തമാശ, 2022-23-ൽ 27 പുതിയ പദ്ധതികളാരംഭിച്ചതിൽ 13 എണ്ണത്തിനും യാതൊരു വകയിരുത്തലും

ബജറ്റിൽ നടത്തിയിട്ടില്ല. അതിൽ 8 പദ്ധതികൾക്ക് പദ്ധതി നിർദേശംപോലും സമർപ്പിച്ചിട്ടില്ല. 2024-25-ലെ ബജറ്റിലും ധാരാളം പ്രഖ്യാപനങ്ങളുണ്ട്. അതിന്റെ സ്ഥിതിയും ഇതുതന്നെയായിരിക്കുമല്ലോ? ബജറ്റിലെ പുതിയ പ്രഖ്യാപനങ്ങൾ ആരെ പറ്റിക്കാനാണ്? ആവശ്യമുള്ള പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുന്നില്ല, വകയിരുത്തിയ പല പദ്ധതികളും ആവശ്യമില്ലാത്തതുമാണ്. ഇതാണ് സ്ഥിതി. പ്രതീക്ഷിക്കുന്ന മിച്ചം യഥാസമയം തിരിച്ചറിഞ്ഞ് സറണ്ടർ ചെയ്തിരുന്നെങ്കിൽ ആ തുക മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കാൻ കഴിയുമായിരുന്നു. ഓരോ വർഷവും ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ വെട്ടിക്കുറയ്ക്കുന്നതിൽനിന്നുതന്നെ വികസനം പേരിന് മാത്രമാണെന്ന് വ്യക്തമാണ്. അല്ലെങ്കിൽതന്നെ സംസ്ഥാനത്ത് മൊത്തം കടമെടുപ്പിന്റെ രണ്ട് ശതമാനത്തോളം മാത്രമാണ് മൂലധന ചെലവിന് ഉപയോഗിക്കുന്നത്. ഇവിടെ ചെയ്യുന്നത് കടമെടുത്ത് കടം തിരിച്ചടയ്ക്കുകയാണ്. അതായത് സംസ്ഥാനത്തിന്റെ കടം യു.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാൾ അഞ്ചിരട്ടി വർധിച്ചപ്പോൾ അതിന്റെ 98 ശതമാനവും വികസനത്തിനല്ല ഉപയോഗിക്കുന്നതെന്നതാണ് ഏറ്റവും കൗതുകം. 68 ശതമാനത്തോളം തുക ശമ്പളം, പെൻഷൻ, പലിശ

കൊടുക്കൽ എന്നിവയ്ക്കാണ് ഉപയോഗിക്കുന്നത്. എന്നാൽ ജീവനക്കാർക്ക് നൽകാനായി അറുപതിനായിരം കോടിയോളം രൂപയുടെ ബാധ്യത ഇനിയുമുണ്ട്. ഈ പണമെല്ലാം എവിടേയ്ക്കാണ് പോകുന്നത്? സംസ്ഥാന കടത്തിന്റെ 54 ശതമാനവും അടുത്ത ഏഴ് വർഷംകൊണ്ട് തിരിച്ചടയ്ക്കണമെന്നതാണ് ഏറ്റവും അപകടകരമായ കാര്യം. എവിടെ നിന്നാണ് ഇത് നൽകുന്നത്? ഇത് നമ്മുടെ സാമ്പത്തിക സ്ഥിതിയെ ഇനിയും കൂടുതൽ വഷളാക്കും. രണ്ടുമൂന്ന് ദിവസം മുമ്പ് ചെലവ് നിയന്ത്രിക്കാനെന്ന പേരിൽ ധനകാര്യ വകുപ്പ് ഒരു ഉത്തരവിറക്കി. ഇതിൽ ഇനി മുതൽ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പി.എസ്.സി. നിയമനം നടത്തരുതെന്നും അത്യാവശ്യ സാഹചര്യമുണ്ടെങ്കിൽ കരാർ നിയമനം നടത്താനുമാണ് നൽകിയിരിക്കുന്ന നിർദേശം. നിങ്ങൾ ഇതുവഴി ഇവിടത്തെ യുവാക്കളോട് ചെയ്യുന്നത് അങ്ങേയറ്റത്തെ ദ്രോഹമാണ്. കരാർ നിയമനത്തിന്റെ പേരിൽ പാർട്ടിക്കാരെ നിയമിക്കാൻ നിങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ബലി കൊടുക്കുകയാണ് ചെയ്യുന്നത്.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കുത്തഴിഞ്ഞുകിടക്കുന്ന സംസ്ഥാനത്തെ ഈ ധനകാര്യ മാനേജ്മെന്റ് കാരണം നമ്മുടെ ബജറ്റ് സംവിധാനത്തിലുണ്ടാക്കിയ ക്രമരാഹിത്യം നാളിതുവരെ കറക്ട് ചെയ്യാത്തതിനാലും സഭ പാസ്സാക്കുന്ന ധനവിനിയോഗത്തിന് അനുസരിച്ചല്ല സർക്കാർ ചെലവ് ചെയ്യുന്നതെന്ന് ബോധ്യപ്പെട്ടതിനാലും ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. കുറഞ്ഞ പ്രതിശീർഷ വരുമാനത്തിനിടയിലും മികച്ച സാമൂഹിക പുരോഗതി നേടിയതിനാലാണ് മുൻ ദശകങ്ങളിൽ കേരള സംസ്ഥാനം ലോക പ്രസിദ്ധമായത്. എന്നാൽ ഇന്ന് കേരളത്തെ പ്രസിദ്ധമാക്കുന്നത് ദ്രുതഗതിയിലുള്ള സാമ്പത്തിക വികാസവും ദാരിദ്ര്യ നിർമ്മാർജ്ജനവുമാണ്. ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ നാം ഇന്ന് ഏഴാം സ്ഥാനത്താണ്. വിശാലമായ ഒരു ആഭ്യന്തര വിപണിയെ അടിസ്ഥാനമാക്കിയാണ് നമ്മുടെ വളർച്ചാ പ്രക്രിയ. സമൂഹത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലേക്കും ഗുണങ്ങൾ

കിനിഞ്ഞിറങ്ങിയിട്ടുള്ള സാമ്പത്തിക വളർച്ചാ പ്രക്രിയയാണ് കേരളത്തിലുണ്ടായത്. ഇത് ഉൽപാദന മേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ വളർച്ചാ ഘട്ടത്തിലേക്കുള്ള കുതിച്ചുചാട്ടത്തിന് വഴിയൊരുക്കി. ഈ മാറിയ പശ്ചാത്തലത്തിലാണ് ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. നീതി ആയോഗ് 2025-ൽ പുറത്തിറക്കിയ 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ 18 പ്രധാന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിലുള്ള നാല് സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന ആക്ഷേപം പ്രതിപക്ഷം ഉയർത്തിയിരുന്നു. നീതി ആയോഗിന്റെ പ്രസ്തുത റിപ്പോർട്ടിൽ ചെലവുകളുടെ ഗുണനിലവാരം, റവന്യൂ സമാഹരണം, സാമ്പത്തിക വിവേകം, കടം സൂചിക, കടം സുസ്ഥിരത എന്നീ അഞ്ച് സൂചകങ്ങളിലൂടെ മാത്രമാണ് സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്. റിപ്പോർട്ടിൽ വിവിധ മേഖലകളിൽ കേരളം നേടിയ പുരോഗതിയും സൂചിപ്പിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ കേരളത്തിന്റെ ചെലവ് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. റിപ്പോർട്ട് കാലയളവിൽ കേരളത്തിന്റെ തനത് വരുമാനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 26.5 ശതമാനമാണ്. ഇത് കഴിഞ്ഞ അഞ്ച് വർഷത്തെ സംയുക്ത വാർഷിക വളർച്ചാ

നിരക്കായ 7.31 ശതമാനത്തെക്കാൾ ഉയർന്ന് നിൽക്കുകയാണ്. റിപ്പോർട്ട് കാലയളവിൽ നികുതിയേതര വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 44.5 ശതമാനം വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. റവന്യൂ കമ്മി 3.3 ശതമാനത്തിൽനിന്നും 0.9 ശതമാനമായും ധന കമ്മി 5 ശതമാനത്തിൽനിന്നും 2.5 ശതമാനമായും ഈ കാലയളവിൽ കുറഞ്ഞിട്ടുണ്ടെന്നത് അഭിമാനിക്കാവുന്ന കാര്യമാണ്. ദേശീയ-അന്തർദേശീയ തലങ്ങളിലുള്ള സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തികഘടനയെ സ്വാധീനിച്ചിട്ടുണ്ട്. 2016-17-ലെ നോട്ട് നിരോധനം, 2017-18-ലെ ജി.എസ്.ടി. നടപ്പാക്കിയതിലെ പ്രശ്നങ്ങൾ, 2018-19-ലെ ഓഖി ചുഴലിക്കാറ്റും അത്യപൂർവ വെള്ളപ്പൊക്കവും, 2019-20-ലെ പ്രകൃതിക്ഷോഭങ്ങളുടെയും വെള്ളപ്പൊക്കത്തിന്റെയും തുടർച്ച, 2020-21-ലെ കോവിഡ്-19 മഹാമാരിയുടെ പൊട്ടിപ്പുറപ്പെടൽ, 2021-22-ലെ കോവിഡ്-19 മഹാമാരിയുടെ വ്യാപനവും പ്രത്യാഘാതങ്ങളും, 2022-23-ൽ കേന്ദ്ര സർക്കാർ സംസ്ഥാന കടമെടുപ്പിൽ കൊണ്ടുവന്ന നിയന്ത്രണങ്ങൾ, റഷ്യ-ഉക്രൈൻ യുദ്ധം, മധ്യപൂർവേഷ്യയിലെ സംഘർഷങ്ങൾ, ആഗോള സമ്പദ്‌വ്യവസ്ഥയിൽ പ്രതിഫലിച്ച വളർച്ച എന്നിവ സംസ്ഥാന സമ്പദ്

വ്യവസ്ഥയിൽ വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെ പ്രതികൂലമായി ബാധിച്ചു. കേന്ദ്ര സർക്കാരിന്റെ സമീപകാല നയപരിപാടികൾ പൊതുവെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണിയുയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 2022 ജൂണിൽ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെ ഏകദേശം പന്ത്രണ്ടായിരം കോടി രൂപയാണ് സംസ്ഥാനത്തിന് വാർഷിക നഷ്ടമുണ്ടായത്. കേരളത്തിന് അവകാശപ്പെട്ട പങ്കിടാവുന്ന നികുതി തുടർച്ചയായി കുറയുന്നു. സംസ്ഥാനങ്ങൾക്ക് വീതംവച്ച് നൽകേണ്ട ഡിവിസിബിൾ പൂളിൽനിന്നുള്ള വിഹിതം പതിനൊന്നാം ധനകാര്യ കമ്മീഷനിൽ 3.06 ശതമാനവും പതിനാലാം ധനകാര്യ കമ്മീഷനിൽ 2.5 ശതമാനവും ആയിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.925 ശതമാനമായി കുറഞ്ഞു. സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ കേന്ദ്ര സർക്കാർ സെസ്സും സർചാർജ്ജുകളും വർധിപ്പിക്കുന്നു. ഇത്തരം അധിക നികുതി ചുമത്തലുകൾ സംസ്ഥാനങ്ങളുമായി പങ്കിടുന്നതുമില്ല. കേന്ദ്ര പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണം. ദേശീയപാതാ വികസനത്തിനായി ഏറ്റെടുക്കുന്ന

ഭൂമിയുടെ 20 ശതമാനം തുക സംസ്ഥാനമാണ് വഹിക്കുന്നത്. ജനസാന്ദ്രതയും നഗരവൽക്കരണവും വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് ഈ പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ തുക കണ്ടെത്തേണ്ടി വരുന്നു. ഈ പ്രതിബന്ധങ്ങൾക്കിടയിലും മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ വികസന പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട് എന്നതിന്റെപേരിൽ എൽ.ഡി.എഫ്. സർക്കാരിനും ബഹുമാനപ്പെട്ട മന്ത്രിക്കും അഭിനന്ദനം അറിയിക്കുന്നു. കടമെടുക്കൽ ശേഷിയുൾപ്പെടെ വിവിധ വരുമാന മാർഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ സർക്കാർ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർന്നപ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര കൈമാറ്റം കുറഞ്ഞു. 2023-24-ൽ മുൻവർഷത്തെ അപേക്ഷിച്ച് പദ്ധതി ചെലവിൽ 1560.53 കോടി രൂപയുടെ വർധനവും പദ്ധതിയേതര ചെലവിൽ 752.92 കോടി രൂപയുടെ കുറവുമുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വേണം നാം കേരള ബജറ്റിനെ കാണേണ്ടത്. ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ നാം ഒരു ടേക്ക് ഓഫിനുള്ള പാതയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും മറ്റെല്ലാ മന്ത്രിമാരുടെയും ഒരേ ടീം സ്പിരിറ്റോടെയുള്ള പ്രവർത്തനങ്ങളാണ് ഈ വളർച്ചയ്ക്ക് നിദാനമായിട്ടുള്ളത് എന്ന കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ ചരിത്രത്തിൽ ഒരിക്കലും ഒരു സംസ്ഥാനത്തോട് കാണിക്കാൻ പാടില്ലാത്ത, അങ്ങേയറ്റം അപകടകരമായ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. കേരളം ബി.ജെ.പി.-യുടെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വഴങ്ങുന്നില്ലെന്ന് മാത്രമല്ല, അവർ ഏറ്റവും വലിയ ശത്രുവായി കാണുന്ന കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിനുകീഴിൽ കേരളത്തിൽ ഒരു തുടർഭരണമുണ്ടാകുന്നു എന്നത് അവർക്ക് വലിയ അസ്വസ്ഥതയും ആശങ്കയുമാണുണ്ടാക്കുന്നത്. രാഷ്ട്രീയമായി ഈ കേരളത്തിൽ വേരുറപ്പിക്കാൻ ശ്രമിക്കുന്ന ബി.ജെ.പി.-ക്ക്, അതുകഴിയാതെ വരികയും രാഷ്ട്രീയ കേരളത്തിന്റെ

ചരിത്രത്തിലാദ്യമായി ഒരു ഇടതുപക്ഷ ഗവൺമെന്റിന് തുടർഭരണമുണ്ടാകുകയും ചെയ്യുമ്പോൾ ആ ഗവൺമെന്റിനെ ദുർബലപ്പെടുത്താൻ ഇന്ത്യയിലെ ബി.ജെ.പി. ഗവൺമെന്റ് ശ്രമിക്കുന്നതാണ് കേരളം ഇന്ന് അഭിമുഖീകരിക്കുന്ന സാമ്പത്തികമേഖലയിലെ പ്രതിസന്ധിയുടെ ഏറ്റവും പ്രധാനപ്പെട്ട കാരണം. കേരളം നടത്തുന്ന വികസന പ്രവർത്തനങ്ങളെ........., കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വിശ്വസിക്കുന്ന ജനങ്ങൾമാത്രം വോട്ടുചെയ്തതുകൊണ്ടല്ല ആ ഗവൺമെന്റ് അധികാരത്തിൽ തുടർന്നുവെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇന്നലെവരെ ഇടതുപക്ഷത്തെ പിന്തുണയ്ക്കാത്ത വലിയൊരു വിഭാഗം ജനങ്ങൾ ഇടതുപക്ഷത്തിന് അനുകൂലമായി വോട്ടുചെയ്തു. ഇടതുപക്ഷത്തെക്കുറിച്ച് കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയവും വലതുപക്ഷ മാധ്യമങ്ങളുമൊക്കെയുണ്ടാക്കിയ ഒരു ചിത്രത്തിനുവിരുദ്ധമായി കേരളം എന്ന നാടിനെ മധ്യയൂറോപ്യൻ രാജ്യങ്ങൾക്കുതുല്യമായ നിലയിൽ ആധുനിക വികസന സംവിധാനത്തിലേക്ക് എത്തിക്കാൻ 2016 മുതലുള്ള ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തിയിട്ടുള്ള വലിയ

മുന്നേറ്റത്തിന്റെ ഭാഗമായാണ് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷത്തിന് അനുകൂലമായി വോട്ട് ചെയ്തത്. അതായത്, നമ്മുടെ റോഡുകൾ, പാലങ്ങൾ, ആശുപത്രികൾ, സാമൂഹിക ജീവിതത്തിന്റെ ചുറ്റുപാടുകൾ തുടങ്ങി അടിസ്ഥാന വികസനമേഖലയിൽ വലിയ രീതിയിലുള്ള മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. നാം ലോകത്ത് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രവണത, വെൽഫെയർ സ്റ്റേറ്റുകളിൽനിന്ന് വലതുപക്ഷ ഗവൺമെന്റുകൾ വിത്ത്ഡ്രോ ചെയ്യുന്നു എന്നതാണ്. അതൊരു പൗരന്റെ ഉത്തരവാദിത്വം മാത്രമായി ചുരുക്കുകയാണ്. ക്ഷേമരാഷ്ട്ര സങ്കൽപത്തിൽനിന്നുമാറി, പെൻഷൻ കൊടുക്കാൻ ഞങ്ങളില്ല എന്ന നിലപാട് അവർ സ്വീകരിക്കുകയാണ്. ഇന്ത്യയിലെ ഗവൺമെന്റുതന്നെ ഏറ്റവും ശക്തമായി അത് തുടരുകയാണ്. റെയിൽവേയിൽ യാത്ര ചെയ്യുന്ന പ്രായമുള്ളവരുടെ ആനുകൂല്യങ്ങൾ ഇപ്പോൾ വെട്ടിക്കുറച്ചു, ക്ഷേമാനുകൂല്യങ്ങൾ നൽകേണ്ടതില്ല എന്നൊരു നിലപാടിലേക്ക് പോകുന്നു, അർഹതപ്പെട്ട പെൻഷൻ നൽകുന്നില്ല. എല്ലാ കേന്ദ്ര ജീവനക്കാരുടെ സംഘടനകളുടെയും സമരങ്ങൾ ശ്രദ്ധിച്ചാൽ, അവരെല്ലാം സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്ന അവകാശത്തിനുവേണ്ടിയാണ് സമരം ചെയ്യുന്നതെന്ന് നമുക്ക് കാണാൻ

കഴിയും. ഒരു വെൽഫെയർ സ്റ്റേറ്റ് എന്ന ആശയത്തിൽനിന്ന് മുതലാളിത്ത നയങ്ങളുടെ ഭാഗമായി വലതുപക്ഷ ആശയങ്ങളെ പിന്തുടരുന്ന ഗവൺമെന്റുകൾ വിത്ത്ഡ്രോ ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ കേരളത്തിലെ സർക്കാർ ജനങ്ങൾക്കുവേണ്ടി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യുന്നത്? കേരളത്തിൽ സാമൂഹ്യ സുരക്ഷാ മേഖലയിൽ പതിനാലോളം ക്ഷേമ പെൻഷനുകൾ നൽകി, കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്ന ഗവൺമെന്റായി ഈ ഗവൺമെന്റ് മാറി. ഇവിടെ വിത്ത്ഡ്രോ ചെയ്യുകയല്ല ചെയ്തത്. ആധുനിക വികസന കാഴ്ചപ്പാടുകളെയും ജനങ്ങളുടെ ക്ഷേമാവശ്യങ്ങളെയും സംരക്ഷിക്കുന്ന അല്ലെങ്കിൽ അതിന് പ്രാധാന്യം നൽകുന്ന ഒരു  ഗവൺമെന്റായി നമ്മുടെ ഗവൺമെന്റ് മാറി. 2025 നവംബർ 1-ന് കേരളം ചരിത്രപ്രധാനമായ ഒരു പ്രഖ്യാപനത്തിന് കാതോർത്ത് നിൽക്കുകയാണ്. 1957-ൽ  ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ആരംഭിച്ച 'അതിദരിദ്രരില്ലാത്ത സംസ്ഥാനം' എന്ന ആശയം 2025-ൽ ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായി അധികാരത്തിലിരിക്കുമ്പോൾ നാം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുന്ന എന്ന ചരിത്രപ്രധാനമായ ഒരു

പ്രഖ്യാപനത്തിലേക്ക് പോകുകയാണ്. ഇടതുപക്ഷ വികസന കാഴ്ചപ്പാടിന്റെ വ്യത്യസ്തത എന്താണെന്ന് ചോദിച്ചാൽ ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ കഴിയും, ഇന്ത്യയിലെ ഏത് സംസ്ഥാനങ്ങളെടുത്താലും ഏത് വികസനകാര്യങ്ങൾ അവലോകനം ചെയ്താലും ചേരികളെ സൃഷ്ടിക്കലോ പാവപ്പെട്ട ജനങ്ങളെ കൂടുതൽ ദരിദ്രനാരായണന്മാരാക്കുന്നതോ ആയിരുന്നില്ല ഇടതുപക്ഷം ചെയ്തിരുന്നത്. ഇവിടെ ഓട്ടോറിക്ഷ ഓടിക്കുന്ന ഒരാളുടെ മകൻ ഓട്ടോറിക്ഷക്കാരനായിട്ടല്ല വരുന്നത്, പാടത്ത് പണിയെടുക്കുന്നൊരു തൊഴിലാളിയുടെ മകൻ പാടത്ത് പണിയെടുക്കുന്ന തൊഴിലാളി ആയിട്ടല്ല മാറിയത്. അതാണ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ആരംഭിച്ച, 1957-ൽ അടിത്തറയിട്ട ആ ഗവൺമെന്റിന്റെ വികസന നേട്ടങ്ങളെ വിദ്യാഭ്യാസ-ആരോഗ്യ-ഭൂപരിഷ്കരണ പരിഷ്കാരങ്ങളുടെ ഭാഗമായി ഇവിടെ നല്ലതുപോലെ പഠിച്ച് ഏത് ശ്രേണിയിലേക്കും വരാം, ഒരു സർക്കാർ ജീവനക്കാരനോ ഡോക്ടറോ എഞ്ചിനീയറോ സംരംഭകനോ ഒക്കെയാകാം. അങ്ങനെ നല്ല വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളിലേക്ക് മാറാം. ഇടതുപക്ഷം എത്ര തവണയാണ് കേരളം ഭരിച്ചതെന്ന് നേരത്തെ ഇവിടെ

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിക്കുകയുണ്ടായി. ഇടതുപക്ഷം 1957-ൽ അധികാരത്തിൽവന്നതിനുശേഷം പിന്നീട് രണ്ടുതവണമാത്രമല്ലേ ഭരിച്ചിട്ടുള്ളൂവെന്നും വലതുപക്ഷമാണ് കൂടുതൽ തവണ ഭരിച്ചതെന്നുമൊക്കെ ശ്രീ. ടി. സിദ്ദിഖും പറയുകയുണ്ടായി. കൂടുതൽ തവണ ഭരിച്ചതിൽ കാര്യമില്ല, ഇടതുപക്ഷം കേരളത്തിൽ തറക്കല്ലിട്ട വികസനപാതയിൽനിന്ന് ഒരു പരിധിക്കപ്പുറം കേരളത്തിന്റെ വലതുപക്ഷ രാഷ്ട്രീയത്തിന് പോകാൻ കഴിയാത്തത് ഇടതുപക്ഷം ഈ കേരളത്തിന് സമ്മാനിച്ചിട്ടുള്ള വികസന അടിത്തറയിൽനിന്നതുകൊണ്ടാണ്. ആ മാറ്റമാണ് അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുന്നുവെന്ന് പ്രഖ്യാപിക്കുന്നത്. ഈ ലോകത്തിന് മാതൃകയായ ഇടതുപക്ഷ വികസന ബദൽ എന്താണ്? ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകുന്ന ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ആ നാട്ടിൽ എന്താണ് സംഭവിക്കുകയെന്നത് ഇ.എം.എസ്. മുതൽ പിണറായി വിജയൻ വരെ ഭരിച്ച ഗവൺമെന്റുകൾ ഈ കേരളത്തിന് നടപ്പാക്കിയിട്ടുള്ള വികസനമാണ് ഇടതുപക്ഷ ബദലെന്ന് നമുക്ക് കാണാൻ കഴിയും. ആ ഒരു ബദൽ വികസന കാഴ്ചപ്പാട് നമ്മൾ അവതരിപ്പിച്ചു. നാട്ടിൽ എല്ലാവരുടെയും

താൽപര്യങ്ങൾ സംരക്ഷിക്കുന്നൊരു നിലപാടാണ് നാം സ്വീകരിച്ചത്. കേവലം വികസനം മാത്രമായിരുന്നില്ല, മെച്ചപ്പെട്ട സാമൂഹ്യ ജീവിതാന്തരീക്ഷവും സാംസ്കാരിക തലവുമുണ്ടാക്കി. വർഗീയതക്കെതിരെ ഏറ്റവും ശക്തമായ നിലപാട് സ്വീകരിച്ചു. ഇപ്പോൾ ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റായി ശ്രീ. രാജീവ് ചന്ദ്രശേഖർ വന്നുവെന്ന് പറഞ്ഞ് വലതുപക്ഷ മാധ്യമങ്ങൾ വലിയ രീതിയിൽ ആഹ്ലാദം പ്രകടിപ്പിക്കുകയും അതിന്റെ ഭാഗമായി വലിയ പ്രൊമോയൊക്കെ നൽകുകയും ചെയ്യുന്നുണ്ട്. ഒരു കാര്യമുണ്ട്, കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു മീഡിയയുടെ തലപ്പത്തിരിക്കുന്ന ശ്രീ. രാജീവ് ചന്ദ്രശേഖർ, കേരളത്തിലെ ബി.ജെ.പി.-യുടെ സംസ്ഥാന അധ്യക്ഷൻകൂടിയായി വരികയാണ്. ഒരു പുതിയ തലത്തിലേക്ക് കേരള രാഷ്ട്രീയത്തെ കൊണ്ടുപോകാനുള്ള ശ്രമമാണ് നടക്കുന്നത്. കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയവും വലതുപക്ഷ മാധ്യമങ്ങളിൽ ഒരുഭാഗവും സ്വീകരിക്കുന്ന കടുത്ത ഇടതുപക്ഷ വിരുദ്ധതയുണ്ട്. ആ ഇടതുപക്ഷ വിരുദ്ധതയെന്നത് ഒരു ക്രിട്ടിക്കൽ ഇവാല്യുവേഷനോ ഒരു പോസിറ്റീവായ വിമർശന രീതിയോ അല്ല. ബംഗാളിലെ ഗവൺമെന്റിനെ ഒരു ഘട്ടത്തിൽ തകർത്തതുപോലെ, ബംഗാളിലെ

ഗവൺമെന്റിന് ഇല്ലാതിരുന്ന കുറ്റമുണ്ടായിരുന്നില്ല. എസ്.യു.സി.ഐ. (സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ)-ക്കാർ ഞങ്ങളെ കമ്മ്യൂണിസം പഠിപ്പിക്കാൻ വരികയാണ്. വളരെ വിചിത്രമായ കാര്യമാണ് കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടത്തെ ജന്മിമാരും മാടമ്പിമാരും ഈ നാട്ടിലെ തൊഴിലാളികളെയും കൃഷിക്കാരെയും ആട്ടുമാട്ടുകളെപ്പോലെ പണിയെടുപ്പിച്ച് അവരുടെ അനുകൂല്യങ്ങൾ കൊടുക്കാതിരുന്നപ്പോൾ ചെമ്പതാകയുമായി ഒറ്റയ്ക്കെങ്കിൽ ഒറ്റയ്ക്ക് എന്ന് കരുതി ആ ജന്മി-മാടമ്പിമാരുടെ എല്ലാ അധികാരത്തെയും ഭീകരമായ മർദ്ദനത്തെയും അതിജീവിച്ചാണ് ഈ ചെങ്കൊടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും കേരളത്തിൽ വളർന്നത്. ഒരു പാവപ്പെട്ടവന്റെയും ആനുകൂല്യം ഇവിടെ നിഷേധിക്കില്ല. എന്നാൽ തീർക്കാൻ കഴിയാത്ത മുദ്രാവാക്യങ്ങളുയർത്തി ഒരു ഗവൺമെന്റിനെതിരെ രംഗത്തുവരികയാണ്. ആശാവർക്കർമാരുടെ ആ സമരത്തിന്റെ പ്രധാന കണ്ടന്റ് എന്താണ്? ഓണറേറിയം വർധിപ്പിക്കാത്തതാണോ; ഇന്ത്യയിൽ ഏറ്റവും കുറവ് ഓണറേറിയം നൽകുന്ന സംസ്ഥാനമാണോ കേരളം? എല്ലാ തൊഴിലാളികളുടെയും എല്ലാ

ജീവനക്കാരുടെയും ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടണം. ആശാവർക്കർമാർ എന്നത് നമ്മളെല്ലാവരും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വിഭാഗമാണ്. ഈ സമൂഹത്തിലെ സ്കീം വർക്കേഴ്സ് എന്ന നിലയിൽ അവരെ ആദരിക്കാത്ത പഞ്ചായത്തുകളോ ജനപ്രതിനിധികളോ ഉണ്ടാകില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റിനുള്ള അധികാരം ഉപയോഗിച്ച് ഈ സ്കീം വർക്കർമാർക്ക് അനുകൂലമായ തീരുമാനമെടുക്കാൻ തയ്യാറാകാതെയും അവരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കാതെയും സംസ്ഥാന ഗവൺമെന്റിന്റെ തലയിലേക്ക് ആ സ്കീം വർക്കർമാരുടെ ഉത്തരവാദിത്വം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ ഇന്റർനാഷണൽ കോൺഗ്രസിനെപോലെയുള്ള ഒരു രാഷ്ട്രീയ പാർട്ടി അത് അഡ്രസ് ചെയ്യേണ്ടതല്ലേ; നാളെ നിങ്ങളും സ്വാഭാവികമായും അധികാരത്തിൽ വരില്ലേ; ഇത്തരം സ്കീം വർക്കർമാർ നാളെയുമുണ്ടാകില്ലേ; അപ്പോൾ അവർ ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചാൽ നിങ്ങൾക്ക് അത് നടപ്പാക്കാൻ സാധിക്കുമോ? കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടതല്ലേ ഇത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള വളരെ പരിണതപ്രജ്ഞരായ രാഷ്ട്രീയ നേതൃത്വങ്ങളാണ് അവരെല്ലാം. ഇപ്പോൾ അവർക്ക് 40:60 എന്ന

അനുപാതത്തിൽ നൽകുന്ന വിഹിതത്തിൽനിന്നും കേന്ദ്ര സർക്കാർ മെല്ലെ വിത്ത്ഡ്രോ ചെയ്തുതുടങ്ങി. നിയോജകമണ്ഡലം പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷപാർട്ടികളും പതിനാറോളം ദേശീയ പാർട്ടികളും ഉൾപ്പെടെ പങ്കെടുത്ത ഒരു മീറ്റിങ് കഴിഞ്ഞ ദിവസം തമിഴ്നാട്ടിൽ നടന്നു. സംസ്ഥാനങ്ങളുടെ അവകാശങ്ങളെ അപകടകരമായി കവർന്നെടുക്കുക, സാമ്പത്തികമായ ഭാരം സംസ്ഥാനങ്ങളിൽ അടിച്ചേൽപ്പിക്കുക തുടങ്ങിയ നിലപാടിലേക്ക് ഇന്ത്യയിലെ ബി.ജെ.പി. സർക്കാർ പോകുമ്പോൾ ആ ഘട്ടത്തിൽ കേരളം ഭരിക്കുന്നത് പിണറായി വിജയൻ ഗവൺമെന്റാണെന്നതുകൊണ്ട് അവരുടെ തലയിലിരിക്കട്ടെ ഇതെല്ലാം എന്ന നിലയിൽ ഒരു വിരുദ്ധ നിലപാട് സ്വീകരിച്ചുപോകുന്നത് കേരളത്തിലെ പ്രതിപക്ഷത്തിന് ഗുണമാണോ എന്നുള്ളത് സൂക്ഷ്മമായി പരിശോധിക്കേണ്ട കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം എസ്.യു.സി.ഐ.-യെക്കുറിച്ചാണ് സൂചിപ്പിച്ചത്. ദേശീയതലത്തിൽ വലിയൊരു പൊതുപണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയാണ്. അത്

പ്രഖ്യാപിച്ചിരിക്കുന്നത് ദേശീയതലത്തിലെ പ്രധാനപ്പെട്ട ട്രേഡ് യൂണിയനുകളാണ്. അതിൽ ഒപ്പുവച്ചിരിക്കുന്നത് ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., എച്ച്.എം.എസ്., സി.ഐ.ടി.യു., എ.ഐ.യു.ടി.യു.സി. തുടങ്ങിയ സംഘടനകളാണ്. എസ്.യു.സി.ഐ.-യുടെ തൊഴിലാളി സംഘടനയാണ് എ.ഐ.യു.ടി.യു.സി. തൊഴിലാളികൾക്കുവേണ്ടി ദേശീയതലത്തിൽ എല്ലാവരും ഒരുമിച്ചുനിന്നുകൊണ്ടാണ് അങ്ങ് സൂചിപ്പിച്ച ബി.ജെ.പി. സർക്കാരിന്റെ തൊഴിൽ നയത്തിനെതിരെ പോരാടുന്നത്. ഇപ്പോൾ പാവപ്പെട്ട തൊഴിലാളികളുടെ ഒരു സംഘടന ഇവിടെ സമരം ചെയ്തപ്പോൾ അവരുടെ ആവശ്യം ന്യായവും ശരിയുമാണെന്ന് ബോധ്യപ്പെട്ടതിനാൽ ഞങ്ങൾ അതിന് പിന്തുണ നൽകി. അതിൽ എന്ത് തെറ്റാണുള്ളത്? കേന്ദ്രത്തിന്റെ ഇൻസെന്റീവ് വർധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞങ്ങളുടെ എം.പി.-മാർ ഡൽഹിയിൽ സമരം ചെയ്യുകയാണ്. ഇവിടെയുള്ള സമരക്കാരെ പരമാവധി സഹായിച്ചുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണമെന്ന് ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് അഭ്യർഥിക്കുകയാണ് ചെയ്തത്. ആശാവർക്കർമാരുടെ ഓണറേറിയം പതിനായിരം രൂപയിലേക്കെങ്കിലും

ഉയർത്തണമെന്ന് പത്തുവർഷങ്ങൾക്കുമുമ്പ് ഇവിടെ ശ്രീ. എളമരം കരീം ആവശ്യപ്പെട്ടിരുന്നതാണ്. പത്ത് വർഷത്തിനുശേഷം ഇപ്പോൾ അവർ ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ അതിന് പിന്തുണ നൽകിയെന്ന് മാത്രമെയുള്ളൂ. അക്കാര്യത്തിൽ അങ്ങേയ്ക്ക് എന്ത് തെറ്റാണ് പറയാൻ സാധിക്കുന്നത്?

ശ്രീ. കെ. വി. സുമേഷ്: സർ, എസ്.യു.സി.ഐ. ഞങ്ങളെ കമ്മ്യൂണിസം പഠിപ്പിക്കാൻ വരേണ്ടായെന്നുള്ള ഒരു ഭാഗമാണ് ഞാൻ പറഞ്ഞത്. ഞാൻ പറയുന്ന പ്രധാനപ്പെട്ട കാര്യം, സ്കീം വർക്കർമാരുടെ വിഷയത്തിൽ കേന്ദ്രം ചെയ്യേണ്ട ഉത്തരവാദിത്വം ചെയ്യുന്നില്ല. നാളെ യു.ഡി.എഫ്. കേരളം ഭരിക്കുമ്പോഴും അവർ ഇങ്ങനെയൊരു ആവശ്യം ഉന്നയിച്ചാൽ നിങ്ങൾക്കത് നടപ്പാക്കാനുള്ള ബുദ്ധിമുട്ടുണ്ടാകും. കേന്ദ്രമാണ് ഓണറേറിയം വർധിപ്പിക്കേണ്ടത്. കേന്ദ്രം വർധിപ്പിച്ചാൽ സ്വാഭാവികമായും സംസ്ഥാനവും വർധിപ്പിക്കും. ഓണറേറിയം വർധിപ്പിക്കുമെന്ന നിലപാട് സ്വീകരിക്കുന്നതിന് പകരം സ്കീം വർക്കർമാരിൽ.....

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ ഡിമാൻഡിൽ

എസ്.യു.സി.ഐ.-യുടെ തൊഴിലാളി വിഭാഗം അണിനിരക്കുന്നതിനെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. ഈ അഖിലേന്ത്യാ സമരത്തിൽ ഇടതുപക്ഷ ട്രേഡ് യൂണിയനുകളും ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകളുമുണ്ട്. ആ സമരത്തിൽ ഉന്നയിച്ച ഡിമാൻഡും ഇവിടെ അവർ ഉന്നയിക്കുന്ന ഡിമാൻഡും വ്യത്യസ്തമാണ്. അഖിലേന്ത്യാ തലത്തിൽ ഉന്നയിച്ചിട്ടുള്ള എല്ലാ ഡിമാൻഡുകളോടും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് യോജിപ്പാണുള്ളത്. ആ യോജിപ്പിന്റെ ഭാഗമാണ് നേരത്തെ ഇവിടെ സബ്മിഷൻ അവതരിപ്പിച്ച സമയത്ത് പറഞ്ഞത്. അവിടെ ദേശീയ തലത്തിൽ പണിമുടക്കിലേക്ക് പോകുമ്പോൾ ഈ പണിമുടക്കിന്റെ മുദ്രാവാക്യങ്ങളിൽ.... ഉദാഹരണത്തിന് തൊഴിലുറപ്പുകാരുടെ ഒരു ദിവസത്തെ കൂലിയായി 600 രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്, മിനിമം വേതനമല്ല അവർ ആവശ്യപ്പെട്ടിരിക്കുന്നത്. ഒരു ദിവസത്തെ കൂലിയായി 600 രൂപയും 200 തൊഴിൽ ദിനങ്ങളും അനുവദിക്കണമെന്നാണ് അവശ്യപ്പെട്ടിരിക്കുന്നത്. അത്തരം ഡിമാൻഡുകൾ ഉയർത്തി ദേശീയ തലത്തിൽ നടത്തുന്ന പണിമുടക്കിനോട് 100 ശതമാനം പിന്തുണയാണ്

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുള്ളത്. എന്നാൽ ഇവിടെ ആശാവർക്കർമാരുടെ സമരവുമായി ബന്ധപ്പെട്ട് അതിനെ താരതമ്യം ചെയ്യാൻ കഴിയില്ലെന്നുള്ള കാര്യംകൂടി പറയണം. കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനയായ ഐ.എൻ.ടി.യു.സി. പോലും ഈ സമരത്തോട് യോജിക്കുന്നില്ല. അതാണ് കേരളത്തിലെ യാഥാർഥ്യം.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യത്തിന്റെ യഥാർഥ പോയിന്റാണ് ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞത്. എന്നാൽ ദേശീയ തലത്തിലെ ബി.ജെ.പി.-യുടെയും സംഘ്പരിവാറിന്റെയും ഈ ഓട്ടോക്രസിക്കെതിരെ ഇന്ത്യയിലെ തൊഴിലാളി സംഘടനകൾ എല്ലാം യോജിച്ച് നിൽക്കുന്നു. ഞങ്ങൾ പറയുന്ന പ്രധാനപ്പെട്ട പോയിന്റ് എന്താണ്; കേരളത്തിൽ ഒരു സ്കീം വർക്കർമാരല്ല ഉള്ളത്. അങ്കണവാടി ജീവനക്കാരുടെ പ്രശ്നങ്ങളും സ്വാഭാവികമായും ഉയർന്നുവരികയാണ്. കേന്ദ്രം ഇങ്ങനെ വിത്ത്ഡ്രോ ചെയ്ത് പോയാൽ സ്വാഭാവികമായും...... ഇവരെ തൊഴിലാളികളായി അംഗീകരിക്കണമെന്നതാണ് ഈ സമരത്തിന്റെ മർമ്മ പ്രധാനമായ പോയിന്റ്. എന്നാൽ അവരെ തൊഴിലാളികളായി

അംഗീകരിക്കാൻ തയ്യാറാകുന്നില്ല. കേന്ദ്ര മന്ത്രി അവരുടെ സമര പന്തലിലേക്ക് പോയെങ്കിലും അവർക്ക് ഈ ഉറപ്പ് കൊടുക്കുകയോ അതിന് സഹായകരമായ നിലപാട് സ്വീകരിക്കുകയോ ചെയ്യുന്നില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കാണാൻ പോയപ്പോൾ ആദ്യ ഘട്ടത്തിൽ അവർ അതിന് തയ്യാറാകുന്നില്ല. സംസ്ഥാനങ്ങളോട് ഒരു സൗഹൃദ മനോഭാവത്തോടെയുള്ള ഭരണ രീതിയല്ല സ്വീകരിക്കുന്നതെങ്കിൽ എങ്ങനെയാണ് സംസ്ഥാനങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകുന്നത്. ഈ സാഹചര്യത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷം അഡ്രസ് ചെയ്യേണ്ടതല്ലേ എന്ന ചോദ്യമാണ് ഞാൻ പ്രധാനമായും ചോദിക്കുന്നത്. അവർ ഉന്നയിക്കുന്ന മുദ്രാവാക്യം ശരിയല്ല. കേരളത്തിലല്ല എവിടെയാണെങ്കിലും തൊഴിൽ ചെയ്യുന്നവർക്ക് അവരുടെ അവകാശങ്ങൾ ഉന്നയിക്കാനുള്ള അവകാശമുണ്ട്. ആ അവകാശത്തെ സ്വാഭാവികമായും പ്രതിപക്ഷം പിന്തുണയ്ക്കും. പിന്തുണയ്ക്കുക എന്നുള്ളത് നിങ്ങളുടെ രാഷ്ട്രീയമായ താൽപര്യത്തിന്റെ ഭാഗമാകാം. നിങ്ങൾ എന്തെങ്കിലും അപരാധം ചെയ്തുവെന്നതല്ല, ഇവിടെ പ്രശ്നം അടിസ്ഥാനപരമായ പ്രശ്നങ്ങൾ കാണാതെ കേവലമായതിന്റെ യുക്തിയിൽ വച്ച് ഒരു ഗവൺമെന്റിനെ

ആക്ഷേപിക്കുന്നത് ശരിയല്ല എന്ന നിലയുള്ള കാര്യമാണ് പ്രധാനമായും നമുക്കിവിടെ കാണാൻ കഴിയുന്നത്. 'തൊഴിലാളികൾ' എന്ന അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പോയിന്റ് അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകുന്നതേയില്ല. അക്കാര്യം ചൂണ്ടിക്കാണിക്കുന്നതിൽ സ്വാഭാവികമായും അവർക്കും വലിയ താൽപര്യം കാണുന്നില്ല. സമരത്തിന്റെ ലക്ഷ്യം എന്നത് ഒരു മഴവിൽ സഖ്യമായി രൂപപ്പെട്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയും ആ ഗവൺമെന്റിന്റെ രീതികളെയും വളരെ ഫലപ്രദമായി അപകീർത്തിപ്പെടുത്തുകയാണ്. അതിന്റെ ഭാഗമായാണ് ഇങ്ങനെയുള്ള നീക്കങ്ങൾ പ്രധാനമായും ഇവിടെ ഉയർന്നുവരുന്നതെന്ന് നമുക്ക് കാണാൻ കഴിയും. കേരളത്തിൽ ഒരു തൊഴിലാളി സമരത്തെയും അവഗണിക്കുകയോ ആ തൊഴിലാളികളെ മോശമായി ചിത്രീകരിക്കുകയോ ചെയ്യുന്ന നിലപാട് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു ഭരണകാലത്തുമുണ്ടായിട്ടില്ല. വസ്തുതകളും യാഥാർത്ഥ്യങ്ങളും മറച്ചുവച്ചുകൊണ്ട്.... ആശാവർക്കർമാർക്കുവേണ്ടി ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഓണറേറിയം കൊടുക്കുന്നൊരു സംസ്ഥാനമാണ് കേരളം. എന്നിട്ടുപോലും ആ സംസ്ഥാനത്തെ ജനങ്ങളുടെ മുന്നിൽ

അപകീർത്തിപ്പെടുത്താനുള്ള നീക്കത്തിന്റെ ചിത്രമാണ് ഇതിന്റെ ഭാഗമായി സൂചിപ്പിച്ചത്. എല്ലാവരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നൊരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. ആ ഗവൺമെന്റ് ഒരു തുടർഭരണത്തിലാണ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പി. കെ. കുഞ്ഞാലിക്കുട്ടിയും ഇവിടെ സംസാരിക്കുമ്പോൾ പറഞ്ഞു, ബി.ജെ.പി. വോട്ട് കൂട്ടിയിട്ടാണോ അല്ലെങ്കിൽ അവരുടെ വോട്ട് വർധിപ്പിച്ചിട്ടാണോ നിങ്ങൾ വീണ്ടും അധികാരത്തിൽ തുടരാൻ പോകുന്നതെന്ന രാഷ്ട്രീയമായ ചോദ്യം ഇതിന്റെ ഭാഗമായി ചോദിക്കുകയുണ്ടായി. അതൊന്നും അല്ല, ഈ കേരളമെന്ന നാടിന്റെ മതനിരപേക്ഷ ജനാധിപത്യ സംരക്ഷണത്തെയും അതിന്റെ ഭാഗമായിട്ടുള്ള വികസന കാഴ്ചപ്പാടിനെയും ഏറ്റവും ഫലപ്രദമായി ഈ ഗവൺമെന്റ് നടത്തുന്ന വികസന നേട്ടങ്ങളെയും മുഖവിലയ്ക്കെടുത്തുകൊണ്ട് എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജനങ്ങൾ ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുകതന്നെ ചെയ്യും. അതാണ് നമ്മുടെ ആത്മവിശ്വാസം. ഈ ഗവൺമെന്റ് തുടരുമെന്ന് സൂചിപ്പിച്ചുകൊണ്ടും ഈ ബില്ലിനെ പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീ. കെ. വി. സുമേഷ് സമയം അധികരിച്ചതിനുശേഷമാണ് പ്രസംഗം അവസാനിപ്പിച്ചത്.

മി. സ്പീക്കർ: സമയം അധികരിച്ചതല്ല, അദ്ദേഹം അധികം സമയമെടുക്കുന്ന ആളുമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇടപെട്ടപ്പോൾ കുറച്ച് നീണ്ടുപോയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതേ മനോഭാവം ബഹുമാനപ്പെട്ട ചെയർ എന്നോടും കാണിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ആരംഭിക്കുകയാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ശ്രീ. കെ. വി. സുമേഷ് ആശാ വർക്കർമാരെക്കുറിച്ച് പറഞ്ഞു. അവരുടെ സാമൂഹ്യ സാഹചര്യവും അവരുടെ സാമ്പത്തിക വിഷമവും മനസ്സിലാക്കണ്ടേ; അത് ഇപ്പോൾ വലിയ ആഗോള പ്രതിഭാസമാക്കി കൊണ്ടുവന്ന് അവരുടെ സമരത്തെ എങ്ങനെ മുടക്കാൻ സാധിക്കുമെന്നാണ് നോക്കുന്നത്. ഏറ്റവും അവസാനം അദ്ദേഹം എസ്.യു.സി.ഐ.-യുടെ കാര്യവും പറഞ്ഞു, പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിങ്ങളോട് ചൂണ്ടിക്കാണിച്ചു. ആ എസ്.യു.സി.ഐ.-യുമായി ചേർന്ന് മറ്റൊരു സമരത്തിൽ നിങ്ങൾ കൊടി കുട്ടിക്കെട്ടുകയാണെന്ന്.

അപ്പോൾ എസ്.യു.സി.ഐ.-യും പ്രശ്നമില്ല. സമയത്തിന്റെ കുറവുള്ളതുകൊണ്ട് ഒരു കാര്യം പറയാം. കേരളത്തിൽ ഒരു രാഷ്ട്രീയ മാറ്റമുണ്ടായാൽ ആശാവർക്കർമാർ ചെയ്യുന്ന ആ സമരത്തിന് ഫലമുണ്ടാകും, അവരുടെ പ്രശ്നങ്ങൾ ഞങ്ങൾ പരിഹരിക്കുകയും ചെയ്യും. അവിടെ പ്രശ്നങ്ങൾ എന്താണ്; അവിടെ കുത്തും കോമയും ഇടേണ്ട കാര്യമില്ല, അവർ പട്ടിണി പാവങ്ങളും വിഷമിക്കുന്ന ആളുകളുമാണ്. അവരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ആ കണ്ണീരൊപ്പുന്നതിൽ ഈ ചെങ്കൊടിയുണ്ടോ എന്നുള്ളതാണ് നമ്മൾ നോക്കിയിരിക്കുന്നത്. നിങ്ങൾ ആ ചെങ്കൊടിയില്ല എന്ന് പറയുകയാണ്, ഞാൻ അതുകൊണ്ട് തടസ്സപ്പെടുത്തുന്നില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, അവരുടെ കണ്ണീരൊപ്പുന്ന കാര്യത്തിൽ ചെങ്കൊടിയുണ്ട്. പക്ഷേ അവർ നടത്തുന്ന സമരത്തിന്റെ രീതിയിലാണ് അഭിപ്രായവ്യത്യാസമുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അനുമതി ഞാൻ അങ്ങയോടൊപ്പം നിൽക്കുകയാണ്. സാധാരണ നമ്മൾ അരിത്തമാറ്റിക്സ് എഴുതുമ്പോൾ അതിന്റെ വഴി ശരിയാണോ എന്ന് നോക്കുന്നതുപോലെയാണ്. അങ്ങ് മനസ്സുകൊണ്ട്

കമ്മ്യൂണിസ്റ്റാണെന്ന് എനിക്കറിയാം. മനസ്സിൽ കമ്മ്യൂണിസമില്ലാത്ത പലയാളുകളുമുണ്ട് എന്നുള്ളത് കൊണ്ടുമാത്രമാണ് ഞാൻ അങ്ങയോട് ഇത് പറയാൻ കാരണം. ഇപ്പോൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുണ്ടായിരിക്കുന്ന ഒരു പ്രശ്നം, മധ്യവർഗത്തിൽ നിൽക്കുന്ന സാഹചര്യങ്ങളുമായി പതുക്കെ നീങ്ങുകയാണ്. തൊഴിലാളി വർഗത്തിൽ നിന്നുമാറി സാവകാശം മധ്യവർഗത്തിലേയ്ക്ക് പോകുകയാണ്. അവിടെയാണ് നിങ്ങൾ 'നോ' എന്ന് പറയണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നത്. അത് പറയേണ്ടത് നിങ്ങളാണ്, ഞങ്ങളല്ല. അത് ശരിയല്ല, അതുകൊണ്ടുതന്നെ പഴയതുപോലെ തൊഴിലാളികളുടെ വികാരത്തോടും വിഷയത്തോടും ഒരുമിച്ച് നിന്നുകൊണ്ട് പഴയ കമ്മ്യൂണിസ്റ്റായി നിങ്ങൾ വരണമെന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. ഗ്രാവ് പാടത്തെ നെല്ല് സംഭരിക്കുന്നതിനുവേണ്ടി പാവപ്പെട്ട കർഷകർ അവിടെ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷനേതാവും ഞങ്ങൾ എല്ലാവരുംകൂടി ഒരുമിച്ച് അവിടെപോയി കണ്ടതാണ്. നമ്മുടെ പാടത്തിറക്കുന്ന ചില ഗുണ്ടകളുണ്ട്. അവരുടെ വിളയാട്ടം നടക്കുകയാണ്. അതുകൊണ്ട് നെല്ല്

എടുക്കാൻ നിവൃത്തിയില്ല. അവർ ഇപ്പോൾ സമരത്തിലാണ്. നമ്മൾ ഈ സംസാരിക്കുന്ന നിമിഷത്തിലും ആ പാവപ്പെട്ട ആളുകൾ സമരത്തിലാണ്. 18 കിലോ കിഴിവ് വേണമെന്നാണ് ഈ മില്ലുടമകൾ പറയുന്നത്. അത് ശരിയാണോ; ഇവിടെ ഭരിക്കുന്നത് ഒരു ഇടതുപക്ഷ ഗവൺമെന്റാണെന്നല്ലേ പറയുന്നത്, കമ്മ്യൂണിസ്റ്റ് ആദർശം ആണെന്നല്ലേ പറയുന്നത്. വിളവുൽപാദിപ്പിക്കുന്ന പാവപ്പെട്ട കർഷകനോട് നിങ്ങൾ ആഭിമുഖ്യം കാണിക്കണ്ടേ; അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരോടൊപ്പം നിൽക്കണ്ടേ; രാവിലെ മുതൽ പാഡി ഓഫീസറുടെ ഓഫീസിൽ അവർ കാത്തിരിക്കുകയാണ്, എന്നിട്ടും അതിനൊരു പ്രയോജനമുണ്ടാകുന്നില്ല. അതിനും നിങ്ങൾ ഇടതുപക്ഷ മുഖം കാണിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ഇവിടെ നേരത്തെ ധനകാര്യത്തെക്കുറിച്ച് പറഞ്ഞു. നമ്മുടെ ധനസ്ഥിതിയിൽ കേരളത്തിന്റെ നിലവിലെ പൊസിഷൻ 18-ാം റാങ്കിൽ നിന്ന് 15-ൽ വന്നുവെന്നാണ് നീതി ആയോഗിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ആ കണക്കാണ് ഞാൻ കാണിക്കുന്നത്. നീതി ആയോഗിനെക്കുറിച്ച് ഇപ്പോൾ സൂചിപ്പിച്ചല്ലോ? നമ്മുടെ സ്ഥിതി വളരെ

ദയനീയമാണ്. നമ്മുടെ മുഖം വളരെ ഗംഭീരമാണെന്ന് പരസ്പരം പറഞ്ഞിട്ട് കാര്യമില്ല. നമ്മൾ സാമ്പത്തികമായി വളരെ വിഷമം അനുഭവിക്കുകയാണ്. അനുവദിച്ച തുക മുഴുവൻ നൽകിയിട്ടില്ല; അതിൽ പിശകുണ്ടെന്ന് ഞാൻ കഴിഞ്ഞ പ്രാവശ്യം സൂചിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനെ വളരെ ശക്തമായി നിഷേധിക്കുകയാണുണ്ടായത്. ആ നിഷേധം നിലനിൽക്കുമ്പോഴാണ് 79 ശതമാനം എക്സ്പെൻഡിച്ചറുണ്ടായി എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയും ആ മന്ത്രിയുടെ നേതൃത്വത്തിലുള്ള പ്ലാനിങ് ബോർഡ് അത് 55 ശതമാനമാണെന്ന് തിരുത്തുകയും ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയെ തെറ്റിദ്ധരിപ്പിക്കാമോ; അങ്ങ് നിയമസഭയിൽ വളരെ കൃത്യമായി കണക്കുകൾ പറയേണ്ട ആളല്ലേ? അങ്ങ് ഈ കണക്ക് ഇനിയെങ്കിലും തിരുത്തണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. നിലവിൽ പൊതുകടവും ബാധ്യതകളും വളരെ വർധിച്ചുവെന്ന യാഥാർഥ്യമാണുള്ളത്. കേരളത്തിന്റെ പൊതുകടം 4.15 ലക്ഷം കോടി രൂപ ആയി വർധിച്ചിരിക്കുന്നുവെന്നും കേരളം നിലവിൽ പരിധിക്കുപുറത്താണെന്നുമാണ് സി.&എ.ജി. (Comptroller &

Auditor General of India) റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. നമ്മുടെ കേരളം എങ്ങോട്ടാണ് പോകുന്നത്? കേരളത്തിന്റെ ഇന്നത്തെ അവസ്ഥയിൽനിന്നും നമ്മൾ കൂടുതൽ കൂപ്പുകുത്താൻ പോവുകയാണ്. അപ്പോൾ നേരെ ഞങ്ങളോട് നിങ്ങൾ ചോദിക്കുന്നത് 'ഈ കൂപ്പുകുത്തുന്നതിൽ കൈയടിക്കാനാണോ ഈ പ്രതിപക്ഷം' എന്നായിരിക്കും. അങ്ങനെയല്ല, നിങ്ങൾ നന്നാകാൻവേണ്ടിയാണ് ഞങ്ങൾ വിമർശനങ്ങൾ ഉന്നയിക്കുന്നത്. പക്ഷേ നന്നാവുകയേയില്ല എന്നൊരു വാശിയിൽ നിങ്ങൾ നിൽക്കുന്നതുകൊണ്ട് അത് ആവർത്തിക്കേണ്ടിവരുന്നുവെന്ന് മാത്രമേയുള്ളൂ. നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുണ്ടായിരിക്കുന്ന സ്ഥിതി.... ബി.ജെ.പി. സംസ്ഥാന അധ്യക്ഷനായി ശ്രീ. രാജീവ് ചന്ദ്രശേഖരൻ തിരഞ്ഞെടുക്കപ്പെട്ടകാര്യം നമുക്ക് എല്ലാപേർക്കും അറിയാവുന്നതാണ്. ശ്രീ.രാജീവ് ചന്ദ്രശേഖർ എന്ന കേരള രാഷ്ട്രീയത്തിലെ ഉദയത്തെ ഏറ്റവും കൂടുതൽ ആഹ്ലാദത്തോടുകൂടി പറഞ്ഞത് അന്നത്തെ എൽ.ഡി.എഫ്. കൺവീനറായിരുന്ന സഖാവ് ശ്രീ. ഇ. പി. ജയരാജൻ ആയിരുന്നു. ശ്രീ.രാജീവ് ചന്ദ്രശേഖരൻ വളരെ നല്ല സ്ഥാനാർഥിയാണെന്ന് സൂചിപ്പിച്ചുകൊണ്ട് ശ്രീ. ഇ. പി. ജയരാജൻ നൽകിയ സർട്ടിഫിക്കറ്റും

നമുക്കറിയാവുന്നതാണ്. അതിനുള്ള കാരണത്തെക്കുറിച്ച് അന്നൊരു വിശദീകരണമുണ്ടായെങ്കിലും അതുസംബന്ധിച്ച് ഞാൻ ഇവിടെ പരസ്യമായി പറയുന്നില്ല. നിങ്ങൾ ഇവിടെ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഈ നാട്ടിലെ ജനങ്ങൾ കാണുന്നുണ്ട്. പൂച്ച കണ്ണടച്ച് പാലുകുടിക്കുന്നതുപോലെ നിങ്ങൾക്ക് കണ്ണടച്ച് പാലുകുടിക്കാൻ കഴിയുന്ന സംസ്ഥാനമല്ല കേരളം എന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പദ്ധതി വിഹിതം വെട്ടിച്ചുരുക്കാനായി 31-08-2024-ൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിനെക്കുറിച്ച് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിച്ചിരുന്നു. എല്ലാ കാര്യങ്ങളും എനിക്കറിയാം, അതുകൊണ്ട് ഞാൻ എതിർക്കുന്നു എന്ന് ഒറ്റ സെക്കന്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു. പക്ഷേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ വന്ന കുറവ് വളരെ താഴെയാണ് എന്നുള്ളത് പിന്നീട് കണക്കുകളിലൂടെ ബോധ്യപ്പെടുകയാണ് ചെയ്തത്. നിയമസഭയിൽപ്പോലും കോൺഫിഡൻസോടെ നിൽക്കാതെ, സത്യം പറയാത്ത അവസ്ഥയിലേയ്ക്ക് പോയാൽ നമ്മൾ എവിടെപ്പോയി നിൽക്കുമെന്നതിനെക്കുറിച്ച്

ആലോചിക്കണം. ജി.എസ്.ടി നികുതി വരുമാന വളർച്ച കേവലം 5 ശതമാനമാണ്. ഐ.ജി.എസ്.ടി വളർച്ചയിൽ -1 (മൈനസ് ഒന്ന്)-ലാണ് നമ്മൾ വന്നുനിൽക്കുന്നത്. ഈ രൂപത്തിൽ സംസ്ഥാനത്തെ നികുതി പിരിവിൽ താഴോട്ട് പോയാൽ എവിടെപ്പോയി നിൽക്കുമെന്ന് ആലോചിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ജനങ്ങൾക്കുവേണ്ടി ചെയ്യേണ്ട നല്ല കാര്യങ്ങളൊന്നും ചെയ്യുന്നില്ല. കൂട്ടത്തിൽ ഞാൻ ഒരുകാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അക്കാര്യം നമ്മുടെ എം.എൽ.എ.-മാരിൽ പലരും സൂചിപ്പിച്ചെങ്കിലും ഞാൻ ആവർത്തിക്കുകയാണ്. എം.എൽ.എ. ഫണ്ട് വർധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചന ഗവൺമെന്റ് നടത്തണം. ഇതുപറയാൻ കാരണം, പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾക്ക് ഗവൺമെന്റിന്റെ വക പദ്ധതികളൊന്നും ലഭിക്കില്ല. ആകെ ആശ്രയിക്കാൻ കഴിയുന്നത് എം.എൽ.എ. ഫണ്ടുമാത്രമാണ്. ആ ഫണ്ടും...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, (....മൈക്ക് ഓഫ്.....അതുപോലും നടക്കുന്നില്ല.)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് വേറെ പ്രശ്നം, പക്ഷേ ഫണ്ടും തികയുന്നില്ലല്ലോ, ആ ഫണ്ട് വർധിപ്പിക്കുന്നതിനുള്ള.....(ബെൽ)...... എങ്ങനെയാണ് സർ എന്റെ സമയം തീരുന്നത്....

<u>മി. സ്പീക്കർ</u>: ഞാൻ ബെല്ലടിച്ചിട്ടല്ലേയുള്ളൂ, അതൊരു പ്രോസസ്സല്ലേ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എന്നെ പ്രോത്സാഹിപ്പിക്കാൻവേണ്ടി ബെൽ അടിച്ചുകൊണ്ടേയിരിക്കുകയാണെങ്കിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷേ എന്റെ പ്രസംഗം തുടങ്ങിയിട്ട് മൂന്ന് മിനിട്ടേ ആയിട്ടുള്ളൂ... ബഹുമാനപ്പെട്ട ചെയറിന് ഇക്കാര്യത്തിൽ എവിടെ കണക്ക് തെറ്റിയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട അങ്ങ് നല്ല കാൽക്കുലേഷനുള്ള ആളാണ്. അതുകൊണ്ട് അങ്ങനെ തെറ്റാറില്ല. ഇപ്പോൾ ഈ രൂപത്തിൽ നമ്മുടെ നാട്ടിലെ....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, താങ്കൾ പ്രസംഗം തുടരൂ..

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതെങ്ങനെ വന്നുവെന്ന് ഞാൻ ആലോചിച്ച് നിൽക്കുകയായിരുന്നു; സംസാരിച്ചുകൊണ്ടിരിക്കുന്ന ആളിനെ അസമയത്ത് ബെല്ലടിച്ച് ഇൻസൾട്ട് ചെയ്യുക എന്നത്....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അങ്ങനെ സംസാരിക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഓർക്കുന്നില്ലെങ്കിലും നമ്മുടെ നാട്ടിലുള്ള എല്ലാവർക്കും അതൊക്കെ അറിയാം. അതുകൊണ്ട് ദയവായി അങ്ങ് അതുചെയ്യരുത്, അത് ശരിയല്ല.

മി. സ്പീക്കർ: വളരെ മുതിർന്ന ഒരംഗം എന്ന നിലയിൽ അങ്ങ് ഇങ്ങനെ പറയുന്നത് ശരിയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വരുമാന വർധനവും ചെലവ് ചുരുക്കലും സംബന്ധിച്ച നടപടികളുണ്ടാകും എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിലുണ്ടായിരുന്നു. അതിനുശേഷമാണ് 50 ശതമാനം വെട്ടിക്കുറയ്ക്കുന്നതിനുള്ള തീരുമാനമെടുത്തത്. ആ 50 ശതമാനം കട്ട് ചെയ്യുന്നതിന് നിയോഗിച്ച കമ്മിറ്റിയിൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിമാരും

പങ്കെടുത്തിരുന്നു. അതിനുശേഷം ഈ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ഇത് കുറയ്ക്കുന്നതിനുവേണ്ടി വകുപ്പ് അധ്യക്ഷൻമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഇതേ ഉത്തരവിന്റെ രണ്ടാം ഭാഗം പുറപ്പെടുവിച്ചിട്ടുണ്ട്. അപ്പോൾ അങ്ങ് ഇവിടെ പറഞ്ഞത് യാഥാർഥ്യമല്ലെന്നകാര്യം നിൽക്കുകയാണ്. അതുകൊണ്ട് നമ്മുടെ നാട്ടിലെ വികസന പ്രവർത്തനത്തെ മുന്നോട്ടുപോകുന്നതിന് പ്രാപ്തമായ രൂപത്തിലേക്ക് ഇക്കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം എന്നുമാത്രമേ അഭ്യർഥിക്കാനുള്ളൂ. ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന ധാരാളം തെറ്റായ പ്രവർത്തനങ്ങളുണ്ട്. ഞാൻ അതൊന്നും ആവർത്തിച്ച് പറയുന്നില്ല. ഇവിടെ രാഷ്ട്രീയമായ വിമർശനങ്ങൾ ധാരാളം നടന്നതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പ്രതിപക്ഷത്തോടുള്ള വൈര്യനിര്യാതന ബുദ്ധിയോടുകൂടിയുള്ള വിമർശനമുണ്ടാകരുത്. ഒരുകാര്യംകൂടി ഞാൻ പറയാം; നിങ്ങളെല്ലാം മൂന്നാംതവണ ഊണ് കഴിക്കുന്നതിനുവേണ്ടി ഇലയിട്ട് ഇരിക്കുകയാണ്. അതിൽ ഞങ്ങൾക്ക് കുഴപ്പമില്ല. പണ്ടൊരു മല്ലയുദ്ധത്തിന് പോയ ഒരു ഗുസ്തിക്കാരനുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞത് എന്റെ കൈയിൽ എ പ്ലാൻ ഉണ്ട് എന്നാണ്. ആ എ പ്ലാനിൽ പറയുന്നത്

അദ്ദേഹം ജയിക്കുകയെന്നതാണ്. രണ്ടാം പ്രാവശ്യം അയാൾ പറഞ്ഞത് ജയിച്ചു.,....... പിടിച്ചു.....പക്ഷെ തോറ്റുപോയി, മൂന്നാം പ്രാവശ്യം തോറ്റപ്പോൾ അയാൾ പറഞ്ഞത് എനിക്ക് ഒരു ബി പ്ലാൻ ഉണ്ടെന്ന്. അപ്പോൾ എന്താണ് ബി പ്ലാൻ എന്ന് നാട്ടുകാർ ചോദിച്ചു, അപ്പോൾ അയാൾ ആ ഗുസ്തിയിലെ ഗോദയിൽനിന്നും ഇറങ്ങി ഓടി, അതായിരുന്നു അയാളുടെ ബി പ്ലാൻ. അതുകൊണ്ട് ദയവായി ഇതൊന്നും പറയരുത്. കേരളത്തിൽ വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി നൂറിലധികം സീറ്റോടുകൂടി വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരും. അതിനുള്ള രാഷ്ട്രീയ അന്തരീക്ഷമുണ്ടാക്കുന്ന നിങ്ങളോട് നന്ദി പറയാൻകൂടി ഞാൻ ഈ സമയം വിനിയോഗിച്ചുകൊണ്ട് 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ എതിർക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തെറ്റിദ്ധരിച്ചതാണ്. സാധാരണനിലയിൽ സമയം കഴിഞ്ഞപ്പോൾ റിങ് ചെയ്തതാണ്, അല്ലാതെ അതിനപ്പുറം അങ്ങയോട് പ്രസംഗം ചുരുക്കണമെന്ന ഒരു കമന്റും എന്റെ ഭാഗത്തുനിന്നുണ്ടായില്ല.

ഓർഡർ..............ഓർഡർ...........ഇന്നത്തെ അജണ്ടയിൽ ചെറിയൊരു മാറ്റമുണ്ട്. ഇത് ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയാണ്. ഇന്നത്തെ നിയമനിർമ്മാണകാര്യത്തിൽ രണ്ടാമതായി...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ..(മൈക്ക് ഓഫ്)..

മി. സ്പീക്കർ: No...No..........ചെയർ കൃത്യമായി ഡിജിറ്റൽ ക്ലോക്കിൽ ശ്രദ്ധിക്കുന്നുണ്ട്. 8 മിനിട്ടിൽതന്നെയാണ് അങ്ങ് പ്രസംഗം തുടങ്ങിയത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ സംസാരിച്ചപ്പോൾ സമയം തെളിഞ്ഞില്ലെന്ന് മാത്രമല്ല, വീണ്ടും ഏഴുമിനിട്ടുകൂടെ എന്ന് പറഞ്ഞാണ് സ്ക്രീനിൽ തെളിഞ്ഞുവന്നത്. അതിന്റെ അർഥം എനിക്ക് അനുവദിച്ചുതന്ന സമയം ഒന്ന് വ്യത്യാസപ്പെടുത്തിയതാണെന്ന് എനിക്കറിയാം. അതിൽ എനിക്ക് തർക്കമില്ല, സാധാരണനിലയിൽ അങ്ങനെയൊക്കെ സംഭവിച്ച് പോകുന്നതാണ്. പക്ഷേ അങ്ങ് അത് തിരുത്തിയല്ലോ എന്നോർത്ത് എനിക്ക് സന്തോഷമുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഇപ്പോഴും തെറ്റിദ്ധരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ.കെ.വി.സുമേഷിന്റെ

പ്രസംഗം കൃത്യമായി നടന്നിട്ടുണ്ട്. അങ്ങയുടെ പ്രസംഗം എട്ടിൽനിന്നാണ് തുടങ്ങിയത്.....അത് വേണമെങ്കിൽ പരിശോധിക്കാം....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ ബജറ്റ് സമ്മേളത്തിലെ ആദ്യഘട്ടം മുതൽ പലതവണ പലതരത്തിൽ ചർച്ച ചെയ്ത അടുത്ത ഒരു വർഷക്കാലത്തേയ്ക്കുള്ള നമ്മുടെ സംസ്ഥാനത്തിന്റെ ധനകാര്യ കാര്യങ്ങൾ സംബന്ധിച്ച ചർച്ചയുടെ അവസാന ഘട്ടമാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതുകഴിഞ്ഞാൽ നാളെ ഫിനാൻസ് ബിൽ കൂടി പാസ്സാക്കി ഈ സഭാ സമ്മേളനം അവസാനിക്കും. അടുത്ത ഒരു വർഷത്തേയ്ക്ക് ജനങ്ങളുടെ പൊതുവിലുള്ള ജീവിതത്തെ ബാധിക്കുന്ന നയപരമായ കാര്യങ്ങൾ പ്രഖ്യാപിക്കുന്ന, അതിന്റെ സാമ്പത്തിക കാര്യങ്ങൾ സൂചിപ്പിക്കുന്ന ഒരു രേഖ എന്ന നിലയിൽ വളരെ വിശദമായ ചർച്ചയാണ് നടന്നത്. അതിൽ ഭരണകക്ഷി അംഗങ്ങളും പ്രതിപക്ഷ അംഗങ്ങളും ഗൗരവതരമായ കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സ്വാഭാവികമായും അതിൽ രാഷ്ട്രീയം കടന്നുവരുമെന്നുള്ളതുകൊണ്ടും രാഷ്ട്രീയം വളരെ സജീവമായി ചർച്ചചെയ്യുന്നൊരു സമൂഹത്തിലാണ് നാം ജീവിക്കുന്നതെന്നുള്ളതുകൊണ്ടും അത്തരം കാര്യങ്ങൾ സ്വാഭാവികമായും

ഉണ്ടാകും. ഈ സമ്മേളനം നടക്കുമ്പോൾ ഏറ്റവും ഗൗരവതരമായി ചർച്ച ചെയ്യേണ്ട ധാരാളം കാര്യങ്ങളുണ്ട്. എല്ലാം ഈ സമയത്തിനുള്ളിൽ പറയാൻ കഴിയില്ല. എങ്കിലും ഭാവികേരളത്തിൽ നമ്മുടെ അന്നത്തെ തലമുറ കേരളത്തിലെ നിയമസഭ ചർച്ചചെയ്ത ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ കാര്യങ്ങളെ സംബന്ധിച്ച് നോക്കുമ്പോൾ, ഈ ഘട്ടത്തിലെ ചർച്ചകൾ അതിൽ വരേണ്ടതാണെന്നാണ് ഞാൻ കരുതുന്നത്. ഇന്ന് ലോകം വളരെ വ്യത്യസ്തമായ ഒരു ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അങ്ങനെ പ്രവേശിക്കുന്നതിന്റെ പല ഉദാഹരണങ്ങളുണ്ട്. ഇന്ത്യയുടെ രാഷ്ട്രീയഭൂമിശാസ്ത്രവും സംസ്ഥാനങ്ങളുടെ അവകാശവും ആകെ ചോദ്യം ചെയ്യപ്പെടുന്ന തരത്തിലേക്കുള്ള രാഷ്ട്രീയപ്രശ്നങ്ങളും ഈ സമയത്ത് ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം തമിഴ്നാട് മുഖ്യമന്ത്രി മുൻകൈയെടുത്ത് ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുടെയും ചില സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെയും ഒരു യോഗം ചേരുകയുണ്ടായി. അതിൽ ഇന്ത്യൻ ഫെഡറലിസത്തെ സംബന്ധിച്ചും ഫെയർ ഡീൽ ഓഫ് ഡീലിമിറ്റേഷൻ എന്ന ആശയത്തെ സംബന്ധിച്ചും ചർച്ച നടന്നു. കേവലം

പരസ്പരമുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് പിരിഞ്ഞുപോകേണ്ട ഒരു സ്ഥലമാണ് നിയമസഭയെന്ന് ഞാൻ കരുതുന്നില്ല. 2026-ൽ ഇന്ത്യൻ പാർലമെന്റിലെ സീറ്റുകളുടെ കാര്യത്തിൽ പുനഃസംഘടന വരുമെന്ന ചർച്ച നടക്കുകയാണ്. നിലവിൽ പാർലമെന്റിലെ സീറ്റുകളുടെ വിഭജനം 1971-ലെ സെൻസസ് പ്രകാരമാണ് ഉള്ളതെന്ന് നമുക്കറിയാം. അതിനായി കൊണ്ടുവന്ന ഭേദഗതി പിന്നീട് വാജ്പേയ് ഗവൺമെന്റ് വന്നപ്പോൾ വീണ്ടും 20 വർഷത്തേയ്ക്കുകൂടി നീട്ടി. ഇപ്പോൾ 2026 വരാൻ പോകുന്നു. നിലവിൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് നൽകിയിരിക്കുന്ന സീറ്റുകളുടെ എണ്ണം ഒന്നും കുറയാത്ത രീതിയിലാണ് കാര്യങ്ങൾ ആലോചിക്കുന്നതെന്ന് ബി.ജെ.പി. ഗവൺമെന്റ് പറഞ്ഞുവെന്നുമാത്രമല്ല, 845 പേർക്ക് ഇരിക്കാവുന്ന തരത്തിലേക്കുള്ള ലോക്സഭയാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളതെന്നുള്ള പല കണക്കുകളും വരുന്നുണ്ട്. പാർലമെന്റിന്റെ ഘടനയും സ്വഭാവും മാറുന്നതരത്തിലേക്കുള്ള കാര്യങ്ങൾ പറഞ്ഞു. ഇന്ത്യയിലെ പ്രതിപക്ഷ പാർട്ടികൾ മാത്രമല്ല, ബി.ജെ.പി. ഭരിക്കുന്ന ഒറീസ്സയിലെ ഉൾപ്പെടെയുള്ള പ്രതിനിധികൾ, മഹാരാഷ്ട്രയിൽ നിന്നൊക്കെ...... ജനസംഖ്യയിൽ എവിടെയൊക്കെയാണോ

നിയന്ത്രണം വന്നത് ആ സ്ഥലത്തൊക്കെ ബാധിക്കുന്ന പ്രശ്നമാണ്. ഇന്ത്യൻ ജനാധിപത്യത്തെ വല്ലാതെ ബാധിക്കുന്ന തരത്തിലേക്ക്, പാർലമെന്റിന്റെ സ്വഭാവംതന്നെ മാറ്റുന്ന തരത്തിലേക്ക് കാര്യങ്ങൾ വരികയാണ്. അത് വളരെ ഗൗരവത്തോടെ ചർച്ച ചെയ്യണം. കുറച്ചുവർഷം കഴിയുമ്പോൾ രാജ്യത്തിന്റെ ഘടനതന്നെ ഇങ്ങനെയാണോ; ഭൂമിശാസ്ത്രം ഇങ്ങനെയാണോയെന്ന് അറിയാൻ പറ്റാത്ത തരത്തിലേക്ക് കാര്യങ്ങൾ വരും. വിവിധ പ്രദേശങ്ങളും നാട്ടുരാജ്യങ്ങളും ചേർന്നുണ്ടായ രാജ്യമാണ് നമ്മുടേത് എന്ന് നമുക്കറിയാം. തിരുവിതാംകൂറും മലബാറും കൊച്ചിയും ചേർന്ന് കേരള സംസ്ഥാനം രൂപംകൊണ്ട സമയത്ത് രണ്ടുപ്രദേശങ്ങളും ചെറിയ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിലായിരുന്നെങ്കിലും അതിനെയെല്ലാം ചില ശക്തികളും കോർത്തിണക്കുന്ന ഭാഷയും ദേശീയതയും ദേശീയ സമരങ്ങളും പ്രക്ഷോഭങ്ങളുമുണ്ട്. ഇന്ത്യയിൽ രൂപംകൊണ്ട എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ തരത്തിലുള്ള പ്രാതിനിധ്യം കിട്ടുമെന്ന് പ്രതീക്ഷിച്ചാണ് എല്ലാവരും ഒന്നിച്ചുചേർന്നത്. അമേരിക്കൻ ഐക്യനാട്ടുകളിൽ വലിയ സംസ്ഥാനമായാലും ചെറിയ സംസ്ഥാനമായാലും സ്റ്റേറ്റുകൾക്ക് ഉപരിസഭയിൽ ഒരേ അംഗസംഖ്യയാണുള്ളത്. ഇത്തരം

കാര്യങ്ങളൊക്കെ വെല്ലുവിളിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന ഘട്ടത്തിൽ, നമ്മൾ സഭയ്ക്കകത്തും കേരളത്തിനകത്തും മാത്രം കാണുന്ന കാര്യങ്ങളല്ല ഇന്ത്യയിൽ കാണേണ്ടതെന്ന നിലയിലേക്കുള്ള ഒരു പൊതു പ്രശ്നം ചർച്ച ചെയ്യപ്പെടുന്ന ഘട്ടമാണെന്നുള്ളതുകൊണ്ട് അത്തരം കാര്യങ്ങളെ സംബന്ധിച്ച് നമ്മുടെ സഭയ്ക്കുള്ള കൃത്യമായ അഭിപ്രായം നേരത്തെ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലുള്ള പ്രശ്നങ്ങൾ വരുമ്പോൾ അതെങ്ങനെയാണ് നമ്മളെ ബാധിക്കുന്നതെന്നുള്ളത് നമുക്കറിയാം. നമ്മുടെ ഫെഡറലിസത്തിനകത്ത് കോ-ഓപ്പറേറ്റീവ് ഫെഡറലിസമെന്ന കൺസപ്റ്റാണ്, ഓരോ നിയമം നിർമ്മിക്കുമ്പോഴും... സംസ്ഥാനങ്ങളുടെ പരിമിതമായ അവകാശങ്ങളിലൊന്നായ സെയിൽസ് ടാക്സ് കൂടി സെൻട്രൽ ലിസ്റ്റിലേക്ക് എടുക്കണമെന്ന് പറഞ്ഞപ്പോൾ ഭരണഘടന രൂപീകരിക്കുന്നതിനുവേണ്ടി നിലവിൽവന്ന കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയുടെ തലവനായിരുന്ന ബഹുമാന്യനായ ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞത് 'ആകെ സ്റ്റേറ്റുകൾക്ക് അവശേഷിച്ചിട്ടുള്ളത് ഈ പരിമിതമായ സെയിൽസ് ടാക്സ് മാത്രമാണ്. അതുകൂടി എടുക്കാൻ പാടില്ല' എന്നാണ്. ഇതെല്ലാം ജി.എസ്.ടി.

നടപ്പാക്കുന്ന സമയത്ത് ചർച്ച ചെയ്ത കാര്യങ്ങളാണ്. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ കേരളത്തിലെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി.-യെ അനുകൂലിച്ചോ കോൺഗ്രസ് പ്രതികൂലിച്ചോ എന്ന കാര്യത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ജി.എസ്.ടി. കൃത്യമായി നടപ്പാക്കിയിരുന്നുവെങ്കിൽ കുഴപ്പമൊന്നുമില്ലായിരുന്നു. കേന്ദ്രത്തിൽ ഏത് പാർട്ടിയാണോ അധികാരത്തിലിരിക്കുന്നത് അവരായിരിക്കും ജി.എസ്.ടി.-യുടെ കാര്യങ്ങൾ തീരുമാനിക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ കൈയിലേക്ക് ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട അധികാരം വന്നാൽ ഈ പ്രശ്നമുണ്ടെന്നുള്ളത് പാർലമെന്റിൽ ഞങ്ങൾ കൊടുത്ത ഡിസന്റ് നോട്ടിൽ പറഞ്ഞിട്ടുള്ളതാണ്. യഥാർഥത്തിൽ ജി.എസ്.ടി. കൊണ്ടുവരാൻ ഇനിഷ്യേറ്റീവ് എടുത്തിട്ടുള്ളത് കോൺഗ്രസ്സായിരുന്നുവെന്ന് നമുക്കറിയാം, പക്ഷേ, അതല്ല പ്രശ്നം. സെയിൽസ് ടാക്സിന്റെ കാര്യത്തിൽ രാജ്യത്തെ അന്നത്തെ കോൺസ്റ്റിറ്റുവെന്റ് അസംബ്ലിക്ക് നേതൃത്വം വഹിച്ച ഡോ. ബി. ആർ. അംബേദ്കറെ പോലുള്ള വ്യക്തികൾ പറഞ്ഞ അവസ്ഥ ഇന്നിപ്പോൾ നമ്മുടെ ജനാധിപത്യത്തെ അപകടകരമായ അവസ്ഥയിലേക്ക് മാറ്റിയാൽ...., സെയിൽസ് ടാക്സ് ഉൾപ്പെടെയുള്ള

അവകാശങ്ങൾ സംസ്ഥാനത്തുനിന്ന് കേന്ദ്രം എടുത്താലുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് അവർ ചൂണ്ടിക്കാണിച്ചതെല്ലാം ഇന്ന് ശരിയായി വന്നുകൊണ്ടിരിക്കുകയാണ്. അതിനൊപ്പമാണ് ഫെഡറലിസത്തിന്റെ കാര്യവും. ഇവിടെ ഫിസ്കൽ ഫെഡറലിസത്തിന്റെ മാത്രം പ്രശ്നമല്ല. ലാംഗ്വേജ്, സിലബസ്, ദൈനംദിനം നടത്തുന്ന കാര്യങ്ങൾ ഇതിനെപ്പറ്റിയെല്ലാം ഇത്തരം കാര്യങ്ങൾ വരുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയെപ്പറ്റി രാവിലെ ശ്രദ്ധക്ഷണിക്കലുണ്ടായിരുന്നല്ലോ? ആശാ വർക്കർമാരുടെ കാര്യത്തിൽ ഇവിടെ പറയുന്ന കാര്യവും ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാനത്തിന്റെ റിസ്സോഴ്സസ് നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞാൽ, ആ പണം നമുക്കുണ്ടെങ്കിൽ ഇത്തരത്തിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ വരില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആകെ 25 ലക്ഷം കോടി രൂപ സംസ്ഥാനങ്ങൾക്ക് കൊടുക്കുമ്പോൾ 3 ശതമാനമാണെങ്കിൽ നമുക്ക് 75,000 കോടി രൂപ കിട്ടണം. ആ 75,000 കോടി രൂപയ്ക്ക് പകരം പത്ത് മുപ്പത്തയ്യായിരം കോടി രൂപ മാത്രമേ നമുക്ക് കിട്ടുന്നുള്ളൂ. നമുക്ക് അർഹമായത് കിട്ടുന്നില്ല. ഇവിടെനിന്നും എല്ലാം പിടിച്ചെടുത്തുകൊണ്ടുപോവുകയും തരാനുള്ള

പണം തരാതെയിരിക്കുകയും.... തരണമെങ്കിൽതന്നെ ബ്രാൻഡിങ് നടത്തി അവർ പറയുന്നതുപോലെ മാത്രമേ ചെയ്യാൻ പറ്റൂവെന്നും പറയുന്ന അവസ്ഥ വരുമ്പോൾ ഒരു സംസ്ഥാനത്തിനും ശരിയായ രീതിയിൽ പ്രവർത്തിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. ആ അവസ്ഥ നിലനിൽക്കുന്നു, അത് രൂക്ഷമാകുന്ന സ്ഥിതിയിലാണ് കാര്യങ്ങൾ പോകുന്നതെന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്. സംസ്ഥാനങ്ങളെ മോശമാക്കാൻവേണ്ടിയല്ല ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. ഏറ്റവും സമ്പന്നമായ സംസ്ഥാനം എന്ന് കരുതുന്ന തെലങ്കാനയിലെ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത് നമ്മൾ അറിഞ്ഞതാണ്. ഹിമാചൽപ്രദേശിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കാൻ കഴിയാത്ത അവസ്ഥ വന്നു. ഇപ്പോൾ തെലങ്കാനയിലും സമാന അവസ്ഥ വന്നിരിക്കുകയാണ്. കർണ്ണാടകയിലും മഹാരാഷ്ട്രയിലുമൊക്കെ ഇതേ സ്ഥിതിയാണ്. ഞാൻ കോൺഗ്രസ് ഭരിക്കുന്ന രണ്ട് സംസ്ഥാനങ്ങളെ ചൂണ്ടിക്കാണിക്കുന്നത് രാഷ്ട്രീയമായ താൽപര്യം കൊണ്ടല്ല. ഏറ്റവും സമ്പന്നമായ സംസ്ഥാനങ്ങൾക്കുപോലും ശമ്പളം കൃത്യമായി കൊടുക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് എത്തുന്നുവെന്നുപറഞ്ഞാൽ അവിടുത്തെ മിസ്

മാനേജ്മെന്റല്ല. അത് ആ സംസ്ഥാനത്തിന് കിട്ടാനുള്ള അവകാശങ്ങളും സമ്പത്തും കിട്ടാതിരിക്കുന്നതുകൊണ്ടാണ്. ഇവിടെ നേരത്തേ ചർച്ച ചെയ്യുമ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, പല സ്കീമുകളും സെൻട്രൽ-സ്റ്റേറ്റ് എന്നുപറഞ്ഞാണ് കൊണ്ടുവരുന്നത്. അതായത് 50:50, 60:40 എന്നൊക്കെ, നേരത്തേയുള്ളതിനേക്കാളും സെൻട്രലി സ്പോൺസേർഡ് സ്കീമിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇപ്പോൾ ഒരു സ്കീമെന്ന നിലയ്ക്ക് കേന്ദ്രവും സംസ്ഥാനവും പരസ്പരം ഷെയർ ചെയ്യുന്ന തരത്തിൽ ആ സ്കീം നടപ്പാക്കുമെങ്കിലും അഞ്ച് വർഷം അല്ലെങ്കിൽ പത്ത് വർഷം കഴിയുമ്പോൾ സെൻട്രൽ ഗവൺമെന്റ് അതിൽനിന്നും പിൻവാങ്ങുന്നു. ടി സ്കീമിനായി സംസ്ഥാനം കുറേ സ്കീം വർക്കേഴ്സിനെയോ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആളുകളെയോ നിയമിച്ചിട്ടുണ്ടാകും. ഇതുപോലെ നിയമിച്ചിട്ടുള്ള ആളുകൾക്ക് വേതനം കൊടുക്കാതിരിക്കാൻ കഴിയുമോ? അതിനായി കേന്ദ്രത്തിൽനിന്നും അവർ ഫണ്ട് തരില്ല. ഇതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്നുള്ള വ്യത്യാസമൊന്നുമില്ല. ഏത് സർക്കാർ അധികാരത്തിൽ വന്നാലും ഇത്തരം കാര്യങ്ങളിൽ വരുന്ന സമീപനങ്ങൾ അതിന്റെ കൂടെ

നിൽക്കുകയാണ്. അതിനൊപ്പമാണ് യൂണിവേഴ്സിറ്റികൾക്കൊക്കെ അവകാശമില്ലാതെ വരുന്ന അവസ്ഥയും. ഇതിനൊപ്പം ഒരു കാര്യം കൂടി കൂട്ടിച്ചേർത്ത് കാണണം. നമ്മുടെ തലമുറ ഇപ്പോൾ ഇവിടെ ഇരിക്കുന്നവരുടെ പൂർവികരുൾപ്പെടെ... കേരള നിയമസഭയാകുമ്പോഴും അതിനുമുമ്പുള്ള സമയത്തും നമ്മുടെ രാഷ്ട്രീയ ഭൂപടത്തിലും ലോകരാഷ്ട്രീയത്തിലും ഉണ്ടായിരുന്ന കാഴ്ചപ്പാടുകൾ മാറിക്കൊണ്ടിരിക്കുകയാണ്. അത് കാണാതെ പോകാൻ കഴിയില്ല. എനിക്ക് വലിയ ആശങ്കയുണ്ട്; എന്റെ മാത്രമല്ല ഇവിടെയിരിക്കുന്ന ഉത്തരവാദ രാഷ്ട്രീയ നേതാക്കന്മാർക്കെല്ലാം ആശങ്കയുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ ലോകത്തിൽത്തന്നെ ജനാധിപത്യം ഇല്ലാതാകുന്ന തരത്തിലേക്കാണ് കാര്യങ്ങൾ പോകുന്നത്. സാധാരണഗതിയിൽനിന്നും ജനാധിപത്യം ധ്വംസിക്കുന്നുവെന്നതിൽ തർക്കമുണ്ടോ? സാധാരണഗതിയിൽ ഇംഗ്ലീഷ് സിനിമയിലും ഹോളിവുഡ് സിനിമയിലും മറ്റ് ഭാഷാ ചിത്രങ്ങളിലുമൊക്കെ ഗ്ലാഡിയേറ്റർ പോലുള്ള ചിത്രങ്ങൾ കാണാറുണ്ട്. പഴയ കാലത്തെ റോമിലെ വളരെ ക്രൂരമായ വിനോദങ്ങൾ, അടിമകളെ പിടിച്ച് യുദ്ധത്തിന്/വലിയ കളത്തിലിട്ട്

മൃഗങ്ങളുമായി പരസ്പരം യുദ്ധം ചെയ്തു കൊല്ലുന്നതൊക്കെ ഒരു ആസ്വാദനത്തിനുവേണ്ടി ഉപയോഗിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു, അതിർത്തികൾ എന്നത് ഒരു പ്രശ്നമല്ലാത്ത കാലമുണ്ടായിരുന്നു. എതിരാളികളെ മുഴുവൻ നിഷ്കരുണം കൊലപ്പെടുത്തുന്നതിന് അംഗീകൃതമായ നിയമം ഉണ്ടായിരുന്ന കാലമുണ്ടായിരുന്നു. ഇപ്പോൾ അമേരിക്കൻ പ്രസിഡന്റ് അവർക്ക് ഇന്ന രാജ്യം വേണമെന്ന് ആവശ്യപ്പെടുകയാണ്. കഴിഞ്ഞ ദിവസം പാലസ്തീനിൽ വീണ്ടും ബോംബ് ആക്രമണമുണ്ടായി. ഇത് ആരാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്? ഇക്കാര്യം ആരും ചർച്ച ചെയ്യുന്നില്ല. പാലസ്തീനിൽ ഉണ്ടായ ഏറ്റവും അവസാനത്തെ സംഭവമാണിത്. പാലസ്തീനോ ഇസ്രായേലോ അല്ലെങ്കിൽ ഉക്രൈനോ മറ്റൊരു രാജ്യമെന്നല്ല...... കഴിഞ്ഞ ദിവസം ലബനിൽ വീണ്ടും ആക്രമണം ഉണ്ടാകുന്നു, ലബനൻ മേഖലയിൽ യുദ്ധത്തിന്റെ അന്തരീക്ഷം ഉണ്ടാകുന്നു. ജനാധിപത്യത്തിന് ഇതെല്ലാം പരസ്പരം അംഗീകൃതമായ കാര്യങ്ങളാണ്. ഇന്ത്യാ രാജ്യത്ത് അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് കേരളത്തിന്, തെലങ്കാനയ്ക്ക്, തമിഴ്നാടിന്, ഹിമാചൽപ്രദേശിന് ഇത്രയേ തരുവെന്ന് പറഞ്ഞാൽ, അത് ഒരു നിയമമാകുന്ന തരത്തിലേക്ക് ഇത്ര

സീറ്റേ ആ സംസ്ഥാനത്തിന് ഉണ്ടാകുവെന്ന് പറഞ്ഞാൽ അതൊരു നിയമമാകുന്ന തരത്തിലേക്ക് ഇന്ത്യൻ രാഷ്ട്രീയം പോകുന്നെങ്കിൽ ലോക രാഷ്ട്രീയം ഇതിനെല്ലാം വഴി തുറക്കുന്ന തരത്തിലേക്കുള്ള രാഷ്ട്രീയമാണ്. അമേരിക്കയിൽ വിദ്യാഭ്യാസ വകുപ്പ് വേണ്ടെന്ന് അമേരിക്കൻ പ്രസിഡന്റ് പറയുകയാണ്. കൂടാതെ ചില വേറെ വകുപ്പുകളും നിർത്തി. ഇപ്പോൾ അവിടെ ഇലോൺ മസ്കാണ് എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത്. വിദ്യാഭ്യാസ വകുപ്പ് വേണ്ട, വിദ്യാഭ്യാസ വകുപ്പ് ഉള്ളതുകൊണ്ടാണ് അമേരിക്കൻ വിദ്യാഭ്യാസം നന്നാകാത്തതെന്ന് പറഞ്ഞുവെന്നുള്ള വാർത്ത കഴിഞ്ഞ ദിവസം വന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അമേരിക്കൻ പ്രസിഡന്റ് ഡബ്ല്യു.എച്ച്.ഒ.-യ്ക്ക് കൊടുക്കുന്ന ആനുകൂല്യം നിർത്തിയെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ? മാത്രമല്ല, എൻവിയോൺമെന്റൽ പ്രൊട്ടക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി നൽകുന്ന മുഴുവൻ പ്രവർത്തനങ്ങളും നിർത്തി വയ്ക്കാനാണ് ഇപ്പോൾ ആഹ്വാനം കൊടുത്തിരിക്കുന്നത്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വാസ്തവത്തിൽ ചരിത്രപരമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഡബ്ല്യു.എച്ച്.ഒ.-യ്ക്ക്

കൊടുക്കുന്നില്ല, എൻവിയോൺമെന്റൽ ലോസ് മുഴുവൻ മാറ്റിയെന്ന് മാത്രമല്ല അമേരിക്ക പോലും നേരത്തെ എടുക്കാതിരുന്ന ഷെയ്ൽ ഗ്യാസ്..., അവിടുത്തെ മലയോരങ്ങളിലെ പാറ പൊട്ടിച്ച് ഷെയ്ൽ ഗ്യാസ് എടുക്കാനായി തീരുമാനിച്ചിരിക്കുന്നു. ആ ഷെയ്ൽ ഗ്യാസ് എടുത്താൽ എക്കോളജിക്കലി വലിയ പ്രശ്നമുണ്ടാകും. അതുപോലെ ഗ്രീൻലാൻഡിലെ ഖനി വിഭവങ്ങൾ എടുക്കാൻ പോകുന്നു. ഈ തരത്തിൽ എന്തും ചെയ്യുന്നതാണെന്ന് പറയുന്ന അത്തരം ഒരു ശക്തി ലോകത്തെ നിയന്ത്രിക്കാനായി വരുമ്പോൾ....... അതിന്റെ പിന്നാലെ ഇന്ത്യയിലെ വിദ്യാഭ്യാസം...... ഇവിടെ ആശാവർക്കേഴ്സിനും തൊഴിലുറപ്പുകാർക്കും മാത്രമല്ല സ്പോർട്സിനും ആരോഗ്യരംഗത്തും ഒരുതരത്തിലും പണം നൽകാതെ........ ഇന്ത്യൻ ഇക്കണോമി ഉൾപ്പെടെ ലോകത്തെ ഇക്കണോമി മുഴുവൻ റീ-ഡ്രാഫ്റ്റ് ചെയ്യാൻ ആലോചിക്കുന്ന, ഒന്നാം ലോക മഹായുദ്ധത്തിന്റെ മുമ്പുള്ള കാലത്തേക്ക് ലോകത്തെ എത്തിക്കാൻ കഴിയുന്ന തരത്തിലേക്ക് രാഷ്ട്രീയ സാഹചര്യം പോകുകയാണ്. ഡെമോക്രസിക്ക് ഒരവസാനം വരുന്ന തലത്തിലേക്ക് കാര്യങ്ങൾ വരികയാണ്. ഇത് വർഗീയതയും വംശീയതയുമൊക്കെ വളരെ

രുക്ഷമായി ബാധിക്കുന്ന സാഹചര്യമാണ് സൃഷ്ടിക്കാൻ പോകുന്നത്. അതുകൊണ്ട് അഞ്ച് വർഷം അല്ലെങ്കിൽ പത്ത് വർഷം കഴിയുമ്പോൾ ഇന്ത്യൻ പൊളിറ്റിക്കൽ സിറ്റുവേഷൻ വളരെ വ്യത്യസ്തമായിരിക്കും. അപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഞാനുമൊന്നും പരസ്പരം പറയുന്ന കാര്യങ്ങളല്ല. യഥാർഥത്തിൽ, അതിനേക്കാൾ അപ്പുറം ഗുരുതരമായ സ്ഥിതിയിലേക്ക് രാജ്യങ്ങൾ പോകുന്നുവെന്നുള്ളതുകൊണ്ട് ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് നാം പ്രവർത്തിക്കുന്നത്. അവിടെ നിന്നുകൊണ്ടാണ് ഇന്ത്യൻ ഇക്കോണമി വർക്ക് ചെയ്യുന്നത്. ഈ ഇന്ത്യൻ ഇക്കോണമിക്കുള്ളിൽനിന്ന് വർക്ക് ചെയ്യുമ്പോൾ നമ്മൾ മുന്നോട്ട് പോകുന്നുവെന്നുള്ളത് ഒരു ചെറിയ കാര്യമല്ല. ഇവിടെ ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ച ട്രില്ല്യൻ എന്നത് വലിയ കാര്യമാണെന്നും ഇതുവല്ലതും ഇവിടെ നടക്കുമോ എന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ചോദിച്ചത്. ഏഴെട്ട് മാസക്കാലം ബഹിരാകാശത്ത് ചെലവഴിക്കേണ്ടിവന്നതിനുശേഷം ഭൂമിയിലേക്കുള്ള ശ്രീമതി സുനിതാ വില്യംസിന്റെ തിരിച്ചുവരവിനെ വളരെ ആശങ്കാകുലമായി ലോകം മുഴുവൻ

നോക്കിനിന്നതാണ്. ഇതുസംബന്ധിച്ച് ഞാനിവിടെ സൂചിപ്പിച്ചപ്പോൾ അടുത്ത ദിവസം അവർ സേഫായി വന്നില്ലെങ്കിൽ നിങ്ങൾ പറഞ്ഞത് വളരെ അപകടമാകുമല്ലോ എന്ന് ഇവിടെ ചില ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ സൂചിപ്പിച്ചിരുന്നു. ബഹിരാകാശത്ത് ശ്രീമതി സുനിതാ വില്യംസ് ഉൾപ്പെടെ അവരുടെ ടീമിലുള്ള ആളുകൾ ഭൂമിയിലേക്ക് തിരിച്ചുവരാൻ കഴിയുമോ ഇല്ലയോ എന്ന ആശങ്കയിൽ ഫൈറ്റ് ചെയ്ത് അവിടെനിന്നും ഭൂമിയിലേക്ക് വന്നു. ഇത് മനുഷ്യന്റെ അതിജീവനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ആ അതിജീവനംപോലെ, തകർക്കാൻ ശ്രമിച്ചാൽ തകരാതെ മുന്നോട്ടുപോകുമെന്ന് തെളിയിച്ച ഒരു സമീപനം കേരളത്തിനുണ്ടായിട്ടുണ്ട്. ഞങ്ങൾ നേരത്തെ ഇത് പറയുമ്പോൾ എപ്പോഴും ഈ പാടാദുരിതം പറയുന്നതെന്തിനാണെന്ന് ചോദിച്ചവരുണ്ട്. പക്ഷേ, ഇപ്പോൾ സന്തോഷത്തോടെയല്ല ഞാനിത് പറയുന്നതെങ്കിലും തെലങ്കാനയ്ക്കും ഇത് പറയേണ്ടിവന്നു. സന്തോഷത്തോടെയല്ല, കാരണം തെലങ്കാനയ്ക്ക് അങ്ങനെ വരാൻ പാടില്ല എന്നതുകൊണ്ടാണ്. സമാനമായ അവസ്ഥയിലുള്ള മറ്റ് രണ്ട് സംസ്ഥാനങ്ങളാണ് മഹാരാഷ്ട്രയും കർണ്ണാടകയും. മഹാരാഷ്ട്ര ഏറ്റവും റിച്ചായ

സ്റ്റേറ്റാണ്. 16% ജി.എസ്.ഡി.പി. വരെ കിട്ടുന്ന സംസ്ഥാനമാണ്. മഹാരാഷ്ട്രയിലെ ചാർജ്ജ് കൂടി ഉണ്ടായതുകൊണ്ട് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അവിടുത്തെ കാര്യങ്ങൾ വളരെ നന്നായി അറിയാം GST കൗൺസിലിൽ പോകുമ്പോൾ ഈ വിഷയങ്ങൾ ഈ സംസ്ഥാനങ്ങളിലെ മന്ത്രിമാരോടും മറ്റുമായി പരസ്പരം സംസാരിക്കുന്നതാണ്. ടി സ്റ്റേറ്റുകളെല്ലാം സമാനമായ പ്രശ്നം നേരിടുമ്പോൾ അതുപറയേണ്ട ഒരു സ്ഥലമല്ലേ ഇത്? അത്തരമൊരു സാഹചര്യത്തിൽ നമ്മൾ പിടിച്ചുനിൽക്കുന്നു. 2 ട്രില്യൺ...... ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് മനസ്സിലാക്കിയത് ഞാൻ 2 ട്രില്യൻ ഡോളർ എന്നാണ് പറഞ്ഞതെന്നായിരുന്നു. ട്രില്യൺ ഒരു ലക്ഷം കോടിയാണ്. 2 ട്രില്യൺ രൂപയാണ് ഞാൻ പറഞ്ഞത്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട, 2 ട്രില്യൺ രൂപയിലേക്കെത്തുമെന്നുപറഞ്ഞാൽ 2 ട്രില്യണിലേക്കെത്തുമെന്ന വിശ്വാസം കൊണ്ടുതന്നെയാണ് പറഞ്ഞത്. കഴിഞ്ഞ പ്രാവശ്യം ബജറ്റിൽ പറഞ്ഞതൊക്കെ നടന്നോയെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ചോദിച്ചിരുന്നു. കഴിഞ്ഞ വർഷം പറഞ്ഞതിൽ, ഈ

വർഷം 1,78,000 കോടി രൂപയിലേക്ക് എത്തുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. എന്റെ പക്കൽ അത് സംബന്ധിച്ച് കണക്കുകളുണ്ട്. ഇവിടെ പറഞ്ഞ പ്ലാൻ സ്പേസ് കണക്കിൽ, അതായത് ട്രഷറിയിൽ നിന്നുള്ള ഔട്ട് ഫ്ലോ അനുസരിച്ച് 80% ആണ് സ്റ്റേറ്റ് പ്ലാൻ. നമ്മുടെ നാട്ടിൽ ഈ വർഷത്തെ ചെലവ്, കഴിഞ്ഞ വർഷത്തെ ചെലവ് എന്നതിരിക്കട്ടെ. നിങ്ങളുടെ കയ്യിൽ 100 രൂപയുണ്ടെങ്കിൽ അതിൽ 80 രൂപ ചെലവാകാതിരുന്നിട്ട് കയ്യിൽ നിന്ന് പോയാൽ 80 രൂപ ഔട്ട് ഫ്ലോ ആണ്. നമ്മുടെ ട്രഷറിയിൽനിന്നും സ്റ്റേറ്റ് പ്ലാനിൽ 80% ഔട്ട് ഫ്ലോ വന്നിട്ടുണ്ട്. ഇവിടെ കട്ടിങ്ങിന്റെ കാര്യം സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ ഇത് വീണ്ടും പറയുന്നത്. ഞങ്ങൾ റീസ്ട്രക്ച്ചർ ചെയ്യാനും rule 300-ന് പ്രിഫറൻസ് കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. പണം എല്ലാം ചെലവാകുന്നു എന്നുപറയുന്നില്ല, സ്റ്റേറ്റ് പ്ലാനിൽ ആകെ 80% എക്സ്പെൻഡിച്ചർ നടന്നിട്ടുണ്ട്, കേരളത്തിലെ ട്രഷറിയിൽനിന്നും ഔട്ട് ഫ്ലോ ഉണ്ടായിട്ടുണ്ട്. അത് തദ്ദേശസ്വയംഭരണ വകുപ്പിൽ 102% ആണ്. അതിൽ carry forward ഉണ്ടാകും. പക്ഷേ, 100 രൂപ കൊടുക്കുമെന്ന് പറഞ്ഞിടത്ത് ഈ വർഷം 102 രൂപ കൊടുത്തിട്ടുണ്ട്. അത് ഈ വർഷാവസാനത്തെ കണക്കുകൂടി

വരുമ്പോൾ മനസ്സിലാകും. എന്റെ പക്കലുള്ള സി. &എ.ജി.-യുടെ ഫെബ്രുവരി 2025 വരെയുള്ള കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. അതിൽ ടാക്സ് റവന്യൂവിന്റെ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ബജറ്റിന്റെ 83.94% ഫെബ്രുവരി വരെ ടാക്സ് റവന്യൂ ഇനത്തിൽ തിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ ബജറ്റിന്റെ 86.43% ജി. എസ്. ടി. ഇനത്തിലും 77.92% നോൺ ടാക്സ് റവന്യൂ ഇനത്തിലും പിരിച്ചെടുത്തുകഴിഞ്ഞു. കഴിഞ്ഞ വർഷം ടാക്സിനകത്ത് നമ്മുടെ ബജറ്റ് എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നതിന്റെ 73.35% ആണ് ആകെ വരുമാനമായി ഫെബ്രുവരി അവസാനം പിരിച്ചെടുത്തതെങ്കിൽ ഈ വർഷം സി.&എ.ജി.-യുടെ കണക്കുകളനുസരിച്ച് ആകെ വരുമാനം 83.01% കളക്ട് ചെയ്തുകഴിഞ്ഞു. ഈ കണക്ക് എനിക്ക് ചുമതലയുള്ള ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ മാത്രം നൽകിയ കണക്കുകളല്ല. സി&എ.ജി.യുടെ കണക്കുകൾ സൂചിപ്പിക്കുന്നതാണ്. കഴിഞ്ഞവർഷം ആകെ ചെലവ് ബജറ്റ് എസ്റ്റിമേറ്റിന്റെ 73.11% ആയിരുന്നെങ്കിൽ ഈ വർഷം ചെലവ് അതായത്, ട്രഷറിയിൽനിന്നുള്ള ക്യാഷ് ഔട്ട് ഫ്ലോ 82.67% ആണ്. പണം ചെലവാക്കുന്ന കാര്യത്തിൽ.... സി.&എ.ജി.-യുടെ കണക്കുകളുടെ അടിസ്ഥാനത്തിലാണ്

ഇവിടെ സൂചിപ്പിച്ചത്. ഇതിന്റെയെല്ലാം ഭാഗമായി കേരളത്തിനുണ്ടായ നേട്ടങ്ങളെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറയേണ്ട കാര്യമില്ല. ഈ നേട്ടങ്ങളൊക്കെ പണ്ടേയുള്ളതാണെന്ന് ഇവിടെ പറഞ്ഞല്ലോ. രാജ്യത്തെ സിവിക് ബിഹേവിയർ, പബ്ലിക് സേഫ്റ്റി, ജെൻഡർ ആറ്റിറ്റ്യൂഡ്, ഡൈവേഴ്സിറ്റി ആന്റ് ഡിസ്ക്രിമിനേഷൻ തുടങ്ങിയ മേഖലകളെപ്പറ്റി നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ ഇന്നിറങ്ങിയ ഇന്ത്യ ടുഡേയുടെ പുതിയ റിപ്പോർട്ടിൽ, ആദ്യത്തെ മൂന്ന് ഘടകങ്ങളിൽ കേരളമാണ് രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തിയ സംസ്ഥാനമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ സാമ്പത്തിക വളർച്ചയോടൊപ്പം സാമൂഹിക നിലവാരവുംകൂടി പരിശോധിക്കപ്പെടുന്ന സർവേ ആണിത്. എന്തുകൊണ്ടാണ് ഈ കേരളം ഇങ്ങനെ നിൽക്കുന്നത്? കേരളം ഇങ്ങനെ നിൽക്കുന്നത് ഇവിടെ ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷനാണ്. ഞങ്ങൾ മിഡിൽ ക്ലാസിന്റെ കാര്യമാണ് നോക്കുന്നതെന്ന് ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞല്ലോ. കേരളം എല്ലാ വിഭാഗം ആളുകൾക്കും നന്നായി ജീവിക്കാൻ കഴിയുന്ന ഒരു സംസ്ഥാനം ആക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇക്കണോമിക് പ്രോസ്പിരിറ്റി വരണം. വിയറ്റ്നാമും

ചൈനയും അടക്കമുള്ള കമ്മ്യൂണിസ്റ്റുകാർക്ക് നിയന്ത്രണമുള്ള രാജ്യങ്ങളുണ്ട്. അവിടുത്തെ ഇക്കണോമിക് പ്രോസ്പിരിറ്റിയെപ്പറ്റി അങ്ങേയ്ക്കറിയാം. വിഴിഞ്ഞം ഉൾപ്പെടെയുള്ള മേഖലകൾ വരുമ്പോൾ ഇവിടെനിന്നും വിദേശത്തേക്ക് ജോലിക്ക് പോകുന്ന പരമാവധി ആളുകൾക്ക് ഈ നാട്ടിൽതന്നെ ജോലിചെയ്യാൻ പ്രാപ്തമാകുന്ന തരത്തിലേക്ക് കേരളത്തിന്റെ ഇക്കണോമി മാറാൻ വേണ്ടിയുള്ള പ്രവർത്തനമാണ്. അതിന്റെ ഭാഗമായി എല്ലാവർക്കും തൊഴിലും വരുമാനവും കിട്ടാനാണ്. അതിന്റെ ഭാഗമായി 1956-ൽ കേരളത്തിൽ അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം തൃശ്ശൂരിൽ ചേരുമ്പോൾ കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് ഒരു നയരേഖ തയ്യാറാക്കിയിരുന്നു. അതായിരുന്നു ഞങ്ങൾ മാനിഫെസ്റ്റോ ആയിട്ട് പിന്നീട് അംഗീകരിച്ചത്. ആ മാനിഫെസ്റ്റോ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നടത്തിത്തുടങ്ങിയ പ്രവർത്തനത്തിലൂടെയാണ് ഇന്നത്തെ കേരളം കേരളമായത്. ആറേഴുവർഷമേ നിങ്ങൾ ഭരിച്ചുള്ളു അല്ലെങ്കിൽ എട്ടോ പത്തോ വർഷമേ നിങ്ങൾ ഭരിച്ചുള്ളൂ, അതുകൊണ്ടൊന്നും ഉണ്ടാവില്ലെന്ന് പറഞ്ഞല്ലോ. കേരളത്തിൽ ഭൂമിയില്ലാത്ത 35 ലക്ഷം പേർക്ക് കുടികിടക്കാനവകാശം

കൊടുത്ത, തീരുമാനമെടുത്ത ഒരു ഗവൺമെന്റാണിത്. അന്നുവരെ സ്വന്തമായി ഒരു തുണ്ട് ഭൂമിയില്ലാത്തവന് ഭൂമിയിൽ കിടക്കാനും അതിനുള്ള അവസരം കിട്ടിയതും കേരളത്തിലെ മാറ്റത്തിന്റെ അടിസ്ഥാനകാര്യമാണ്. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും സൗജന്യമായി സ്കൂൾ വിദ്യാഭ്യാസം നടത്താൻ ഒരു തീരുമാനമെടുത്ത സർക്കാരാണത്. അതാണ് വിദ്യാഭ്യാസ നിയമം. ആ വിദ്യാഭ്യാസ നിയമത്തെ അട്ടിമറിക്കാൻ, വിമോചന സമരത്തിന് അന്ന് നേതൃത്വം കൊടുത്ത ആളുകളാണല്ലോ നിങ്ങളുടെ പൂർവികർ. ഇതിനകത്ത് ഇപ്പോൾ ഇരിക്കുന്നവർ അന്ന് ആ സമരത്തിലുണ്ടായിരുന്നില്ല. ഇവിടെ നേരത്തെ എസ്.എഫ്.ഐ. കുറിച്ച് കുറേയേറെ ചർച്ച നടന്നല്ലോ. കെ.എസ്.യു. എന്ന പ്രസ്ഥാനം ഉണ്ടായതെന്നാണ്? ഒരണ സമരം ഉൾപ്പെടെയുള്ള പ്രധാന സമരങ്ങൾ അന്ന് നടന്നു. അന്നത്തെ വിമോചന സമരത്തിൽ സ്കൂളുകളും കോളേജുകളും അടിച്ചുതകർക്കാനും എന്തിനാണ് പ്രവർത്തിക്കുന്നതെന്ന് ചോദിച്ചത് ഇല്ലാതാക്കാനുമൊക്കെ ശ്രമിച്ച ഒരു ചരിത്രമുണ്ടല്ലോ. ആ ചരിത്രം എങ്ങനെയാണെന്നത്.....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ,.....

ശ്രീ. കെ. എൻ. ബാലഗോപാൽ: ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ ഞാൻ വഴങ്ങാം. അദ്ദേഹം സമയക്കുറവിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതുകൊണ്ടാണ്. ഞാൻ ഇത് ഏകപക്ഷീയമായി പറയുന്നതല്ല; ശ്രീ. മൊയിനി ഖാൻ, സി.ഐ.എ. ഇതിനായി പണം മുടക്കിയിട്ടുണ്ടെന്ന് അമേരിക്കൻ അംബാസിഡർ അദ്ദേഹത്തിന്റെ ആത്മകഥയിൽ പറഞ്ഞകാര്യമല്ലേ. എന്നുമാത്രമല്ല ഞങ്ങളുടെ കൂടെ വന്ന സമയത്ത് എ കോൺഗ്രസിലെ ചില പ്രമുഖ നേതാക്കന്മാരും പറഞ്ഞല്ലോ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞില്ല. അത് പറഞ്ഞ, ഇപ്പോഴും ജീവിച്ചിരിക്കുന്ന ആളിന്റെ പേര് രേഖയിലുണ്ടെങ്കിലും ഞാൻ ഇവിടെ എടുത്ത് പറയുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ,....

മി. സ്പീക്കർ: ഇഫ്താർ ഒക്കെയുള്ളതാണ്. സഹകരിക്കണം പ്ലീസ്....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു, വിമോചന സമരത്തിന്റെ ഭാഗമായി കെ.എസ്.യു. ഉണ്ടായി കേരളത്തെ തകർത്തു എന്ന്. കേരള വിദ്യാർഥി യൂണിയൻ ഒരുണ സമരം നടത്തിയിട്ടുണ്ട്, ഇ.എം.എസ്.-ന് എതിരായി സമരം ചെയ്തിട്ടുണ്ട്. എന്റെ

നിയോജക മണ്ഡലമായ ചന്ദനത്തോപ്പിൽ കശുവണ്ടിത്തൊഴിലാളികളായ രാമനെയും സുലൈമാനെയും വെടിവച്ചുകൊന്നത് ഇ.എം.എസ്.-ന്റെ സർക്കാരാണ്. മൂന്നാറിലെ പാപ്പാമകളിനെ വെടിവച്ചുകൊന്നത് ഇ.എം.എസ്.-ന്റെ സർക്കാരാണ്. അങ്കമാലിയിലെ ഫ്ലോറിയെ വെടിവച്ചുകൊന്നത് ഇ.എം.എസ്.-ന്റെ സർക്കാരാണ്.

മി. സ്പീക്കർ: യെസ്....മിനിസ്റ്റർ...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പൂന്തുറയിലും വലിയതുറയിലും മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്നത് ഇ.എം.എസ്. സർക്കാരാണ്. ആ സർക്കാരിനെതിരെ ഉയർന്ന വിമോചന സമരത്തെ അന്നും ഞങ്ങൾ പിന്തുണച്ചിട്ടുണ്ട്, ഇന്നും അത് ഞങ്ങൾ അംഗീകരിക്കുന്നു.

മി. സ്പീക്കർ: യെസ്....മിനിസ്റ്റർ...പ്ലീസ്...പ്ലീസ്..

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അവർ വിമോചന സമരത്തെ പിന്തുണച്ചുവെന്ന കാര്യം ഒന്നുകൂടി അവരെ ഓർമ്മിപ്പിക്കാനും അവർ അത് മറ്റുള്ളവരോട് പറയാനുംവേണ്ടി തന്നെയാണ് മനഃപൂർവം ഞാനതിവിടെ പറഞ്ഞത്. ഇതൊക്കെ എല്ലാവരും അറിയട്ടെ. കേരളത്തിലെ മുഴുവൻ

വിദ്യാർഥികൾക്കും പഠിക്കാൻ അവസരമൊരുക്കുന്നതിന് വിദ്യാഭ്യാസ നിയമം കൊണ്ടുവന്ന അന്നത്തെ ഗവൺമെന്റിനെ തകർക്കാൻ കൊണ്ടുവന്നതാണ് ആ സമരം. കേരളത്തിലെ 35 ലക്ഷത്തോളം പേർക്ക് സ്വന്തമായി കുടികിടക്കാൻ അവകാശം കൊടുക്കുന്ന ഒരു നിയമം കൊണ്ടുവന്നതിന്റെ പേരിൽ അത്തരമൊരു സമരമുണ്ടാക്കിയതാണ്. അതുകൊണ്ടാണ് ഈ കേരളം 'കേരളമായി' മാറിയത്. പിന്നീട് വന്ന പഠനങ്ങൾ അത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം സൂചിപ്പിച്ചിട്ടുണ്ട്. കേരളാ മോഡലിന്റെ ഏറ്റവും വലിയ പ്രത്യേകത എന്താണ്? പഠിക്കാനായി പോകാൻ ആത്മവിശ്വാസമുണ്ടാകുന്ന തരത്തിലേക്ക് കേരളത്തിൽ മാറ്റമുണ്ടായി. വലിയ സമ്പന്നർക്കുമാത്രം പഠിക്കാൻ സാധിക്കുമായിരുന്ന ഒരു സ്ഥലത്ത് എല്ലാവർക്കും വിദ്യാഭ്യാസം ചെയ്യാൻ സാധിച്ചു. ഓരോ വീട്ടിലും അന്തിയുറങ്ങുന്നവരെ ഇഷ്ടമുള്ളപോലെ ഇറക്കിവിടാൻ കഴിയുമായിരുന്ന ഒരു നിയമം അന്ന് നാട്ടിലുണ്ടായിരുന്നു, അതിൽനിന്നും കുടികിടപ്പുകാരെ സംരക്ഷിക്കുന്നതിനായി കുടികിടക്കാൻ അവകാശം നൽകുന്ന ഒരു നിയമം കൊണ്ടുവന്നു. അന്നത്തെ സർക്കാർ ഉണ്ടാക്കിയ ബാക്ക്ബോണാണ്, ആ അടിത്തറയിൽനിന്നുകൊണ്ടുതന്നെയാണ് ഇവിടെ ഇത്രയും വലിയ മാറ്റങ്ങൾ

ഉണ്ടാക്കിയത്. കോൺഗ്രസ് പാർട്ടിക്കകത്തും അൽപം ഇടതുപക്ഷ പുരോഗമന സ്വഭാവം പറയാതെ നിൽക്കാൻ സാധിക്കാത്തവിധം കേരളത്തിലെ കോൺഗ്രസ് പാർട്ടിയിൽ മാറ്റങ്ങൾ വന്നുവെന്ന് ശ്രീ. സി. കെ. ഹരീന്ദ്രൻ പ്രസംഗിച്ചപ്പോൾ പറഞ്ഞത് അതുകൊണ്ടാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ കോൺഗ്രസിനെപ്പോലെയല്ല കേരളത്തിലെ കോൺഗ്രസ് പാർട്ടി. അതുകൊണ്ടാണ് കേരളത്തിലെ കോൺഗ്രസിൽ, കോൺഗ്രസ്(എ), കോൺഗ്രസ്(ഐ) എന്നീ ഗ്രൂപ്പുകളുണ്ടായത്. ഇപ്പോൾ എ.ഐ. (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്)-യെക്കുറിച്ച് നിങ്ങളും പഠിക്കുന്നത് കണ്ടു. അന്ന് നടന്നത് എന്തായിരുന്നു? പുരോഗമന സ്വഭാവം കാണിച്ചു. അടിയന്തരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധിയുടെ നിലപാടിനെതിരെ പറയാൻ കോൺഗ്രസിലെ (എ) വിഭാഗം നിർബന്ധിതരായി, പിന്നീട് അത് മാറിയെങ്കിലും. സോഷ്യലിസ്റ്റ് ആശയങ്ങൾ ഭരണഘടനയിൽപ്പോലും കൊണ്ടുവരുന്ന തരത്തിൽ ഇന്ത്യയിലുണ്ടായ മൂവ്മെന്റിന് വലിയൊരു പങ്ക് വഹിക്കാൻ കേരളത്തിലെ ഒന്നാം ഇ.എം.എസ്. മന്ത്രിസഭയ്ക്ക്, കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക് സാധിച്ചുവെന്നത് വിസ്മരിക്കരുത്. ആ പശ്ചാത്തലത്തിൽനിന്നും

വന്നതിന്റെ ഭാഗമായി കേരളത്തിലുണ്ടായ മാറ്റങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഓരോ ഘട്ടത്തിലുമുണ്ടായ മാറ്റങ്ങളെക്കുറിച്ച് നമ്മൾ അറിയേണ്ടതാണ്. ഇതെല്ലാം ഇന്നുവരെയുള്ള ഗവൺമെന്റുകളുടെയെല്ലാം തുടർച്ചയിൽത്തന്നെയാണ്, ഏതെങ്കിലും ഒരു ഗവൺമെന്റിനെമാത്രം എടുത്തുപറയുന്നതല്ല. 2011-12-ൽ നമ്മുടെ per-capita income 97912 രൂപയായിരുന്നു. 'കേരളം പുറകോട്ട് പോകുകയാണ്, കഴിഞ്ഞ 9 വർഷക്കാലമായി നാശമായി, ഇവിടെ മൊത്തം കുഴപ്പമാണ്' എന്നാണല്ലോ കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത്. എന്നാൽ 1,35,000-ൽപ്പരം രൂപയായിരുന്നു അന്നത്തെ പ്രതിശീർഷ വരുമാനമായിരുന്നെങ്കിൽ 2023-24 വർഷക്കാലയളവിൽ കേരളത്തിൽ ഒരാളുടെ പ്രതിശീർഷ വരുമാനം 2,79,751 രൂപയാണ്. അതായത്, കഴിഞ്ഞ 9 വർഷംകൊണ്ട് ഇവിടെ നാശമൊന്നും സംഭവിച്ചിട്ടില്ല. നാശമാണെങ്കിൽ ഈ വർധനയുണ്ടാകില്ല. ജി.എസ്.ഡി.പി. (Gross State Domestic Product)-യുടെ കാര്യത്തിലും ഇതുപോലെ തന്നെയാണ്. 1970-കളിൽനിന്ന് ഇങ്ങോട്ട് നോക്കുമ്പോൾ വലിയ കുതിച്ചുചാട്ടമാണ് ഈ ഇൻഡക്സിൽ ഉണ്ടായിട്ടുള്ളത്. 2011-12 കാലയളവ്

മുതൽ ഇതുവരെയുള്ള വളർച്ച നോക്കുകയാണെങ്കിൽ 364000 കോടി രൂപയിൽനിന്നും 1139000 കോടി രൂപയിലേക്ക് കേരളത്തിന്റെ ജി.എസ്.ഡി.പി. മാറിക്കഴിഞ്ഞു. ആ വർധന കാണേണ്ടതാണ്, ഇത് നമുക്കെല്ലാവർക്കുംകൂടി അവകാശപ്പെട്ടതാണ്. കേരളം ആകെ നാശമായിപ്പോയി എന്നുപറയരുത്. മഹാനായ ശ്രീനാരായണ ഗുരുവും മഹാത്മാഗാന്ധിയും തമ്മിലുള്ള കണ്ടുമുട്ടലിന് (ശിവഗിരിയിൽ മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും തമ്മിലുള്ള കൂടിക്കാഴ്ച) 100 വർഷം തികഞ്ഞുവെന്ന് കഴിഞ്ഞ ദിവസം ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നു. അന്നത്തെ സ്ഥിതിയല്ല ഇന്ന് കേരളത്തിലുള്ളത്. ഇത്തരത്തിൽ മാറ്റമുണ്ടായതിന് ഈ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും അതിന്റെ പശ്ചാത്തവും പങ്ക് വഹിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പശ്ചാത്തലത്തിന്റെ ഭാഗമായി നമുക്കുണ്ടായ നേട്ടങ്ങൾ കാരണമാണ്, ഇന്ന് ഇറങ്ങിയ ഇന്ത്യ ടുഡേ റിപ്പോർട്ടിലും കേരളത്തിന്റെ ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്ത് ഡെവലപ്മെന്റിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഒരു മധ്യവരുമാന ലോകരാഷ്ട്രങ്ങളുടെ വരുമാനത്തിലേക്ക് കേരളത്തെയാകെ എത്തിക്കുക എന്നുപറഞ്ഞാൽ

സാധാരണ തൊഴിലാളിക്ക് ജീവിത സാഹചര്യം ഒരുക്കുകൊടുക്കുക എന്നതാണ്. ആശുപത്രികളുടെ കാര്യം പ്രതിപക്ഷം രാവിലെ സഭയിൽ പറഞ്ഞല്ലോ? ആശുപത്രിയിൽ അതുണ്ടോ; ഇതുണ്ടോ; സ്റ്റെന്റുണ്ടോ എന്നെല്ലാം ഇവിടെ ചോദിച്ചല്ലോ? സ്റ്റെന്റിൽ ചിലപ്പോൾ കുറവു വരും എന്നത് ശരിയാണ്. പാരസെറ്റാമോൾ മരുന്നുപോലും ലഭിക്കാത്ത നിങ്ങളുടെ ഭരണകാലത്തെ പരാതിയല്ല ഇപ്പോഴുള്ളത്. എല്ലാ ആശുപത്രിയിലും സ്റ്റെന്റും 52 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്ന കാരുണ്യ പദ്ധതിയും നടപ്പിലാക്കിയ സർക്കാരാണിത്. ഇന്നലെയും മിനിഞ്ഞാന്നുമായി ഈ മേഖലയിൽ 300 കോടി രൂപ അനുവദിച്ചു. ബജറ്റിൽ വകയിരുത്തിയ കാരുണ്യ പദ്ധതിക്കായാലും കെ.എം.എസ്.സി.എൽ. (Kerala Medical Services Corporation Limited)-നായാലും മരുന്നുവാങ്ങിക്കുന്ന പദ്ധതിക്കായാലും തുക നൽകുകയാണ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ? അത് നടക്കുന്നത് ജില്ലാ ആശുപത്രിയിലാണ്. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സംവിധാനമാണുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സ്ഥലത്തെ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസിനുവേണ്ടിയുള്ള

സാഹചര്യമില്ലെന്ന് അദ്ദേഹം രാവിലെ ഇവിടെ പറഞ്ഞു, മുഴുവൻ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സംവിധാനം നടപ്പാക്കിയ ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം കേരളമാണ്. ഈ വർഷം നടപ്പാക്കാൻ പോകുന്ന പദ്ധതിയാണ്, ഇതെല്ലാം ചെലവ് വരുന്ന കാര്യമാണ്. കൊച്ചുകുഞ്ഞ് മുതൽ ഏറ്റവും പ്രായമായ ആളുകളെവരെ ബാധിക്കുന്ന ഈ പ്രശ്നം വളരെ ഗൗരവമായി ചർച്ച ചെയ്യുകയാണ്. വയോജനങ്ങളെ സംബന്ധിക്കുന്ന ' 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ' കഴിഞ്ഞ ദിവസം സഭ ചർച്ച ചെയ്തു. പ്രായമായവരുടെ ജനസംഖ്യ കൂടുന്ന, ചെറുപ്പക്കാരുടെ എണ്ണം കുറയുന്ന, ഇതെല്ലാം നമ്മുടെ നാട്ടിൽ സംഭവിക്കുകയാണ്. നമ്മൾ ഇനിയും ചർച്ച ചെയ്യേണ്ട പല കാര്യങ്ങളുണ്ട്. ആറ് ലക്ഷം കുട്ടികൾ ഒന്നാം ക്ലാസിൽ ചേർന്നുകൊണ്ടിരുന്ന കേരളത്തിൽ ഇപ്പോൾ മൂന്ന് ലക്ഷത്തിൽ താഴെ കുട്ടികൾ മാത്രമേ ഇപ്പോൾ ഒന്നാം ക്ലാസിൽ ചേരാനുള്ളൂ, ജനസംഖ്യ നിയന്ത്രിതമാണ്. ഭാവിയിൽ ഇതെല്ലാം എങ്ങനെ റീസ്ട്രക്ച്ചർ ചെയ്യുമെന്ന് ഏത് ഗവൺമെന്റായാലും ചർച്ച ചെയ്യേണ്ടതല്ലേ; കേരളത്തിൽ പ്രായമായവരുടെ ആരോഗ്യം സാധാരണ പോലെയാണോ; ജനിച്ചാൽ അതുപോലെ വളരുമോ?

അങ്ങനെ വയോജന ആരോഗ്യ സ്ഥിതി വർധിച്ചുവരുന്നതിന് ഇന്നിവിടെ സാഹചര്യമുണ്ട്. ആശാവർക്കേഴ്സിന് ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്ന ശമ്പളവും ആനുകൂല്യവും കേരളത്തിൽ എടുത്ത തീരുമാനത്തിന്റെ ഭാഗമായിട്ടാണ് വന്നിരിക്കുന്നത്, മറ്റ് സംസ്ഥാനങ്ങളിൽ ഇങ്ങനെയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും 2000 രൂപ വർധിപ്പിച്ചു, ഓരോ സമയത്തും മുൻകാലങ്ങളിലേക്കാൾ വർധിപ്പിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് സംസാരിച്ചപ്പോൾ സാധാരണ പറയുന്നതിനേക്കാൾ കുറച്ചുകൂടി കട്ടിയായി കണക്കുകൾ ഇന്ന് പറയുന്നതുകേട്ടു. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. യു.ഡി.എഫ്. ഭരണകാലത്തെ പ്രവർത്തനത്തെ സംബന്ധിച്ച കാര്യങ്ങൾ അദ്ദേഹം പറയുന്നുണ്ടായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് ശമ്പളം വർധിപ്പിച്ചു നൽകിയില്ലെങ്കിലും ആശാവർക്കർമാർക്ക് നല്ല റെസ്പെക്ട് കൊടുത്തിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. യു.ഡി.എഫ്. സർക്കാർ റെസ്പെക്ട് മാത്രമേ കൊടുത്തിട്ടുള്ളൂ. അത് അദ്ദേഹം തുറന്നു പറഞ്ഞത് നന്നായി. 100 റെസ്പെക്ട് കൊടുത്താൽ ചായക്കടയിൽനിന്നും ഭക്ഷണമോ അരിക്കടയിൽനിന്നും അരിയോ വാങ്ങാൻ

സാധിക്കില്ല. നിങ്ങളുടെ സർക്കാർ 1000 രൂപ കൊടുത്തു, ബാക്കി റെസ്പെക്ട് കൊടുത്തു. എന്നാൽ ആശാവർക്കർമാരുടെ ഓണറേറിയം 7000 രൂപയാക്കിയതും പിന്നീട് മൊത്തം തുക 13500 രൂപയാക്കി ഉയർത്തിയതും ഈ സർക്കാരാണ്. ഞങ്ങൾക്കും ആശാവർക്കർമാരോട് റെസ്പെക്ടുണ്ട്, അതുകൊണ്ടാണല്ലോ സർക്കാർ ഇത് കൊടുത്തിരിക്കുന്നത്. കേന്ദ്രത്തിൽനിന്നും കേരളത്തിന് കിട്ടാനുള്ള അർഹമായ വരുമാനം കിട്ടുകയാണെങ്കിൽ ഇതിനേക്കാൾ മെച്ചപ്പെട്ട അവസ്ഥയിൽ കൊടുക്കണമെന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം, എന്നാൽ മുഴുവൻ പണവും കേന്ദ്രം പിടിച്ചുവച്ചിരിക്കുകയാണ്, കേരളത്തിന് ഒന്നും ലഭിക്കുന്നില്ല. കേരളത്തിലേത് സ്വതന്ത്രപരമാധികാര ഗവൺമെന്റല്ലല്ലോ? പണം കൊടുത്തുവെന്ന് കേന്ദ്ര ഗവൺമെന്റ് ആദ്യം പറഞ്ഞു, പിന്നീട് പറഞ്ഞു കൊടുത്തില്ലെന്ന്, ഈയൊരു കാര്യം നമ്മൾ തീർച്ചയായും പറയണം. 'മഴവിൽ സഖ്യത്തിനെക്കുറിച്ച്' നേരത്തെ ഇവിടെ പറഞ്ഞു, അതുപോലെതന്നെ ബംഗാളിൽ ഇടതുപക്ഷ ഗവൺമെന്റിനെതിരെ സമരം ചെയ്തപ്പോൾ വലിയൊരു മുന്നണിയുണ്ടായിരുന്നു. അതിൽ കോൺഗ്രസും തൃണമൂൽ കോൺഗ്രസും അവിടത്തെ എസ്.യു.സി.ഐ.,

ജമാ അത്തെ ഇസ്ലാമി, നക്സലൈറ്റുകൾ എന്നിവരെല്ലാമുണ്ടായിരുന്നു. ട്രംപിന്റെയും ട്രംപിസത്തിന്റെയും കാര്യം ഞാൻ പറഞ്ഞത് വെറുതെയല്ല. ഇന്ത്യയിൽ എവിടെയും ശമ്പളമോ ജോലിക്കാരോ വേണ്ട, എ.ഐ. ടെക്നോളജി ഉപയോഗിച്ച് പ്രവർത്തിക്കാം, ഒരിടത്തും ആളെ നിയമിക്കേണ്ട എന്നുപറയുന്ന ഇക്കണോമിക് പോളിസി നടപ്പിലാക്കാനിരിക്കുന്ന ഒരു ഗവൺമെന്റിനെ ന്യായീകരിച്ചുകൊണ്ട് സംസാരിക്കുന്നത് അവരുടെ പ്രവർത്തനത്തിന് കൂടുതൽ എണ്ണയൊഴിച്ചുകൊടുക്കുകയാണ്. കേരളത്തിന് ലഭിക്കാനുള്ള വിഹിതം വാങ്ങിച്ചെടുക്കാൻ നമുക്ക് കഴിയണം. ഇവിടെയുള്ള ആശാവർക്കേഴ്സ്, മറ്റ് എൻ.എച്ച്,എം. വർക്കേഴ്സ് ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളെയുംകുറിച്ച് അങ്ങേയറ്റം ഉത്തരവാദിത്വമുള്ള സർക്കാരാണിത്. പക്ഷെ കേന്ദ്രം എല്ലാകാര്യങ്ങളും ഇത്തരത്തിൽ നടപ്പിലാക്കിത്തുടങ്ങുകയും പകുതിക്കുവച്ച് ഉപേക്ഷിച്ചുപോകുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നതിനാലാണ് ഇക്കാര്യങ്ങൾ പറഞ്ഞത്. എങ്ങനെയാണ് ഞങ്ങൾ മൂന്നാം തവണയും അധികാരത്തിലേക്ക് വരാൻ പോകുന്നത്? ഞങ്ങൾ മൂന്നാം തവണയും അധികാരത്തിലേക്ക് വരാൻ പോകുന്നവെന്ന് അമിതമായി മേനിനടിച്ചുകൊണ്ട്

ഞങ്ങൾതന്നെ പറഞ്ഞതല്ല. നിങ്ങളുടെ ഇന്റേണലായ സ്റ്റഡീസിന്റെ ഭാഗമായി പത്രത്തിൽവന്നതാണ്, അതേപ്പറ്റി എനിക്ക് അറിഞ്ഞുകൂടാ. '''മൂന്നാം തവണയും തോൽക്കും'' കോൺഗ്രസിന്റെ പ്രതീക്ഷ കാറ്റിൽപ്പറത്തി കനഗോലുവിന്റെ സർവ്വെ'-......(ബഹളം...), മലയാളം വാരികയുടെ ഫ്രണ്ട് പേജിൽ, കവർ പേജാണ്, “ 'മൂന്നാം തവണയും തോൽക്കും', കോൺഗ്രസിന്റെ പ്രതീക്ഷകൾ കാറ്റിൽപ്പറത്തി കനഗോലുവിന്റെ സർവ്വെ” - ഈ ചിത്രത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുണ്ട്, ശ്രീ. കെ. സുധാകരനുണ്ട്, ശ്രീ. രമേശ് ചെന്നിത്തലയുണ്ട്, ശ്രീ. എം.എം. ഹസ്സനുണ്ട്, ഞാനിത് വെറുതെ പറഞ്ഞതല്ല. ദാ, ഇത്.. (മലയാളം വാരികയുടെ കോപ്പി ഉയർത്തിക്കാണിച്ചു) ഇത് ദേശാഭിമാനിയല്ല, മലയാളം വാരികയാണ്. ഞാൻ ഇത് ടേബിളിൽ വയ്ക്കാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.... അങ്ങനെ ഈ സർക്കാരിനെക്കുറിച്ച് ഏതെല്ലാം മാധ്യമങ്ങളിൽ വാർത്തകൾ വരുന്നു, അതെല്ലാമെടുത്ത് ആധികാരകമായി പറയാമോ, ഞങ്ങളുടെ പാർട്ടി ഒരു സർവ്വെയും നടത്തിയിട്ടില്ല, ഞങ്ങളാരും കണ്ടിട്ടില്ല. നിങ്ങളുടെ കൈയിൽ ആ

സർവ്വെ ഉണ്ടെങ്കിൽ അതൊന്നുതന്നാൽ, ഞങ്ങൾക്കൊന്നു വായിക്കാം. പ്രസ്തുത വാർത്തക്കെതിരെ ഞങ്ങൾ മാനനഷ്ടത്തിന് കേസ് കൊടുത്തിരിക്കുകയാണ്.

മി. സ്പീക്കർ: പോയിന്റ് ക്ലിയർ ആണ്...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇന്ത്യാ ടുഡേയുടെ സർവ്വെയുണ്ട്, 110 സീറ്റ് യു.ഡി.എഫ്.-ന് കിട്ടുമെന്നുള്ളത്, 110 സീറ്റാണ് യു.ഡി.എഫ്.-ന് കിട്ടാൻ പോകുന്നതെന്ന് ഇന്ത്യാ ടുഡേ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: മിനിസ്റ്റർ, പ്ലീസ്...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് കേട്ടല്ലോ, കനഗോലുവുമായി നിങ്ങൾക്ക് ബന്ധവുമില്ല, ഇങ്ങനെയൊരു കാര്യവുമില്ലെന്ന് നിങ്ങൾ പറഞ്ഞാൽ മതി, (ബഹളം...)ഞാൻ പറഞ്ഞത്, ഈ വന്ന വാർത്തയെക്കുറിച്ചാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഡൽഹിയിലേക്ക് എല്ലാവരെയും വിളിപ്പിച്ചു, പുനഃസംഘടന, കമ്മിറ്റി എന്നൊക്കെ കേട്ടതാണ്. എനിക്ക് ഇവരെക്കുറിച്ച് പറയേണ്ടതില്ല, ഞങ്ങൾ ഇവരുടെ പടമൊന്നും കണ്ടിട്ടില്ല. ഉത്തരവാദിത്വപ്പെട്ട രണ്ട് പത്രങ്ങളിലെ, ഒന്ന് മലയാളം വാരികയുടെ ഫ്രണ്ട്പേജ്, മറ്റൊന്ന് (മറ്റൊരു കോപ്പി ഉയർത്തിപ്പിടിക്കുന്നു) ഇതാണ്.

പത്രങ്ങൾ നിങ്ങളും വായിക്കാറില്ലേ, മലയാള മനോരമയുടെ എഡിറ്റോറിയൽ നിങ്ങൾ വായിക്കുന്നുണ്ടായിരുന്നില്ലേ; ആ പറയുന്നതെല്ലാം ശരിയാണോ; മനോരമയുടെ എഡിറ്റോറിയലും മറ്റുപത്രങ്ങളുടേതും വായിക്കുന്നില്ലേ? ഇത് ഞങ്ങളാരുമല്ല പറഞ്ഞത്, മൂന്നാംതവണ എന്നതിനായി ഞങ്ങൾ ഇങ്ങനെ ഊണിന് കൈയുംകഴുകി ഇരിക്കുകയല്ല. നിങ്ങൾ ഇവിടെ പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്. ഞങ്ങൾ ജനങ്ങളുടെ ഇടയിലാണ്, ഞങ്ങൾക്ക് റിപ്പോർട്ടിലൊന്നുമല്ല വിശ്വാസം, ഞങ്ങൾ നിൽക്കുന്നത് ജനങ്ങളുടെ ഇടയിലുള്ള വിശ്വാസംകൊണ്ടാണ്. നിങ്ങൾ തെറ്റായ കാര്യങ്ങൾ പറഞ്ഞാൽ ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല...ഇവിടെ പറഞ്ഞല്ലോ, നിങ്ങൾ വളരെ വിജയമാണെന്ന് ശ്രീ. ടി. സിദ്ദിഖ് സംസാരിച്ചപ്പോൾ പറഞ്ഞല്ലോ,.... എന്തുകാര്യമാണ്, എന്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ പറഞ്ഞത്? നമ്മുടെ നാട്ടിൽ പണ്ടൊരു കേസിന്റെ കാര്യം പറഞ്ഞപോലെയാണിത്. കേസ് നടത്തിയിട്ട് എന്ത് സംഭവിച്ചു? അളിയന്മാർ തമ്മിലാണ് കേസ്, കേസ് ജയിച്ചോയെന്ന് ഒരളിയനോട് ചോദിച്ചു, കേസ് ജയിച്ചു, പക്ഷേ പ്ലാവ് മറ്റേ അളിയൻ കൊണ്ടുപോയി എന്നാണ് ഒരു അളിയൻ പറഞ്ഞത്. ആകെ മുപ്പത്

സീറ്റുള്ളതിൽ 17 സീറ്റ് എൽ.ഡി.എഫ്.-ന്, 12 സീറ്റ് യു.ഡി.എഫ്.-ന്, ഒരെണ്ണം നിങ്ങളുടെ മുന്നണിയായിട്ടുള്ള എസ്.ഡി.പി.ഐ.-ക്ക്...(ബഹളം...)

ശ്രീ. ടി. സിദ്ദിഖ്: സർ.... ഏത് സീറ്റാണ് (മൈക്ക് ഓഫ്...)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, എറണാകുളം സീറ്റ്...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരു ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും ഇത്രയും ഇറെസ്പോൺസിബിളായ സ്റ്റേറ്റ്മെന്റ് ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ ഉണ്ടാകാൻ പാടില്ല. ഞങ്ങളുടെ മുന്നണിയിൽ എസ്.ഡി.പി.ഐ. ഉണ്ടോ; അങ്ങ് അങ്ങനെ പറയാൻ പാടുണ്ടോ? ഇത് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിക്കാം.+

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും പൊളിറ്റിക്കൽ സ്റ്റേറ്റുമെന്റുണ്ടാകരുതെന്ന് പറഞ്ഞാൽ പ്രതിപക്ഷാംഗങ്ങളും പൊളിറ്റിക്സ് പറയാതിരിക്കണം. പൊളിറ്റിക്സ് പറഞ്ഞാൽ

---

\+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ KLS/2892/2025/EB തീയതി 25-03-2025) സഭാരേഖകളിൽ നിലനിർത്തി.

പൊളിറ്റിക്സിന് മറുപടി പറയേണ്ടി വരുമല്ലോ; (.......ബഹളം......) ഈ കാര്യത്തിൽ....... (.......ബഹളം......) ഫാക്ട് പറയാം........

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് ....... പ്ലീസ്...... പ്ലീസ്......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അന്ന് പത്രങ്ങളിൽ വന്ന വാർത്ത, കോൺഗ്രസ് നേരത്തെ വിജയിച്ചിരുന്ന സ്ഥലത്ത് കോൺഗ്രസ് സ്ഥാനാർഥിക്ക് വോട്ടുകളേ ഉണ്ടായിരുന്നില്ല. ആ വോട്ടുകൂടി SDPI-ക്കുപോയിയെന്ന് കണ്ടുകൊണ്ട് ഞാൻ പറഞ്ഞതാണ്. അന്നുവന്ന വാർത്തയനുസരിച്ച് പറഞ്ഞതാണ്. ആ പത്രവാർത്ത ഞാൻ കാണിച്ചുതരാം. (.......ബഹളം......) ആ പത്രവാർത്തയിൽ ആ ജില്ലയിലെ ഉൾപ്പെടെ എല്ലാ ഡീറ്റെയിൽസുമുണ്ട്. (.......ബഹളം......) എറണാകുളം ജില്ലയിൽനിന്നും വന്ന വാർത്തയാണ്. എറണാകുളം ജില്ലയിലെ ഒരു സീറ്റിൽ വന്നതാണ്. ഘടക കക്ഷിയെന്ന് ഞാൻ പറഞ്ഞത്, സീറ്റ് അങ്ങനെ പോയിയെന്ന് കണ്ടതാണ്, അതുകൊണ്ട് പറഞ്ഞതാണ്. നാളെത്തന്നെ ആ സീറ്റിന്റെ ഡീറ്റെയിൽസുള്ള വാർത്ത ഇവിടെ നൽകാം. നാളെ അങ്ങയുടെ മുമ്പിൽ അത് സബ്മിറ്റ് ചെയ്യാം.

അവരുടെ വോട്ടെല്ലാം പോയിയെന്നുള്ള വാർത്ത വന്നതാണ്. ഞാൻ പറഞ്ഞത്........

ശ്രീ. ടി. സിദ്ദിഖ്: സർ,...........(മൈക്ക് ഓഫ്)....

മി. സ്പീക്കർ: നോ ...... നോ..... ശ്രീ. ടി. സിദ്ദിഖ്, അങ്ങ് അവിടെ ഇരിക്കണം. ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് മറുപടി പറയണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉപതിരഞ്ഞെടുപ്പിൽ 'എൽ.ഡി.എഫ്.-ന് 17 സീറ്റ്, യു.ഡി.എഫ്.-ന് 12' അതും പത്രകട്ടിങ്ങാണ്. (.....ബഹളം......). ഇവിടെ ഇടതുപക്ഷം ഒന്നും ചെയ്യുന്നില്ല, ചെയ്യുന്നില്ലായെന്ന് പറഞ്ഞല്ലോ; സി.&എ.ജി. റിപ്പോർട്ടിലെ കണക്കനുസരിച്ച് കേരളത്തിൽ കഴിഞ്ഞ പ്രാവശ്യത്തെക്കാളും ചെലവും വരുമാനവും വർധിച്ചുവെന്നുള്ള കണക്ക് ഞാൻ ഇവിടെ പറഞ്ഞതാണ്. ഞാൻ ആ കണക്ക് വച്ചാണ് പറഞ്ഞത്. വീണ്ടും ഇതുപോലെ ഇല്ലാത്ത കാര്യം പറയുമ്പോൾ ഞാൻ മറുപടി പറയണോ?.......(ബഹളം).......

മി. സ്പീക്കർ: യെസ്....യെസ്..... പ്ലീസ്...... പ്ലീസ്.....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ധനകാര്യ വകുപ്പുമന്ത്രി പറയേണ്ട ഉത്തരവാദിത്വമുള്ള കാര്യം മാത്രം പറയാം. രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞുവെന്ന് നേരത്തെ പ്രതിപക്ഷം പറഞ്ഞു. അതുകൊണ്ട് ഞാൻ കണക്കുകൾമാത്രം പറയാം. പ്രതിപക്ഷം രാഷ്ട്രീയം പറയുമ്പോൾ അതിന് മറുപടി പറയേണ്ടിവരും, എല്ലാം പ്രസംഗിച്ചശേഷം അതിനൊന്നും മറുപടി പറയരുതെന്ന് പറഞ്ഞാൽ പറ്റില്ല. ബജറ്റിന്റെ സമയത്തുതന്നെ പറഞ്ഞ രേഖകളിലുള്ള കണക്കുകൾ ......... 'കേരളത്തിലൊന്നും നടക്കുന്നില്ല. കഴിഞ്ഞ ഒമ്പതുവർഷം എന്താണ് നടന്നത്, എന്തായി' എന്നെല്ലാം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഉൾപ്പെടെയുള്ളവർ ചോദിച്ചു? ഒമ്പതുവർഷം മുമ്പുള്ള കണക്കൊന്നും ഞാനെടുക്കുന്നില്ല. കോവിഡ് മഹാമാരി വളരെ രൂക്ഷമായ 2021-2022 കാലഘട്ടത്തിലാണ് രണ്ടാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. അതിനുമുമ്പുള്ള കണക്കുകൾ നേരത്തെ പറഞ്ഞിട്ടുണ്ട്. അന്ന് നമ്മുടെ തനത് നികുതി വരുമാനം 47660 കോടി രൂപയായിരുന്നു. അതിപ്പോൾ 81000 കോടി രൂപയിലേക്ക് വർധിച്ചു. അതായത്, വർഷം 15.8 ശതമാനം വീതം വർധിച്ചു. ടാക്സ് വർധിക്കുന്നില്ലെന്ന്

അങ്ങ് പറഞ്ഞപ്പോൾ ഞാൻ അതിന് മറുപടി പറയണ്ടേ? അതുകൊണ്ട് പറഞ്ഞതാണ്. 2025-26 സാമ്പത്തികവർഷം 91,515 കോടി രൂപയിലെത്തണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2020-2021-ൽ തനത് നികുതി-നികുതിയേതര വരുമാനം 54,958 കോടി രൂപയായിരുന്നു. അത് 2024-25-ൽ 1,03,240 കോടി രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്തവർഷം അത് 1,10,660 കോടി രൂപയായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശരാശരി ഒരു വർഷം 17.4 ശതമാനം വർധനയാണ് പ്രതീക്ഷിക്കുന്നത്.

സർക്കാരിന്റെ റവന്യൂ കമ്മി,.... ഇവിടെ കടം കയറി, കടം കയറി എന്ന് വീണ്ടുംവീണ്ടും പറയുകയാണ്. ഒരു കാര്യം നൂറ് വട്ടം ആവർത്തിച്ചുപറഞ്ഞാൽ അത് ജനങ്ങൾ വിശ്വസിക്കുമെന്നുള്ള ഗീബൽസിയൻ തന്ത്രമാണ് പ്രതിപക്ഷവും ഇവിടെ ഉപയോഗിക്കുന്നതെന്ന് ഞങ്ങൾക്കറിയാം. വീണ്ടും നിങ്ങൾ അത് പറയും. 2020-21-ലെ 2.25 ശതമാനമായിരുന്ന സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2023-24-ൽ 1.58 ശതമാനമായി കുറഞ്ഞു. ഈ കാലയളവിൽ ധനകമ്മി 4.04 ശതമാനത്തിൽനിന്നും 2.9 ശതമാനമായി കുറഞ്ഞു. ജി.എസ്.ഡി.പി.-യും

കടവുമായിട്ടുള്ള കണക്കുവച്ച് നേരത്തെ മുൻപ്രതിപക്ഷനേതാവ് സംസാരിച്ചെന്നാണ് എന്റെ ഓർമ്മ. ഞാൻ അത് നോട്ട് ചെയ്തിരുന്നു. അതിൽ 2021-22-ൽ 35.92 ശതമാനമാണ്. കോവിഡ് സമയത്ത് അതിനേക്കാളും കൂടുതലായിരുന്നു. 2023-24-ൽ 34.2 ശതമാനമായി കുറഞ്ഞു. റവന്യൂ ഡെഫിസിറ്റിന്റെ കാര്യത്തിലും ഈ കുറവ് വന്നിട്ടുണ്ട്. റവന്യൂ കമ്മി 2021-22-ൽ 2.25 ശതമാനവും 2023-24-ൽ 1.5 ശതമാനവുമായിരുന്നെങ്കിൽ ധനക്കമ്മി 4.04 ശതമാനമായിരുന്നു. ഒരുഘട്ടത്തിൽ അത് 2.9 ശതമാനമായി, അതായത് കേന്ദ്രഗവൺമെന്റ് പറയുന്ന ശതമാനത്തിനെക്കാളും മൂന്നുശതമാനത്തിൽ താഴെ വന്നു. 2016-17-ലെ വരുമാനത്തിന്റെ കാര്യംകൂടി പരിശോധിക്കണം. അതിനുവേണ്ടിയാണ് നമ്മളൊരുമിച്ച് ശബ്ദമുയർത്തേണ്ടത്. 2016-17-ലെ റവന്യൂ വരുമാനമായ 75,612 കോടി രൂപയിൽ 23,735 കോടി രൂപ കേന്ദ്ര വിഹിതമായിരുന്നു. അന്നത്തെ റവന്യൂ വരുമാനത്തിന്റെ 32 ശതമാനം കേന്ദ്ര വിഹിതമായിരുന്നു. എന്നാൽ 2020-21-ൽ അത് 44 ശതമാനമായി വർധിച്ചു. ഇത് പരിശോധിക്കേണ്ട കാര്യമാണ്. 2020-21-ൽ കേരളത്തിന്റെ ആകെ

റവന്യൂ വരുമാനത്തിന്റെ 44 ശതമാനം കേന്ദ്ര വിഹിതമാണ്, കോവിഡ് സമയത്ത് പ്രത്യേകമായി അധികം നൽകിയത്. 2021-22-ൽ അത് 47,837 എന്ന നിലയിൽ 41 ശതമാനമായും 2022-23-ൽ 36 ശതമാനമായും കുറഞ്ഞു. ജി.എസ്.ടി. കോമ്പൻസേഷനെല്ലാം ചേർത്തുവരുന്ന കണക്കാണിത്. കോമ്പൻസേഷനെല്ലാം അവരുടെ കണക്കനുസരിച്ചാണല്ലോ ചെയ്യുന്നത്. സ്റ്റേറ്റിന്റെ റവന്യൂ വരുമാനവും ഫിനാൻസ് കമ്മീഷനുണ്ടാക്കിയ കാൽക്കുലേഷൻ പോയിന്റുമുണ്ട്. കേരളത്തിന് ആ വരുമാനം വർധിച്ചുവരുമെന്നുള്ളതുകൊണ്ടാണല്ലോ കോമ്പൻസേഷൻ ആ സമയത്ത് നിർത്തുന്നത്. അത് 48,230 കോടി രൂപയായി വന്നു. എന്നുവച്ചാൽ 36 ശതമാനം. എന്നാൽ 2023-24-ൽ അത് 33,811 കോടി രൂപയായി, 27 ശതമാനമായി ചുരുങ്ങി. 2024-25-ൽ 33,397 കോടി രൂപയായി എന്നുപറഞ്ഞാൽ, റവന്യൂ വരുമാനത്തിന്റെ 25 ശതമാനം മാത്രം. 2020-21-നെ അപേക്ഷിച്ച് 20 ശതമാനം കുറവുണ്ടായി. ഭരണപക്ഷത്ത് എൽ.ഡി.എഫ്. അല്ലെങ്കിൽ യു.ഡി.എഫ്. ആരോ ഇരുന്നോട്ടെ, കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന വരുമാനം ഇരുപത് ശതമാനം കുറഞ്ഞുവെന്നുപറഞ്ഞാൽ

കൃത്യമായ കണക്കുകളല്ലേ, അങ്ങനെ കുറയാൻ പാടുണ്ടോ? വേറൊരു സ്റ്റേറ്റിലും അങ്ങനെ കുറഞ്ഞിട്ടില്ല. കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഗ്രാന്റിൽ ഇത്രയും വലിയ വെട്ടിക്കുറവ് വന്നിട്ടുണ്ട്. നേരത്തെ നമ്മൾ പരാമർശിച്ച ഹിമാചൽ പ്രദേശിനും തെലുങ്കാനയ്ക്കും ഇതുപോലെ കുറവ് വന്നിട്ടില്ല. ഇതിൽ 'എ' /'ബി' എന്നല്ലല്ലോ; കേരളത്തിലെ സാധാരണക്കാരെ ബാധിക്കുന്നൊരു പ്രശ്നമല്ലേ? പൊതുവിപണിയിൽനിന്നുള്ള കടമെടുപ്പിന്റെ കാര്യത്തിലും ഇതുപോലെതന്നെയാണ്. 2021-22-ൽ പ്രതീക്ഷിച്ചത് 30,698 കോടി രൂപയാണെങ്കിലും 18,120 കോടി രൂപയ്ക്കേ അനുവാദം ലഭിച്ചിട്ടുള്ളൂ. 2022-23 ൽ 23,914 കോടി രൂപ പ്രതീക്ഷിച്ചെങ്കിലും 15,620 കോടി രൂപമാത്രമെ അനുവദിച്ചിട്ടുള്ളൂ. 2023-24-ൽ 29,838 കോടി രൂപയെന്നതിൽ 26,638 കോടി രൂപയാണ് അനുവദിച്ചത്. ഏതുസമയത്തും വെട്ടികുറയ്ക്കുന്ന അനുഭവമാണ് ഈ സമയങ്ങളിൽ നാം കണ്ടത്. അവിടെയാണ് ആദ്യമായി 2,01,000 കോടി രൂപയിലേയ്ക്ക് കേരളത്തിന്റെ ചെലവും വരുമാനവും വർധിക്കുന്നത്. വലിയ ആശങ്ക പറഞ്ഞുപരത്തുകയാണ്. ഇവിടെ റേഷനില്ല, റോഡില്ല, പാലമില്ല, ആകെ കേരളത്തിലുള്ളത് റോഡ് മാത്രമെയുള്ളൂ. അത് എട്ടുകാലി മമ്മൂഞ്ഞിന്റെ

ഒരു...... അങ്ങനെയാണ് അദ്ദേഹം നേരത്തെ ഇവിടെയൊരു ന്യായം പറഞ്ഞത്. അങ്ങയെപ്പോലെ ഇത്രയും വളരെ സീനിയറായ വ്യക്തി, പ്രതിപക്ഷനേതാവ്, മുൻ പ്രതിപക്ഷനേതാവ്, അങ്ങയെപ്പോലുള്ള ആളുകൾ അങ്ങനെ പറയാൻ പാടില്ല...... പക്ഷേ അങ്ങയുടെ നാട്ടിലെ ഇക്കാര്യങ്ങളെല്ലാം എങ്ങനെയാണ് നടക്കുന്നതെന്ന് അങ്ങ് കാണുന്നില്ലേ? അവിടെ ഒരു വികസനവുമില്ലെന്നുപറഞ്ഞാൽ അവിടെയുള്ളവർ വിശ്വസിക്കുമോ? ഹരിപ്പാട്, പറവൂർ ഉൾപ്പെടെയുള്ള മണ്ഡലങ്ങളിൽ ഒരു വികസനവും നടക്കുന്നില്ലേ? ഈ ഗവൺമെന്റ് വരുന്നതിന് തൊട്ടുമുമ്പുവരെ ഒരു ലക്ഷത്തി പതിനയ്യായിരത്തി ചില്വാനം കോടിരൂപയായിരുന്നു ഒരു വർഷം ശരാശരി ചെലവാക്കിക്കൊണ്ടിരുന്നത്. അത് ഈ വർഷം 1,64,000 കോടി രൂപയായി. ഈ വർഷം അത് 1,70,000 ആകും. അടുത്ത വർഷം വരുമ്പോൾ അടുത്ത വർഷത്തെ ചെലവുമാത്രമാകും. ഈ വർഷം 1,78,000 മാത്രമാകും. ശരാശരി വരുമ്പോൾ 1,70,000 രൂപയാകും. അടുത്തവർഷം 2 ലക്ഷം കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ലഭിക്കാനുള്ളതെല്ലാം ലഭിച്ചിരുന്നെങ്കിൽ രണ്ടേകാൽ ലക്ഷം

കോടിരൂപയിലധികം ചെലവാകേണ്ടതായിരുന്നു. അവിടെയാണ് ഇത് ചെയ്യുന്നത്. ഇതൊരു ചെറിയ കാര്യമല്ല, കേരളത്തെ ഞങ്ങൾ അഗാധ ഗർത്തത്തിലിട്ടിട്ടല്ല പോയത്. ഓരോ സമയത്തും കേരളത്തെ മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് ഇക്കാര്യത്തിനകത്ത് ഇവിടത്തെ എയ്ഡഡ് സ്കൂളിലും ഗവൺമെന്റ് സ്കൂളിലും പൊതുസ്ഥാപനങ്ങളിലുമെല്ലാമുള്ള നിയമനംതന്നെ...... ഇന്ത്യയിലെ ആകെ നിയമനത്തിന്റെ 65 ശതമാനം പി.എസ്.സി. മുഖേന നടത്തുന്നത് കേരളത്തിലാണെന്ന് പറയുന്നത് ഇവിടെ അത് നടക്കുന്നതുകൊണ്ടാണ്. ക്ലാസ്-IV ജീവനക്കാരുടെ നിയമനമെല്ലാം കരാർ നിയമനമാക്കുമെന്നൊരു പരാമർശം ഇവിടെ പലരും പറയുകയുണ്ടായി. അങ്ങനെ തീരുമാനമൊന്നുമില്ല. അത് മാറ്റിയിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇടയ്ക്കൊരു ചർച്ചയിൽ പറഞ്ഞതുകൊണ്ട് ഇടയ്ക്ക് പറഞ്ഞുവെന്നേയുള്ളൂ. പി.എസ്.സി. വഴി നിയമനം നടത്തുന്നതുൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ നിയമനങ്ങൾ നടക്കുന്നൊരു വേറെ ഒരു സ്ഥലവുമില്ല.

ഇന്ത്യൻ റെയിൽവേയിലെ ലോക്കോപൈലറ്റുമാരുടെ ആകെയുള്ള വേക്കൻസിയുടെ പകുതി നിയമനം നടത്തിയാൽ മതിയെന്ന് കഴിഞ്ഞദിവസം തീരുമാനം വന്നിരുന്നു. എന്നുവച്ചാൽ ട്രെയിൻ ഓടിക്കുന്നതിന് ആളുകളെ എടുക്കുന്നില്ല. ഇപ്പോൾതന്നെ ആളില്ല. അവിടെയാണ് കേരളം ഇങ്ങനെ നിൽക്കുന്നത്. തൊട്ടുമുമ്പത്തെ സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ ചെലവാക്കി, ഇപ്പോൾ അതിലും കൂടുതൽ ചെലവാക്കി ഇക്കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കുറച്ചുകാര്യങ്ങളിൽ ചില സാമ്പത്തിക ബുദ്ധിമുട്ടുകളുമുണ്ട്. നമ്മൾ എല്ലാ കാര്യങ്ങളും അധികം പ്രഖ്യാപിച്ചിട്ടുണ്ട്. കോവിഡ് കാലമായിട്ടുപോലും ശമ്പള പരിഷ്കരണം ഇവിടെ മാത്രമാണ് നടപ്പാക്കിയത്. അതുവഴി 20,000 കോടി രൂപ അധിക ബാധ്യതയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് ശമ്പളപരിഷ്കരണത്തെക്കുറിച്ച് പറഞ്ഞു, ഇപ്പോൾ സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കാനുള്ള കമ്മീഷനെ വയ്ക്കാനുള്ള സമയംതന്നെ കഴിഞ്ഞിരിക്കുകയാണ്. കോവിഡ് കാലത്തെ ശമ്പളപരിഷ്കരണത്തെക്കുറിച്ച് പറഞ്ഞു. നിലവിലെ ശമ്പളപരിഷ്കരണത്തെക്കുറിച്ച് എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി

പറയാത്തത്? ശമ്പളപരിഷ്കരണ കമ്മീഷനെ എന്ന് നിയമിക്കാൻ സാധിക്കുമെന്ന് പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അന്നത്തെ ശമ്പളപരിഷ്കരണം തന്നെ കോവിഡ് സമയത്ത് ഞങ്ങൾ നടപ്പാക്കിയതാണ്. ഇപ്പോഴത്തെ കാര്യത്തെപ്പറ്റി ആലോചിച്ചിട്ടില്ല. അതിനെക്കുറിച്ച് ഒരു കാര്യവും തീരുമാനിച്ചിട്ടില്ല എന്നുള്ളത് നമ്മൾ നേരത്തെയും ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്; രഹസ്യമാക്കി വച്ചിരിക്കുന്നതല്ലല്ലോ; നേരത്തെ ഈ ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും ഇപ്പോൾ അതല്പം മാറിയിട്ടുള്ളതുകൊണ്ടാണ് ഡി.എ. ഒന്നാം തീയതി മുതൽ കൊടുക്കുന്നതും നാല് ഗഡുവായി കൊടുക്കേണ്ട ശമ്പളപരിഷ്കരണത്തിന്റെ രണ്ട് ഗഡു ഇപ്പോൾ കൊടുത്തതും ഈ സർക്കാർ തന്നെയാണല്ലോ ചെയ്തത്. ഞങ്ങൾ ഇതൊന്നും കൊടുക്കാതെ ഓടിപ്പോകുന്നില്ല. തെലങ്കാന പോലുള്ള സംസ്ഥാനത്ത് ഈ മാസത്തെ ശമ്പളം ഇതുവരെ കൊടുത്തിട്ടില്ല. അങ്ങനെയൊരു സ്ഥിതിയിലേക്ക് പോകാതെ ഇത് പിടിച്ചുനിർത്തി മുന്നോട്ടുകൊണ്ടുപോകുക എന്നുള്ളതാണ് ചെയ്യുന്നത്. എല്ലാ മേഖലയിലും ചെലവ് വർധിപ്പിച്ചുതന്നെയാണ് മുന്നോട്ടുപോകുന്നത്.

ഇവിടെ ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി സംസാരിച്ച തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞല്ലോ, 300-400 കോടി രൂപ ബജറ്റിനെക്കാളും അധികമാണ് ആരോഗ്യരംഗത്ത് നൽകിയിരിക്കുന്നത് എന്ന്. എന്നാലും കോവിഡ് സമയത്തുൾപ്പെടെ വലിയ ബാധ്യത വന്നതിന്റെ അടിസ്ഥാനത്തിൽ അതെല്ലാം കൊടുത്തു തീർത്തു. അതിന്റെ പ്രശ്നങ്ങൾ കുറച്ചുണ്ട്, ഇല്ലെന്ന് പറയുന്നില്ല. ഞാൻ പറയുന്ന കാര്യമെന്തെന്നാൽ, ഈ പറഞ്ഞ എല്ലാ സ്ഥലത്തും പണ്ടുള്ളതിനേക്കാൾ വലിയ പ്രതീക്ഷയാണ് ആളുകൾക്കുള്ളത്. ഏകദേശം 30-40 ലക്ഷം പേർ ഒരു വർഷം ചികിത്സ തേടുന്നുണ്ട്. മേജർ ഹാർട്ട് ഓപ്പറേഷൻ ഉൾപ്പെടെ ലക്ഷക്കണക്കിന് ഓപ്പറേഷനുകൾ നടക്കുന്നുണ്ട്. അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണിത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞു, ഞങ്ങൾ എങ്ങനെയാണ് അധികാരത്തിൽ വരുന്നതിന് കണക്ക് കൂട്ടുന്നത് എന്ന്. ശബരിമലയുടെ അല്ലെങ്കിൽ കഴിഞ്ഞ വർഷത്തെ പശ്ചാത്തലം പോലെയൊന്നുമല്ലല്ലോ; ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പത്തെ പ്രാവശ്യവും ശബരിമലയുടെ പശ്ചാത്തലത്തിൽ ഞങ്ങൾ ഒന്നോ രണ്ടോ സീറ്റ് ഒഴിച്ച് പരാജയപ്പെട്ടില്ലേ, ഇപ്രാവശ്യവും ഒരു സീറ്റേ കിട്ടിയുള്ളൂ.

അതുകൊണ്ട് അടുത്ത ഇലക്ഷൻ വരുമ്പോൾ പ്രതിപക്ഷം മനപ്പായസമുണ്ടിരിക്കണ്ട എന്നേ എനിക്ക് പറയാനുള്ളൂ. ജനങ്ങൾക്കറിയാം അത്. ഞങ്ങൾ ആരുടെയും വ്യക്തിത്വത്തെയും ആത്മാർഥതയെയും ചോദ്യംചെയ്യുന്നില്ല. പക്ഷെ എന്തായാലും ഈ തിരഞ്ഞെടുപ്പ്.., ജനങ്ങളുടെ മനസ്സിലെല്ലാമുണ്ട്, ഇത്രയും ചെയ്യുന്ന ഒരു സർക്കാരാണ്, പറഞ്ഞ എല്ലാ കാര്യങ്ങളും ചെയ്യും. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ മന്ത്രിമാരും ഗവൺമെന്റും എം.എൽ.എ.-മാരും പഞ്ചായത്ത് മെമ്പർമാരും നാട്ടിലെ സാധാരണ ഇടതുപക്ഷ പ്രവർത്തകരുമെല്ലാം ഒറ്റക്കെട്ടായിതന്നെയാണ് ഇക്കാര്യം ചെയ്യുന്നത്. ഗഡ്കരിയുടെ നാഷണൽ ഹൈവേ വന്നു എന്നുപറഞ്ഞു, എങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഗഡ്കരിയുടെ നാഷണൽ ഹൈവേ നിങ്ങൾ ചെയ്യാത്തത്? ഇത് 30 മീറ്ററേയുള്ളൂവെന്ന് പറഞ്ഞ് ഉമ്മൻ ചാണ്ടി ഗവൺമെന്റ് പൂട്ടിക്കെട്ടി പോയതാണല്ലോ; നടക്കില്ല എന്നുപറഞ്ഞതിന്റെ രേഖയുണ്ടല്ലോ; അന്ന് സർവകക്ഷിയോഗം വിളിക്കുന്ന സമയത്ത് അവിടെ 45 മീറ്ററാകാം എന്നുപറഞ്ഞത് ശ്രീ. പിണറായി വിജയൻ എന്ന സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയാണ്, ഞങ്ങൾ ഇടതുപക്ഷമാണ്. അന്ന് നിങ്ങളെല്ലാം

മന്ത്രിമാരായിരുന്നല്ലോ, 30 മീറ്റർ ഒരു മീറ്ററില്ലാതെ നിങ്ങൾ എന്താണ് പൂട്ടിക്കെട്ടിപ്പോയത്; അന്ന് ഗഡ്കരിയില്ലായിരുന്നോ; ബി.ജെ.പി. ഇല്ലായിരുന്നോ? ഗ്യാസ് പൈപ്പ്ലൈൻ വന്നപ്പോൾ ഭൂമിക്കടിയിൽ ബോംബ് കുഴിച്ചിടുകയാണെന്നുപറഞ്ഞ് വലിയ സമരം നടത്തിയില്ലേ; വയൽക്കിളികളെ കൊണ്ടുവന്നില്ലേ? വിഴിഞ്ഞം തുറമുഖം ഇവിടെ വന്നു. 2028-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യുന്ന വിഴിഞ്ഞം തുറമുഖം ശ്രീ. എം. വിൻസെന്റിന്റെ മണ്ഡലത്തിലാണുള്ളത്. വിഴിഞ്ഞം-കൊല്ലം-പുനലൂർ ത്രികോണ പദ്ധതി, കോയമ്പത്തൂർ മേഖല, കോഴിക്കോട്-കണ്ണൂർ-മംഗലാപുരം.., വ്യവസായങ്ങൾ വരും പുതിയ ജോലികൾ വരും. ധാരാളം ആളുകൾക്ക് ഇവിടെ നിൽക്കാം. വിദേശത്ത് പോകുന്ന ആളുകളെ പ്രോത്സാഹിപ്പിക്കുന്ന കാര്യം ഈ സമ്മേളനകാലത്ത് പലപ്പോഴും ഉന്നയിച്ചിരുന്നല്ലോ. ഞാൻ പറയുന്നു, അമേരിക്കയിൽനിന്നും അതുപോലെ ലോകത്തെ പല രാജ്യങ്ങളിൽനിന്നും നിർബന്ധമായും വിസ ക്യാൻസൽ ചെയ്ത് ആളുകളെ തിരിച്ചയയ്ക്കാൻ തുടങ്ങിയിരിക്കുകയാണ്. ആ ആളുകൾക്കൊക്കെ ജോലി ചെയ്യാൻ സാധിക്കുന്ന തരത്തിലേക്ക് കേരളത്തെ മാറ്റിയെടുക്കുന്നതിനുള്ള തീരുമാനങ്ങളും

നയങ്ങളുമാണ് ഇവിടെ നടപ്പാക്കുന്നത്. അത് നമുക്കൊരുമിച്ച് ചെയ്യണം. ഇവിടെ പറഞ്ഞ കാര്യങ്ങൾ കൊണ്ടുപറഞ്ഞതാണ്. ഈ ഗവൺമെന്റിന്റെ ആത്മാർഥതയും ഇച്ഛാശക്തിയും അതുപോലെ പ്രതിപക്ഷത്തെയുൾപ്പെടെ സഹകരിപ്പിച്ചുകൊണ്ട് ഇക്കാര്യങ്ങൾ ചെയ്യുന്ന സമീപനത്തിന്റെ ഭാഗമായിതന്നെയാണ് ഇക്കാര്യങ്ങൾ ചെയ്തുപോകുന്നത്. ഈ ബജറ്റ് കേരളത്തെ വലിയൊരു കുതിച്ചുചാട്ടത്തിലേക്ക് എത്തിക്കാൻ സഹായകരമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നത് തന്നെയാണെന്നാണ് ഞങ്ങളുടെ വിശ്വാസം. നമുക്ക് ഒരുമിച്ച് പരമാവധി അക്കാര്യങ്ങൾ നടപ്പാക്കാൻ കഴിയുമെന്ന വിശ്വാസത്തോടുകൂടിയാണ് ഈ ബജറ്റ് വച്ചിരിക്കുന്നത്. അതനുസരിച്ച് നമുക്ക് കാര്യങ്ങൾ ചെയ്യാം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിക്കുന്നു.

മി. സ്പീക്കർ: 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

<u>രണ്ടും മൂന്നും വകുപ്പുകൾ</u>

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖ് ഉന്നയിച്ച കെ.എഫ്.സി.-യുടെ അഴിമതിയാരോപണവുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് ഉന്നയിച്ച അഴിമതിയാരോപണവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ വിശദീകരണം അദ്ദേഹം മേശപ്പുറത്ത് വച്ചിരിക്കുകയാണ്, അത് പ്രൊസീഡിങ്സിൽ ഉൾപ്പെടുന്നതാണ്.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പുതിയ കാലവും പുതിയ ലോകവും ഉയർത്തുന്ന അതിസങ്കീർണ്ണമായ സമസ്യകളെ വളരെ തന്റേടത്തോടെ അഭിസംബോധന ചെയ്യാൻ കഴിയുന്ന ഒരു സമൂഹമായി കേരളത്തെ മുന്നോട്ടുനയിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക്

ഗണ്യമായ പരിഗണന നൽകണമെന്ന് കണ്ടുകൊണ്ട് കഴിഞ്ഞ നാല് വർഷങ്ങളിലും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഈ മേഖലയിൽ ശ്രദ്ധേയമായ നിലയിലുള്ള ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സമീപനത്തോടുകൂടി മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ ഉന്നതവിദ്യാഭ്യാസ സാഹചര്യങ്ങൾ സംസ്ഥാനത്തെ സർവകലാശാലകളിലും കലാലയങ്ങളിലും ഉറപ്പാക്കാൻ ആത്മാർഥമായ പരിശ്രമങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതുപോലെ കേരളത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തെ മുൻനിർത്തി പൊതുസർവകലാശാലകളുടെ ശാക്തീകരണം നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോയ ഈ വേളയിൽ സ്വകാര്യ മേഖലയ്ക്കുകൂടി ഒരു സ്പേസ് അനുവദിച്ചുകൊണ്ട് മികച്ച ഉന്നതവിദ്യാഭ്യാസ സാഹചര്യങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നതിനുള്ള അവസരമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ട ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് യു.ജി.സി.-യെ ഉപയോഗിച്ചുകൊണ്ട് മുന്നോട്ടുവയ്ക്കുന്ന ചില നിയമങ്ങളുടെ അടിസ്ഥാനത്തിൽ

സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെതന്നെ ഇവിടെ ഡിഗ്രി നൽകുന്ന സ്ഥാപനങ്ങൾ കടന്നുവരാൻ സാധ്യതയുണ്ടെന്ന് കണ്ടുകൊണ്ടുതന്നെയാണ് കൃത്യമായ സാമൂഹ്യ നിയന്ത്രണങ്ങളോടെ സാമൂഹ്യനീതി സങ്കൽപങ്ങൾ ഉയർത്തിപ്പിടിക്കുന്ന നിലയിൽതന്നെ സ്വകാര്യ സർവകലാശാലകളുമായി ബന്ധപ്പെട്ട ബിൽ തയ്യാറാക്കിയത്. യഥാർത്ഥത്തിൽ 2022-ൽ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തേണ്ടുന്ന നവീകരണ പരിശ്രമങ്ങളെക്കുറിച്ചുള്ള നിർദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട ഡോ. ശ്യാം ബി. മേനോൻ കമ്മീഷൻ സ്വകാര്യ സർവകലാശാലകൾ സംസ്ഥാനത്തുണ്ടാകേണ്ടതുണ്ട് എന്ന തരത്തിലുള്ള നിർദേശം മുന്നോട്ടുവയ്ക്കുകയുണ്ടായി. പക്ഷെ ആ സന്ദർഭത്തിൽ ഇത്തരമൊരു ബിൽ അവതരിപ്പിക്കാതിരുന്നത് നമ്മുടെ പൊതു സർവകലാശാലകളെ ശാക്തീകരിക്കുക എന്ന കാര്യത്തിൽ പ്രഥമ പരിഗണന നൽകണമെന്നുള്ളതുകൊണ്ടാണ്. നമ്മുടെ പൊതുസർവകലാശാലകളെ നല്ല രീതിയിൽ ഇടപെട്ടുകൊണ്ട് കരുത്തുറ്റ സംവിധാനങ്ങളാക്കി മാറ്റിക്കഴിഞ്ഞു എന്നുള്ള ആത്മവിശ്വാസത്തോടുകൂടിതന്നെയാണ് ഇപ്പോൾ ഈ സ്വകാര്യ

സർവകലാശാല ബിൽ അവതരിപ്പിച്ചത്. ആദ്യ നാല് വർഷക്കാലംകൊണ്ട് 6000 കോടിയിലധികം രൂപ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചുകൊണ്ട് സർവകലാശാലകളുടെയും കലാലയങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ഉള്ളടക്കത്തിന്റെ കാര്യത്തിൽ ആഗോള തലത്തിലുള്ള സ്റ്റാന്റേർഡ് ഉയർത്തിപ്പിടിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരികയും പൊതുസംവിധാനങ്ങളെ ശക്തിപ്പെടുത്തിയതിന്റെയും ഭാഗമായി ദേശീയ-അന്തർദേശീയ ഗുണനിലവാര പരിശോധനകളിലൊക്കെ നമ്മുടെ സ്ഥാപനങ്ങൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയാണ്. NAAC (National Assessment and Accreditation Council) Accreditation, NIRF (National Institutional Ranking Framework) ranking, QS International ranking എന്നിവയിലൊക്കെ നമ്മുടെ പൊതുസർവകലാശാലകൾ നല്ല പ്രകടനം കാഴ്ചവച്ചു. ഏറ്റവുമൊടുവിൽ മിനിഞ്ഞാന്ന് എം.ജി. യൂണിവേഴ്സിറ്റി യു.ജി.സി.-യുടെ കാറ്റഗറി നമ്പർ-1 സർവകലാശാലയായി അംഗീകരിക്കപ്പെടുകയും ഗ്രേഡഡ് ഓട്ടോണമിക്ക് അർഹത നേടുകയും ചെയ്തു എന്ന സന്തോഷവാർത്തകൂടി ഞാനിവിടെ അറിയിക്കുകയാണ്. അത്തരത്തിൽ ഏത്

സംവിധാനങ്ങളോടും മത്സരിക്കാൻ കെൽപ്പുള്ളവയായി നമ്മുടെ സർവകലാശാലകളെ വളർത്തിയതിനുശേഷമാണ് ഇപ്പോൾ സ്വകാര്യ മൂലധനംകൂടി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള സ്പേസ് സൃഷ്ടിക്കുന്നത്. സ്വകാര്യ സർവകലാശാലകൾ ഒരു മൾട്ടി ഡിസിപ്ലിനറി സർവകലാശാലകൾ എന്ന നിലയിലാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്. സർവകലാശാല ആരംഭിക്കുന്നതിന് കർശനമായ വ്യവസ്ഥകളാണ് നിർദേശിച്ചിട്ടുള്ളത്. 25 കോടി രൂപ എൻഡോവ്മെന്റ് ഫണ്ടായി കെട്ടിവയ്ക്കണം. റെഗുലേറ്ററി ബോഡികൾ നിർദേശിക്കുന്നതുപ്രകാരമുള്ള ഭൂമിയും മറ്റടിസ്ഥാന സൗകര്യങ്ങളുമുണ്ടാകണം. ഉദാഹരണമായി, എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കണമെങ്കിൽ എ.ഐ.സി.റ്റി.ഇ. (All India Council for Technical Education) നിർദേശിക്കുന്ന വ്യവസ്ഥകളും മെഡിക്കൽ കോളേജ് ആരംഭിക്കണമെങ്കിൽ **The Medical Council of India (MCI) or NMC (National Medical Council)** നിർദേശിക്കുന്ന വ്യവസ്ഥകളുമെല്ലാം പാലിക്കേണ്ടതാണ്. 40 ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർഥികൾക്ക് സംവരണം ചെയ്യേണ്ടതാണ്.

സംസ്ഥാനത്ത് നിലവിലുള്ള സംവരണ സംവിധാനം പാലിക്കുകയും വേണം. എസ്.സി./എസ്.ടി. വിഭാഗം വിദ്യാർഥികൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഫീസിളവ് നൽകുകയും സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും ചെയ്യണം. സ്പോൺസറിങ് ഏജൻസി സമർപ്പിക്കുന്ന അപേക്ഷ സെക്ഷൻ 6 പ്രകാരമുള്ള വിദഗ്ധ സമിതി പരിശോധിക്കും. സമിതിയുടെ ശിപാർശപ്രകാരം മാത്രമാണ് സംസ്ഥാന സർക്കാർ സ്വകാര്യ സർവകലാശാല ആരംഭിക്കാൻ അനുമതി നൽകുന്നത്. അതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ ഉന്നത വിദ്യാഭ്യാസം നൽകുന്നതിന് സ്വകാര്യ സർവകലാശാലകൾക്ക് സാധിക്കുന്ന വിധത്തിലുള്ള അധികാരങ്ങളും അവകാശങ്ങളും ഈ ബില്ലിലൂടെ അവർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, ഈ സർവകലാശാലകളിൽ സാമൂഹിക നീതിയും സാമൂഹിക നിയന്ത്രണവും ഉറപ്പുവരുത്തുന്നതിനുവേണ്ടി ബില്ലിൽ വ്യവസ്ഥകൾ നിർദേശിച്ചിട്ടുണ്ട്. സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ സർക്കാർ നിശ്ചയിക്കുന്ന രീതിയിലും സമയക്രമവുമനുസരിച്ച് സ്വകാര്യ സർവകലാശാലകൾ നൽകേണ്ടതുണ്ട്. ഗവേണിങ് കൗൺസിലിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും സർക്കാർ

നാമനിർദേശം ചെയ്യുന്ന മറ്റൊരു സെക്രട്ടറിയും അംഗങ്ങളാകും. സർക്കാർ നയങ്ങളോ നിർദേശങ്ങളോ ഉൾപ്പെടുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ട എല്ലാ യോഗങ്ങളിലും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോ സർക്കാർ നാമനിർദേശം ചെയ്യുന്ന അംഗമോ പങ്കെടുക്കേണ്ടതാണ്. എക്സിക്യൂട്ടീവ് കൗൺസിലിൽ സർക്കാർ നാമനിർദേശം ചെയ്യുന്ന ഒരംഗവും സർവകലാശാലയുടെ അക്കാദമിക് കൗൺസിലിൽ സർക്കാർ നാമനിർദേശം ചെയ്യുന്ന അസോസിയേറ്റ് പ്രൊഫസർ പദവിയിൽ താഴെയല്ലാത്ത മൂന്ന് വ്യക്തികളുമുണ്ടാകും. റൂൾസ് നിർമ്മിക്കുന്നതിനുള്ള അധികാരം സർക്കാരിനുണ്ട്. ഇതുവഴി സ്വകാര്യ സർവകലാശാലകൾക്കുമേൽ സർക്കാരിന്റെ നിയന്ത്രണം ഉറപ്പുവരുത്താൻ ഗവൺമെന്റിന് സാധിക്കും. വിദ്യാർഥികളുടെ അവകാശങ്ങൾ സംബന്ധിച്ച് ഓരോ വിദ്യാർഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന നിർദിഷ്ട അവകാശങ്ങളുണ്ടായിരിക്കുന്നതാണ്. വിദ്യാർഥികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും സർവകലാശാലയ്ക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്. ഒരു വിദ്യാർഥി യൂണിയൻ ഉണ്ടായിരിക്കേണ്ടതും അതിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും

സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതുമാണെന്ന് ബിൽ നിർദേശിക്കുന്നുണ്ട്. വിദ്യാർഥികളുടെ പരാതികൾ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതുപ്രകാരമുള്ള പരാതി പരിഹാര സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. Departmental Student Grievance Redressal Committee (DSGRC) എന്ന ഒരു ടയറും University Student Grievance Redressal Committee (SGRC) എന്ന മറ്റൊരു ടയറുമുണ്ട്. രണ്ട്-ടയർ സംവിധാനമാണ് ഇതിനുള്ളത്. അതുപോലെതന്നെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. എൻഡോവ്മെന്റ് ഫണ്ടിലെ തുക സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കേണ്ടതും സർവകലാശാല പിരിച്ചുവിടുന്നതുവരെ ടി ഫണ്ട് നിലനിർത്തേണ്ടതുമാണ്. ഏതെങ്കിലും സാഹചര്യത്തിൽ സർവകലാശാല പിരിച്ചുവിടുകയാണെങ്കിൽ വിദ്യാർഥികൾക്കുണ്ടാകുന്ന ചെലവുകളും ബാധ്യതകളും എൻഡോവ്മെന്റ് ഫണ്ടിൽനിന്നും കണ്ടെത്താൻ സാധിക്കും. സർവകലാശാലയുടെ അംഗീകാരം പിൻവലിക്കാൻ സർക്കാരിന് അവകാശമുള്ളതാണ്. സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഏതെങ്കിലും സർവകലാശാല

പ്രവർത്തിക്കുന്നില്ലെന്ന വസ്തുതാപരമായ ആക്ഷേപങ്ങൾ ലഭിച്ചാൽ സർക്കാരിന് അപ്പോൾതന്നെ ഇടപെട്ടുകൊണ്ട് പരാതി ലഭിച്ച് രണ്ടുമാസത്തിൽ കവിയാത്ത കാലവധിക്കുള്ളിൽ സർവകലാശാലയുടെ അംഗീകാരം പിൻവലിക്കാതിരിക്കുന്നതിന് കാരണം കാണിക്കണമെന്ന് സർവകലാശാലയോട് ആവശ്യപ്പെടാൻ സാധിക്കും. നയപരമായ കാര്യങ്ങളിൽ സർവകലാശാലയ്ക്ക് നിർദേശങ്ങൾ നൽകുന്നതിനും സർക്കാരിന് അധികാരമുണ്ട്. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ സർവകലാശാലയ്ക്ക് കാലാകാലങ്ങളിൽ യുക്തമായ നിർദേശങ്ങൾ നൽകാൻ സർക്കാരിന് അധികാരമുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ഈ ആക്റ്റിന്റെ ആവശ്യത്തിലേക്ക് റെഗുലേറ്ററി ബോഡി രൂപീകരിക്കാനുള്ള അധികാരവും സർക്കാരിനുണ്ട്. ഇത്രയും കാര്യങ്ങളാണ് പ്രധാനമായും ബില്ലിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സജീവമായ മുന്നേറ്റങ്ങൾ സാധ്യമാകുന്ന ഇക്കാലത്ത് സ്വകാര്യ സർവകലാശാലകളെക്കൂടി പ്രയോജനപ്പെടുത്തികൊണ്ട് നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക് ഇവിടെ പഠിക്കുന്നതിനും പുറത്തുനിന്നുള്ള

കുട്ടികളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കാനും കഴിയുന്നവിധത്തിൽ ലോകോത്തര നിലവാരമുള്ള സംവിധാനങ്ങൾതന്നെ നമുക്ക് ഉറപ്പാക്കേണ്ടതുണ്ട്. അതിന് സഹായകരമാകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്നും ഈ ബിൽ പാസ്സാക്കണമെന്നും അഭ്യർഥിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നതിനോടൊപ്പം എന്റെ അഭിപ്രായങ്ങളും അറിയിക്കുകയാണ്. കേരളത്തിലെ സ്വകാര്യ വിഭ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടി നിങ്ങൾ എത്ര നിർലജ്ജമായാണ് വിദ്യാർഥികളെ മർദിച്ചതിനെ ന്യായീകരിച്ചതെന്ന് ഓർക്കണം. കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് 50 ശതമാനം മെറിറ്റിലും 50 ശതമാനം സ്വതന്ത്രമായി കോഴ വാങ്ങി അഡ്മിഷൻ നൽകുന്നതിനുമുള്ള അവകാശം നൽകിയവരാണ് നിങ്ങൾ. അതേസമയം കർണ്ണാടകയിൽ കോൺഗ്രസ് ഭരിക്കുമ്പോൾ 75 ശതമാനം സീറ്റുകൾ ഗവൺമെന്റ് നിശ്ചയിക്കും. മെറിറ്റും റിസർവേഷനുമായി 25 ശതമാനം മാത്രമേ സ്വകാര്യ മാനേജ്മെന്റിന്

അഡ്മിഷൻ നടത്താൻ അവകാശമുള്ളൂ. അങ്ങനെ മെറിറ്റിന്റെയും സംവരണത്തിന്റെയും സംരക്ഷണം നൽകിയ അയൽ സംസ്ഥാനത്തിന്റെ മാതൃകയെങ്കിലും നിങ്ങൾ പിന്തുടരണം. വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടിയാണ് നിങ്ങൾ ഇത്തരം നഗ്നമായ നിർലജ്ജമായ വിടുവേല ചെയ്തത്. 'നിങ്ങൾ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് നഗ്നമായി കീഴടങ്ങിയിരിക്കുകയാണ്. എന്നിട്ട് മാന്യരാണെന്നുള്ള മര്യാദയിൽ പോകരുത്. അതുകൊണ്ട് ഇതൊന്നുപറഞ്ഞിട്ട് നിങ്ങളുടെ വിദ്യാഭ്യാസ കച്ചവടക്കാരെ രക്ഷിക്കുന്നതിനുള്ള നയസമീപനങ്ങൾ മുന്നോട്ടുകൊണ്ടുപോകണം.' ഇത് എന്റെ വാചകങ്ങളല്ല; ഈ സഭയിൽ ആദരണീയനായ വി. എസ്. അച്യുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ അദ്ദേഹം നടത്തിയ വാക്കൗട്ട് പ്രസംഗത്തിലുള്ളതാണ്. ഈ ബില്ലിനോടുള്ള പാർട്ടിയുടെയും അദ്ദേഹത്തിന്റെയും പ്രതിഷേധമാണ് വാക്കൗട്ട് പ്രസംഗത്തിലൂടെ അവതരിപ്പിച്ചത്.

ശ്രീ. ടി. പി. ശ്രീനിവാസനെ അടിച്ച് തള്ളിയിട്ടതിനെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. അതുസംബന്ധിച്ച് അന്നത്തെ മനോരമ പത്രത്തിൽ

'സാക്ഷര കേരളത്തിന്റെ കവിളത്തേറ്റ അടി' എന്നാണ് എഴുതിയത്. അത്രയും ഭീകരമായ രൂപത്തിലാണ് ആ കാര്യങ്ങളെല്ലാം അവർ എതിർത്തത്. അതിന്റെ രാഷ്ട്രീയത്തിലേക്ക് ഞാൻ കടക്കുന്നില്ല. ഖുറാനിൽ 'അൽ അസ്വ്ർ' എന്ന ചെറിയൊരു അധ്യായമുണ്ട്. അതിൽ 'കാലം തന്നെയാണ (സത്യം), നിശ്ചയമായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്' എന്നാണ് പറഞ്ഞിരിക്കുന്നത്. 2023-ൽ ആരംഭിച്ച ഈ സ്വകാര്യ സർവകലാശാല ബില്ലിനെ അന്നുമുതൽ എതിർത്തുകൊണ്ട് കേരളത്തിലെ എത്രത്തോളം കുട്ടികൾ മറ്റുരാജ്യങ്ങളിലേക്ക് പഠിക്കുന്നതിനായി പോയിട്ടുണ്ട് എന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. ഇന്നത്തെ മാതൃഭൂമി പത്രമാണിത് (പത്ര കട്ടിങ് ഉയർത്തിക്കാണിച്ചു). 'കുടിയേറ്റ കുട്ടികൾ കുടുങ്ങില്ല' എന്നാണ് അതിൽ സൂചിപ്പിച്ചിരിക്കുന്നത്. 2023-ലെ സർവെ അവലംബിച്ച് നടത്തിയ കണക്കിൽ രണ്ടര ലക്ഷം കുട്ടികളാണ് പുറത്തുപോയി പഠിക്കുന്നതെന്നാണ് മാതൃഭൂമി പത്രത്തിൽ പറഞ്ഞിരിക്കുന്നത്. 2024 കഴിഞ്ഞ് 2025 ആകുന്ന ഇത്രയും കാലത്തിൽ എത്രമാത്രം കുട്ടികൾ ഇതിന്റെ പേരിൽ വിദേശത്തേക്ക്

പോയിട്ടുണ്ടാകുമെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചിന്തിക്കുകയും വേണമെന്ന് സന്ദർഭോചിതമായി സൂചിപ്പിക്കുകയാണ്. നിങ്ങളുണ്ടാക്കി വച്ച ഈ നഷ്ടം എങ്ങനെ നികത്താൻ സാധിക്കും? ഒരുതരത്തിലും നികത്താനോ ഇല്ലാതാക്കാനോ കഴിയില്ലെന്നത് വളരെ വ്യക്തമാണ്. അതിന്റെ രാഷ്ട്രീയത്തിലേക്ക് ഞാൻ കടക്കുന്നില്ല. സർവകലാശാലകളുമായി ബന്ധപ്പെട്ട് അതിന്റെ സ്പോൺസറിങ് ബോഡിയുടെ നിർവചനത്തിൽ വകുപ്പ് 2(ഇസഡ്)-ൽ വിദ്യാഭ്യാസ മേഖലയിലെ അനുഭവസമ്പത്തോ വിശ്വാസ്യതയോ ഉൾപ്പെടെയുള്ള യോഗ്യതകൾ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. പത്ത് വർഷത്തിനുമുകളിലെങ്കിലും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾ, സ്ഥാപനങ്ങൾ അല്ലെങ്കിൽ ധാരാളം കോർപ്പറേറ്റ് മാനേജ്മെന്റുകളും കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന സ്ഥാപനങ്ങളും ഉടമകളുമൊക്കെയുണ്ട്. അവരുടെയൊക്കെ ആധികാരികത ഉപയോഗപ്പെടുത്തി അവരെ അതിന്റെയൊക്കെ പരിധിയിൽക്കൊണ്ടുവന്ന് ഇത്തരത്തിലൊരു വിശ്വാസ്യത ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു നിലപാടിൽ മാറ്റം വരുത്താൻ

സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് സൂചിപ്പിക്കുകയാണ്. സംസ്ഥാനത്തിനുപുറത്തും രാജ്യത്തിനുപുറത്തും ഓഫ്-കാമ്പസ് അല്ലെങ്കിൽ ഷോ-കാമ്പസ് തുടങ്ങാൻ ഇതിലൂടെ അനുമതി നൽകിയിരിക്കുകയാണ്. യു.ജി.സി.-യുടെ 2008-ലെ നിയമമനുസരിച്ച് 5 വർഷം കഴിഞ്ഞാൽ മാത്രമേ ഒരു പുതിയ ഓഫ്-കാമ്പസ് തുടങ്ങാൻ അധികാരമുള്ളൂ. അതിനുപകരമായി പുതുതായി ആരംഭിക്കുന്ന ഏത് സ്ഥാപനങ്ങൾക്കും ഓഫ്-കാമ്പസും മറ്റ് കാമ്പസുകളും തുടങ്ങാനുള്ള അവകാശം നൽകുകയാണ്. സംസ്ഥാനത്ത് നിലവിലുള്ള സർവകലാശാലകൾക്കുപോലും പുറത്തൊരു ഓഫ്-കാമ്പസ് തുടങ്ങാൻ ഈ നിമിഷംവരെ അവകാശമില്ല. അപ്പോഴാണ് ബില്ലിൽ ഈയൊരു അവകാശം നൽകുന്നത്. അതുമാറ്റി ഈയൊരു സ്ഥാപനത്തെ അതിനനുസരിച്ച് കൊണ്ടുപോകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

വകുപ്പ് 3(3)-ൽ 'സ്പോൺസറിംഗ് ബോഡിക്ക്, സർവകലാശാലയെ ഒരു മൾട്ടി-കാമ്പസ് സർവകലാശാലയായി സംസ്ഥാനത്തിനകത്ത് സ്ഥാപിക്കാവുന്നതാണ്.' എന്ന് പറയുന്നുണ്ട്. 2003-ൽ പുറത്തിറക്കിയ യു.ജി.സി. റൂൾസിലെ വകുപ്പ് 3(2) പ്രകാരം 'പ്രൈവറ്റ് യൂണിവേഴ്സിറ്റി ഒരു

യൂണിറ്ററി യൂണിവേഴ്സിറ്റി ആയിരിക്കണം' എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണാനുകൂല്യങ്ങൾ, വിവിധ കോഴ്സുകളിൽ വിവിധ അനുപാതത്തിലാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്. ആയതിനാൽ മൾട്ടി ഡിസിപ്ലിനറി സർവകലാശാലകൾ ഏതുരീതിയിലുള്ള സംവരണക്രമമാണ് പാലിക്കുക എന്നതിനെക്കുറിച്ച് ആധികാരികമായ പഠനമോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ഒരു കാര്യമോ ഇതിൽ വ്യക്തമാക്കിയിട്ടില്ല.

ബില്ലിലെ വകുപ്പ് 4(എച്ച്)-ൽ "ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യുകയും, ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണ സംവിധാനം ബാധകമാക്കുകയും ചെയ്യുക;" എന്ന് പറയുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിലും സൂചിപ്പിച്ചിരുന്നു. സംസ്ഥാനതലത്തിലുള്ള റിസർവേഷനെതിരെ സുപ്രീംകോടതി ഉത്തരവുകൾ നിലവിലുണ്ട്. ഭരണഘടന പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതുകൊണ്ട് പ്രവേശനത്തിലെ സംസ്ഥാന ക്വാട്ട സംവിധാനം

സുപ്രീംകോടതിതന്നെ റദ്ദാക്കിയിട്ടുണ്ട്. ആയതിനാൽ സംവരണക്രമം പാലിക്കുന്നതിന് നിലവിലുൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥ പര്യാപ്തമല്ലെന്ന് സൂചിപ്പിക്കുകയാണ്. അതുകൊണ്ട് പി.ജി. മെഡിക്കൽ പ്രവേശനത്തിന് നിലവിലുണ്ടായിരുന്ന 50 ശതമാനം സംസ്ഥാന ക്വാട്ട റദ്ദാക്കിയ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത വ്യവസ്ഥയുടെ സാധുത ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ സ്വകാര്യ സർവകലാശാലകളുടെ പ്രവേശനത്തിനുള്ള സംവരണ മാനദണ്ഡങ്ങൾ സംബന്ധിച്ച് നിയമപരമായി സാധുതയുള്ള വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ നിയമപോരാട്ടങ്ങളിലേക്ക് ഇത് പോകുമെന്നതിന് യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ വിദ്യാർഥികൾക്ക് അർഹതപ്പെട്ട സംവരണാനുകൂല്യങ്ങളും വിദ്യാഭ്യാസ അവസരങ്ങളും നിഷേധിക്കപ്പെടാൻ ഇതിലൂടെ സാധ്യതയുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അപ്രകാരം നിയമസാധുതയുള്ള വ്യക്തമായ വ്യവസ്ഥകളുൾപ്പെടുത്തിക്കൊണ്ട് സംവരണം ഉറപ്പാക്കുകയും സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർഥികൾക്ക് സഹായകരമാകുന്ന തരത്തിൽ

കുറഞ്ഞത് 50 ശതമാനം സീറ്റുകളെങ്കിലും നീക്കിവയ്ക്കണമെന്ന് ഇതിന്റെ ഭാഗമായി ഉൾപ്പെടുത്താൻ ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി/പട്ടികഗോത്രവർഗ്ഗ വിദ്യാർഥികൾക്ക് ഫീസ് ഇളവ് നൽകാനും സ്കോളർഷിപ്പ് ഏർപ്പെടുത്താനും വ്യവസ്ഥകൾ ചെയ്തിരിക്കുന്നുവെന്ന് അങ്ങിവിടെ സൂചിപ്പിച്ചിരുന്നു. എന്നാൽ പിന്നാക്ക/ന്യൂനപക്ഷ വിദ്യാർഥികൾക്ക് നിലവിലുള്ള ആനുകൂല്യങ്ങൾ ബില്ലിൽ നിഷേധിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ ന്യൂനപക്ഷ/പിന്നാക്ക വിഭാഗത്തിൽപ്പെടുന്നവർക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും പ്രസ്തുത ആനുകൂല്യം നൽകാനുള്ള വ്യവസ്ഥ ഇതിലില്ല. ആ വ്യവസ്ഥയുണ്ടാകണമെന്ന് ഇതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. വകുപ്പ് 11(എഫ്)-ൽ "സർവകലാശാലയിലെ വിദ്യാർത്ഥികൾ അല്ലാത്ത വ്യക്തികൾക്ക് അത് നിശ്ചയിച്ചേക്കാവുന്ന രീതിയിൽ വിദ്യാഭ്യാസവും പരിശീലനവും നൽകുക;" എന്ന് ചേർത്തിട്ടുണ്ട്. ഇപ്രകാരം സർവകലാശാല രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികളല്ലാത്തവർക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനുമുമ്പ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു മുൻകൂർ അനുമതിയുണ്ടാകണം.

വകുപ്പ് 11(ജി)-ൽ "സർവകലാശാലയ്ക്ക് ആവശ്യമായ ഡയറക്ടർഷിപ്പുകൾ, പ്രൊഫസർഷിപ്പുകൾ, അസോസിയേറ്റ് പ്രൊഫസർഷിപ്പുകൾ, റീഡർഷിപ്പുകൾ, അസിസ്റ്റന്റ് പ്രൊഫസർഷിപ്പുകൾ, ലക്ചറർഷിപ്പുകൾ എന്നിവ ഏർപ്പെടുത്തുകയും അതിലേയ്ക്ക് നിയമനം നടത്തുകയും ചെയ്യുക;" എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ അധ്യാപക തസ്തികയിലേയ്ക്ക് നിയമനം നടത്താനുള്ള സർവകലാശാലകളുടെ അധികാരത്തെക്കുറിച്ചാണ് പറയുന്നത്. അധ്യാപക നിയമനം നടത്തുമ്പോൾ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് ഒരു മാനദണ്ഡപ്രകാരം അധ്യാപകരെ നിയമിക്കണമെന്ന നിലപാട് ഇതിന്റെ ഭാഗമായി വന്നിട്ടില്ല. യോഗ്യതകളുണ്ടെന്ന് ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾകൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.

വകുപ്പ് 11(എസ്)-ൽ "സർവ്വകലാശാലയ്ക്ക് അതിന് യുക്തമെന്ന് തോന്നുന്ന വിധത്തിൽ സ്ത്രീകളുടെയും സാമ്പത്തികമോ സാമൂഹികമോ ശാരീരികമോ ആയ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെയും താമസം, അച്ചടക്കം, അദ്ധ്യയനം എന്നിവയുമായി ബന്ധപ്പെട്ട് അങ്ങനെയുള്ള ക്രമീകരണങ്ങൾ നടത്തുക;" എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ജീവനക്കാർക്കും വിദ്യാർഥികൾക്കും

പൊതുവായ അച്ചടക്കം ഉറപ്പുവരുത്താനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ, സ്ത്രീകൾക്കും സാമ്പത്തികവും സാമൂഹികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്കും അച്ചടക്കം എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ട്. അതോടൊപ്പം ഇതിന്റെ ഫീസ് വ്യവസ്ഥകളുമായി ബന്ധപ്പെട്ട്, ഫീസ് വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സ്വകാര്യ സർവകലാശാലകൾ തന്നെയാണ്. ഗവൺമെന്റിന്റെ നിർദേശങ്ങൾക്കനുസരിച്ച് സെൽഫ് ഫിനാൻസ് കോളേജുകളടക്കം അവരുടെ ഫീസ് നിശ്ചയിക്കുന്നത് യൂണിവേഴ്സിറ്റിയാണ്. ഇവിടെ സ്വകാര്യ സർവകലാശാലകൾക്ക് പൂർണ്ണമായ അധികാരം നൽകുകയാണ്. സംസ്ഥാന-സ്വകാര്യ-ശാസ്ത്രീയ-മെഡിക്കൽ എഞ്ചിനീയറിങ് കോളേജുകൾ നിലവിൽ ഫീസ് നിർണ്ണയിക്കുന്നത്, റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അധ്യക്ഷനായ റെഗുലേറ്ററി കമ്മിറ്റിയാണ്. എന്നാൽ സ്വകാര്യ സർവകലാശാലകൾ ഉയർന്ന പഠനനിലവാരത്തിന്റെയും മികച്ച ഫാക്കൽറ്റിയുടെയും ഫീസ്, കുത്തനെ ഉയർത്തിയാൽ സർക്കാരിനോ റെഗുലേറ്ററി കമ്മിറ്റിക്കോ കോടതികൾക്കോ ഇടപെടാൻ സാധിക്കില്ല. ദരിദ്ര

പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് മികച്ച പഠനത്തിന് അവസരം നിഷേധിക്കുന്ന സാഹചര്യം ഇതിലൂടെ ഉണ്ടാകുകയാണ്. സ്വകാര്യ സർവകലാശാല ആവശ്യപ്പെടുന്ന അവസാനത്തെ സംസ്ഥാനമാണ് കേരളം. മറ്റ് സംസ്ഥാനങ്ങളിലൊക്കെ അവിടത്തെ യൂണിവേഴ്സിറ്റിയുടെയും ഗവൺമെന്റിന്റെയും അംഗീകാരമില്ലാതെ ഫീസ് വർധനയോ ഫീസ് നിശ്ചയിക്കലോ നടത്താൻ പാടില്ലെന്ന് യു.പി. സർക്കാരിന്റെ ഉത്തരവിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. സർവകലാശാലകൾ നൽകുന്ന കോഴ്സുകളുടെയും ബിരുദങ്ങളുടെയും സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സമാനമായി ഒരു ബോഡി ഉണ്ടായിരിക്കേണ്ടതാണ് എന്ന നിർദേശംകൂടി ഇതിന്റെ ഭാഗമായി ചേർത്തുകൊണ്ട് സ്വകാര്യ സർവകലാശാലകൾ സമൂഹത്തിന്റെ ഗുണകരമായ വിദ്യാഭ്യാസത്തിനുതകുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ട് നടപ്പിലാക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്ന ബില്ലിനുവേണ്ടി പണ്ട് പൊടിപിടിച്ചുകിടന്ന ഫയൽ

പുറത്തെടുക്കുമ്പോൾ അതിലെ വരികൾക്കിടയിൽ രക്തം കട്ടപിടിച്ചുകിടക്കുന്നത് താങ്കൾക്ക് കാണാൻ കഴിഞ്ഞേക്കും. കൂത്തുപറമ്പ് രക്തസാക്ഷികളുടെ അലർച്ചകൾ അതിലുണ്ടാകും. വളരെക്കാലം ചലനമറ്റുകിടന്ന പുഷ്പന്റെ ത്യാഗവും വേദനയും അത് പറയും. ടി. പി. ശ്രീനിവാസനെപ്പോലെ ഒട്ടേറെപ്പേരുടെ കണ്ണുനീരിന്റെ ഉപ്പുണ്ടാകും.

മി. സ്പീക്കർ: നിങ്ങളെല്ലാവരും പറയുന്നതാണിത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നിങ്ങൾ തെറ്റിദ്ധരിപ്പിച്ചതിന്റെ പേരിൽ തെരുവിൽ തല്ലുകൊണ്ട ഒട്ടേറെ സഖാക്കളുടെ ചോരപ്പാടുകളുണ്ടാകും. ദീർഘദൃഷ്ടിയുള്ള ഭരണാധികാരികളായതുകൊണ്ടും തെരുവിലെ തെറി അഭിഷേകംകൊണ്ടും സ്വകാര്യ മുതലാളിമാരുടെ ദല്ലാൾമാരിൽനിന്നും പഴികേട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുടെ മാനത്തിന്റെ വിലയുണ്ടാകും. ആ ഫയലുകളിൽ ഇതുവരെ ഉറക്കിക്കിടത്തിയ അക്ഷരക്കൂട്ടുകൾക്കിടയിൽ ഇന്ന് ഈ ബില്ലിന്റെ രണ്ടുമൂന്ന് വായനയ്ക്കുമുമ്പെങ്കിലും എല്ലാംമറന്ന് മാപ്പ് എന്ന രണ്ടക്ഷരമെങ്കിലും താങ്കൾ ഉരിയാടണം. എന്നിട്ട് മാത്രമേ ബില്ലിന്റെ അനന്തരനടപടികളിലേക്ക് കടക്കാവൂവെന്ന് അങ്ങയുടെ സബ്ജക്റ്റ് കമ്മിറ്റിയിലെ

ഒരു എളിയ അംഗമെന്നനിലയ്ക്ക് ഞാൻ അഭ്യർഥിക്കുകയാണ്. എങ്കിൽ സോവിയറ്റ് യൂണിയനിൽ ഇരുമ്പുമറയ്ക്കുള്ളിൽ തളയ്ക്കപ്പെട്ട സത്യങ്ങളെ Glasnost and Perestroika-ലൂടെ തുറന്നുവിട്ട മിഖായേൽ ഗോർബച്ചേവിനെപ്പോലെ കേരള വിദ്യാഭ്യാസ ചരിത്രത്തിൽ ഇന്നലെകളുടെ തെറ്റിന് മാപ്പുകൊണ്ട് പ്രായശ്ചിത്തം ചെയ്ത ഒരാളായി താങ്കൾ അറിയപ്പെടും.

2003-ലാണ് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കാമെന്നുള്ള ഒരു പ്രൊവിഷൻ യു.ജി.സി. കൊണ്ടുവരുന്നത്. അന്നുമുതൽ ഇന്ത്യയിൽ 27 സംസ്ഥാനങ്ങളിൽ സ്വകാര്യ സർവകലാശാലകൾ വന്നുകഴിഞ്ഞു. ഇരുപത്തിയെട്ടാമത്തെ സംസ്ഥാനമായി കേരളം മാറുകയാണ്. 27 സംസ്ഥാനങ്ങളിലായി അഞ്ഞൂറോളം സ്വകാര്യ സർവകലാശാലകൾ ഇതിനകംതന്നെ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. 2011-16-ൽ ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് ശ്രീ. പി. കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ഘട്ടത്തിൽ സിറിയക് തോമസിനെയും ടി. പി. ശ്രീനിവാസനെയുമടക്കമുള്ള വിദഗ്ധരുൾപ്പെട്ട ഒരു കമ്മിറ്റി ചേർന്നു. ആ കമ്മിറ്റി 2015 സെപ്റ്റംബറിൽ റിപ്പോർട്ട് നൽകി. സി.പി.ഐ.(എം)-ന്റെ അക്കാലത്തുള്ള എതിർപ്പ്

എത്രമാത്രമുണ്ടായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. 2016 ജനുവരി 29-ന് കോവളത്ത് നടന്ന ആഗോളവിദ്യാഭ്യാസ സെമിനാറിൽ ശ്രീ. ടി. പി. ശ്രീനിവാസനേറ്റ മർദ്ദനം ഈ സമയത്ത് ഓർക്കേണ്ടതാണ്. അന്ന് എസ്.എഫ്.ഐ.-യുടെ സെക്രട്ടറിയായിരുന്ന ശ്രീ. എം. വിജിൻ ഈ സഭയിലുണ്ട്. പക്ഷേ അദ്ദേഹത്തെ ഈ സമയത്ത് കാണാതിരിക്കുന്നത് ദുരൂഹമാണെന്നാണ് എനിക്കുതോന്നുന്നത്. അതിനുശേഷംവന്ന രണ്ട് ഇടതുപക്ഷ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരായ പ്രൊഫ. സി. രവീന്ദ്രനാഥും ശ്രീ. എം. എ. ബേബിയും ഈ സ്വകാര്യ സർവകലാശാലകളെ തള്ളിപ്പറഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല, കഴിഞ്ഞ സഭയിൽപ്പോലും പ്രൊഫ. സി. രവീന്ദ്രനാഥ് സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ചും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും പറഞ്ഞത് നമുക്ക് മറക്കാൻ കഴിയില്ല. പക്ഷെ കാലം നിങ്ങളെ മാറ്റുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

" മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ

മാറ്റുമതുകളീ നിങ്ങളെത്താൻ "

എന്ന് കുമാരനാശാൻ പാടിയതുപോലെ സി.പി.ഐ.(എം)-നെ ഇപ്പോൾ മാറ്റിയിരിക്കുകയാണ്. നിങ്ങൾ കേരളീയ സമൂഹത്തോട് മാപ്പുപറയണം. ഇപ്പോൾ 22 വർഷങ്ങൾക്കുശേഷമാണ് നിങ്ങൾക്ക് നയംമാറ്റം സംഭവിച്ചിട്ടുള്ളത്. കുട്ടികളെ വിദേശ വിദ്യാഭ്യാസത്തിന് പറഞ്ഞയയ്ക്കുക മാത്രമല്ല, അതൊരു ബില്ലിലൂടെ തടയുമെന്നുപോലും മന്ത്രിക്ക് പറയേണ്ട ഗതികേടിലേക്ക് കേരളത്തെ എത്തിച്ചത് സി.പി.ഐ.(എം)-ന്റെ പഴയകാല നിലപാടുകളായിരുന്നു. ഞാൻ കോളേജിൽ പഠിക്കുന്ന സമയത്ത് പോളിടെക്നിക് കോളേജിനെ സ്വകാര്യമേഖലയ്ക്ക് കൊടുത്തപ്പോൾ അന്ന് എസ്.എഫ്.ഐ. പ്രവർത്തകർ വിളിച്ച ഒരു മുദ്രാവാക്യമുണ്ട്. "പാലക്കാട്ടെ പട്ടന്മാർക്കും പാലായിലെ പാതിരിമാർക്കും കോഴിക്കോട്ടെ കോയമാർക്കും പണയം വയ്ക്കാനുള്ളതല്ല കേരളത്തിലെ വിദ്യാഭ്യാസം" എന്നാണ്. ആ സി.പി.ഐ.(എം) ഇന്ന് ഈ രീതിയിൽ മാറിയതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ഞങ്ങൾക്ക് 25 വർഷം മുമ്പുവന്ന ബുദ്ധി 25 വർഷം കഴിഞ്ഞിട്ടാണ് സി.പി.ഐ.(എം)-നും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുമുണ്ടായതെന്നുള്ളത് സന്തോഷകരമാണ്. 2015-ൽ ഈ ബിൽ വന്ന

സമയത്തുപോലും സി.പി.ഐ.(എം) ബുദ്ധിജീവിയായ ശ്രീ. സി. പി. നാരായണൻ 'സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിൽ ദുഷ്ടലാക്ക്' എന്നുപറഞ്ഞുകൊണ്ടാണ് ലേഖനം എഴുതിയത്. എന്തായാലും ആ നയങ്ങളിലൊക്കെ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഈ നയത്തെപ്പോലും ജനങ്ങൾക്ക് ബോധ്യമാകാത്തവിധത്തിലാണ് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ന്യായീകരിച്ചത്. മൂർത്തമായ സാഹചര്യങ്ങൾക്കനുസരിച്ച് തീരുമാനമെടുക്കുകയെന്നത് മാർക്സിയൻ നിലപാടാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇങ്ങനെ തിരിച്ചും മറിച്ചും വളച്ചൊടിക്കുമ്പോൾ ഓന്തുപോലും നാണിക്കും. "തൈലാദി വസ്തുക്കൾ അശുദ്ധമായാൽ പൗലോസ് തൊട്ടാൽ അത് ശുദ്ധമാകും" എന്ന് പണ്ട് പറഞ്ഞിരുന്ന വാക്കുകളെപ്പോലെ സി.പി.ഐ.(എം) ഏത് നിലപാടെടുത്താലും അത് ശുദ്ധമാകുന്ന വിധത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്.

ഈ ബില്ലിൽ ഒരുപാട് പോരായ്മകളുണ്ട്. അതിനെക്കുറിച്ച് ഞാൻ വിശദമായി പറയാം. ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽ ഈ സർക്കാരിന് ഒരു പങ്കുമില്ലെന്ന് ഈ ബിൽ പരിശോധിക്കുമ്പോൾ മനസ്സിലാകും. കേരളത്തിൽ

പത്ത് ഏക്കർ ഭൂമിയും 25 കോടിയുമുണ്ടെങ്കിൽ ഏത് മുതലാളിമാർക്കും വിദ്യാഭ്യാസ കച്ചവടത്തിനുതകുന്ന വിധത്തിൽ സ്വകാര്യ സർവ്വകലാശാല തുടങ്ങാൻ കഴിയുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് കോൺഗ്രസ് ഭരണകാലത്താണെങ്കിൽ എന്തൊക്കെ കൊട്ടിഘോഷങ്ങളാണ് നടത്തുകയെന്ന് നമുക്കെല്ലാവർക്കുമറിയാം. 25 കോടി രൂപയോ പത്ത് ഏക്കറോ അല്ലല്ലോ പ്രധാനം. ആ ഏജൻസിയുടെ വിദ്യാഭ്യാസ രംഗത്തുള്ള എക്സ്പീരിയൻസ് എന്താണെന്നുള്ളതല്ലേ ഏറ്റവും പ്രധാനമായി പരിശോധിക്കേണ്ടത്. ദളിത് എസ്.സി. വിദ്യാർത്ഥികൾക്ക് ഫീസിളവുണ്ടെന്നകാര്യം ഇവിടെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ചു. പക്ഷേ, പിന്നാക്ക ന്യൂനപക്ഷങ്ങളിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകൾക്കും ബി.പി.എൽ. വിദ്യാർത്ഥികൾക്കും ഫീസിളവ് കൊടുക്കുന്ന യാതൊന്നും ബില്ലിൽ പറയുന്നില്ല. സംവരണതത്വം പാലിക്കുന്നില്ല; സംവരണതത്വം പാലിക്കാൻ യാതൊരു നിവൃത്തിയുമില്ല. 40 ശതമാനമെന്നുപറയുന്നത് 2025-ലെ സുപ്രീംകോടതിയുടെ ഡയറക്ഷനിലാണ്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതുപോലെ ആ ഡയറക്ഷൻ നിലനിൽക്കുന്നിടത്തോളംകാലം സംവരണതത്വം ഈ രീതിയിൽ

കൊണ്ടുപോകാൻ കഴിയില്ല. പക്ഷേ, ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിമാത്രം സംവരണമുണ്ടോ എന്നുചോദിച്ചാൽ, സംവരണമുണ്ട്; എന്നാൽ കുറച്ചുപോലും സംവരണം ലഭിക്കാത്ത ഒരവസ്ഥയാണ് ഈ ബില്ലിൽ പറഞ്ഞിട്ടുള്ളത്. അതുപോലെ 'മൾട്ടി ഡിസിപ്ലിനറി ക്യാമ്പസ്' എന്ന് ബില്ലിൽ പറയുന്നുണ്ട്. മൾട്ടി ഡിസിപ്ലിനറി ക്യാമ്പസ് എന്ന് പറയുന്നത് യു.ജി.സി.-യുടെ തത്വങ്ങൾക്ക് വിരുദ്ധമാണ്. ഒരു സ്വകാര്യ സർവകലാശാല സ്ഥാപിച്ച് അഞ്ച് വർഷത്തിനുശേഷം മാത്രമേ അവിടെ ഓഫ് ക്യാമ്പസും സ്റ്റഡി സെന്ററുകളും സ്ഥാപിക്കാൻ കഴിയുകയുള്ളൂ. ഏതോ സ്വകാര്യ മുതലാളിമാർക്കും ഏജൻസികൾക്കും വേണ്ടിയുള്ള ബില്ലാണിതെന്ന് ഞങ്ങൾ ന്യായമായും സംശയിക്കുന്നുണ്ട്. ആ ഏജൻസിക്ക് വേണമെങ്കിൽ ഇതുപോലുള്ള ഓഫ് ക്യാമ്പസുകളും സ്റ്റഡി സെന്ററുകളും ഇപ്പോൾതന്നെ തുടങ്ങാൻ സാധിക്കുന്ന രീതിയിലാണ് മൾട്ടി ഡിസിപ്ലിനറി ക്യാമ്പസ് എന്ന് കൂട്ടിച്ചേർത്തതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കാരണം, പ്രധാനമായും ബില്ലിന്റെ രണ്ടാം ഭാഗത്ത് അക്കാദമിക്ക് കൗൺസിൽ എന്താണെന്നും പഠനവകുപ്പ് (Board of studies) എന്താണെന്നും കൃത്യമായി നിർവചിക്കുന്നുണ്ട്. എന്നാൽ എന്താണ് മൾട്ടി

ഡിസിപ്ലിനറി ക്യാമ്പസ് എന്ന് ഈ ബില്ലിൽ എവിടെയും നിർവചിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിക്കുമോയെന്ന് എനിക്കറിയില്ല. ബില്ലിലെ ബാക്കിയെല്ലാ കാര്യങ്ങൾക്കും നിർവചനമുണ്ട്. അതുപോലെ നാളെ വരാൻ പോകുന്ന സർവകലാശാലയുടെ സ്വകാര്യ ബില്ലിനെക്കുറിച്ചും നമ്മളതിന്റെ കൂട്ടത്തിൽ പറയേണ്ടതുണ്ട്. ആ രീതിയിൽ പറയുമ്പോൾ....

മി. സ്പീക്കർ: അത് നാളെ പറഞ്ഞാൽ മതി.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അതാണ് പറയുന്നത്. പക്ഷേ, ഈ സ്വകാര്യ സർവകലാശാല ബിൽ വരുന്നതോടുകൂടി ബഹുമാനപ്പെട്ട മന്ത്രി മറ്റ് പൊതു സർവകലാശാലകളുടെ ചരമഗീതം എഴുതുകയാണ്. ഒ.എൻ.വി. കുറുപ്പ് പണ്ട് 'ഭൂമിക്കൊരു ചരമഗീതം' എഴുതിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുള്ള പൊതു സർവകലാശാലകൾക്ക് ചരമഗീതമെഴുതിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു ഫെമിനിസ്റ്റ് ആണെന്നാണ് പറയുന്നത്. എന്നാൽ ഈ ബില്ലിൽ എല്ലായിടത്തും his, him എന്ന് തുടങ്ങിയ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ജെൻഡർ മര്യാദ ഈ ബില്ലിലെവിടെയും കാണിക്കുന്നില്ല. ബില്ലിൽ എല്ലായിടത്തും പുരുഷ

അഭിസംബോധന മാത്രമാണുള്ളത്. ഒരു സ്ഥലത്തുപോലും ജെൻഡർ ഇക്വാലിറ്റി പാലിച്ചിട്ടില്ല. യു.ഡി.എഫ്. സ്വകാര്യസർവകലാശാലകൾ ബിൽ കൊണ്ടുവന്നപ്പോൾ....

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം പ്ലീസ്...

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അതിനെ നിയന്ത്രിക്കാൻ ശക്തമായിട്ടുള്ള ഒരു റെഗുലേറ്ററി കമ്മിറ്റി ഉണ്ടായിരുന്നു. റിട്ട. ജഡ്ജി അധ്യക്ഷനായ റെഗുലേറ്ററി കമ്മിറ്റിയായിരുന്നു അത്. എന്നാൽ ബില്ലിൽ ഒരു സ്ഥലത്തുപോലും ആരാണ് നിയന്ത്രിക്കുന്നതെന്ന് പറഞ്ഞിട്ടില്ല. മാത്രമല്ല, ഫീസിന്റെ കാര്യത്തിലോ, വിദ്യാർഥികൾ നേരിടുന്ന പീഡനത്തിന്റെ കാര്യത്തിലോ എന്തെങ്കിലും പരാതി കൊടുക്കണമെങ്കിൽ ഒരു അപ്പലേറ്റ് അതോറിറ്റിയുടെ അപ്പീൽ കമ്മിറ്റിയെ കുറിച്ചുപോലും ഈ ബില്ലിൽ കാണുന്നില്ല. ഈ കാരണങ്ങൾ കൊണ്ടെല്ലാം ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ബില്ലിന് വിയോജനം രേഖപ്പെടുത്തുകയാണ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഞാൻ ഈ ബില്ലിനോടുള്ള വിയോജിപ്പ് അറിയിക്കുകയാണ്. ഒന്നാമത്തെ കാരണം, പത്ത് വർഷം മുമ്പ് നിർത്താതെ

പോയ ബസ്സിനാണ് ഇപ്പോൾ ഇരിഞ്ഞാലക്കുടയിൽ നിന്നുകൊണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി കൈകാണിക്കാൻ ശ്രമിക്കുന്നത്. 'മുഖ്യമന്ത്രി, വിദ്യാഭ്യാസ മന്ത്രി ഈ സ്വകാര്യ സർവകലാശാലകൾ വരാൻ എത്ര രൂപ കൈക്കൂലി കിട്ടിയെന്ന് നിങ്ങളെകൊണ്ട് പറയിക്കും. നിങ്ങൾക്കങ്ങനെ വിദ്യാഭ്യാസ മേഖല കച്ചവടം ചെയ്യാൻ ഞങ്ങൾ അനുവദിക്കില്ല. അവസാന നിമിഷം എല്ലാം വിറ്റ് തുലച്ച് പോകാമെന്ന് മുഖ്യമന്ത്രി, വിദ്യാഭ്യാസ മന്ത്രി നിങ്ങളുടെ വ്യാമോഹം, ഞങ്ങളുടെ ജീവൻ കൊടുത്തും ഞങ്ങൾ തടയും. ഞങ്ങൾ മരിക്കേണ്ടി വന്നാലും അതുവരെയുള്ള സമരമേറ്റെടുക്കാൻ തയ്യാറായിട്ടാണ് ഞങ്ങൾ ഇവിടെ വന്നിരിക്കുന്നത്.' ഇത് എന്റെ വാക്കുകളല്ല, തെറ്റിദ്ധരിക്കേണ്ട. ഈ പറഞ്ഞയാൾ മരിച്ചിട്ടില്ല, ഈ പറഞ്ഞയാൾ നിയമസഭയിലേക്ക് ജയിച്ചു; കല്ല്യാശ്ശേരിയിലെ നിങ്ങളുടെ എം.എൽ.എ. ആയ ശ്രീ. എം. വിജിൻ 2016-ൽ പറഞ്ഞ വാക്കുകളാണ് ഞാനിപ്പോൾ വായിച്ചത്. ഇങ്ങനെ പറഞ്ഞ് ജയിച്ച ശ്രീ. എം. വിജിൻ ഇപ്പോൾ ഇവിടെയില്ല എന്നുള്ളത് പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. നിങ്ങൾ എന്തിനെയും മുടക്കാൻവേണ്ടി

ഇറക്കുന്ന ഒരു ചുവന്ന കൊടിയുണ്ടല്ലോ, നാട്ടിലെ ഏത് നല്ല കാര്യം വന്നാലും മുടക്കാൻവേണ്ടി ഉപയോഗിക്കുന്ന ആ ചുവന്ന കൊടി. ആ ചുവന്ന കൊടി കാരണം കേരളത്തിലെ വിദ്യാർത്ഥികളുടെ പത്ത് വർഷക്കാലമാണ് നഷ്ടമായതെന്ന്......

ശ്രീ. ലിന്റോ ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ: യെസ്... യെസ്... പോയിന്റിലേക്ക് വരൂ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഏതാണ് പോയിന്റ്.

ശ്രീ. ലിന്റോ ജോസഫ്: സർ, ചട്ടം 307. വസ്തുതാ വിരുദ്ധമായ പരാമർശം രേഖയിൽനിന്ന് മാറ്റുന്നതിനാണ്. ഈ രാജ്യത്തെ പട്ടിണിപാവങ്ങൾ അവരുടെ ആശ്രയമായി കാണുന്ന ചുവന്ന കൊടിയെ അവഹേളിക്കുന്നൊരു വാക്കാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ആ വാക്ക് ഈ രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: യെസ്... പരിശോധിച്ച് ചെയ്യാം യെസ്... യെസ്... +

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, എല്ലാത്തിനെയും മുടക്കാനായി നിങ്ങളുപയോഗിക്കുന്ന ആ കൊടി ഉപയോഗിച്ച് മുടക്കിയത് ഈ നാട്ടിലെ

+ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം (ഫയൽനനമ്പർ കെ.എൽ.എസ്/2891/2025 ഇ.ബി) സഭാരേഖയിൽ നിലനിർത്തി

വിദ്യാർഥികളുടെ പത്ത് വർഷക്കാലമാണ്; എന്തിനാണ്? ഇപ്പോൾ ഈ ബില്ല് അവതരിപ്പിക്കുമ്പോഴെങ്കിലും ലളിതമായി പറഞ്ഞുതരൂ. എന്തിനാണ് നിങ്ങൾ ഉമ്മൻചാണ്ടിയുടെ കാലത്ത് ഈ സ്വകാര്യസർവകലാശകളെ എതിർത്തത്. ഇപ്പോൾ ഏതൊരു ഉത്സവപറമ്പ് കണ്ടാലും നിങ്ങൾ ഉടനെ പാടുന്നുണ്ടല്ലോ 'പുഷ്പനെ അറിയാമോ, ഞങ്ങളുടെ പുഷ്പനെ അറിയാമോ'. നിങ്ങൾക്കുപോലും അറിയാത്ത നിങ്ങൾ പോലും മറന്നുപോയ പുഷ്പനെ ഈ നാട്ടുകാർ എങ്ങനെയാണ് അറിയുന്നത്. സ്വകാര്യ സർവകലാശാലകൾ വരുന്നതുമായി ബന്ധപ്പെട്ട് അതിനകത്ത് നിർദ്ദേശത്തിൽ പറയുന്നൊരു കാര്യമുണ്ട്. പത്ത് ഏക്കർ ഭൂമിയും അതുപോലെ 25 കോടി രൂപയുമുള്ള ആർക്കും സ്വകാര്യ സർവകലാശാല തുടങ്ങാം. അങ്ങനെ ആണെങ്കിൽ കഴിഞ്ഞ ദിവസം വന്നൊരു വാർത്ത; സി.പി.ഐ.(എം) അടുത്ത മാസം നിങ്ങളുടെ സംസ്ഥാന കമ്മിറ്റി പുതിയ സംസ്ഥാന കമ്മിറ്റി ഓഫീസിലേക്ക് മാറുകയാണ്. അങ്ങനെ വരുമ്പോൾ ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഗവേഷണ കേന്ദ്രമാക്കാനായി നിങ്ങൾക്ക് തന്നിരിക്കുന്ന ആ ഭൂമിയടക്കം വെറുതെയാവുകയാണ്. അവിടെ നിങ്ങൾക്ക് ഒരു

സ്വകാര്യ സർവകലാശാല ആരംഭിക്കാം. വേണമെങ്കിൽ ആ സ്വകര്യസർവകലാശാലയ്ക്ക് 'സഖാവ് പുഷ്പനെ അറിയാമോ മെമ്മോറിയൽ സ്വകാര്യ സർവകലാശാല' എന്ന് പേരും കൊടുക്കാം. അവിടെ നിങ്ങൾക്കിഷ്ടമുള്ള കോഴ്സുകൾ പഠിപ്പിക്കാം. ബോംബ് നിർമ്മാണം പഠിപ്പിക്കാം, ഡയനാമൈറ്റിന്റെ ഉപയോഗത്തെപ്പറ്റി പഠിപ്പിക്കാം, പിച്ചാത്തി നിർമ്മാണത്തെപ്പറ്റി പഠിപ്പിക്കാം.

മി. സ്പീക്കർ: യെസ്... ബില്ലിലേക്ക് വരൂ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, നിങ്ങൾക്ക് കാഫിർ സ്ക്രീൻഷോട്ട് പോലെയുള്ള വ്യാജ സ്ക്രീൻഷോട്ടുകളുണ്ടാക്കുന്നതിനെപ്പറ്റി പഠിപ്പിക്കാം. അതുപോലെത്തന്നെ 'മാഷാ അള്ളാ' സ്റ്റിക്കർ പോലെയുള്ള സ്റ്റിക്കർ പതിപ്പിക്കുന്നതിനെപ്പറ്റി പഠിപ്പിക്കാം. ഇതെല്ലാം പഠിപ്പിക്കാനായിട്ടുള്ള സർവകലാശാലയായി നിങ്ങൾക്കതിനെ മാറ്റാം.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് ഒഴിവാക്കി ബില്ലിലേക്ക് വരൂ.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, എനിക്ക് മനസിലാകാത്ത ഒരു കാര്യമുണ്ട്. ഇപ്പോൾ നിങ്ങൾ സ്വകാര്യ സർവകലാശാല തുടങ്ങാൻ പോകുകയാണല്ലോ. ഈയിടയ്ക്ക് അമേരിക്കയിൽനിന്നും കേരള സർവകലാശാലയ്ക്ക് പുരസ്കാരങ്ങൾ ലഭിച്ചുവെന്നകാര്യം ബഹുമാന്യയായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നേരത്തെ സംസാരിക്കുമ്പോൾ പറഞ്ഞു. ഇവർക്ക് ഈ അവാർഡുകൾ കൊടുക്കുന്ന ആ വ്യക്തികളെ എനിക്ക് കണ്ടാൽ കൊള്ളാമെന്നൊരു ആഗ്രഹമുണ്ട്. അവരെ കാണാൻ സാധിച്ചാൽ അവർക്ക് ഒരു അവാർഡ് കൊടുക്കണം. കാരണം, ഈ സർവകലാശാലകൾക്ക് അവാർഡ് കൊടുത്ത സമിതി മനസ്സിലാക്കേണ്ടത് കേരളത്തിലെ ആകെയുള്ള സർവകലാശാലകളിൽ ഒരിടത്ത് മാത്രമാണ് വി.സി.-യുള്ളത്. കേരളത്തിൽ ആകെയുള്ള സർക്കാർ കോളേജുകളിൽ തൊണ്ണൂറ് ശതമാനം കോളേജുകളിലും പ്രിൻസിപ്പാൾ ഇല്ല.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, ഒന്ന് വഴങ്ങാമോ? (മൈക്ക് ഓഫ്).

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, മറുപടി പറയുമ്പോൾ പറഞ്ഞാൽ മതി.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഇനി പ്രിൻസിപ്പാളുള്ള വൈസ് ചാൻസിലറുള്ള കോളേജുകളുടെ അവസ്ഥയെന്താണ്? സിലബസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ല. ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ല. ക്വസ്റ്റ്യൻ പേപ്പർ സമയത്ത് കൊടുക്കുമോ; ഇല്ല. പരീക്ഷ സമയത്ത് നടത്തുമോ; ഇല്ല. സമയത്ത് പരീക്ഷ നടത്താത്തതുകൊണ്ട് കൃത്യസമയത്ത് മൂല്യനിർണ്ണയം നടത്താൻ സാധിക്കുന്നുണ്ടോ; ഇല്ല. അതുകാരണം കുട്ടികളുടെ വർഷം നഷ്ടമാകുന്നുണ്ടോ; ഉണ്ട്. അങ്ങനെയൊക്കെയുള്ള കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴുള്ള സർവകലാശാലകളെയെല്ലാം തകർത്തൊരു പരുവമാക്കിയിട്ട് ഇപ്പോൾ സ്വകാര്യ സർവകലാശാലകളിലേക്ക് പോകുകയാണ്. സന്തോഷം, നല്ല കാര്യം. പത്ത് കൊല്ലം മുമ്പ് നമ്മൾ തീരുമാനിച്ച കാര്യമാണ്. പക്ഷേ, കേരളത്തിലെ ഇടതുപക്ഷം മറുപടി പറയണം. കഴിഞ്ഞ പത്ത് വർഷക്കാലമായി ഇവിടെ നിങ്ങൾ വിദ്യാഭ്യാസം മുടക്കിയതുകാരണം പഠിക്കാനായി ഈ നാട്ടിൽനിന്ന് വിദേശത്തേക്ക് പോകേണ്ടിവന്ന കുട്ടികളോട് നിങ്ങൾ മറുപടി പറയണം. യു.കെ., കാനഡ, ആസ്ട്രേലിയ, ജർമ്മനി എന്നീ രാജ്യങ്ങളിലേക്ക് കേരളത്തിലെ കുട്ടികൾ

പഠിക്കാനായി മാത്രമല്ല പോകുന്നത്. അവരോരുത്തരുടെയും ചുമലിൽ നാൽപ്പതും അൻപതും ലക്ഷം രൂപയുടെ ബാധ്യതകൂടി വരികയാണ്. ആ ബാധ്യതയുടെ ഉത്തരവാദികൾ നിങ്ങൾ ഓരോരുത്തരുമാണ്. നിങ്ങൾ മുടക്കിയ വിദ്യാഭ്യാസ ക്രമം കാരണമാണ് അവർക്ക് വിദേശത്തേക്ക് പോകേണ്ടിവന്നത്.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ, ഭരണപക്ഷത്തുനിന്നും ആരും ബഹളം കൂട്ടുന്നില്ല.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ശ്രീമതി ശാന്തകുമാരി ആ പേരിനോട് നീതി പുലർത്തേണ്ടതുണ്ട്, ഒന്ന് ശാന്തമായിരിക്കൂ. കേരളത്തിൽനിന്നും പഠിക്കാനായി പുറത്തേയ്ക്ക് പോയ കുട്ടികളുടെ കുടുംബത്തിനുണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ ഉത്തരവാദികൾ ഇവരാണ്. അതുമാത്രമല്ല, കേരളത്തിൽ സ്റ്റുഡന്റ് മൈഗ്രേഷൻ നിരക്ക് ഏതാണ്ട് 350 ശതമാനം വർദ്ധിച്ചിരിക്കുന്നു. ഇതിന്റെ യഥാർഥ പ്രശ്നമെന്താണ്; പണ്ടുകാലത്ത് നമ്മുടെയൊക്കെ വിദേശ സങ്കൽപ്പം ഗൾഫ് രാജ്യങ്ങളായിരുന്നു. ഗൾഫിൽ പോകുന്നവർ അവിടെയെത്തി ഒരു നിലയിലായിക്കഴിഞ്ഞാൽ ആദ്യം ഒരു ലോൺ എടുത്ത് നാട്ടിൽ വീട് നിർമ്മിക്കുകയും കാർ വാങ്ങുകയുമാണ്

ചെയ്യുന്നത്. അതുവഴി ആ പണം വീണ്ടും കേരളത്തിൽ ക്രയവിക്രയങ്ങളിൽ ഉപയോഗിക്കപ്പെടും. കേരളത്തിലേക്ക് എൻ.ആർ.ഐ. റിട്ടേണുണ്ടാകും. പക്ഷേ, ഇവർ കാരണം യു.കെ, കാനഡ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിലേക്ക് പോയ ആളുകളുടെ പ്രത്യേകതയെന്താണ്; അവർ മടങ്ങി വരുന്നില്ലായെന്നതാണ്. അവർ അവിടെത്തന്നെ താമസിക്കുകയാണ്. നാട്ടിലുള്ള വീടും വസ്തുവും വിറ്റ് അവർ തിരിച്ച് അവിടേക്ക് പോകുകയാണ് ചെയ്യുന്നത്. അവിടെയൊരു കൾച്ചറൽ മൈഗ്രേഷൻ നടക്കുകയാണ്. നേരത്തെ പ്രൊഫഷണൽ മൈഗ്രേഷനായിരുന്നെങ്കിൽ, ഇവർ കാരണം ഇപ്പോൾ ഒരു കൾച്ചറൽ മൈഗ്രേഷൻകൂടി കേരളത്തിലുണ്ടായിരിക്കുകയാണ്. അതുപോലെ, എൻ.ആർ.ഐ. റിട്ടേണുകൾ നിലയ്ക്കുവാൻ പോകുകയാണ്. ഗൾഫ് ട്രാൻസാക്ഷനുകൾ പൂർണ്ണമായി ഇല്ലാതാകുമെന്ന സ്ഥിതിയിലേക്ക് നീങ്ങുകയാണ്. ഇതിനെല്ലാം ഉത്തരവാദികൾ നിങ്ങൾ ഓരോരുത്തരുമാണ്. കേരളത്തെ ഒരു ഓൾഡ് ഏജ് ഹോം ആക്കിയതിന്റെ ഒന്നാം പ്രതി നിങ്ങൾ ഓരോരുത്തരുമാണ്. അതിന്റെ ക്രെഡിറ്റുകൂടി നിങ്ങൾ പങ്കിട്ട് എടുക്കേണ്ടതായിട്ടുണ്ട്. പത്ത് ഏക്കർ ഭൂമിയും 25 കോടി രൂപയുമുള്ള ആർക്കും

സ്വകാര്യ സർവകലാശാല ആരംഭിക്കാമെന്നാണ് ചട്ടത്തിൽ പറയുന്നത്. 25 കോടി രൂപ മുടക്കുന്ന ആളുകൾക്ക് ആ തുക തിരിച്ച് ലഭിക്കണ്ടേ; അത് തിരിച്ച് കിട്ടാനായി അവർക്ക് എണ്ണ കച്ചവടത്തിന് പോകാൻ കഴിയില്ലല്ലോ; അവർ എവിടെനിന്നാണ് പണം കണ്ടെത്തുന്നത്; ഇവിടെ പഠനത്തിനായി വരുന്ന കുട്ടികളിൽനിന്നാണ് അത് ഈടാക്കുന്നത്. ഈ 25 കോടി രൂപ വാങ്ങുന്നതിലൂടെ കേരളത്തിലെ സാധാരണക്കാരന്റെ മക്കളിൽനിന്ന് കൊള്ളയടിക്കുവാനുള്ള സ്ഥാപനമായി സ്വകാര്യ സർവകലാശാലകളെ മാറ്റുവാൻ പോകുകയാണ്. അതുപോലെ, സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിന് സ്പോൺസറിങ് ബോഡിയാകുന്നതിൽ കേരളത്തിൽ നിബന്ധനയൊന്നുമില്ല. ആർക്കുവേണമെങ്കിലും ആരംഭിക്കാം, ഒരു വ്യവസ്ഥയുമില്ല. അത് തെറ്റാണ്. കേരളത്തിൽ പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള റെപ്യൂട്ടഡായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികളായാലും കോർപ്പറേറ്റ് മാനേജ്മെന്റുകളായാലും അവർക്കല്ലേ പ്രാധാന്യം കൊടുക്കേണ്ടത്; അതുപോലെ, ഈ ബില്ലിൽ സ്വകാര്യ സർവകലാശാലയിൽ——സംവരണക്രമത്തിൽ എസ്.സി./ എസ്.ടി.

വിദ്യാർഥികളുടെ ഫീസ് ഇളവിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അതുമാത്രം പോര; സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗമുൾപ്പെടെയുള്ള ആളുകൾക്ക് ഇതിൽ കൃത്യമായി സംവരണം നൽകേണ്ടതുണ്ട്. അതുപോലെ, മൾട്ടി ക്യാമ്പസുകൾ സ്ഥാപിക്കാനുള്ള വ്യവസ്ഥ യു.ജി.സി. ഗൈഡ് ലൈൻസ് അനുസരിച്ചാണ്. ഇത് നിങ്ങൾ ആലോചിക്കേണ്ട വസ്തുതയാണ്. ഒരു സ്വകാര്യ സർവകാലശാല കൊണ്ടുവരുന്നതിനുമുമ്പ് ഇവർ ആദ്യം ചെയ്യുന്നത് റിസർച്ച് നടത്തി യു.ജി.സി.-യുടെ ഏതെല്ലാം റെഗുലേഷനെ വൈലേറ്റ് ചെയ്യാമെന്നുള്ള ഗവേഷണമാണ് ഇവിടെ നടത്തിയിരിക്കുന്നത്. അതുപോലും കൃത്യമായി അഴിമതിയുടെ സാധ്യതയുള്ളതാണ്. സർവകലാശാലയുടെ പ്രവർത്തന റിപ്പോർട്ടുൾപ്പെടെ സർക്കാരിന്റെ നോഡൽ ഏജൻസിയെന്ന നിലയിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമർപ്പിക്കുന്നതിനാൽ സർക്കാർ എല്ലാ വർഷവും സ്വകാര്യ സർവകലാശാലയുടെ പ്രവർത്തനം സംബന്ധിച്ച് ഒരു അവലോകന റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് വ്യവസ്ഥയുൾപ്പെടുത്തണം. ഇത്തരം കാര്യങ്ങളുൾപ്പെടെ ഞങ്ങൾ ഇപ്പോൾ പറയുന്നത്, സ്വകാര്യ സർവകലാശാല

ബിൽ കൊണ്ടുവരുമ്പോൾ അതിൽ അഴിമതിയുടെ സാധ്യതയുണ്ടാക്കാൻ പാടില്ല. അതെല്ലാം അവസാനിപ്പിക്കണം. ഏതെങ്കിലും രീതിയിൽ അഴിമതിയുടെ സാധ്യതകൾ തുറക്കുകയാണെങ്കിൽ, ഒരു വർഷം കഴിഞ്ഞ് ഞങ്ങൾ നൂറ് സീറ്റും ലഭിച്ച് അധികാരത്തിൽ വരുമ്പോൾ ഇവർ കൊണ്ടുവന്നിട്ടുള്ള അഴിമതിയുടെ സാധ്യതകളിലുള്ള എല്ലാ വ്യവസ്ഥകളെയും ഇല്ലാതാക്കി കുറ്റമറ്റരീതിയിൽ ഈ പത്ത് വർഷക്കാലം കേരളത്തിലെ കുട്ടികൾക്കുണ്ടായ നഷ്ടമടക്കം പരിഹരിക്കാനാവശ്യമായ ശ്രമങ്ങൾ യു.ഡി.എഫ് സർക്കാരിന്റെ കാലത്തുണ്ടാകുമെന്ന ഉറപ്പുകൂടി ഈ സഭയിൽ പറയുവാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇപ്രകാരം പരാമർശിച്ചുകൊണ്ട് ബില്ലിലെ വിയോജിപ്പ് അറിയിക്കുകയാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, കൂത്തുപറമ്പ് സമരവുമായി ബന്ധപ്പെട്ട് മൂന്ന് അംഗങ്ങളും സഭയെ തെറ്റിധരിപ്പിക്കുന്ന നിലയിലാണ് സംസാരിച്ചത്. അവിടെ ആരംഭിക്കുന്ന കോളേജുമായി ബന്ധപ്പെട്ട വിഷയത്തിന്മേലാണ് കൂത്തുപറമ്പ് സമരം നടന്നത്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും സർക്കാരിന്റെ പണവും ഉപയോഗിച്ച് നിർമ്മിക്കുന്ന കോളേജ് കെ. കരുണാകരന്റെയും

എം.വി. രാഘവന്റെയും സ്വകാര്യ ട്രസ്റ്റിന്റെ കീഴിലേക്ക് മാറ്റാൻ തീരുമാനിച്ച സമയത്ത് നടന്ന ഐതിഹാസികമായ സമരമാണ് കൂത്തുപറമ്പ് സമരം. ആ സമരത്തെ അവഹേളിക്കുന്നത് ശരിയല്ലായെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സ്വകാര്യ സർവകലാശാലകൾ നമ്മുടെ രാജ്യത്തെ 27 സംസ്ഥാനങ്ങളിൽ നിലവിൽ വന്നകാര്യം എന്റെ സുഹൃത്ത് ശ്രീ. ടി. വി. ഇബ്രാഹിം ഇവിടെ സൂചിപ്പിച്ചു. കേരളം 28-ാമത് സംസ്ഥാനമാണെന്നും അദ്ദേഹം പറഞ്ഞു. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ യാതൊരു അനുവാദവും അംഗീകാരവുമില്ലാതെതന്നെ പല സംസ്ഥാനങ്ങളിലും സ്വകാര്യ സർവകലാശാലകൾക്ക് അംഗീകാരം നൽകുന്ന സ്ഥിതിയും നിലവിലുണ്ട്. ഇത്തരം സാഹചര്യത്തിൽ രണ്ട് നിലപാട് ഗവൺമെന്റിന് സ്വീകരിക്കാം. ഒന്ന്,

യു.ജി.സി.-യും കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയവും ആഗ്രഹിക്കുന്നതു പോലെ, സംസ്ഥാനത്ത് യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യ സർവകലാശാലകളെ കയറൂരി വിടാനുള്ള സാഹചര്യമുണ്ടാക്കാം. രണ്ടാമത്തേത്, ഇത്തരമൊരു സാഹചര്യത്തെ എങ്ങനെയാണ് സാമൂഹ്യ നിയന്ത്രണിത്തിലധിഷ്ഠിതമായ നിയമങ്ങൾ കൊണ്ടുവന്നുകൊണ്ട് നിയന്ത്രിക്കാനാകുക എന്നുള്ളത് സംബന്ധിച്ച് ആലോചിക്കാം. ഇതിൽ രണ്ടാമത്തേതാണ് ഉത്തരവാദിത്വമുള്ള സർക്കാർ എന്ന നിലയിൽ ഗവൺമെന്റ് ചെയ്തിരിക്കുന്നത്. വൈജ്ഞാനിക വിസ്ഫോടനത്തിന്റെ സാധ്യതകൾ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടാണ് സാമൂഹ്യനിയന്ത്രണങ്ങളിൽ അധിഷ്ഠിതമായ സ്വകാര്യ സർവകലാശാലാ നിയമം സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. ഇതിന് ആർജവം കാണിച്ച രണ്ടാം പിണറായി സർക്കാരിനെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുന്നു. 2003-ൽ യു.ജി.സി. പുറപ്പെടുവിച്ച റഗുലേഷനുകൾ അംഗീകരിച്ചുകൊണ്ടാണ് സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) സംബന്ധിച്ച ബിൽ ബഹുമാന്യയായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു ഈ

സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിലൂടെ കേരള സർക്കാർ ലക്ഷ്യമിടുന്നത് കാലാനുസൃതമായ മാറ്റമാണ്. എല്ലാ ജീവികളുടെയും വളർച്ചയിലെന്നപ്പോലെ ക്രമാനുഗതത്വം എല്ലാ മേഖലയുടെ വളർച്ചയ്ക്കും അനിവാര്യമാണ്. ഒന്നാം ക്ലാസ് മുതൽ ഒൻപതാം ക്ലാസ് വരെ പഠിക്കാതെ 15 വയസ്സിനുള്ളിൽ പത്താം ക്ലാസിലെത്താൻ നിലവിലെ സാഹചര്യത്തിൽ കഴിയില്ല. സമീപകാലംവരെ കേരളത്തിലെ സർവകലാശാലകൾ കേരളത്തിലെ വിദ്യാർഥികളുടെ ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ പര്യാപ്തമായിരുന്നു. എന്നാൽ, അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയും നിർമ്മിത ബുദ്ധിയുടെ വികാസവും ലോകത്ത് സംഭവിക്കുന്ന വൈജ്ഞാനിക വ്യാപനവും വിദ്യാഭ്യാസ മേഖലയിലെ പുതിയ മാറ്റങ്ങൾക്ക് വഴിവയ്ക്കുന്നതാണ് നാം കണ്ടത്. ഇന്നലെ ആഡംബരമായി തോന്നിയിരുന്നത് ഇന്ന് ഒരു ആവശ്യമായി നമുക്ക് അനുഭവപ്പെടുക സ്വാഭാവികമാണ്. ഉദാഹരണത്തിന് വൈദ്യുതി, ഫ്രിഡ്ജ്, ഗ്യാസ്, എ.സി., സ്വന്തമായി വാഹനം, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവ. കാലചക്രം മുന്നോട്ടുപോകുമ്പോൾ നമ്മുടെ ചിന്താഗതികളിലും

മനോഭാവങ്ങളിലും ജീവിതരീതികളിലും മാറ്റം സംഭവിക്കുന്നത് സ്വാഭാവികമാണ്. "മാറ്റത്തിന് മാത്രമാണ് മാറ്റമില്ലാത്തത്" എന്ന കാൾ മാക്സിന്റെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. മുമ്പ് സാങ്കേതിക പഠനത്തിനും പ്രൊഫഷണൽ പഠനത്തിനുമായി വിദ്യാർത്ഥികൾ അയൽസംസ്ഥാനങ്ങളിലേക്കാണ് പോയിരുന്നത്. അക്കാലത്ത് എഞ്ചിനീയറിങ് കോളേജുകളും മെഡിക്കൽ കോളേജുകളും നഴ്സിങ് കോളേജുകളും പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രൊഫഷണൽ കോളേജുകളും മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളും നമ്മുടെ സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിലായിരുന്നു. അതുകൊണ്ടുതന്നെ അഡ്മിഷൻ ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് മെറിറ്റ് അടിസ്ഥാനത്തിലാണ് നൽകിയിരുന്നത്. അതുകൊണ്ടാണ് ഇവിടെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് വളരെ എളുപ്പവഴിയിലൂടെ അഡ്മിഷൻ ലഭിച്ച് പഠിക്കാനായി പോയിരുന്നത്. എന്നാൽ, ആ സാഹചര്യം നേരിടുന്നതിനായി അത്തരം സ്ഥാപനങ്ങൾ സ്വാശ്രയ മേഖലയിൽ കേരളത്തിലും വരേണ്ടതിന്റെ ആവശ്യം ഉയർന്നപ്പോഴാണ് സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങൾ നമ്മുടെ

സംസ്ഥാനത്ത് ആരംഭിച്ചത്. അനിവാര്യമായ ഒരു തിന്മയെന്ന നിലയിലാണ് സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ ആരംഭിച്ചത്. ആരംഭഘട്ടത്തിൽ അതിനെ നിയന്ത്രിക്കാൻ അന്നത്തെ യു.ഡി.എഫ്. സർക്കാർ കൃത്യമായ നടപടികൾ കൈക്കൊണ്ടില്ല. രണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഒരു ഗവൺമെന്റ് കോളേജിന് തുല്യമാണെന്ന് അന്ന് ശ്രീ. എ. കെ. ആന്റണി പ്രസ്താവിച്ചിരുന്നു. സംസ്ഥാനത്ത് ആദ്യമായി സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ അനുവദിച്ചപ്പോൾ, അവയെ നിയന്ത്രിക്കുന്നതിനായി സാമൂഹ്യനിയന്ത്രണങ്ങളിൽ അധിഷ്ഠിതമായ ഒരു നിയമം അന്നത്തെ സർക്കാർ കൊണ്ടുവരാത്തതിനാലാണ് ആ സ്വപ്നം സാക്ഷാത്കരിക്കാനാകാതെ പോയത്. ബഹുമാന്യനായ അന്നത്തെ മുഖ്യമന്ത്രി എ. കെ. ആന്റണി പിന്നീട് അക്കാര്യത്തിൽ പശ്ചാത്തപിച്ചത് നമുക്കറിയാം. കാരണം, ഞാൻ ഈ സ്ഥാപനങ്ങൾ നടത്തുന്നവരെ വിശ്വസിച്ചു, വിശ്വസിച്ച് സ്ഥാപനങ്ങൾ അവർക്ക് നൽകി. അങ്ങനെ വീണ്ടും വഞ്ചിക്കപ്പെടാൻ ഈ ഗവൺമെന്റ് ഒരു സാഹചര്യമുണ്ടാക്കിയില്ലെന്നതാണ് ഈ ബില്ല് കൊണ്ടുവരുന്നതിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ ഇവിടെ

വന്നപ്പോൾ, പഠനത്തിനായി ഇതര സംസ്ഥാനങ്ങളിലേക്കുള്ള മലയാളി വിദ്യാർത്ഥികളുടെ പ്രവാഹത്തിന് ഒരു പരിഹാരമായതായി കാണാം.

സർവകലാശാലകൾ പരീക്ഷാ നടത്തിപ്പ് കേന്ദ്രങ്ങളായി മാറുകയും വിദ്യാർഥികളുടെ ആധിക്യത്താൽ യഥാസമയം പരീക്ഷാ നടത്തിപ്പും ഫലം പ്രസിദ്ധീകരിക്കലും പ്രയാസമാവുകയും ചെയ്തപ്പോഴാണ് ഓട്ടോണമസ് കോളേജുകളെന്ന ആശയം സംസ്ഥാനത്ത് പ്രചുരപ്രചാരം നേടാനിടയായത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ അത്തരം സ്ഥാപനങ്ങൾ ആവശ്യമാണെന്ന് വന്നപ്പോൾ സംസ്ഥാനവും അത് അംഗീകരിച്ചു. കേരളത്തിൽ പ്രൊഫഷണൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ ഓട്ടോണമസായി പ്രവർത്തിക്കുന്നത് ഇന്ന് നമുക്ക് കാണാൻ കഴിയും. സ്വകാര്യ സർവകലാശാലകളും വിദേശ സർവകലാശാലകളും ഇന്ത്യയിൽ പ്രചാരം നേടാൻ തുടങ്ങിയപ്പോഴാണ് അതിനോട് പുറംതിരിഞ്ഞുനിൽക്കാതെ കേരളവും അതിനോടൊപ്പം സഞ്ചരിക്കാൻ  തീരുമാനിച്ചത്.

സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ സമരത്തെക്കുറിച്ച് ഇവിടെ നേരത്തെ പരാമർശിച്ചിരുന്നു. 10

വർഷങ്ങൾക്കുമുമ്പ് അവ ആരംഭിക്കാൻ തീരുമാനിച്ചപ്പോൾ, അതിനെതിരെ ശക്തമായ സമരം ഉണ്ടായതിനെത്തുടർന്ന് സർക്കാർ ആ തീരുമാനത്തിൽനിന്നും പിന്മാറി. എന്തിന്റെ പേരിലായിരുന്നു ആ സമരം നടന്നത്? യാതൊരു സാമൂഹിക നിയന്ത്രണങ്ങളുമില്ലാതെ, ചപ്പുചവർ പോലെയുള്ള വിദേശ സർവകലാശാലകൾ കേരളത്തിലേയ്ക്കുവന്ന് ഇവിടെയുള്ള കുട്ടികളെ വഞ്ചിക്കാനുള്ള അവസരമുണ്ടാക്കുന്നതിനെതിരെയാണ് സമരം നടന്നതെന്ന് എല്ലാവർക്കുമറിയാം. ഏത് വിദേശ സർവകലാശാലയായിരുന്നു തിരുവനന്തപുരത്തേയ്ക്കുകൊണ്ടുവരാൻ അന്ന് ഉദ്ദേശിച്ചിരുന്നത്? തിരുവനന്തപുരത്തുകാരനായ ഒരാൾ വിദേശ രാജ്യത്ത് നടത്തുന്ന നാലാംകിട സർവകലാശാലയുടെ കാമ്പസ് തിരുവനന്തപുരത്ത് സ്ഥാപിക്കാനുള്ള ശ്രമം നടത്തിയപ്പോഴാണ് അതിനെ ശക്തമായി എതിർക്കാൻ അന്ന് തയ്യാറായത്. അന്ന് സമരക്കാർ ഉയർത്തിയ ആവശ്യം നീതിയുക്തമാണെന്ന് നിങ്ങൾക്ക് ബോധ്യമുള്ളതുകൊണ്ടാണ് ആ എതിർപ്പിനെ തൃണവൽക്കരിച്ചുകൊണ്ട് 10 വർഷംമുമ്പ് സ്വകാര്യ സർവകലാശാലകൾ ഇവിടെ ആരംഭിക്കാൻ കഴിയാതെപോയത്.

കേരളത്തിൽ പല പരിഷ്കാരങ്ങൾ വന്നപ്പോഴും അതിനെതിരായി സമരങ്ങളുണ്ടായിട്ടുണ്ടെന്ന് നമുക്കറിയാം. ആ സമരങ്ങളെ മറികടന്നുകൊണ്ട് കാര്യങ്ങൾ ലക്ഷ്യസ്ഥാനത്തേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുന്നത് ജനങ്ങളെ വിശ്വാസത്തിലെടുത്തും ജനങ്ങൾ ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവരുടെ നയപരിപാടികൾ അംഗീകരിക്കുന്നുവെന്നുള്ള ബോധ്യത്തിന്റെയും അടിസ്ഥാനത്തിലാണ്. അതുകൊണ്ടാണ് നാഷണൽ ഹൈവേയുടെ കാര്യത്തിൽ ചില എതിർപ്പുകൾ വന്നപ്പോൾ യു.ഡി.എഫ്. പിന്മാറിയത്. എന്നാൽ അതേ എതിർപ്പുകൾ എൽ.ഡി.എഫ്. വന്നപ്പോഴും ഉണ്ടായിരുന്നുവെങ്കിലും അതിനെ മറികടന്ന് കാര്യം യാഥാർത്ഥ്യമാക്കാൻ സർക്കാരിന് കഴിഞ്ഞു. ഇതിന് സമാനമായ സമീപനമാണ് സ്വകാര്യ സർവകലാശാലകളുടെ കാര്യത്തിലും സംഭവിക്കുന്നത്. ഏത് എതിർപ്പിനെയും മറികടന്ന് മുന്നോട്ടുപോകാൻ ഒരു സർക്കാരിന് കഴിയുന്നുവെന്നുള്ളത് ആ സർക്കാർ മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യനിയന്ത്രണം ഫലവത്താണെന്ന് ജനങ്ങൾ വിശ്വസിക്കുന്നു എന്നുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ സർവകലാശാലയെയും ഓപ്പൺ സർവകലാശാലയെയും സ്വാഗതം ചെയ്യുകയാണ്. പക്ഷേ 10 ഏക്കർ സ്ഥലവും 25 കോടി രൂപയും ഒരു നിബന്ധനയായി വച്ചാൽ ആർക്കായിരിക്കും ഇത് നടത്താൻ കഴിയുന്നതെന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോ; അത് കുറയ്ക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം...... ഡോ. കെ. ടി. ജലീൽ, എല്ലാവരും കാണിച്ചരീതി അങ്ങും തുടരണമെന്ന് അഭ്യർഥിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ ഈ നിബന്ധനയെക്കുറിച്ച് ആലോചിച്ചു. നമ്മുടെ നാട്ടിൽ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളാരംഭിച്ചപ്പോൾ അവ കുറച്ചേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് കേരളത്തിൽ ആയിരത്തിലധികം സെൽഫ് ഫിനാൻസിംഗ് കോളേജുകളുണ്ടെങ്കിലും പഠിക്കാൻ വിദ്യാർത്ഥികളില്ല. എഞ്ചിനീയറിംഗ് കോളേജുകൾ ആവശ്യത്തിലും അധികമായി ആരംഭിച്ചു. ഏകദേശം 180 സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ വന്നു. പല എഞ്ചിനീയറിംഗ് കോളേജുകളിലെ പല ബ്രാഞ്ചുകളിലും പഠിക്കാൻ കുട്ടികളില്ലാത്തതിനാൽ അവ പൂട്ടിപ്പോയി. പത്തും

പതിനഞ്ചും കുട്ടികളാണ് പല സ്ഥാപനങ്ങളിലും ഓരോ കോഴ്സുകൾ പഠിക്കുന്നത് എന്നതിനാൽ ഇത്തരം ഒരു സാഹചര്യം സ്വകാര്യ സർവകലാശാലകളുടെ കാര്യത്തിൽ വരാൻ പാടില്ല. സർവകലാശാലയെ വളരെ ഗൗരവത്തോടെ കാണുന്ന ആളുകൾക്കോ സൊസൈറ്റികൾക്കോ സംവിധാനങ്ങൾക്കോ മാത്രമേ ഇത്തരത്തിലുള്ള സർവകലാശാലകൾ നൽകാവൂ. അപ്രാപ്യമെന്ന് തോന്നുന്ന നിബന്ധനകൾ മുന്നോട്ടുവച്ചാൽ മാത്രമേ ധാരാളം സ്വകാര്യ സർവകലാശാലകൾ പ്രവേശിച്ച് ഇതിന്റെ മെറിറ്റും വിശുദ്ധിയും ഔന്നിത്യവും ഇല്ലാതാക്കുന്ന സ്ഥിതി ഒഴിവാക്കാൻ സാധിക്കുവെന്നാണ് എന്റെ സ്വന്തം ആലോചനയിൽനിന്നും മനസ്സിലായത്.

വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണം പരമാവധി തടഞ്ഞുകൊണ്ടാണ് കേരളത്തിന്റെ പ്രത്യേകമായ സാമൂഹിക സാഹചര്യത്തിൽ എല്ലാ മാറ്റങ്ങളും യാഥാർഥ്യമായിട്ടുള്ളത്. ഇതെല്ലാം നേരത്തെ ആകാമായിരുന്നില്ലേ എന്ന് ചോദിക്കുന്നവരുണ്ട്; 'നിങ്ങൾക്ക് നേരത്തെ ജനിക്കാമായിരുന്നില്ലേ എന്ന് ചോദിക്കുംപോലെയാണത്'. എല്ലാ കാര്യങ്ങൾക്കും അതിന്റേതായ സമയമുള്ളതിനാൽ ആ മുഹൂർത്തമെത്തുമ്പോൾ സംഭവിക്കേണ്ടത് സംഭവിക്കും.

പാല് കൊടുക്കേണ്ട പ്രായത്തിൽ ഒരു കുട്ടിക്ക് ബിരിയാണി കൊടുക്കാൻ ആരെങ്കിലും മുന്നോട്ടുവന്നാൽ, ബുദ്ധിയുള്ളവർ അതിനെ എതിർക്കും. അത് പ്രകൃതി സഹജമാണ്. എന്നാൽ കുട്ടിക്ക് ബിരിയാണി തിന്നാൻ പ്രായമാകുമ്പോൾ സ്വാഭാവികമായും അത് നൽകും. മുമ്പ് കുട്ടിക്ക് ബിരിയാണി കൊടുക്കുന്നതിനെ എതിർത്ത നിങ്ങൾ, ഇപ്പോൾ എന്താണ് അതേ കുട്ടിക്ക് ബിരിയാണി കൊടുക്കുന്നത് എന്ന് ചോദിക്കുന്നത് ബുദ്ധിയില്ലായ്മയും വിവേകമില്ലായ്മയുമാണ്.

നവീനതയെ പുൽകാൻ മനുഷ്യനെ പ്രാപ്തമാക്കുന്നതിൽ കാലത്തിനും സമയത്തിനുമുള്ള പങ്ക് അതിപ്രധാനമാണ്. കാലത്തോടൊപ്പം സഞ്ചരിക്കാൻ മലയാളിയെ പ്രാപ്തമാക്കുന്ന നിയമനിർമ്മാണത്തിനാണ് കേരള നിയമസഭ ഇന്ന് സാക്ഷ്യം വഹിക്കുന്നത്. ഈ നിയമം പാസ്സാക്കപ്പെടുന്നതോടെ വിദേശ സർവകലാശാലകളടക്കമുള്ള സ്വകാര്യ സർവകലാശാലകൾ കേരളത്തിൽ ആരംഭിക്കാനാകും. ദക്ഷിണേന്ത്യയിൽ വിദ്യാഭ്യാസ ഹബ്ബായി അറിയപ്പെടുന്ന പട്ടണങ്ങളായ ബാംഗ്ലൂരിനും ഹൈദ്രാബാദിനും സമാനമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ സംസ്ഥാനങ്ങളെ നമുക്ക് മാറ്റാനാകണം.

ഇന്ത്യയിൽ ഒരു വിദ്യാഭ്യാസ ഹബ്ബാകാൻ ഏറ്റവും യോഗ്യമായ സംസ്ഥാനമാണ് കേരളം. ദേശീയ സ്ഥാപനങ്ങൾ കേരളത്തിൽ പൊതുവെ കുറവായതുകൊണ്ടാണ് കേരളം ഇതുവരെയും ഉയരാതിരുന്നത്. കേവലം 10 വർഷം മുമ്പാണ് നമുക്കൊരു Indian Institutes of Technology (IIT) അനുവദിച്ചുകിട്ടിയത്. നിലവിലുണ്ടായിരുന്ന Regional Engineering Colleges (REC)-ആണ് National Institute of Technology (NIT)-യായി ഉയർത്തപ്പെട്ടത്. Cochin University of Science and Technology (CUSAT)-യും തിരുവനന്തപുരത്തെ Indian Institutes of Science Education and Research (IISERs)-ഉം ആണ് ദേശീയ സ്വഭാവത്തോടുകൂടി പ്രവർത്തിക്കുന്ന കേരളത്തിലെ സ്ഥാപനങ്ങൾ. കാസർഗോഡുള്ള കേന്ദ്ര സർവകലാശാലയെയും നാഷണൽ ലാ യൂണിവേഴ്സിറ്റിയെയും ഞാൻ വിസ്മരിക്കുന്നില്ല. ഈ സ്ഥാപനങ്ങളൊക്കെ കേരളത്തിൽ വന്നത് ഏറെ വൈകിയായതിനാൽ കേരളത്തിന് ഒരു എഡ്യൂക്കേഷൻ ഹബ്ബാകാൻ ഇനിയും സാധിച്ചിട്ടില്ല.

ദേശീയ-അന്തർദേശീയ സ്വഭാവത്തോടെയുള്ള സ്ഥാപനങ്ങൾക്ക് അവയുടെ സെക്കുലർ സ്വഭാവം നിലനിർത്തി പ്രവർത്തിക്കാൻ കേരളത്തെപ്പോലെ അനുകൂലമായ ഒരു സംസ്ഥാനം വേറെയില്ല. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും പലതിന്റെയും പേരിൽ നടന്നിട്ടുള്ള സംഘർഷങ്ങൾ നമുക്കറിയാം. നോമ്പുകാലത്ത് നോമ്പെടുത്തുവെന്നതിന്റെ പേരിൽ വിദ്യാർഥികളെ പീഡിപ്പിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്ത സ്ഥിതിവിശേഷം പോലെയുള്ള യാതൊരു സ്ഥിതിവിശേഷവും കേരളത്തിൽ ആര് ഭരിച്ചാലും ഉണ്ടാകില്ലെന്നുള്ളതിനാൽ കേരളമാണ് ഇന്ത്യയിൽ എല്ലാ വിദ്യാർഥികൾക്കും ഒരുമിച്ച് വന്ന് പഠിക്കാൻ ഏറ്റവും അനുകൂലമായ സാഹചര്യം നിലനിൽക്കുന്ന സംസ്ഥാനം. പക്ഷേ നമുക്കത് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ ഇന്നും കഴിഞ്ഞിട്ടില്ല. ദേശീയ-അന്തദേശീയ സ്വഭാവമുള്ള സ്ഥാപനങ്ങൾ കേരളത്തിലേയ്ക്ക് വന്നാൽ അവയുടെ സെക്കുലർ സ്വഭാവം നിലനിർത്തി പ്രവർത്തിക്കാൻ അവർക്ക് നിഷ്പ്രയാസം സാധിക്കും. കുറച്ച് വൈകിയാണെങ്കിലും കേരളത്തിലെ പരാധീനതകൾക്ക് അറുതിയാവുകയാണ്.

കേരളത്തിൽ സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ......(...മൈക്ക് ഓഫ്...)

മി. സ്പീക്കർ: ഡോ. കെ. ടി. ജലീൽ, അങ്ങ് ചുരുക്കണം.... മുമ്പ് സംസാരിച്ചവരും ഇതുപോലെ സംസാരിക്കാൻ ശേഷിയുള്ളവരായിരുന്നു. അവർ ചെയറിന്റെ അഭ്യർഥന മാനിച്ചിരുന്നു...

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാന്യയായ മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. അതോടൊപ്പം ചില ആശങ്കകളും കൂടി ഞാനിവിടെ പങ്കുവയ്ക്കുകയാണ്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പോലെ ..... ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞതുപോലയല്ലയിത്.... ഞാനൊരു കോളേജ് അധ്യാപകനാണ്....

മി. സ്പീക്കർ: അങ്ങ് ചുരുക്കണം ഇത് ശരിയല്ല.... യെസ്... ശ്രീ. ടി. വി. ഇബ്രാഹിം പറയൂ...

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇവിടെ ഒരു നിയമസഭ സാമാജികനായി വന്നാൽ അയാളുടെ ക്വാളിഫിക്കേഷൻ അതുമിതുമൊന്നുമല്ല. ഞാൻ വ്യാജ

ഡോക്ടറേറ്റ് എടുത്തിട്ടുമില്ല. ആളെ അധിക്ഷേപിക്കേണ്ട കാര്യമില്ല. (.....ബഹളം.....)

മി.സ്പീക്കർ: അദ്ദേഹം അങ്ങയെ ഹർട്ട് ചെയ്യാൻ വേണ്ടി പറഞ്ഞതല്ല, ഒരു തമാശ രൂപേണയാണത് പറഞ്ഞത്. അങ്ങ് മുനവെച്ച് സംസാരിക്കേണ്ട കാര്യമില്ല. നിങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ പേരിൽ വളരെ ഫ്രൺഡ്‌ലിയായി പറഞ്ഞതാണ്. അതിനെ ആ സ്പിരിറ്റിൽ എടുത്താൽ മതി.

ഡോ. കെ. ടി. ജലീൽ: സർ, ശ്രീ. ടി. വി. ഇബ്രാഹിം, ഞാൻ അത് ഫ്രെൺഡ്‌ലിയായി പറഞ്ഞതാണ്. എം.എ.-ക്ക് നമ്മൾ ഒരുമിച്ച് പഠിച്ചതല്ലേ;

മി.സ്പീക്കർ: ഡോ. കെ. ടി. ജലീൽ കൺക്ലൂഡ് ചെയ്യൂ.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ കോളേജ് അധ്യാപകനും ശ്രീ. ടി. വി. ഇബ്രാഹിം ഹയർ സെക്കൻഡറി അധ്യാപകനുമായി മാറി. യഥാർഥത്തിൽ ഞാനും ഒരു ഹയർ സെക്കൻഡറി അധ്യാപകനാകേണ്ട വ്യക്തിയായിരുന്നു.

മി.സ്പീക്കർ: വിഷയത്തിലേയ്ക്ക് വരൂ, പ്ലീസ് കൺക്ലൂഡ്.

ഡോ. കെ. ടി. ജലീൽ: സർ, ചില ആശങ്കകൾ കൂടി ഞാൻ പങ്കുവയ്ക്കുകയാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പോലെയാകരുത് സ്വകാര്യ സർവകലാശാലകൾക്കുള്ള അംഗീകാരം കൊടുക്കൽ. ദേശീയ-അന്തർദേശീയ സ്വഭാവം നിലനിർത്തി പുതിയ സർവകലാശാലകൾ സ്ഥാപിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികളും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള കുട്ടികളും നിർബന്ധമായും ഇവിടെ സ്ഥാപിക്കുന്ന സ്വകാര്യ സർവകലാശാലകളിൽ പഠിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സർവകലാശാലകൾക്ക് കഴിയണം. വിദ്യാർഥികളുടെ നിശ്ചിത ശതമാനം മലയാളി വിദ്യാർഥികൾക്കും മറ്റുള്ള വിദ്യാർഥികൾക്കുംവേണ്ടി നിർണ്ണയിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട അവസ്ഥയുണ്ടാകും. കേരളത്തിലെ വിദ്യാർഥികൾ മാത്രമാണ് ഈ സർവകലാശാലകളിൽ പഠിക്കുന്നതെങ്കിൽ നമ്മുടെ നിലവിലുള്ള സർവകലാശാലകളിൽ കുട്ടികൾ പഠിക്കാനില്ലാത്ത അവസ്ഥയുണ്ടാകും. അതുകൊണ്ട് വിദ്യാർഥികളെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും ഇത്തരം

സർവകലാശാലകളിലേയ്ക്ക് കൊണ്ടുവരാൻ നമുക്ക് കഴിയണം. നമ്മുടെ സർവകലാശാലകളുടെ ഒട്ടോണമസ് ക്യാമ്പസുകൾ വിദേശ രാജ്യങ്ങളിൽ സ്ഥാപിക്കാൻവേണ്ടി നിലവിലുള്ള സർവകലാശാലയുടെ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനെ കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിലവിലുള്ള സർവകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യാനും ബഹുമാനപ്പെട്ട മന്ത്രി തീരുമാനിച്ചിരിക്കുന്നു. അതിനുകൂടി സർക്കാർ സന്നദ്ധമായിയെന്നത് ഏറെ അഭിമാനകരമായ കാര്യമാണ്. (മൈക്ക് ഓഫ്)

മി.സ്പീക്കർ: ചെയർ ഒരുപാട് തവണ റിക്വസ്റ്റ് ചെയ്തു. വിയോജനക്കുറിപ്പ് തന്നവർപോലും ചെയറിനോട് സഹകരിച്ചു. അങ്ങ് ചെയറിനോട് കാണിച്ചത് ധിക്കാരമാണ്. അത് അംഗീകരിക്കാൻ പറ്റുന്ന കാര്യമല്ല. ശ്രീ. ഇ. കെ. വിജയൻ അങ്ങ് സംസാരിച്ചുകൊള്ളൂ.

ഡോ. കെ. ടി. ജലീൽ: സർ, ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാൻ പറഞ്ഞത്.

മി.സ്പീക്കർ: ബില്ലിലെ കാര്യങ്ങൾ ഒരുപാട് തവണ പറഞ്ഞല്ലോ; ശ്രീ. ഇ. കെ. വിജയൻ അങ്ങ് സംസാരിച്ചുകൊള്ളൂ.

ഡോ. കെ. ടി. ജലീൽ: സർ, അങ്ങ് കാണിക്കുന്നത് ശരിയല്ല.

മി.സ്പീക്കർ: അങ്ങ് കാണിക്കുന്നതാണ് ശരിയല്ലാത്ത കാര്യം. അങ്ങാണ് ചെയറിനെ റസ്പെക്ട് ചെയ്യാത്തത്. ഇനി അങ്ങേയ്ക്ക് സമയം അനുവദിക്കാൻ സാധിക്കില്ല. ചെയറിനോട് സഹകരിക്കാൻ അങ്ങയോട് ഒരുപാട് തവണ പറഞ്ഞു, റിക്വസ്റ്റ് ചെയ്തു. അങ്ങ് ചെയറിനോട് കാണിക്കേണ്ടൊരു ജന്റിൽനെസുണ്ട്. അതങ്ങ് കാണിച്ചിട്ടില്ല. ശ്രീ. ഇ. കെ. വിജയൻ അങ്ങ് സംസാരിച്ചുകൊള്ളൂ. അങ്ങേക്കാണ് മൈക്ക് അനുവദിച്ചിട്ടുള്ളത് അങ്ങേയ്ക്ക് സംസാരിക്കാം. (........ബഹളം......) ഡോ. കെ. ടി. ജലീലിന് സഭക്കുള്ളിൽ പ്രത്യേക പ്രിവിലേജ് ഒന്നുമില്ല. റിക്വസ്റ്റ് ചെയ്തിട്ടും അംഗീകരിക്കാത്തത് ശരിയല്ല.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. കെ. വിജയൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ചെങ്കൊടിയെ അപമാനിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. ചെങ്കൊടിയുടെ പ്രാധാന്യമെന്തെന്ന് കോൺഗ്രസ്സിന്റെ നേതാക്കാന്മാർക്ക് അറിയാമോ; എന്താണ് ചെങ്കൊടിയുടെ മാഹാത്മ്യമെന്ന് ബഹുമാന്യനായ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുനോട് ചോദിക്കണം. 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി ഇന്ത്യ പ്രയാസപ്പെടുന്ന സാഹചര്യത്തിൽ ഭക്രാനംഗൽ, റൂർക്കേല, ഭിലായ് തുടങ്ങിയ ഒട്ടേറെ സ്ഥാപനങ്ങൾ ഇന്ത്യാ രാജ്യത്തിന് നൽകിയത് ഈ ചെങ്കൊടിയുടെ പ്രസ്ഥാനവും സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവുമാണ്. എല്ലാ കാര്യങ്ങളും പറയാനുള്ള സമയക്കുറവുകൊണ്ട് ഞാൻ അതൊന്നും പരാമർശിക്കുന്നില്ല. ഒരു കാര്യം കൂടി പറയാം. ഇന്ദിരാ ഗാന്ധി ഏഴാം കപ്പൽപ്പട പുറപ്പെട്ടപ്പോൾ അവിടെ നിൽക്കുവെന്ന് പറഞ്ഞ് അഹങ്കരിക്കുകയും മുഖപ്രസംഗം എഴുതുകയും ചെയ്തല്ലോ; സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയും സോവിയറ്റ് പ്രസിഡന്റുമായ ലിയോണിഡ് ബ്രഷ്നെവ് നിങ്ങളെ സ്വീകരിക്കാൻ ഞങ്ങൾ അവിടെ ഉണ്ടാകുമെന്ന് പറഞ്ഞപ്പോഴാണ് ഏഴാം

കപ്പൽപ്പട പിന്തിരിഞ്ഞുപോയതെന്ന് ഓർക്കണം. നമ്മുടെ സമീപ രാജ്യങ്ങളായ ചൈനയിലും നേപ്പാളിലും ശ്രീലങ്കയിലും പാറുന്ന കൊടിയേതാണ്; ഭരണമില്ലെങ്കിലും പാക്കിസ്ഥാനിലും ബംഗ്ലാദേശിലും ഈ ചെങ്കൊടി പാറുകയാണ്. സ്വാഭാവികമായും ഈ ചെങ്കൊടിയുടെ പ്രാധാന്യം നിങ്ങളുടെ പൂർവ്വികർക്ക് അറിയാമായിരുന്നു. അത് വിസ്മരിച്ചുകൊണ്ട് നിങ്ങൾ സംസാരിക്കരുത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയൊരു മാറ്റം കൊണ്ടുവരാൻ ആറായിരം കോടി രൂപയിലധികം ചെലവഴിച്ച് ആ മേഖലയെ ശാക്തീകരിക്കാൻ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുകയാണ്. സമയക്കുറവുകാരണം ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഒട്ടേറെ അവാർഡുകൾ നമ്മുടെ സർവകലാശാലകൾക്ക് ലഭിച്ചിട്ടുണ്ട്. കേരള സർവകലാശാലയ്ക്ക് NAAC റി-അക്രഡിറ്റേഷനിൽ A++ ഗ്രേഡ് ലഭിക്കുകയുണ്ടായി. അതോടൊപ്പം, മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കും കാലിക്കറ്റ് സർവകലാശാലയ്ക്കും കൊച്ചി സർവകലാശാലയ്ക്കും അവാർഡുകൾ ലഭിച്ചു. ഇതെല്ലാം സൂചിപ്പിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്: 'നാം ഇനി നമ്മുടെ സർവകലാശാലകളെ

സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമത്തിലാണ്. നല്ല ജാഗ്രത ഇക്കാര്യങ്ങളിൽ ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ സർവകലാശാലകളെ സ്വന്തം നിലയിൽ നിർത്തുന്നതിനുള്ള എല്ലാ സംരക്ഷണവും നൽകിക്കൊണ്ടുമാത്രമേ അതിലേയ്ക്ക് പ്രവേശിക്കാവൂ. വിദ്യാർഥികളുടെ സംവരണത്തെ സംബന്ധിച്ചും സാമൂഹ്യ നീതിയെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ, ടീച്ചേഴ്സ്, മറ്റ് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് തുടങ്ങിയ കാര്യങ്ങളും ഇതോടൊപ്പം ശ്രദ്ധിക്കേണ്ടതാണെന്നുകൂടി സാന്ദർഭികമായി ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. ഡോ. എസ്. രാധാകൃഷ്ണനാണ് ഇതുമായി ബന്ധപ്പെട്ട ആദ്യത്തെ കമ്മീഷനെ നമ്മുടെ രാജ്യത്ത് കൊണ്ടുവന്നത്. അതിന്റെ ചരിത്രത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. രണ്ടാമത് വന്ന കമ്മീഷനാണ് ഏറ്റവും ശ്രദ്ധയമായ ചർച്ചകൾ നടത്തിയത്. 14 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് രജനി-കോത്താരി കമ്മീഷൻ അന്ന് പഠനാർഹമായ റിപ്പോർട്ട് രാജ്യത്ത് തയ്യാറാക്കിയത്. പ്രൈമറി പഠനത്തിൽ മാതൃഭാഷയ്ക്ക്

പ്രധാന്യം നൽകണമെന്ന് പരാമർശിച്ചുകൊണ്ടാണ് ആ റിപ്പോർട്ട് ആരംഭിക്കുന്നത്. ആ രീതിയാണ് നമ്മളും സ്വീകരിച്ചിട്ടുള്ളത്. ഇംഗ്ലീഷിനെ ഒരു ലൈബറി ഭാഷ അല്ലെങ്കിൽ കമ്മ്യൂണിക്കേറ്റീവ് ലാംഗേജ് എന്ന നിലയ്ക്കെടുക്കണമെന്നൊരു സമീപനമെടുത്തു. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തെ സംബന്ധിച്ചും ഇതിൽ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ മാർഗ്ഗം ഇപ്പോൾ വിവിധ സർവകലാശാലകളിൽ ആരംഭിച്ച് അതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുകയാണ്. അതിന്റെ ലക്ഷ്യം എന്നത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണ്. പഠനത്തോടൊപ്പം ഉപജീവനത്തിനുള്ള വിദ്യാഭ്യാസരീതി ആ റിപ്പോർട്ടിന്റെ ഭാഗമായി ഉയർന്നുവന്നതാണ്. ഇത് പൊതുവിൽ സ്വീകാര്യമായൊരു റിപ്പോർട്ടായിരുന്നു. പിന്നീട് പ്രദേശിക സാഹചര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് Adiseshiah Committee റിപ്പോർട്ടുകൾ എന്നിവയെല്ലാം വന്നിട്ടുണ്ട്. രാജീവ് ഗാന്ധിയുടെ കാലത്താണ് ന്യൂ എഡ്യൂക്കേഷൻ പോളിസി വന്നത്. മാനവ വിഭവ ശേഷി വകുപ്പിന്റെ ഒരു ഉപവകുപ്പെന്ന നിലയ്ക്ക് വിദ്യാഭ്യാസ മേഖലയെ കണ്ടുതുടങ്ങിയത് അതിനുശേഷമാണ്. ന്യൂ എഡ്യൂക്കേഷൻ പോളിസിയുടെ തുടർച്ചയായി

കേന്ദ്രത്തിൽ വിദ്യാഭ്യാസ വകുപ്പ് ആ സമയത്ത് ഇല്ലാതായി. അതിനുശേഷം ബിർളയെ പോലുള്ളവരുടെ ദേശീയ വിദ്യാഭ്യാസ നയം രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങളിലേയ്ക്ക് ഇന്ത്യ മാറുകയാണുണ്ടായത്. സ്വാശ്രയ കോളേജുകളും ഡീംഡ് യൂണിവേഴ്സിറ്റികളെ കുറിച്ചുള്ള ചർച്ചകളുമാണ് ഇക്കാലയളവിൽ കേരളത്തിലെ പൊതു സമൂഹത്തിൽ ഉയർന്നുവന്ന ഒരു പ്രധാനപ്പെട്ടൊരു സംഭവം 1992-ൽ, ഇന്റർനെറ്റിന്റെ വരവോടുകൂടി ലോകം ഒരു ആഗോള ഗ്രാമമാക്കി മാറ്റുന്ന സമീപനം വന്നു. വിദ്യാഭ്യാസത്തിലും വിവര സാങ്കേതിക ശാസ്ത്രവിനിമയത്തിലുമുണ്ടായ സാർവദേശീയ വളർച്ച പ്രത്യേകിച്ച്, വിദ്യാഭ്യാസ കാര്യത്തിൽ സംഭവിച്ച സാർവദേശീയ വീക്ഷണം ദേശരാഷ്ട്രങ്ങളുടെ അതിരുകൾ ഭേദിക്കുന്ന സർവകലാശാലകൾ ലോകമെമ്പാടും വ്യാപിക്കുന്ന സാഹചര്യമാണുണ്ടായത്. ഈ പശ്ചാത്തലത്തിൽ കർശന നിയന്ത്രണങ്ങളോടെ, പുരോഗമന വിദ്യാർത്ഥി സംഘടനകൾ ആവശ്യപ്പെടുന്ന ന്യായമായ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട്, യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നത് നമ്മുടെ താൽപര്യത്തിന് എതിരാകാത്ത നിലയിലായാൽ എന്തായാലും നല്ലതാണ്. വിദേശ സർവകലാശാലകളുടെ അനെക്സുകൾ നമ്മുടെ സാംസ്കാരിക,

രാഷ്ട്രീയ, സാമ്പത്തിക പരിധികളെ മനസ്സിലാക്കി ആരംഭിക്കുന്നതുകൊണ്ട് നമ്മുടെ വിദ്യാർത്ഥികൾക്ക് വിദേശങ്ങളിലേയ്ക്ക് പോകാതെതന്നെ ഇവിടെ ന്യൂജനറേഷൻ കോഴ്സുകൾ പഠിക്കാൻ സാധിക്കും. അവർക്ക് സ്വദേശത്തുതന്നെ തൊഴിലെടുത്ത് ജീവിക്കാനുള്ള അവസരവും ലഭിക്കും.

ഉദ്ദേശം 826 ദിവസമുണ്ടെന്നാണ് എന്റെ ഓർമ്മ. അത്രയും ദിവസത്തെ ബഹിരാകാശ ജീവിതം കഴിഞ്ഞ് ഭൂമിയിലേയ്ക്ക് എത്തിയ പ്രിയപ്പെട്ട സുനിത വില്യംസ് പറഞ്ഞകാര്യം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. 'ആകാശത്തുനിന്നു നോക്കുമ്പോൾ ഭൂമിക്ക് അതിരുകളില്ല, ഭൂമിയിലെത്തുമ്പോഴാണ് അതിരുകൾ കാണുന്നത്' എന്നാണ് സുനിത വില്യംസ് പറഞ്ഞത്. ഇത് ഏറ്റവും അർത്ഥവത്തായത് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാണ്. ഞാൻ ഈ നിർദേശം മുന്നോട്ടുവച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ബഹുമാനപ്പെട്ട ചെയർ പറഞ്ഞ വാക്കുകൾ ഞാൻ ശിരസാവഹിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സ്വകാര്യ സർവകലാശാലകളുമായി ബന്ധപ്പെട്ട ആശയം യു.ഡി.എഫ്.

ഉയർത്തിയപ്പോൾ അതിനെ എതിർത്തുവെന്നാണ് പ്രതിപക്ഷാംഗങ്ങൾ ഇവിടെ വലിയ വിഷയമായി അവതരിപ്പിച്ചത്. യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് എന്തായിരുന്നു നമ്മുടെ പൊതുസർവകലാശാലകളുടെ ചിത്രം; ഒരു പരീക്ഷയെങ്കിലും കൃത്യമായി നടത്താനോ ഏതെങ്കിലും വിധത്തിൽ ഗുണനിലവാരം ഉയർത്തിപ്പിടിക്കാനോ സാധിച്ചിരുന്നോ? വലിയ രീതിയിലുള്ള അവഗണനയുടെ പടുകുഴിയിലേയ്ക്ക് കേരളത്തിലെ പൊതുവിദ്യാലയങ്ങളെയും പൊതുകലാലയങ്ങളെയും യൂണിവേഴ്സിറ്റികളെയും വലിച്ചിഴച്ചുകൊണ്ടുപോയ ഒരു ഇരുണ്ട കാലമായിരുന്നു യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ എന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. പക്ഷെ അതാണ് യാഥാർഥ്യം.

പൊതുമേഖലയെ പാടെ തച്ചുതകർത്തുകൊണ്ട് സ്വകാര്യമേഖലയ്ക്ക് ആ ഇടത്തിലേയ്ക്ക് ചുവപ്പ് പരവതാനി കൊടുത്ത് ആനയിക്കാനുള്ള ശ്രമം നടത്തിയപ്പോഴാണ് ഞങ്ങളന്ന് അതിശക്തമായി എതിർത്തത്. അന്ന് പൊതുമേഖലയുടെ സ്ഥിതി എന്തായിരുന്നു; എത്ര വിദ്യാലയങ്ങളാണ് ഇവിടെ പൂട്ടിപ്പോയത്? അതിൽനിന്നും നേരെ എതിർദിശയിലുള്ള സമീപനമാണ് ഇടതുപക്ഷത്തിന്റേത്. അതുകൊണ്ടാണ് ഒന്നാം പിണറായി സർക്കാരിന്റെ

കാലത്ത് ´പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശം´എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് നമ്മുടെ സർക്കാർ സ്കൂളുകളെ ശക്തീകരിക്കാനുള്ള നടപടി സ്വീകരിച്ചത്. അന്തർദേശീയ നിലവാരമുള്ള കെട്ടിടങ്ങളും അക്കാദമിക ഗുണമേന്മയും വർധിപ്പിച്ചുകൊണ്ട് അഞ്ചുലക്ഷത്തിൽപ്പരം വിദ്യാർഥികളെ സ്വകാര്യമേഖലയിൽനിന്നും പൊതുമേഖലയിലുള്ള ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. ആ പ്രക്രിയയുടെ സ്വാഭാവിക തുടർച്ചയായി, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ഒന്നാമത് പരിഗണന നൽകിക്കൊണ്ട് ഈ സംസ്ഥാനത്തെ പൊതു യൂണിവേഴ്സിറ്റികളെയും കലാലയങ്ങളെയും ശക്തീകരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തി. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, രണ്ടു കാലിന്മേൽ തന്റേടത്തോടെ എഴുന്നേറ്റുനിൽക്കാൻ പ്രാപ്തിയുള്ള സംവിധാനങ്ങളായി അവയെ മാറ്റിക്കഴിഞ്ഞിരിക്കുകയാണ്. ആരോഗ്യകരമായൊരു മത്സരത്തിന് ഇന്ത്യയിലെ ഏത് സ്ഥാപനങ്ങളോടും കിടപിടിക്കാവുന്ന നിലയിലാണ് കേരളത്തിലെ സർവകലാശാലകൾ ഇന്നുള്ളത്. കേരള സർവകലാശാലയും എം.ജി. യൂണിവേഴ്സിറ്റിയും A++ NAAC

അക്രെഡിറ്റേഷൻ നേടി. ഇവയെല്ലാം പലതവണ ഇവിടെ പറഞ്ഞ കാര്യങ്ങളാണ്. കുസാറ്റ്, കാലടി, കാലിക്കറ്റ് സർവകലാശാലകൾ A+ നേടുകയും N.I.R.F. (National Institutional Ranking Framework) റാങ്കിങ്ങിൽ പൊതുസർവകലാശാലകളുടെ ലിസ്റ്റിൽ 9, 10, 11 സ്ഥാനങ്ങൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് ലഭിക്കുകയും ചെയ്തു. TIMES, QS എന്നീ റാങ്കിങ്ങുകളിലും ഇടംപിടിച്ചു. ´അമേരിക്കയിലെ ഏതോ അവാർഡ് വാങ്ങിയെന്ന് ´ ഞാൻ പറഞ്ഞുവെന്ന് ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ഇവിടെ പറയുകയുണ്ടായി. എന്റെ പൊന്ന് സുഹൃത്തേ, അന്തർദേശീയ തലത്തിലുള്ള ഗുണനിലവാര പരിശോധനകളുടെ റാങ്കിങ് ഫ്രെയിംവർക്കിന്റെ കേന്ദ്രമാണ് TIMES റാങ്കിങ്ങും QS റാങ്കിങ്ങുമെല്ലാം. അല്ലാതെ അത് ഏതെങ്കിലും ഒരു അമേരിക്കൻ സംഘടനയുടെ അവാർഡല്ല. വിദ്യാർഥി പ്രസ്ഥാനത്തിലൂടെ ഉയർന്നുവന്ന ഒരു നേതാവിന് ഇതിനെക്കുറിച്ചെല്ലാം മിനിമം പഠിക്കേണ്ട ബാധ്യതയുണ്ട്.

ഇവിടെ സംസാരിച്ച പ്രതിപക്ഷാംഗങ്ങൾ സാമൂഹ്യനീതിക്കും പൊതുമേഖലയ്ക്കുംവേണ്ടിയൊക്കെ മുറവിളികൂട്ടുന്നത് കേട്ടപ്പോൾ ചിരിയാണ്

വന്നത്. പ്രിയപ്പെട്ടവരെ, നമ്മുടെ കേരളത്തിൽ ഐക്യകേരള പിറവിക്കുശേഷം ബാലറ്റ് പേപ്പറിലൂടെ ആദ്യം അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ സൗജന്യ വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചപ്പോൾ, അതുവരെ വിദ്യാലയങ്ങൾക്ക് പുറത്തുനിന്നിരുന്ന ബഹുഭൂരിപക്ഷംവന്ന സാമൂഹികവും സാമ്പത്തികവുമായി വളരെ പിൻനിരയിലുണ്ടായിരുന്ന വിഭാഗങ്ങൾ, അക്ഷരത്തിന്റെ വെളിച്ചം അറിഞ്ഞുതുടങ്ങിയ ആ സന്ദർഭത്തിൽ, അത്തരം പ്രവർത്തനങ്ങളെ അട്ടിമറിക്കാൻ വേണ്ടി ഉണ്ടാക്കിയ XXXXXXXXXXXXXXX+ കെ.എസ്.യു.-ലേക്ക് കടന്നുവരുമ്പോൾ തീർച്ചയായും അങ്ങനെതന്നെ പറയാൻ പറ്റൂ.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: (മൈക്ക് ഓഫ്....സർ, പോയിന്റ് ഓഫ് ഓർഡർ) (...ബഹളം....)

<u>മി. സ്പീക്കർ</u>: അത്തരം പരാമർശങ്ങളൊന്നും ഉണ്ടാകില്ല. അൺപാർലമെന്ററിയായിട്ടുള്ള ഒരു കാര്യവും സഭാരേഖയിലുണ്ടാവില്ല. ബഹുമാനപ്പെട്ട മന്ത്രി പറയൂ.

+ ബഹു. സ്പീക്കറുടെ നിർദേശപ്രകാരം സഭാരേഖയിൽനിന്ന് നീക്കംചെയ്തു.

ഡോ. ആർ. ബിന്ദു: സർ, അത്തരം പൊതുമേഖലാ സംവിധാനങ്ങളെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും പ്രത്യേകിച്ച്, പൊതുവിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഒന്നാമത് പരിഗണന കൊടുത്തുകൊണ്ടുള്ള സമീപനം മുന്നോട്ടുവയ്ക്കുന്ന ഇടതുപക്ഷ പ്രസ്ഥാനംതന്നെയാണ്, വളരെ കൃത്യമായ നിലയിൽ ആ സംവിധാനങ്ങളെ പരിപാലിക്കുകയും ശക്തീകരിക്കുകയും ചെയ്ത് കൃത്യമായ റിസൾട്ട് ഉണ്ടാക്കിയതിനുശേഷം സ്വകാര്യമേഖലയ്ക്ക് അവിടെ ഒരു സ്പേസ് അനുവദിച്ചുകൊടുത്തുകൊണ്ട്, അതുകൂടി ഈ മേഖലയിൽ പ്രയോജനപ്പെടുത്തി, ഏറ്റവും മെച്ചപ്പെട്ട അവസരങ്ങൾ കിട്ടാവുന്നത്ര നമ്മുടെ കുട്ടികൾക്ക് നൽകണമെന്ന നിർബന്ധബുദ്ധിയോടുകൂടിയാണ് ഈ ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: (മൈക്ക് ഓഫ്, സർ,... വഴങ്ങുമോ?)

മി. സ്പീക്കർ: മിനിസ്റ്റർ ചെയറിനെ നോക്കി സംസാരിക്കു. അങ്ങോട്ടുനോക്കുമ്പോൾ പലരും കമന്റ് പറയും.

ഡോ. ആർ. ബിന്ദു: സർ, ഇവിടെ ഉന്നയിക്കപ്പെട്ട പല കാര്യങ്ങളും അടിസ്ഥാനരഹിതമാണ്. നമ്മുടെ സർവകലാശാലകളെയും കലാലയങ്ങളെയും ശക്തീകരിച്ചതുകൊണ്ട് മാത്രമാണ് സ്വകാര്യ സർവകലാശാല ബിൽ എടുക്കാൻ സാധിക്കുകയുള്ളൂവെന്ന നിർബന്ധബുദ്ധിയോടുകൂടിത്തന്നെയാണ് 2022-ൽ ശ്യാംമേനോൻ കമ്മിഷൻ സമർപ്പിച്ച ഈ നിർദേശം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ലെന്ന തീരുമാനമെടുത്തുകൊണ്ടുതന്നെയാണ് കഴിഞ്ഞ നാലുവർഷം പൊതുമേഖലാ സംവിധാനങ്ങളെ ശക്തീകരിക്കുന്നതിനുവേണ്ടി ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുള്ളത്. വേണ്ടത്ര സാമൂഹ്യനിയന്ത്രണം ഉറപ്പാക്കിക്കൊണ്ടുതന്നെയാണ് ഈ ബിൽ ഇപ്പോൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഗവൺമെന്റിന്റെ കൃത്യമായ ഇടപെടലും മേൽനോട്ടവും സാധ്യമാകുന്ന വിധത്തിലുള്ള വിവിധങ്ങളായ നിബന്ധനകൾ അതിൽ ഉൾച്ചേർത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ ഞാൻ അറിയിക്കുകയാണ്. തുടർന്നും റൂൾ ഉണ്ടാക്കുന്നതിനുള്ള ഗവൺമെന്റിന്റെ അവകാശം ഉപയോഗിച്ചുകൊണ്ട് കൂടുതൽ കൃത്യതയോടുകൂടി ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സാമൂഹ്യമേൽനോട്ടം ഉറപ്പാക്കുന്നതിനുമുള്ള ശ്രമങ്ങളുണ്ടാകുന്നതാണ്. 'സ്വകാര്യ

കച്ചവടക്കാർക്ക് നഗ്നമായി കീഴടങ്ങുകയാണ് എന്നൊരു ആരോപണം ഇവിടെ ഉന്നയിക്കുകയുണ്ടായി. യു.ഡി.എഫ്. അംഗങ്ങൾ അവരുടെ ശീലം പറയുന്നവെന്നേ അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളൂ. അവരവർ എങ്ങനെ ചിന്തിക്കുന്നു, അവരവരുടെ കാഴ്ചപ്പാട് എങ്ങനെയാണ് അതനുസരിച്ചല്ലേ കാര്യങ്ങൾ കാണാൻ സാധിക്കൂ. നിങ്ങൾ സൂചിപ്പിച്ചതുപോലെ നമ്മുടെ വിദ്യാർഥികൾ പുറത്തുപോയി പഠിക്കുന്നുണ്ടെങ്കിൽ അതിന്റെ ഒരു കാരണം അവർക്ക് കേരളത്തിന്റെ സാമൂഹ്യമായ അന്തരീക്ഷത്തിൽ ലഭിക്കുന്ന ആത്മവിശ്വാസവും മികച്ച വിദ്യാഭ്യാസ സാഹചര്യങ്ങളുംകൊണ്ടുകൂടിയാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ആഗോളവൽക്കരണത്തിന്റെ യുഗത്തിൽ കുട്ടികൾ ഇവിടെ മാത്രം നിൽക്കണമെന്നുപറഞ്ഞ് പിടിച്ചുനിർത്തുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അതിർത്തി രേഖകൾ അപ്രസക്തമാകുന്നൊരു കാലമായതിനാൽ എയർലൈനുകളുടെയും എഡ്യൂക്കേഷണൽ ലോണുകളുടെയും അവൈലബിലിറ്റി അവർ തീർച്ചയായും പ്രയോജനപ്പെടുത്തും. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, ഈ

ലോണുകൾ ഇടതുപക്ഷാംഗങ്ങളുടെ ബാധ്യതയാണെന്ന രീതിയിലുള്ള പരാമർശം വളരെ ബാലിശമാണെന്ന് ഞാൻ ഈ അവസരത്തിൽ താങ്കളെ ഓർമ്മിപ്പിക്കുകയാണ്. ഈ കാലത്തിനനുസൃതമായ രീതിയിലുള്ള ക്രമീകരണങ്ങളിലേയ്ക്ക് മനുഷ്യർ പൊയ്ക്കൊണ്ടിരിക്കുമ്പോൾ അവർക്ക് സർക്കാരിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കേണ്ട എല്ലാ സൗകര്യങ്ങളും തയ്യാറാക്കി നൽകുന്നതിനുള്ള ഉത്തരവാദിത്വം കൃത്യമായി നിറവേറ്റിക്കൊണ്ടുതന്നെയാണ് ഇടതുപക്ഷ സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായാണ് കേരളത്തിൽ ഇന്ന് സൗത്ത് ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച ലാബ് കോംപ്ലക്സുകൾ കേരള, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റികളിലും കുസാറ്റിലുമൊക്കെ നിർമ്മിക്കാൻ സാധിച്ചത്. റിസേർച്ചിന്റെ മേഖലയിൽ ശ്ലാഘനീയമായ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഇന്റർ ഡിസിപ്ലിനറി മോഡിലുള്ള റിസേർച്ചും ട്രാൻസലേഷണൽ റിസേർച്ച് സെന്ററുകളുമൊക്കെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈ രാജ്യത്തിന്റെ മാത്രമല്ല ലോകത്തിന്റെതന്നെ മുന്നിൽ നടക്കാൻ ശക്തിയുള്ള ധിഷണാശാലികളായ വിദ്യാർത്ഥികളെ കേരള സംസ്ഥാനത്ത് സൃഷ്ടിക്കാൻ സാധിക്കുന്നുണ്ട്. എന്നും അത്തരം കുട്ടികളുടെ

അനുഭവങ്ങൾ പത്രങ്ങളിൽ വായിക്കുന്നുണ്ട്. മാത്രമല്ല, ഒന്ന് ശ്രദ്ധിച്ചുനോക്കിയാൽ ഞാൻ എന്റെ ഫേസ്ബുക്കിൽ അവരെക്കുറിച്ചൊക്കെ പരാമർശിക്കുന്നുണ്ടെന്നതും അറിയാൻ സാധിക്കും. സർക്കാരിന്റെ അതിശക്തമായ പിന്തുണയോടുകൂടിയാണ് ഇതൊക്കെ സാധ്യമാകുന്നതെന്ന് നിങ്ങളെ ഞാൻ അറിയിക്കുകയാണ്; ആ പിന്തുണ തുടർന്നുമുണ്ടാകും. കേരളത്തിലെ പൊതുമേഖലാ സംവിധാനങ്ങളെയും യൂണിവേഴ്സിറ്റികളെയും സർക്കാർ കോളേജുകളെയും ഏറ്റവും നല്ല നിലയിൽ ശക്തീകരിച്ചുകൊണ്ടുതന്നെയാണ് നമ്മൾ മുന്നോട്ടുപോകുന്നത്. രാജ്യത്തെ ആദ്യ 300 കോളേജുകളിൽ കേരളത്തിൽനിന്ന് 16 സർക്കാർ കോളേജുകളുണ്ടെന്ന കാര്യം കൂടി അറിയിക്കുകയാണ്.

ബില്ലിൽ 'മൾട്ടി ഡിസിപ്ലിനറി ക്യാമ്പസ്' എന്ന് പറഞ്ഞിരിക്കുന്നു, അത് ശരിയല്ലെന്നാണ് ശ്രീ. ടി. വി. ഇബ്രാഹിം ഇവിടെ പറഞ്ഞത്. അതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സർവകലാശാല എന്ന് പറഞ്ഞാൽത്തന്നെ മൾട്ടിഡിസിപ്ലിനറിയാണ്; സർവ്വകലാശാലയാണ്. യു.ജി.സി. അതിന് എതിരാണെന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്.

ബഹു വൈജ്ഞാനിക സർവകലാശാല എന്നാണ് അതിന് അർഥം. യൂണി ഡിസിപ്ലിനറിയായ അതായത് ഏക വൈജ്ഞാനിക മേഖലയെ മാത്രം ആധാരമാക്കിയുള്ള സർവകലാശാലകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതില്ലെന്നാണ് അതുകൊണ്ട് മനസ്സിലാക്കേണ്ടത്. മൾട്ടി ഡിസിപ്ലിനറി എന്നുപറഞ്ഞാൽ പല വൈജ്ഞാനിക ശാഖകൾ ഒരുമിച്ച് പഠിപ്പിക്കുന്ന സർവകലാശാല എന്നാണ് അർഥം.

ശ്രീ. ടി. വി. ഇബ്രാഹിം: (മൈക്ക് ഓഫ്.......)

മി. സ്പീക്കർ: നോ ...... നോ ....... ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചോളൂ.

ഡോ. ആർ. ബിന്ദു: സർ, അത് യു.ജി.സി. നിബന്ധനകൾക്ക് എതിരാണെന്ന് പറയുന്നത് അർഥരഹിതമായ കാര്യമാണ്. ബില്ലിൽ ജെൻഡർ മര്യാദകൾ പാലിച്ചിട്ടില്ലെന്ന് അദ്ദേഹം സൂചിപ്പിച്ചു. നിയമ വകുപ്പിന്റെ സഹായത്തോടെ തയ്യാറാക്കുന്ന ഈ ബില്ലിൽ അത്തരം ചില കാര്യങ്ങളുണ്ടായിരുന്നു. അതൊക്കെ ഇപ്പോൾ ഭേദഗതിയിലൂടെ മാറ്റിയിട്ടുണ്ട്. 'ഉദ്യോഗസ്ഥൻ' എന്നുള്ള പ്രയോഗത്തിനുപകരം 'ഓഫീസർ' എന്നൊക്കെകൊണ്ടുവന്ന് അക്കാര്യം പരിഹരിക്കപ്പെട്ടിട്ടുണ്ട്. റെഗുലേറ്ററി

കമ്മിറ്റികളെ സംബന്ധിച്ചിടത്തോളം നിഷിദ്ധമായ നിലയിൽ റെഗുലേറ്റ് ചെയ്യാവുന്ന സംവിധാനങ്ങൾ ഉറപ്പാക്കുന്നുണ്ട്. അതിനെക്കുറിച്ച് ബിൽ അവതരിപ്പിച്ചുകൊണ്ട് സാമാന്യം വിശദമായിത്തന്നെ സംസാരിച്ചിരുന്നു. ഇപ്പോഴത്തെ സമയപരിമിതി കാരണം വീണ്ടും അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. രാജ്യത്തിന് പുറത്തുപോകുന്ന വിദ്യാർത്ഥികളുടെ കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. രണ്ടര ലക്ഷം വിദ്യാർത്ഥികൾ ഒരു വർഷം രാജ്യത്തിന് പുറത്തുപോകുന്നുണ്ടെന്ന് പറഞ്ഞത് തീർത്തും തെറ്റായ കാര്യമാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ .........മാതൃഭൂമിയാണോ ഏറ്റവും ആധികാരികമായ സർവേ നടത്തുന്ന കേന്ദ്രം? പരമാവധി 35000 വിദ്യാർത്ഥികളാണ് ഒരു വർഷം രാജ്യത്തിന് പുറത്തുപേകുന്നത്. അവിടേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെയും തിരികെ വരുന്നവരുടെയും തൊഴിലിലേയ്ക്ക് പോകുന്നവരുടെയും കണക്ക് ഒഴിവാക്കി കഴിഞ്ഞകുറെ കാലമായി വിദേശത്തുപോയ വിദ്യാർത്ഥികളുടെ ആകെ എണ്ണമാണിത്. ആ പറഞ്ഞത് ശരിയായ കണക്കല്ല. നമ്മുടെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസ സാഹചര്യം നൽകിക്കൊണ്ട് ഇവിടെ നിലനിർത്താനും പുറത്തുനിന്നുള്ള വിദ്യാർത്ഥികളെ ആകർഷിക്കാനും

സാധിക്കുന്ന വിധത്തിലുള്ള അർഥപൂർണ്ണമായ നടപടികൾ കേരളത്തിലെ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഉന്നത വിദ്യാഭ്യാസ മേഖല ഒരു ഇന്റർനാഷണൽ ഹബ്ബായിത്തന്നെ വളരുകയാണ്. അതുപോലെ ഇവിടെ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങൾ, യു.ജി.സി. റെഗുലേഷന് വിരുദ്ധമായ ഒന്നുംതന്നെ ഈ ബില്ലിൽ ഇല്ലെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്നുകൂടി ബഹുമാനപ്പെട്ട അംഗങ്ങളെ ഞാൻ അറിയിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് സൂക്ഷ്മ പരിശോധനതന്നെ നടത്തിയിട്ടുണ്ട്.

റിസർവേഷനും പി.ജി. മെഡിക്കൽ പരീക്ഷയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി നടത്തിയ പരാമർശം ഇവിടെ സൂചിപ്പിക്കപ്പെട്ടു. അത് ഒരു അഖിലേന്ത്യാതല മത്സരപരീക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ ഒരു വിധിയാണ്. അതിവിടെ ബാധകമാകുന്നില്ലെന്ന് മാത്രമല്ല പല സംസ്ഥാനങ്ങളിലുമുള്ള പ്രൈവറ്റ് യൂണിവേഴ്സിറ്റികളെ സംബന്ധിച്ച ബില്ലിൽ ഇത്തരത്തിലുള്ള ചില സംവരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇനിയും ഏതെങ്കിലും സാഹചര്യത്തിൽ സംവരണാനുകൂല്യം നഷ്ടപ്പെടുന്ന

സാഹചര്യമുണ്ടെങ്കിൽ അതത് സമയത്ത് സംസ്ഥാന സർക്കാരിന് ഇടപെടാൻ സാധിക്കുന്ന വിധത്തിലുള്ള എനേബിളിംഗ് പ്രൊവിഷനും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരവധി സംസ്ഥാനങ്ങളിൽ ഡൊമിസൈൽ റിസർവേഷൻ എന്നുപറയുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് സ്വകാര്യ സർവകലാശാലകളുമായി ബന്ധപ്പെട്ട് നിലവിലുണ്ട്. സ്പോൺസറിങ് ഏജൻസിക്ക് അക്കാദമിക മുൻപരിചയം എന്നുള്ളത്..., 25 കോടി രൂപയും 10 ഏക്കർ ഭൂമിയുമുണ്ടെങ്കിൽ ആർക്കും സ്വകാര്യ സർവകലാശാല ആരംഭിക്കാമെന്ന് ഇവിടെ ആരോ സൂചിപ്പിച്ചിരുന്നു; അതൊന്നും ശരിയല്ല. നല്ല വ്യക്തമായ പ്രോജക്ട് റിപ്പോർട്ട് അവതരിപ്പിച്ച് ഈ മേഖലയിൽ പരിചയവും കഴിവും തെളിയിക്കുന്ന ഏജൻസികളുടെ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിദഗ്ധ സമിതിക്ക് സ്വകാര്യ സർവകലാശാല ആരംഭിക്കുന്നതിന് അനുമതി നൽകുന്നുള്ളൂ. അതുകൊണ്ട് ആർക്കും സ്വകാര്യ സർവകലാശാല ആരംഭിക്കാമെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. കൃത്യമായ രീതിയിലുള്ള റെഗുലേറ്ററി ബോഡികളിലൂടെ സാമൂഹ്യ നിയന്ത്രണവും സർക്കാർ മേൽനോട്ടവുമെല്ലാം

ഉറപ്പുവരുത്തിക്കൊണ്ടുതന്നെയാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാല ബില്ലുകൾ സാക്ഷാത്ക്കരിക്കപ്പെടുകയെന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇനിയും സമയം ആവശ്യമാണോ?

ഡോ. ആർ. ബിന്ദു: സർ, എന്റെ പ്രസംഗം അവസാനിപ്പിക്കാം. ശ്രീ. ഇ. കെ. വിജയൻ ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ ജാഗ്രതയോടുകൂടിത്തന്നെയാണ് പുതിയ കാൽവയ്പ്പ് നടത്തുന്നത്. ഒന്നാമത്തെ പരിഗണന പൊതുയൂണിവേഴ്സിറ്റികളെയും പൊതുകലാലയങ്ങളെയും ശക്തീകരിച്ചുകൊണ്ടും സാമൂഹികവും സാമ്പത്തികവുമായി പിൻനിരയിലുള്ള വിദ്യാർഥികൾക്കും അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്കും ഏറ്റവും മികച്ച സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്തും അവരെ അങ്ങേയറ്റം പ്രോത്സാഹിപ്പിച്ചുകൊണ്ടും ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും ഇപ്പോഴുള്ള നിലയിൽത്തന്നെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം ഉൾപ്പെടെ നൽകുന്ന ഈ സാഹചര്യത്തിൽ അത്തരം ശക്തീകരണ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുതന്നെയാണ് സ്വകാര്യ മേഖലയുടെ

പ്രവേശനം ഇവിടെ അനുവദിക്കുന്നത്. അതിന് സൗകര്യപ്രദമായ വിധത്തിലുള്ള പ്രവർത്തനങ്ങൾ ......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ യൂണിവേഴ്സിറ്റികളിൽ മറ്റ് വിദേശ രാജ്യങ്ങളിലെ 'ഓഫ് ക്യാമ്പസ് സ്റ്റഡീസ്' ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അഞ്ച് വർഷക്കാലത്തിനുശേഷം നിലവിലുള്ള യു.ജി.സി. നിയമങ്ങൾക്ക് വിധേയമായി മാത്രമേ ഇവിടെ ഓഫ് ക്യാമ്പസുകൾ സാധ്യമാകുകയുള്ളൂ. തന്നെയുമല്ല വിദേശ സർവകലാശാലകൾ ഇതുമായി ബന്ധപ്പെട്ട് വരുന്നില്ല. സ്വകാര്യ സർവകലാശാല ബില്ലുമായി ബന്ധപ്പെട്ട് വിദേശ സർവകലാശാലകളെക്കുറിച്ച് പരാമർശിക്കുന്നില്ല. നേരെമറിച്ച്, യു.ഡി.എഫ്.-ന്റെ കാലത്ത് വിദേശ സർവകലാശാലകളെ ഉൾപ്പെടെ ഇവിടെ കൊണ്ടുവരുന്നതിനുള്ള പരിശ്രമമാണ് നടന്നിരുന്നത്. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ യൂണിവേഴ്സിറ്റികളൊന്നും കേരളത്തിൽ അവരുടെ യൂണിവേഴ്സിറ്റി ആരംഭിക്കാൻ തയ്യാറാവില്ലെന്ന് നമുക്കറിയാം. വിദേശ രാജ്യങ്ങളിലെ മൂന്നാംകിട യൂണിവേഴ്സിറ്റികളെ കൊണ്ടുവന്നിടാനുള്ള

ചവറ്റുകുട്ടയായി കേരളത്തെ മാറ്റാനുള്ള നീക്കമാണ് അന്ന് നടന്നിരുന്നത്. അപ്പോൾ തീർച്ചയായും സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികളുടെ നന്മയെ മുൻനിർത്തി നിരവധി പദ്ധതികളും പരിപാടികളും ആവിഷ്കരിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പുതിയ കാൽവയ്പ്പ് എന്ന നിലയിൽത്തന്നെയാണ് ഞങ്ങളിതിനെ കാണുന്നത്. ഈ ബിൽ പാസ്സാക്കുന്നതിന് നിങ്ങളേവരുടെയും പിന്തുണയുണ്ടാകണമെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഓഡർ .... ഓർഡർ ..... ഇന്ന് സഭ പരിഗണിക്കാനിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ´2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ´ സമയപരിമിതി കാരണം ഇന്നത്തെ കാര്യവിവരപ്പട്ടികയിൽനിന്ന് ഒഴിവാക്കുകയാണ്. ഈ ബിൽ നാളെ നിയമനിർമ്മാണത്തിനായി മാറ്റിവച്ചിരിക്കുന്ന സമയത്ത് ആദ്യ ഇനമായി സഭ പരിഗണിക്കുന്നതാണ്.

ഡോ. കെ. ടി. ജലീൽ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .....................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

**രണ്ടാം വകുപ്പ്**

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1394. ഖണ്ഡം 2(എച്ച്)-ൽ "അദ്ധ്യാപകനും" എന്നതിനുപകരം " അദ്ധ്യാപകരും" എന്ന് ചേർക്കുക.

1395. ഖണ്ഡം 2(എം)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ഓഫീസർ" എന്ന് ചേർക്കുക.

1396. ഖണ്ഡം 2(ഇസഡ്ഐ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനുപകരം "സർവ്വകലാശാലയുടെ വൈസ്-ചാൻസലർ" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 2(എ)-ൽ "അക്കാദമിക് കൗൺസിൽ" എന്ന് വരുന്നിടത്തെല്ലാം "അക്കാദമിക സമിതി" എന്ന് ചേർക്കുക

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 2(ഡി)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ഓഫീസർ" എന്ന് ചേർക്കുക.

182. ഖണ്ഡം 2(ഇ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ഓഫീസർ" എന്ന് ചേർക്കുക

194. ഖണ്ഡം 2(എച്ച്)-ൽ "ജീവനക്കാരൻ" എന്നതിനുപകരം "ജീവനക്കാർ" എന്ന് ചേർക്കുക.

212. ഖണ്ഡം 2(പി)-ൽ "ഒരു യൂണിറ്റ് " എന്നതിനുപകരം "വാസസ്ഥലം" എന്ന് ചേർക്കുക.

221. ഖണ്ഡം 2(ക്യൂ)-ൽ "വ്യവസ്ഥകൾക്കനുസൃതമായി" എന്നതിനുപകരം "വ്യവസ്ഥകൾക്ക് വിധേയമായി" എന്നും "നടത്തുന്നതോ" എന്നതിന് ശേഷം "അംഗീകരിച്ചതോ" എന്നും ചേർക്കുക.

231. ഖണ്ഡം 2(ആർ)-ൽ, "സാങ്കേതിക ശാസ്ത്രം," എന്നതിന് ശേഷം "ഗണിത ശാസ്ത്രം," എന്ന് ചേർക്കുക.

238. ഖണ്ഡം 2(റ്റി)-ൽ "നിർണ്ണയിക്കപ്പെട്ട" എന്ന് വരുന്നിടത്തെല്ലാം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

240. ഖണ്ഡം 2(യു)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ഓഫീസർ" എന്ന് ചേർക്കുക.

241. ഖണ്ഡം 2(വി)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ഓഫീസർ" എന്ന് ചേർക്കുക.

245. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "ആർക്കിടെക്ചർ" എന്നതിന് ശേഷം "നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ്" എന്ന് ചേർക്കുക.

263. ഖണ്ഡം 2(ഇസഡ്ബി)-ൽ "സർക്കാർ" എന്നതിന് മുമ്പ് "സംസ്ഥാന" എന്ന് ചേർക്കുക.

272. ഖണ്ഡം 2(ഇസഡ്എഫ്)-ൽ "അദ്ധ്യാപകൻ" എന്നതിനുപകരം "അദ്ധ്യാപകർ" എന്ന് ചേർക്കുക.

287. ഖണ്ഡം 2 (ഇസഡ് ഐ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ഓഫീസർ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2(ഡി)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനുപകരം " സർവ്വകലാശാലയുടെ ചാൻസലർ " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 2(എഫ്)-ൽ "തലവൻ" എന്നതിനുപകരം "മേലധികാരി" എന്ന് ചേർക്കുക.

233. ഖണ്ഡം 2(ആർ)-ൽ, "മറ്റ്" എന്നതിന് ശേഷം "വിവിധ" എന്ന് ചേർക്കുക.

282. ഖണ്ഡം 2(ഇസഡ്എച്ച്)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

189. ഖണ്ഡം 2(എഫ്)-ൽ "നിയുക്തനായ" എന്നതിനുപകരം "ചുമതലക്കാരനായ" എന്ന് ചേർക്കുക.

220. ഖണ്ഡം 2(പി)-ൽ "യൂണിറ്റ്" എന്നതിന് ശേഷം "കെട്ടിടം" എന്ന് ചേർക്കുക.

230. ഖണ്ഡം 2(ആർ)-ൽ, "സാമൂഹ്യശാസ്ത്രം," എന്നതിന് ശേഷം "ശാസ്ത്രം," എന്ന് ചേർക്കുക.

239. ഖണ്ഡം 2(റ്റി)-ൽ "നിർണ്ണയിക്കപ്പെട്ട" എന്ന് വരുന്നിടത്തെല്ലാം "നിശ്ചയിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

192. ഖണ്ഡം 2(എഫ്)-ൽ "വ്യക്തി" എന്നതിനുപകരം "വ്യക്തികൾ" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

195. ഖണ്ഡം 2(എച്ച്)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ റെഗുലേഷനുകൾ പ്രകാരമോ" എന്ന് ചേർക്കുക.

261. ഖണ്ഡം 2(ഇസഡ്)-ൽ "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി" എന്നതിന് ശേഷം "അല്ലെങ്കിൽ നിർണയിക്കപ്പെടാവുന്ന രീതിയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കുറഞ്ഞത് 20 വർഷത്തെ പ്രവർത്തന പരിചയമുള്ള ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് " എന്ന് ചേർക്കുക.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

196. ഖണ്ഡം 2 (എച്ച്)-ൽ "എന്നാൽ" എന്നതിനു ശേഷം " ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ റെഗുലേഷനുകൾ പ്രകാരമോ" എന്ന് ചേർക്കുക.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 2 (എൽ)-ൽ "ഫൈനാൻസ്" എന്ന് വരുന്നിടത്തെല്ലാം "ഫിനാൻസ്" എന്ന് ചേർക്കുക.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 2 (എം)-ൽ "ഫൈനാൻസ്" എന്നതിനുപകരം "ഫിനാൻസ്" എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

208. ഖണ്ഡം 2(പി)-ൽ
(i) "സർവ്വകലാശാല" എന്നതിനുപകരം "സർവ്വകലാശാല ക്യാമ്പസിൽ" എന്ന് ചേർക്കുക.

(ii) "നടത്തുന്നതോ" എന്നതിന് ശേഷം "പരിപാലിക്കുന്നതോ" എന്ന് ചേർക്കുക.
(iii) "വിദ്യാർത്ഥികളുടെ താമസത്തിനുള്ള" എന്നതിന് മുൻപ് "റെഗുലർ" എന്ന് ചേർക്കുക.

244. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "ആർക്കിടെക്ചർ" എന്നതിന് ശേഷം ",ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ" എന്ന് ചേർക്കുക.

268. ഖണ്ഡം 2(ഇസഡ് ഡി)-ൽ "ഒരു പഠന കോഴ്സിനായി" എന്നതിന് മുമ്പിൽ "അംഗീകരിക്കപ്പെട്ട" എന്ന് ചേർക്കുക.

288. ഖണ്ഡം 2 (ഇസഡ് ഐ)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക: "(ഇസഡ് ജെ) ഉന്നതവിദ്യാഭ്യാസ കൗൺസിൽ - കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്റ്റ് 2007 പ്രകാരം സ്ഥാപിക്കപ്പെട്ട സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നർത്ഥമാകുന്നു."

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

209. ഖണ്ഡം 2(പി)-ൽ "വിദ്യാർത്ഥികളുടെ താമസത്തിനുള്ള" എന്നതിനുപകരം "വിദ്യാർത്ഥികൾക്ക് ഒരുമിച്ച് താമസിക്കുന്നതിനുള്ള" എന്ന് ചേർക്കുക.

223. ഖണ്ഡം 2(ക്യൂ)-ൽ "അതുമായി ബന്ധപ്പെട്ടതോ" എന്നത് ഒഴിവാക്കുക.

237. ഖണ്ഡം 2(എസ്)-ൽ സർവ്വകലാശാലയുടെ "പ്ലാനിംഗ് കമ്മിറ്റി" എന്നതിനുപകരം "സർവ്വകലാശാലയുടെ ആസൂത്രണ കമ്മിറ്റി" എന്ന് ചേർക്കുക.

243. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ," എന്നതിന് ശേഷം "മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ" എന്ന് ചേർക്കുക.

279. ഖണ്ഡം 2(ഇസഡ്എഫ്)-ൽ, "നിയമിച്ചതോ അംഗീകരിച്ചതോ ആയ" എന്നതിനുപകരം "നിയമിച്ച" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 2(പി)-ൽ "ഒരു യൂണിറ്റ് " എന്നതിനുപകരം "സ്ഥലം" എന്ന് ചേർക്കുക.

264. ഖണ്ഡം 2(ഇസഡ്ബി)-ൽ "സർക്കാർ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

249. ഖണ്ഡം 2 (ഡബ്ല്യൂ)-ൽ, "മറ്റെല്ലാ" എന്നതിന് ശേഷം "അംഗീകൃത" എന്ന് ചേർക്കുക.

270. ഖണ്ഡം 2(ഇസഡ് ഡി) താഴെപ്പറയും പ്രകാരം മാറ്റുക :
‘ (ഇസഡ് ഡി) "വിദ്യാർത്ഥി" എന്നാൽ സർവ്വകലാശാല ഏർപ്പെടുത്തിയിട്ടുള്ള ഒരു ബിരുദം, ബിരുദാനന്തര ബിരുദം,

ഡിപ്ലോമ, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതികൾ ലഭിക്കുന്നതിന് വേണ്ടിയുള്ള ഒരു കോഴ്സിന് പഠിക്കുന്നതിനു വേണ്ടി സർവ്വകലാശാലയിൽ 12-ാം വകുപ്പ് പ്രകാരം യഥാവിധി പ്രവേശനം നൽകപ്പെട്ടിട്ടുള്ളതും തുടരുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നു.'

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

251. ഖണ്ഡം 2 (വൈ)-ൽ "ചേർത്തിട്ടുള്ള" എന്നതിനുപകരം "8-ാം വകുപ്പു പ്രകാരം ചേർക്കുന്ന" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

252. ഖണ്ഡം 2 (ഇസഡ്)-ൽ "എന്നാൽ" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഉന്നത വിദ്യാഭ്യാസ മേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയമുള്ള" എന്ന് ചേർക്കുക.

253. ഖണ്ഡം 2 (ഇസഡ്)-ൽ "18-ാം" എന്നതിനുപകരം "8-ാം" എന്ന് ചേർക്കുക.

262. ഖണ്ഡം 2(ഇസഡ്)-ൽ "കമ്പനി" എന്നതിന് ശേഷം "അല്ലെങ്കിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചുവരുന്ന കോർപ്പറേറ്റ് മാനേജ്മെന്റ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

254. ഖണ്ഡം 2 (ഇസഡ്)-ൽ "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി" എന്നതിന് പകരം "രജിസ്റ്റർ ചെയ്യപ്പെട്ടതും നിർണയിക്കപ്പെടാവുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് കുറഞ്ഞത് 10 വർഷത്തെ പ്രവർത്തന പരിചയവുമുള്ള ഒരു കമ്പനി" എന്ന് ചേർക്കുക.

285. ഖണ്ഡം 2(ഇസഡ്എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക :
‘ (ഇസഡ്എച്ച്) "സർവ്വകലാശാല" എന്നാൽ 8-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സ്വകാര്യ സർവ്വകലാശാല എന്നർത്ഥമാകുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

255. ഖണ്ഡം 2(ഇസഡ്)-ൽ "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി" എന്നതിനുപകരം "രജിസ്റ്റർ ചെയ്യപ്പെട്ടതും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് കുറഞ്ഞത് 15 വർഷത്തെ പ്രവർത്തന പരിചയവുമുള്ള ഒരു കമ്പനി" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 2(ഇസഡ്)-ൽ "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി" എന്നതിനുപകരം "രജിസ്റ്റർ ചെയ്യപ്പെട്ടതും നിർണയിക്കപ്പെടാവുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് കുറഞ്ഞത് 20 വർഷത്തെ പ്രവർത്തന പരിചയവുമുള്ള ഒരു കമ്പനി" എന്ന് ചേർക്കുക.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 2 (ഇസഡ്)-ൽ "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി" എന്നതിനുപകരം "രജിസ്റ്റർ ചെയ്യപ്പെട്ടതും നിർണയിക്കപ്പെടാവുന്ന രീതിയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കുറഞ്ഞത് 20 വർഷത്തെ പ്രവർത്തന പരിചയവുമുള്ള ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ള ഒരു കമ്പനി" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

259. ഖണ്ഡം 2 (ഇസഡ്)-ൽ "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി" എന്നതിന് ശേഷം "അല്ലെങ്കിൽ നിർണയിക്കപ്പെടാവുന്ന രീതിയിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കുറഞ്ഞത് പത്തുവർഷത്തെ പ്രവർത്തന പരിചയമുള്ള ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് " എന്ന് ചേർക്കുക.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 2(ഇസഡ്എഫ്)-ൽ "ഗവേഷണത്തിന്റെ" എന്നതിനുപകരം "ഗവേഷണ പ്രവർത്തനങ്ങളുടെ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. ഖണ്ഡം 2(ഇസഡ്എഫ്)-ൽ, "മേൽനോട്ടം വഹിക്കുന്നതിനോ" എന്നതിന് ശേഷം "മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ" എന്ന് ചേർക്കുക.

മി.സ്പീക്കർ: 176-ാം നമ്പർ ഭേദഗതി ഖണ്ഡം ഒഴിവാക്കാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും 185, 186 എന്നീ നമ്പർ ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും 203-ാം നമ്പർ ഭേദഗതി 202-ാം നമ്പർ ഭേദഗതിക്കും 205-ാം നമ്പർ ഭേദഗതി 204-ാം നമ്പർ ഭേദഗതിക്കും 215 മുതൽ 217 വരെയുള്ള ഭേദഗതികൾ 214-ാം നമ്പർ ഭേദഗതിക്കും 224 മുതൽ 228 വരെയുള്ള ഭേദഗതികൾ 223-ാം നമ്പർ ഭേദഗതിക്കും 234, 235 എന്നീ നമ്പർ ഭേദഗതികൾ 233-ാം നമ്പർ ഭേദഗതിക്കും 250-ാം നമ്പർ ഭേദഗതി 249-ാം നമ്പർ ഭേദഗതിക്കും 265 മുതൽ 267 വരെയുള്ള ഭേദഗതികൾ 264-ാം നമ്പർ ഭേദഗതിക്കും 271-ാം നമ്പർ ഭേദഗതി 270-ാം നമ്പർ ഭേദഗതിക്കും 275-ാം നമ്പർ ഭേദഗതി 274-ാം നമ്പർ ഭേദഗതിക്കും 277-ാം നമ്പർ ഭേദഗതി 276-ാം നമ്പർ ഭേദഗതിക്കും 278, 280,

281 എന്നീ നമ്പർ ഭേദഗതികൾ 279-ാം നമ്പർ ഭേദഗതിക്കും 283, 284 എന്നീ നമ്പർ ഭേദഗതികൾ 282-ാം നമ്പർ ഭേദഗതിക്കും 286-ാം നമ്പർ ഭേദഗതി 285-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. വി. ആർ. സുനിൽ കുമാറിന്റെ 187-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജിന്റെ 193, 207, 246, 269 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. അബ്ദുൽ ഹമീദിന്റെ 222-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

187. ഖണ്ഡം 2(എഫ്)-ൽ "അയാളുടെ" എന്നതിനുപകരം "അദ്ദേഹത്തിന്റെ" എന്ന് ചേർക്കുക.

193. ഖണ്ഡം 2(ജി)-ൽ "ഒരു" എന്ന വാക്ക് വരുന്നിടത്തെല്ലാം അത് ഒഴിവാക്കുക.

207. ഖണ്ഡം 2(പി)-ൽ "ആക്റ്റിലെയോ" എന്നതിന് മുൻപായി "ഈ" എന്ന് ചേർക്കുക.

246. ഖണ്ഡം 2 (ഡബ്ല്യൂ)-ൽ "തുടങ്ങിയ" എന്നതിന് ശേഷം "ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

269. ഖണ്ഡം 2 (ഇസഡ് ഡി)-ൽ "പഠന കോഴ്സിനായി" എന്നതിനുപകരം "പഠന കോഴ്സിനോ ഗവേഷണത്തിനോ ആയി" എന്ന് ചേർക്കുക.

222. ഖണ്ഡം 2(ക്യൂ)-ൽ "അതുമായി ബന്ധപ്പെട്ടതോ" എന്നത് ഒഴിവാക്കുക.

ഡോ. എൻ. ജയരാജിന്റെ 289-ാം നമ്പർ ഭേദഗതിയിൽ '(ii) മുതൽ (iv)' വരെ പുനരക്ഷരം ചെയ്ത ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

289. ഖണ്ഡം 2 (ഇസഡ് ഐ)-യ്ക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുക:

(i) "(ഇസഡ് ജെ) "സ്കൂൾ എന്നാൽ സർവ്വകലാശാലയിലെ ഒരു പഠന ഗവേഷണ കേന്ദ്രം എന്നർത്ഥമാകുന്നു."

(ii) "(ഇസഡ് കെ) "എൻഡോവ്മെന്റ് ഫണ്ട്" എന്നാൽ ഈ ആക്റ്റിലെ 49-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(iii) "(ഇസഡ് എൽ) "പൊതുഫണ്ട്" എന്നാൽ ഈ ആക്റ്റിലെ 50-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(iv) "(ഇസഡ് എം) "വികസന ഫണ്ട്" എന്നാൽ ഈ ആക്റ്റിലെ 51-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 182, 240, 241, 263 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 184-ാം ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതിയും ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതിയും ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതിയും ശ്രീ. മാത്യൂ ടി. തോമസ് അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതിയും ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതിയിൽ "അദ്ധ്യാപകൻ" എന്നതിനുപകരം "അദ്ധ്യാപകർ" എന്നും "ഒരു വ്യക്തി" എന്നതിനുപകരം "അദ്ധ്യാപകർ" എന്നുമുള്ള ഭേദഗതിയോടെ സ്വീകരിക്കുന്നു.

272. ഖണ്ഡം 2(ഇസഡ്എഫ്)-ൽ " അദ്ധ്യാപകൻ" എന്നതിന് പകരം " അദ്ധ്യാപകർ" എന്നും "ഒരു വ്യക്തി" എന്നതിനുപകരം "അദ്ധ്യാപകർ" എന്നും ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 187, 193, 207, 222, 246, 269, 289, 1394, 1395, 1396 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച 180, 182, 184, 202, 204, 230, 240, 241, 243, 251, 263, 272, 285 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 179, 194, 212, 221, 231, 238, 245, 287 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 233, 282 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 189, 220, 239 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 195, 261 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 208, 244, 268, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 209, 223, 237, 279 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 214, 264 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 249, 270 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 252, 253, 262 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

295. ഖണ്ഡം 3(1)-ൽ, "സ്ഥാനം" എന്നതിനുപകരം "ആസ്ഥാനം" എന്ന് ചേർക്കുക.

315. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആരംഭിക്കുന്നതിന്" എന്നതിന് ശേഷം "സംസ്ഥാന സർക്കാരിന്റെ അനുമതിക്ക് വിധേയമായി" എന്ന് ചേർക്കുക.

336. ഖണ്ഡം 3(3)-ന്റെ ഒന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

298. ഖണ്ഡം 3(1)-ൽ, "സംസ്ഥാനത്തിനകത്തായിരിക്കേണ്ടതുമാണ്" എന്നതിനുപകരം "കേരള സംസ്ഥാനത്ത് ആയിരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

307. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംസ്ഥാനത്തിന് പുറത്തും" എന്നതിനുപകരം "കേരള സംസ്ഥാനത്തിന് പുറത്തും" എന്ന് ചേർക്കുക.

309. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "രാജ്യത്തിന് പുറത്തും" എന്നതിനുപകരം "ഇന്ത്യാ രാജ്യത്തിന് പുറത്തും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

299. ഖണ്ഡം 3(1)-ൽ, "സംസ്ഥാനത്തിനകത്തായിരിക്കേണ്ടതുമാണ്" എന്നതിനുപകരം "സംസ്ഥാനത്തിനുള്ളിൽ ആയിരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

308. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "പുറത്തും" എന്ന് വരുന്നിടത്തെല്ലാം അതിനു മുമ്പായി "അകത്തും" എന്ന് ചേർക്കുക.

329. ഖണ്ഡം 3(3)-ൽ "അധികാരമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്" എന്നതിനുപകരം " അധികാരമില്ലാത്തതുമാണ്"എന്ന് ചേർക്കുക.

341. ഖണ്ഡം 3(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "അനുമതിയോടു കൂടിയല്ലാതെ" എന്നതിനുപകരം "അനുമതിയും സമ്മതവും ഇല്ലാതെ" എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

303. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം "പ്രവർത്തനം ആരംഭിച്ച് 5 വർഷത്തിന് ശേഷം ബന്ധപ്പെട്ട അധികാര സമിതികളുടെ പരിശോധനയ്ക്കും ശിപാർശയ്ക്കും ശേഷം" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

304. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അനുശാസിക്കുന്ന" എന്നതിനുപകരം "നിർണയിക്കുന്ന" എന്ന് ചേർക്കുക.

340. ഖണ്ഡം 3(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "അനുമതിയോടു കൂടിയല്ലാതെ" എന്നതിനുപകരം "അനുമതിയോടുകൂടി മാത്രമേ " എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

305. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിബന്ധനകൾക്ക് വിധേയമായി" എന്നതിനുപകരം "നിബന്ധനകൾക്കനുസൃതമായി" എന്ന് ചേർക്കുക.

328. ഖണ്ഡം 3(3)-ൽ "അധികാരമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്" എന്നതിനുപകരം " അധികാരമുണ്ടായിരിക്കുന്നതല്ല"എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

310. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "പഠന" എന്നതിനുപകരം "പഠന-ഗവേഷണ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

314. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആരംഭിക്കുന്നതിന്" എന്നതിനുപകരം "ആരംഭിക്കുന്നതിനും സംസ്ഥാനത്ത് റീജിയണൽ സെന്ററുകളും പഠന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

316. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "നൽകാവുന്നതാണ്" എന്നതിനുപകരം "ഉണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

317. ഖണ്ഡം 3(2)-ൽ "പൊതു മുദ്രയോടും" എന്നതിനുപകരം "പൊതുമുദ്രകളോടും " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

319. ഖണ്ഡം 3(2)-ൽ "ചെയ്യാവുന്നതുമാണ്" എന്നതിനുപകരം "ചെയ്യേണ്ടതുമാണ് " എന്ന് ചേർക്കുക.

330. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനകൾ ഒഴിവാക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

322. ഖണ്ഡം 3(2) ന ശേഷം താഴെപ്പറയും പ്രകാരം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:
"(3) സർവ്വകലാശാല, അക്കാദമികവും ഭരണപരവുമായ കാര്യങ്ങളിൽ പൊതു താല്പര്യാർത്ഥം 2005-ലെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഒരു പബ്ലിക് അതോറിറ്റിയായി കരുതപ്പെടേണ്ടതാണ്."

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

324. ഖണ്ഡം 3(3) ഒഴിവാക്കുക.

327. ഖണ്ഡം 3(3)-ൽ "ഏതെങ്കിലും" എന്നതിന് മുമ്പിൽ "സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ"എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

325. ഖണ്ഡം 3(3)-ൽ "ഏതെങ്കിലും" എന്നതിന് മുമ്പിൽ "സർവകലാശാല സ്ഥാപിക്കപ്പെടുന്നതിന് മുമ്പ് സ്ഥാപിക്കപ്പെട്ട"എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 3(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ" എന്നതിനുപകരം "യു. ജി. സി.-യുടെ വ്യവസ്ഥകൾക്ക് വിധേയമായും സർക്കാരിന്റെയും യു. ജി. സി.-യുടെയും മുൻകൂട്ടിയുള്ള അനുമതിയോടും കൂടിയല്ലാതെ"എന്ന് ചേർക്കുക.

മി.സ്പീക്കർ: 290-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 296, 297 എന്നീ നമ്പർ ഭേദഗതികൾ 295-ാം നമ്പർ ഭേദഗതിക്കും 300 മുതൽ 302 വരെയുള്ള ഭേദഗതികൾ 299-ാം നമ്പർ ഭേദഗതിക്കും 311-ാം നമ്പർ ഭേദഗതി 310-ാം നമ്പർ ഭേദഗതിക്കും 323-ാം നമ്പർ ഭേദഗതി 322-ാം നമ്പർ ഭേദഗതിക്കും 326-ാം

നമ്പർ ഭേദഗതി 325-ാം നമ്പർ ഭേദഗതിക്കും 334, 335 എന്നീ നമ്പർ ഭേദഗതികൾ 336-ാം നമ്പർ ഭേദഗതിക്കും 339-ാം നമ്പർ ഭേദഗതി 338-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. എം. വിജിന്റെ 306-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

306. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംസ്ഥാനത്തിന് പുറത്തും" എന്നതിന് മുമ്പിൽ "സംസ്ഥാനത്തിനകത്തും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 306-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 329, 330 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 295, 315, 336 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 298, 307, 309 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 299, 308, 341 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 304, 340 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 305, 328 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 316, 317 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 324, 327 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

345. ഖണ്ഡം 4(എ)-ൽ "ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് കോടി രൂപയുടെ" എന്നതിനുപകരം "ഇരുപത്തിയഞ്ച് കോടി രൂപയിൽ കുറയാത്ത" എന്ന് ചേർക്കുക.

384. ഖണ്ഡം 4(ബി)-യുടെ മൂന്നാം ക്ലിപ്തനിബന്ധനയിൽ "പ്രാപല്യത്തിലുള്ള" എന്നതിനുപകരം "പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

406. ഖണ്ഡം 4 (സി)-ൽ "കുറഞ്ഞത് ഇരുപത്തിനാലായിരം ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയയുള്ള" എന്നതിനുപകരം "ഇരുപത്തിനാലായിരം ചതുരശ്രമീറ്റർ കാർപ്പറ്റ് ഏരിയയിൽ കുറയാത്ത" എന്ന് ചേർക്കുക.

415. ഖണ്ഡം 4(സി)-ൽ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ആവശ്യത്തിനായി" എന്നതിനുപകരം "ആവശ്യത്തിന് കൂടി" എന്ന് ചേർക്കുക.

426. ഖണ്ഡം 4(ജി)-ൽ, "പൊതുമണ്ഡലത്തിൽ അറിയിക്കുകയും" എന്നതിനുപകരം "പ്രസിദ്ധീകരിക്കുകയും" എന്ന് ചേർക്കുക.

443. ഖണ്ഡം 4(എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക "സംസ്ഥാനത്ത് നിലവിലുള്ള സംവരണ വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ടുതന്നെ ഓരോ കോഴ്സിലും പ്രവേശനം അനുവദിക്കുന്ന വിദ്യാർത്ഥികളിൽ നാൽപത് ശതമാനം സംസ്ഥാനത്തെ സ്ഥിരം നിവാസികളാണെന്ന് ഉറപ്പു വരുത്തുക;"

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

346. ഖണ്ഡം 4(എ)-ൽ "ഇരുപത്തിയഞ്ച്" എന്നതിനുപകരം "പത്ത് " എന്ന് ചേർക്കുക.

439. ഖണ്ഡം 4(എച്ച്)-ൽ "സംസ്ഥാനത്ത് നിലവിലുള്ള" എന്നതിനുപകരം "സർക്കാർ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

347. ഖണ്ഡം 4(എ)-ൽ "ഇരുപത്തിയഞ്ച്" എന്നതിനുപകരം "ഇരുപത്" എന്ന് ചേർക്കുക.

420. ഖണ്ഡം 4 (ഇ)-ൽ "മാനദണ്ഡങ്ങൾക്കനുസൃതമായി" എന്നതിനുപകരം "സേവന വേതനങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

350. ഖണ്ഡം 4(എ)-ൽ "ഇരുപത്തിയഞ്ച്" എന്നതിനുപകരം "മുപ്പത്" എന്ന് ചേർക്കുക.

373. ഖണ്ഡം 4 (ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "പത്ത്" എന്നതിനുപകരം "അഞ്ച്" എന്ന് ചേർക്കുക.

381. ഖണ്ഡം 4(ബി)-യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പരാമർശിക്കപ്പെട്ടിരിക്കുന്ന" എന്നതിന് ശേഷം "വിദ്യാഭ്യാസ" എന്ന് ചേർക്കുക.

407. ഖണ്ഡം 4 (സി)-ൽ "ഇരുപത്തിനാലായിരം" എന്നതിനുപകരം "ഇരുപത്തി അയ്യായിരം" എന്ന് ചേർക്കുക.

411. ഖണ്ഡം 4 (സി)-യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "നിർദ്ദേശിച്ച" എന്നതിനുപകരം "നിർണ്ണയിച്ച" എന്ന് ചേർക്കുക.

422. ഖണ്ഡം 4 (ഇ)-ൽ "മാനദണ്ഡങ്ങൾക്കനുസൃതമായി" എന്നതിനുപകരം "വ്യവസ്ഥകൾക്കനുസൃതമായി" എന്ന് ചേർക്കുക.

455. ഖണ്ഡം 4(ജെ)-ൽ "രീതിയിലും" എന്നതിനുപകരം "പ്രകാരവും" എന്ന് ചേർക്കുക.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 4(എ)-ൽ "ഇരുപത്തിയഞ്ച് " എന്നതിനുപകരം "മുപ്പത്തിയഞ്ച്" എന്ന് ചേർക്കുക.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

354. ഖണ്ഡം 4(എ)-ൽ "ഇരുപത്തിയഞ്ച്" എന്നതിനുപകരം "അൻപതു" എന്ന് ചേർക്കുക.

445. ഖണ്ഡം 4(ഐ)-ൽ "പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട" എന്നതിനുപകരം "പട്ടികജാതി, പട്ടികഗോത്രവർഗ്ഗങ്ങൾ, മറ്റ് പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിവയിൽ ഉൾപ്പെട്ട" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

371. ഖണ്ഡം 4 (ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "മൾട്ടി" എന്നതിനുപകരം "യൂണിട്ടറി" എന്ന് ചേർക്കുക.

378. ഖണ്ഡം 4(ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "പത്ത് ഏക്കർ" എന്നതിനുപകരം "നഗരപ്രദേശങ്ങളിൽ 20 ഏക്കറും, ഗ്രാമപ്രദേശത്ത് 30 ഏക്കറും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

423. ഖണ്ഡം 4 (ഇ)-ൽ "മാനദണ്ഡങ്ങൾക്കനുസൃതമായി" എന്നതിനുപകരം "മാനദണ്ഡങ്ങൾക്കും യോഗ്യതകൾക്കും അനുസൃതമായി" എന്ന് ചേർക്കുക.

425. ഖണ്ഡം 4 (ജി)-ൽ "ഫീസ് ഘടനയും" എന്നതിന് മുൻപിൽ "സർക്കാരോ, ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളോ നിശ്ചയിച്ച് അംഗീകരിച്ചിട്ടുള്ള" എന്ന് ചേർക്കുക.

431. ഖണ്ഡം 4(എച്ച്)-ൽ, "നാല്പത്" എന്നതിനുപകരം "അൻപത്" എന്ന് ചേർക്കുക.

440. ഖണ്ഡം 4(എച്ച്)-ൽ "നിലവിലുള്ള" എന്നതിനുപകരം "പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

457. ഖണ്ഡം 4(ജെ)-യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

"(കെ) സർവ്വകലാശാലയുടെ പ്രവർത്തനം, നടത്തിപ്പ്, പ്രവേശന നടപടികൾ, നിയമനം, ഫീസ് സംബന്ധമായ കാര്യങ്ങൾ എന്നിവ നിയമപ്രകാരവും ക്രമപ്രകാരവും ആണ് എന്ന് പരിശോധിക്കുന്നതിനും

നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള നോഡൽ ഏജൻസിയായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

(എൽ) വിവരാവകാശ നിയമം 2005-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ നിയമിക്കുകയും നിയമ പ്രകാരമുള്ള വിവരങ്ങൾ നൽകുകയും ചെയ്യുക.

(എം) പ്രവർത്തനം ആരംഭിച്ച് അഞ്ച് വർഷത്തിനകം സർവ്വകലാശാല നാഷണൽ അസസമെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും, സർക്കാരോ, ഉന്നത വിദ്യാഭ്യാസ കൗൺസിലോ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ളതും പ്രാബല്യത്തിലുള്ളതുമായ അക്രെഡിറ്റേഷനുകളും കോഴ്സുകൾക്ക് അംഗീകാരവും നേടുകയും ചെയ്യുക. അപ്രകാരം ലഭിക്കുന്ന അക്രെഡിറ്റേഷൻ, ഗ്രേഡിംഗ് വിവരങ്ങൾ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനേയും, അറിയിക്കുകയും പൊതു മണ്ഡലത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

(എൻ) വിവിധ കോഴ്സുകൾക്കായി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ, പരീക്ഷാ ഫലങ്ങൾ, പരീക്ഷ എഴുതാത്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് എന്നിവ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സർവ്വകലാശാല കൈമാറേണ്ടതാണ്. വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം അംഗീകരിക്കുന്നതും, ഡിഗ്രി അവാർഡ് ചെയ്യുന്നതിനും മുൻപ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

357. ഖണ്ഡം 4(എ)-ൽ "രൂപയുടെ" എന്നതിന് ശേഷം "ബാങ്ക് ഗ്യാരണ്ടിയുടെ" എന്ന് ചേർക്കുക.

367. ഖണ്ഡം 4(ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

448. ഖണ്ഡം 4(ഐ)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട" എന്നതിനുപകരം "പട്ടികഗോത്രവർഗ്ഗങ്ങൾ, മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയിൽ ഉൾപ്പെട്ട" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

358. ഖണ്ഡം 4 (എ)-യ്ക്ക് പകരം താഴെ പറയുന്നത് ചേർക്കുക:
"(എ) സ്പോൺസറിങ് ബോഡിക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർണയിക്കപ്പെടാവുന്ന പ്രകാരം കുറഞ്ഞത് 10 വർഷത്തെ പ്രവർത്തന പരിചയമുണ്ടായിരിക്കണം."

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

359. ഖണ്ഡം 4 (എ) ആയി താഴെ പറയുന്നത് ചേർത്തു ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:
"(എ) സ്പോൺസറിങ് ബോഡിക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർണയിക്കപ്പെടാവുന്ന പ്രകാരം കുറഞ്ഞത് 10 വർഷത്തെ പ്രവർത്തന പരിചയമുണ്ടായിരിക്കണം."

429. ഖണ്ഡം 4(ജി)-ൽ, "പൊതുമണ്ഡലത്തിൽ" എന്നതിന് ശേഷം "നിർണയിക്കപ്പെടാവുന്ന പ്രകാരം" എന്ന് ചേർക്കുക.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

360. ഖണ്ഡം 4 (എ)യ്ക്ക് പകരം താഴെ പറയുന്നത് ചേർക്കുക:
"(എ) സ്പോൺസറിങ് ബോഡിക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർണയിക്കപ്പെട്ടാവുന്ന പ്രകാരം കുറഞ്ഞത് 15 വർഷത്തെ പ്രവർത്തന പരിചയമുണ്ടായിരിക്കണം."

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 4(എ) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:
"(എ) സ്പോൺസറിങ് ബോഡിക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർണയിക്കപ്പെട്ടാവുന്ന പ്രകാരം കുറഞ്ഞത് 15 വർഷത്തെ പ്രവർത്തന പരിചയമുണ്ടായിരിക്കണം."

413. ഖണ്ഡം 4(സി)-യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "സർവ്വകലാശാലയുടെ" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെട്ടാവുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

362. ഖണ്ഡം 4 (എ)യ്ക്ക് പകരം താഴെ പറയുന്നത് ചേർക്കുക:

"(എ) സ്പോൺസറിങ് ബോഡിക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർണയിക്കപ്പെട്ടാവുന്ന പ്രകാരം കുറഞ്ഞത് 20 വർഷത്തെ പ്രവർത്തന പരിചയമുണ്ടായിരിക്കണം."

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

363. ഖണ്ഡം 4 (എ) ആയി താഴെ പറയുന്നത് ചേർത്തു ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:
"(എ) സ്പോൺസറിങ് ബോഡിക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർണയിക്കപ്പെട്ടാവുന്ന പ്രകാരം കുറഞ്ഞത് 20 വർഷത്തെ പ്രവർത്തന പരിചയമുണ്ടായിരിക്കണം."

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

365. ഖണ്ഡം 4(ബി)-ൽ "അനുശാസിച്ചിട്ടുള്ളത്" എന്നതിനുപകരം "അനുശാസിക്കുന്നത് " എന്ന് ചേർക്കുക.

382. ഖണ്ഡം 4(ബി)-യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "മറ്റെന്തെങ്കിലും" എന്നതിനുപകരം "മറ്റ് എന്തെങ്കിലും" എന്ന് ചേർക്കുക.

383. ഖണ്ഡം 4(ബി)-യുടെ മൂന്നാം ക്ലിപ്തനിബന്ധനയിൽ "തത്സമയം പ്രാപല്യത്തിലുള്ള" എന്നതിനുപകരം "നിലവിൽ പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

408. ഖണ്ഡം 4 (സി)-ൽ "കാർപ്പറ്റ്" എന്നതിന് മുമ്പ് "വിസ്തൃതിയിൽ" എന്ന് ചേർക്കുക.

416. ഖണ്ഡം 4(ഡി)-ൽ "സ്ഥാപിക്കുക" എന്നതിനുപകരം "ഒരുക്കുക" എന്ന് ചേർക്കുക.

427. ഖണ്ഡം 4(ജി)-ൽ, "പൊതുമണ്ഡലത്തിൽ അറിയിക്കുകയും ചെയ്യുക" എന്നതിനുപകരം "പൊതുജനസമക്ഷം അറിയിക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

430. ഖണ്ഡം 4(എച്ച്)-ൽ, "കോഴ്സിലും" എന്നതിനുപകരം "കോഴ്സുകളിലും" എന്ന് ചേർക്കുക.

437. ഖണ്ഡം 4(എച്ച്)-ൽ "സംസ്ഥാനത്തെ സ്ഥിരം നിവാസികളായ" എന്നതിനുപകരം "സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ" എന്ന് ചേർക്കുക.

456. ഖണ്ഡം 4(ജെ)-ൽ "രീതിയിലും, സമയക്രമവും അനുസരിച്ച്" എന്നതിനുപകരം "രീതിയിൽ സമയബന്ധിതമായി" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

366. ഖണ്ഡം 4(ബി)-ൽ "അനുശാസിച്ചിട്ടുള്ളത്" എന്നതിനുപകരം "അനുശാസിച്ചത് " എന്ന് ചേർക്കുക.

410. ഖണ്ഡം 4 (സി)-ൽ "അൻപത്" എന്നതിനുപകരം "എഴുപത്" എന്ന് ചേർക്കുക.

451. ഖണ്ഡം 4(ഐ)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട" എന്നതിന് ശേഷം "മറ്റ് അർഹതപ്പെട്ട വിഭാഗത്തിൽപ്പെട്ട"എന്ന് ചേർക്കുക.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

372. ഖണ്ഡം 4 (ബി)-യുടെ ഒന്നാമത്തെ ക്ലിപ്തനിബന്ധനയിൽ "ബോഡിക്ക് ഏറ്റവും കുറഞ്ഞത് പത്ത് ഏക്കർ ഭൂമി" എന്നതിനുപകരം "ബോഡിയുടെ കൈവശം മുപ്പതുവർഷക്കാലയളവിന് മുകളിൽ സാധുതയുള്ള ദീർഘകാല പാട്ടമായോ, പട്ടയ പ്രകാരമോ ഇതു രണ്ടും കൂടിയോ സിദ്ധിച്ച ഏറ്റവും കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയെങ്കിലും" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

374. ഖണ്ഡം 4 (ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "പത്ത്" എന്നതിനുപകരം "ഏട്ട്" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

379. ഖണ്ഡം 4(ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "കാമ്പസ്" എന്നതിന് ശേഷം "യു.ജി.സി. യും ബന്ധപ്പെട്ട റെഗുലേറ്ററി ബോഡികളും നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി" എന്ന് ചേർക്കുക.

417. ഖണ്ഡം 4(ഡി) താഴെപ്പറയും പ്രകാരം മാറ്റുക.
"(ഡി) യു.ജി.സി.യും ബന്ധപ്പെട്ട റെഗുലേറ്ററി ബോഡിയും നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കുക; "

418. ഖണ്ഡം 4(ഇ)-ൽ
"ബന്ധപ്പെട്ട റെഗുലേറ്ററി ബോഡിയും സർക്കാരും" എന്നതിനുപകരം "യു.ജി.സി." എന്ന് ചേർക്കുക.

444. ഖണ്ഡം 4(ഐ)-ൽ "പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട" എന്നതിനുപകരം "പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലും ഉൾപ്പെട്ട" എന്ന് ചേർക്കുക.

454. ഖണ്ഡം 4(ഐ)-ൽ "സ്കോളർഷിപ്പുകൾ"എന്നതിനുപകരം "സ്കോളർഷിപ്പുകളും സൗജന്യ ഹോസ്റ്റൽ സൗകര്യവും"എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

380. ഖണ്ഡം 4(ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;
"എന്നാൽ പ്രസ്തുത ഭൂമിയിൽ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം സംരക്ഷിക്കപ്പെടേണ്ടതായ ഭൂമിയുടെ ഏതെങ്കിലും ഭാഗം ഉൾപ്പെട്ടുവരാൻ പാടില്ലാത്തതുമാണ്."

438. ഖണ്ഡം 4(എച്ച്)-ൽ "ഇതിൽ" എന്നതിനുപകരം "കോഴ്സുകളിൽ" എന്ന് ചേർക്കുക.

453. ഖണ്ഡം 4(ഐ)-ൽ "വിദ്യാർത്ഥികൾക്ക്" എന്നതിനുപകരം "വിദ്യാർത്ഥികൾക്കും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും"എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

399. ഖണ്ഡം 4(ബി)-യുടെ മൂന്നാം ക്ലിപ്തനിബന്ധനയിൽ "ധനകാര്യ സ്ഥാപനത്തിനോ" എന്നതിന് ശേഷം "സർക്കാറിന്റെ അനുമതിയോടെ' എന്ന് ചേർക്കുക.

404. ഖണ്ഡം 4(ബി)-യുടെ നാലാം ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.
"കൂടാതെ ഒരു ബാങ്കിനോ ധനകാര്യസ്ഥാപനത്തിനോ പണയപ്പെടുത്തുമ്പോൾ ലഭിക്കുന്ന തുക എൻഡോവ്മെന്റ് ഫണ്ടിൽ നിക്ഷേപിച്ച തുകയെക്കാൾ അധികരിക്കുവാൻ പാടുള്ളതല്ല."

442. ഖണ്ഡം 4(എച്ച്)-ൽ "ബാധകമാക്കുകയും" എന്നതിന് ശേഷം "ഉറപ്പ് വരുത്തുകയും" എന്ന് ചേർക്കുക.

447. ഖണ്ഡം 4(ഐ)-ൽ "പട്ടികജാതി" എന്നതിന് ശേഷം "പട്ടികഗോത്രവർഗ്ഗങ്ങളിലും, പിന്നാക്ക – ന്യൂനപക്ഷ വിഭാഗങ്ങളിലുംപ്പെട്ട" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

401. ഖണ്ഡം 4(ബി)-യുടെ മൂന്നാം ക്ലിപ്തനിബന്ധനയിൽ "വ്യക്തിയ്ക്കോ" എന്നതിന് ശേഷം "ധനകാര്യസ്ഥാപനത്തിനോ" എന്ന് ചേർക്കുക.

405. ഖണ്ഡം 4(ബി)-യ്ക്കു ശേഷം താഴെപറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.
"(സി) സർവ്വകലാശാല സ്ഥാപിക്കുന്ന സ്പോൺസറിംഗ് ബോഡിക്ക് അക്കാദമിക രംഗത്ത് ഏറ്റവും കുറഞ്ഞത് അഞ്ച് വർഷത്തെ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്."

441. ഖണ്ഡം 4(എച്ച്)-ൽ "സംവരണ സംവിധാനം ബാധകമാക്കുകയും" എന്നതിനുപകരം "മാനദണ്ഡങ്ങൾ പാലിക്കുകയും" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

402. ഖണ്ഡം 4(ബി)-യുടെ മൂന്നാം ക്ലിപ്തനിബന്ധനയിൽ "പണയപ്പടുത്താൻ" എന്നതിനുപകരം "പണയപ്പെടുത്തുവാൻ" എന്ന് ചേർക്കുക.

മി.സ്പീക്കർ: 343-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 348, 349 എന്നീ നമ്പർ ഭേദഗതികൾ 347-ാം നമ്പർ ഭേദഗതിക്കും 351-ാം നമ്പർ ഭേദഗതി 350-ാം നമ്പർ ഭേദഗതിക്കും 353-ാം നമ്പർ ഭേദഗതി 352-ാം നമ്പർ ഭേദഗതിക്കും 355, 356 എന്നീ നമ്പർ ഭേദഗതികൾ 354-ാം നമ്പർ ഭേദഗതിക്കും 364-ാം നമ്പർ

ഭേദഗതി 363-ാം നമ്പർ ഭേദഗതിക്കും 375 മുതൽ 377 വരെയുള്ള ഭേദഗതികൾ 374-ാം നമ്പർ ഭേദഗതിക്കും 385 മുതൽ 398 വരെയുള്ള ഭേദഗതികൾ 384-ാം നമ്പർ ഭേദഗതിക്കും 403-ാം നമ്പർ ഭേദഗതി 402-ാം നമ്പർ ഭേദഗതിക്കും 414-ാം നമ്പർ ഭേദഗതി 413-ാം നമ്പർ ഭേദഗതിക്കും 419, 421 എന്നീ നമ്പർ ഭേദഗതികൾ 420-ാം നമ്പർ ഭേദഗതിക്കും 428-ാം നമ്പർ ഭേദഗതി 429-ാം നമ്പർ ഭേദഗതിക്കും 432 മുതൽ 436 വരെയുള്ള ഭേദഗതികൾ 431-ാം നമ്പർ ഭേദഗതിക്കും 446-ാം നമ്പർ ഭേദഗതി 445-ാം നമ്പർ ഭേദഗതിക്കും 449, 450, 452 എന്നീ നമ്പർ ഭേദഗതികൾ 451-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഡോ. എൻ. ജയരാജിന്റെ 409-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിജിന്റെ 424-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

409. ഖണ്ഡം 4 (സി)-ൽ "ഏറ്റവും" എന്നത് ഒഴിവാക്കുക.

424. ഖണ്ഡം 4 (എഫ്)-ൽ "പ്രൊവിഡന്റ് ഫണ്ട്" എന്നതിനുപകരം "പ്രോവിഡന്റ് ഫണ്ടും മെഡിക്കൽ ഇൻഷുറൻസും " എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 345, 384, 406 എന്നീ നമ്പർ ഭേദഗതികളും ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 365, 456 എന്നീ നമ്പർ ഭേദഗതികളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതിയിൽ "പ്രസിദ്ധീകരിക്കുകയും" എന്നതിനുപകരം "പൊതുമണ്ഡലത്തിൽ പ്രസിദ്ധീകരിക്കുകയും" എന്ന ഭേദഗതിയോടെ അംഗീകരിക്കുന്നു.

426. ഖണ്ഡം 4(ജി)-ൽ, " പൊതുമണ്ഡലത്തിൽ അറിയിക്കുകയും" എന്നതിന് പകരം " പൊതുമണ്ഡലത്തിൽ പ്രസിദ്ധീകരിക്കുകയും" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതിയിൽ "പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലുംപെട്ട" എന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

444.ഖണ്ഡം 4(ഐ)-ൽ "പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട"എന്നതിന് പകരം "പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലുംപെട്ട" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 409, 424 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച 345, 365, 367, 384, 406, 426, 444, 456 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 415, 443 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 346, 439 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 347, 420 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 350, 373, 381, 407, 411, 422, 455 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 354, 445 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 371, 378, 423, 425, 431, 440, 457 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 357, 448 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 359, 429 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 361, 413 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 382, 383, 408, 416, 427, 430, 437 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 366, 410, 451 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 372-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 379, 417, 418, 454 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 380, 438, 453 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 399, 404, 442, 447 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 401, 405, 441 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 402-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1397. ഖണ്ഡം 5(2)(എഫ്) താഴെപ്പറയുംപ്രകാരം മാറ്റുക:

" (എഫ്) സ്പോൺസറിംഗ് ബോഡിയുടെ അക്കാദമിക് സൗകര്യങ്ങളുടെ വിശദാംശങ്ങൾ;"

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 5(1)-ൽ " ബോഡിയും" എന്നതിന് ശേഷം "നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

462. ഖണ്ഡം 5(1)-ൽ "ബോഡിയും" എന്നതിന് ശേഷം "നിർണയിക്കപ്പെട്ട പ്രകാരം" എന്ന് ചേർക്കുക.

485. ഖണ്ഡം 5(2)(ഡി)-ൽ "നിർദ്ദിഷ്ട" എന്നതിന് പകരം "ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

515. ഖണ്ഡം 5(2)(ആർ)-ൽ " സർവ്വകലാശാല അനുവദിച്ചേക്കാവുന്ന ഫീസിളവോ റിബേറ്റോ സ്കോളർഷിപ്പുകളോ, എന്തെങ്കിലും ഉണ്ടെങ്കിൽ, അവയുടെ" എന്നതിന് പകരം " കാലാകാലങ്ങളിൽ നിലനിൽക്കുന്ന നിയമംമൂലം സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട റഗുലേറ്ററി ബോഡിയോ അനുശാസിക്കുന്ന പ്രകാരം സർവ്വകലാശാല അനുവദിക്കുന്ന ഫീസിളവ്, റിബേറ്റ്, സ്കോളർഷിപ്പ് എന്നിവയുടെ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

463. ഖണ്ഡം 5(1)-ൽ "അടങ്ങുന്ന" എന്നതിന് പകരം "ഉൾപ്പെടുന്ന" എന്ന് ചേർക്കുക.

498. ഖണ്ഡം 5(2)(എം)-ൽ "സർവ്വകലാശാലയിലെ" എന്നതിന് ശേഷം "വിവിധ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

468. ഖണ്ഡം 5(1)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്നതിന് പകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

473. ഖണ്ഡം 5(1)-ൽ " നിശ്ചയിച്ചേക്കാവുന്ന" എന്നതിന് പകരം " നിശ്ചയിച്ചിരിക്കുന്ന" എന്ന് ചേർക്കുക.

496. ഖണ്ഡം 5(2)(ജി)-ൽ "ആർജ്ജനം" എന്നതിന് പകരം "ആവശ്യം" എന്ന് ചേർക്കുക.

513. ഖണ്ഡം 5(2)(ഒ)-ൽ " ലക്ഷ്യങ്ങൾ" എന്നതിന് പകരം " ഉദ്ദേശ്യങ്ങൾ" എന്ന് ചേർക്കുക.

514. ഖണ്ഡം 5(2)(ആർ)-ൽ " സാമൂഹികമായോ" എന്നതിന് ശേഷം " സാംസ്കാരികമായോ" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

474. ഖണ്ഡം 5(1)-ൽ " ഫീസ്" എന്നതിന് പകരം " ഫീസും" എന്ന് ചേർക്കുക.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

476. ഖണ്ഡം 5(1) അവസാനിക്കുന്നിടത്ത് താഴെ പറയുന്നത് ചേർക്കുക.

" മുകളിൽ 4-ാം വകുപ്പ് പ്രകാരം സർക്കാർ നിഷ്കർഷിക്കുന്ന സംവരണ സംവിധാനം ബാധകമാക്കിക്കൊള്ളാമെന്നും, പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകാമെന്നും, സ്കോളർഷിപ്പുകൾ ഏർപ്പെടുത്താമെന്നും ഉറപ്പ് നൽകുന്ന ഒരു സത്യവാങ്മൂലം സർക്കാർ നിശ്ചയിക്കുന്ന മാതൃകയിൽ അപേക്ഷയോടൊപ്പം സ്പോൺസറിംഗ് ബോഡി സമർപ്പിക്കേണ്ടതാണ്."

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482. ഖണ്ഡം 5(2)(എ)-ൽ "വീക്ഷണവും" എന്നതിന് ശേഷം "ദൗത്യ രേഖയും" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 5(2)(ഡി)-ൽ "നിർദ്ദിഷ്ട" എന്നതിന് മുൻപായി "ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. സനീഷ്കുമാർ ജോസഫ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

486. ഖണ്ഡം 5(2)(ഡി)-ൽ "പ്രവർത്തി പരിചയവും" എന്നതിന് പകരം "പ്രവൃത്തി പരിചയവും" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

487. ഖണ്ഡം 5(2)(ഇ)-ൽ "സ്ഥലം" എന്നതിന് പകരം "മേൽവിലാസം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

489. ഖണ്ഡം 5(2)(എഫ്)-ൽ "സ്പോൺസറിംഗ് ബോഡിയ്ക്ക്" എന്നതിന് ശേഷം "റെഗുലേറ്ററി ബോഡികൾ അംഗീകരിച്ച നിർദ്ദിഷ്ട യോഗ്യതയുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

491. ഖണ്ഡം 5(2)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക.

"സ്പോൺസറിംഗ് ബോഡിയിലെ അംഗങ്ങളുടെ അക്കാദമികരംഗത്തെ മുൻപരിചയം, അദ്ധ്യാപകരും, അനദ്ധ്യാപകരും ഉണ്ടെങ്കിൽ അവരുൾപ്പെടെയുള്ള അക്കാദമിക് സൗകര്യങ്ങളുടെ വിശദാംശങ്ങൾ."

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

494. ഖണ്ഡം 5(2)(ജി)-ൽ "ആർജ്ജനം" എന്നതിന് പകരം "സംഭരണം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

502. ഖണ്ഡം 5(2)(എം)-ൽ "തെരഞ്ഞെടുക്കുന്നതിന് പിന്തുടരാൻ ഉദ്ദേശിക്കുന്ന രീതി" എന്നതിന് പകരം "റെഗുലേറ്ററി ബോഡികൾ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ആക്റ്റിലോ ചട്ടങ്ങളിലോ സ്റ്റാറ്റ്യൂട്ടുകളിലോ വ്യവസ്ഥ ചെയ്യുന്നത് അനുസരിച്ച് തെരഞ്ഞെടുക്കുമെന്ന സത്യവാങ്മൂലം" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

517. ഖണ്ഡം 5(2)(ആർ) താഴെപ്പറയും പ്രകാരം മാറ്റുക:

" (ആർ) സാമ്പത്തികമായോ സാമൂഹ്യമായോ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഫീസ്

ഇളവുകളും സ്കോളർഷിപ്പുകളും അനുവദിക്കും എന്ന സത്യവാങ്മൂലം”

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

519. ഖണ്ഡം 5(2)(എസ്)-ൽ “ പാലിക്കാനുള്ള പ്രതിബദ്ധത” എന്നതിന് പകരം “ പാലിക്കുമെന്ന സത്യവാങ്മൂലം” എന്ന് ചേർക്കുക.

മി. സ്പീക്കർ: 458-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 461-ാം നമ്പർ ഭേദഗതി 460-ാം നമ്പർ ഭേദഗതിക്കും 469 മുതൽ 472 വരെയുള്ള ഭേദഗതികൾ 468-ാം നമ്പർ ഭേദഗതിക്കും 475-ാം നമ്പർ ഭേദഗതി 474-ാം നമ്പർ ഭേദഗതിക്കും 484-ാം നമ്പർ ഭേദഗതി 483-ാം നമ്പർ ഭേദഗതിക്കും 488-ാം നമ്പർ ഭേദഗതി 487-ാം നമ്പർ ഭേദഗതിക്കും 490-ാം നമ്പർ ഭേദഗതി 489-ാം നമ്പർ ഭേദഗതിക്കും 495-ാം നമ്പർ ഭേദഗതി 494-ാം നമ്പർ ഭേദഗതിക്കും 499 മുതൽ 501 വരെയുള്ള ഭേദഗതികൾ 498-ാം നമ്പർ ഭേദഗതിക്കും 503 മുതൽ 505 വരെയുള്ള

ഭേദഗതികൾ 502-ാം നമ്പർ ഭേദഗതിക്കും 518-ാം നമ്പർ ഭേദഗതി 517-ാം നമ്പർ ഭേദഗതിക്കും 520-ാം നമ്പർ ഭേദഗതി 519-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ശ്രീ. എം. വിജിന്റെ 477-ാം നമ്പർ ഭേദഗതിയും ശ്രീ. എം. നൗഷാദിന്റെ 492-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജിന്റെ 497-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

477. ഖണ്ഡം 5(2)-ൽ " അടങ്ങിയിരിക്കേണ്ടതാണ് എന്നതിന് പകരം " ഉൾപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

492. ഖണ്ഡം 5(2)(ജി)-ൽ "ഉപകരണങ്ങളുടെ ആർജ്ജനം" എന്നതിന് പകരം "ഉപകരണങ്ങൾ ആർജ്ജിക്കൽ" എന്ന് ചേർക്കുക.

497. ഖണ്ഡം 5(2)(ഐ)-ൽ "നൂതന" എന്നതിന് ശേഷം "പഠന" എന്ന് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതിയും ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 486-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 487-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 462, 485, 515 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 463, 498 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 473, 496, 513, 514 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 489-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 502-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 519-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

523. ഖണ്ഡം 6(2)-ൽ " താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം " താഴെ പറയുന്നവർ അംഗങ്ങളായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

524. ഖണ്ഡം 6(2)-ൽ " അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം " ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

525. ഖണ്ഡം 6(2)(i)-ൽ " വിദഗ്ധൻ" എന്നതിന് പകരം " വ്യക്തിത്വം" എന്ന് ചേർക്കുക.

536. ഖണ്ഡം 6(2)(vi) ന ശേഷം താഴെപ്പറയുന്നത് ഇനം (vii) ആയി ചേർക്കുക.

"(vii) സെക്രട്ടറി, ധനകാര്യ വകുപ്പ്"

539. ഖണ്ഡം 6(3)-ന്റെ രണ്ടാമത് ക്ലിപ്തനിബന്ധനയിൽ "അങ്ങനെയുള്ള" എന്നത് ഒഴിവാക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

529. ഖണ്ഡം 6(2)(ii) താഴെപ്പറയും പ്രകാരം മാറ്റുക.
" (ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ ഏതെങ്കിലും പൊതു സർവ്വകലാശാലയിൽ വൈസ് ചാൻസലറായി സേവനമനുഷ്ഠിച്ചിരുന്ന ഒരാൾ - അംഗം"

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

530. ഖണ്ഡം 6(2)(iii)-ൽ " സെക്രട്ടറി" എന്നതിന് പകരം " പ്രിൻസിപ്പൽ സെക്രട്ടറി" എന്ന് ചേർക്കുക.

535. ഖണ്ഡം 6(2)(vi)- താഴെപ്പറയും പ്രകാരം മാറ്റുക.
"(vi) സർവ്വകലാശാല ആസ്ഥാനം നിൽക്കുന്ന സ്ഥലത്തെ ജില്ലാ കളക്ടർ-അംഗം."

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

538. ഖണ്ഡം 6(2)(vi) ന ശേഷം താഴെപ്പറയുന്നത് ഇനം (vii) ആയി ചേർക്കുക.
"(vii) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ"

547. ഖണ്ഡം 6(4)-ൽ "രണ്ട് മാസത്തിനുള്ളിൽ" എന്നതിന് പകരം "45 ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

540. ഖണ്ഡം 6(3)-ന്റെ രണ്ടാമത് ക്ലിപ്തനിബന്ധനയിൽ "സ്പോൺസറിങ് ബോഡിയിൽ നിന്ന്" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

542. ഖണ്ഡം 6(3)-ന് ശേഷം താഴെ പറയുന്നത് (4) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.
"(4)സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർണയിക്കപ്പെടാവുന്ന പ്രവർത്തന പരിചയമുള്ള കോർപ്പറേറ്റ് മാനേജ്മെന്റുകൾ സ്പോൺസറിംഗ് ബോഡികളായി സമർപ്പിക്കുന്ന അപേക്ഷകൾക്ക് അഞ്ചാം വകുപ്പിലെ വ്യവസ്ഥകൾ അനുശാസിക്കുന്നപക്ഷം സർവ്വകലാശാല സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്"

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 6(4)-ൽ "രണ്ട്" എന്നതിന് പകരം "ഒരു" എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

548. ഖണ്ഡം 6(4)-ൽ "ശിപാർശ നൽകേണ്ടതാണ് " എന്നതിന് പകരം "അഭിപ്രായം അറിയിക്കേണ്ടതാണ് " എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

549. ഖണ്ഡം 6(4)-ന ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ, ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം ശിപാർശ നൽകുന്നതിന് പരമാവധി ആറ് മാസത്തെ സാവകാശം വിദഗ്ദ്ധ സമിതിയ്ക്ക് അനുവദിക്കാവുന്നതാണ് ".

<u>മി. സ്പീക്കർ</u>: 521-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 532 മുതൽ 534 വരെയുള്ള ഭേദഗതികൾ 535-ാം നമ്പർ ഭേദഗതിക്കും 541-ാം നമ്പർ ഭേദഗതി 540-ാം നമ്പർ ഭേദഗതിക്കും 543-ാം നമ്പർ ഭേദഗതി 542-ാം നമ്പർ ഭേദഗതിക്കും 545, 546 എന്നീ നമ്പർ ഭേദഗതികൾ 544-ാം നമ്പർ ഭേദഗതിക്കും

തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഡോ. എൻ. ജയരാജിന്റെ 522, 528 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

522. ഖണ്ഡം 6(1)-ൽ " നിന്ന്" എന്നതിന് ശേഷം " 5-ാം വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

528. ഖണ്ഡം 6(2)(ii)-ൽ " സംസ്ഥാന പൊതു സർവ്വകലാശാലയുടെ ഒരു" എന്നതിന് പകരം " സംസ്ഥാനത്തെ ഏതെങ്കിലും ഒരു പൊതു സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 549-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

549. ഖണ്ഡം 6(4)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ, ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം ശിപാർശ നൽകുന്നതിന് പരമാവധി "രണ്ടുമാസംകൂടി വിദഗ്ധ സമിതിക്ക് അനുവദിക്കാവുന്നതാണ്."

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 523-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 525, 536, 539 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 530, 535 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 538, 547 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 542-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 548-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

551. ഖണ്ഡം 7(1)-ൽ " പരിഗണിച്ചതിനുശേഷം" എന്നതിന് ശേഷം "രണ്ട് മാസങ്ങൾക്കുള്ളിൽ" എന്ന് ചേർക്കുക.
582. ഖണ്ഡം 7(3)-ന്റെ ക്ലിപ്തനിബന്ധനയിൽ, " സ്വമേധയാ" എന്നതിന് പകരം "സ്വയമേ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

552. ഖണ്ഡം 7(1)-ൽ " മാറ്റം വരുത്തുന്നതിന്" എന്നതിന് ശേഷം "വേണ്ടി" എന്ന് ചേർക്കുക.
559. ഖണ്ഡം 7(2)-ൽ " അതതുസംഗതി പോലെ" എന്നതിന് പകരം "ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.
585. ഖണ്ഡം 7(4)-ൽ, " വീഴ്ചവരുത്തിയാൽ" എന്നതിന് പകരം "വീഴ്ച വരുത്തുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

555. ഖണ്ഡം 7(1)-ൽ “ തേടുകയോ” എന്നതിന് ശേഷം "മാറ്റം വരുത്തേണ്ട സംഗതിയിൽ നിർദ്ദേശിക്കുകയോ” എന്ന് ചേർക്കുക.
564. ഖണ്ഡം 7(2)-ൽ "രണ്ട് മാസങ്ങൾക്കുള്ളിൽ" എന്നതിന് പകരം "നാല്പത്തിയഞ്ച് ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.
573. ഖണ്ഡം 7 (3)-ൽ “ രണ്ട്” എന്നതിന് പകരം “ ഒരു" എന്ന് ചേർക്കുക.
580. ഖണ്ഡം 7 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ “ ആറ് മാസത്തേക്ക്” എന്നതിന് പകരം “ ഒരു വർഷത്തേക്ക് " എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

556. ഖണ്ഡം 7(1)-ൽ “ ചെയ്യേണ്ടതാണ്” എന്നതിന് പകരം "ചെയ്യാവുന്നതാണ്” എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

558. ഖണ്ഡം 7(1)-ന്റെ ക്ലിപ്ത നിബന്ധനയായി താഴെപറയുന്നത് ചേർക്കുക.
“ എന്നാൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രവർത്തന പരിചയമുള്ള കോർപ്പറേറ്റ് മാനേജ്മെന്റുകൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക്, 5-ാം

വകുപ്പിലെ വ്യവസ്ഥകൾ അനുശാസിക്കുന്നപക്ഷം സർവ്വകലാശാല ആരംഭിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്."

569. ഖണ്ഡം 7(2)-ൽ "ബോഡിയെ" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

570. ഖണ്ഡം 7(2)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.
"എന്നാൽ, പിന്നാക്ക ജില്ലകളിൽ സ്ഥാപിക്കപ്പെടുന്ന സർവ്വകലാശാലയ്ക്ക് സ്ഥാപിയ്ക്കുന്നതിനുള്ള അപേക്ഷാഫീസിലും റെഗുലേറ്ററി ബോഡികളുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള നിബന്ധനകളിലും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഇളവുകൾ ഉണ്ടായിരിക്കുന്നതാണ്."

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

579. ഖണ്ഡം 7 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ " സർക്കാരിന്" എന്നതിന് ശേഷം " യുക്തമായ നടപടി സ്വീകരിക്കാവുന്നതും ആവശ്യമെങ്കിൽ" എന്ന് ചേർക്കുക.

583. ഖണ്ഡം 7(4)-ൽ, " വ്യവസ്ഥകൾ" എന്നതിന് പകരം "സർക്കാരോ റെഗുലേഷൻ ബോഡികളോ ഉന്നതവിദ്യാഭ്യാസ കൗൺസിലോ കാലാകാലങ്ങളിൽ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 550-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 557-ാം നമ്പർ ഭേദഗതി 556-ാം നമ്പർ ഭേദഗതിക്കും 561 മുതൽ 563 വരെയുള്ള ഭേദഗതികൾ 560-ാം നമ്പർ ഭേദഗതിക്കും 566 മുതൽ 568 വരെയുള്ള ഭേദഗതികൾ 569-ാം നമ്പർ ഭേദഗതിക്കും 571, 572, 574 എന്നീ നമ്പർ ഭേദഗതികൾ 573-ാം നമ്പർ ഭേദഗതിക്കും 584, 586 എന്നീ നമ്പർ ഭേദഗതികൾ 585-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. സി. ആർ. മഹേഷിന്റെ 566-ാം നമ്പർ ഭേദഗതിയും ശ്രീ. കുറുക്കോളി മൊയ്തീന്റെ 584-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

566. ഖണ്ഡം 7(2)-ൽ "ബോഡിയെ" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

584. ഖണ്ഡം 7(4)-ൽ, " വീഴ്ചവരുത്തിയാൽ" എന്നതിന് പകരം "വീഴ്ച വരുത്തുന്നപക്ഷം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 551, 582 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 552, 559, 585 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 555, 564, 573, 580 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 556-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 558, 569 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 579, 583 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എട്ടാം വകുപ്പ്</u>

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

588. ഖണ്ഡം 8-ൽ, " സ്ഥാനം" എന്നതിന് പകരം "ആസ്ഥാനം" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

592. ഖണ്ഡം 8-ൽ " സ്ഥാനം" എന്നതിന് പകരം " മേൽവിലാസം" എന്ന് ചേർക്കുക.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

595. ഖണ്ഡം 8 താഴെപ്പറയും പ്രകാരം മാറ്റുക:-

" സർവ്വകലാശാലയുടെ സ്ഥാപനം അല്ലെങ്കിൽ ഏകാംഗീകരണം- സർക്കാരിന്, വിദഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും റഗുലേറ്ററിബോഡി നിഷ്കർഷിക്കുന്നതുമായ നിബന്ധനകൾ സ്പോൺസറിംഗ് ബോഡി പാലിച്ചിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, സർവ്വകലാശാലയുടെ പേര്, സ്ഥലം, സ്ഥാപിച്ച തീയതി, സ്പോൺസറിംഗ് ബോഡിയുടെ പേര്, സ്ഥലം, ഘടന എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിയമഭേദഗതി മുഖേന ഈ ആക്റ്റിന്റെ അനുബന്ധമായി പട്ടിക ചേർത്ത് സർവ്വകലാശാലയോ സർവ്വകലാശാലകളോ സ്ഥാപിക്കാവുന്നതാണ്."

<u>മി. സ്പീക്കർ</u>: 587-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 589 മുതൽ 591 വരെയുള്ള ഭേദഗതികൾ 588-ാം നമ്പർ ഭേദഗതിക്കും 593-ാം നമ്പർ ഭേദഗതി 592-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി <u>(ഡോ. ആർ. ബിന്ദു)</u>: സർ, ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

592. ഖണ്ഡം 8-ൽ " സ്ഥാനം" എന്നതിന് പകരം " സ്ഥലം, മേൽവിലാസം" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 595-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

1398. ഖണ്ഡം 9(2)-ൽ "പരാമർശിച്ചിരിക്കുന്ന" എന്ന വാക്കിന് പകരം "വ്യവസ്ഥ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

601. ഖണ്ഡം 9(1)-ൽ "അങ്ങനെയുള്ള" എന്നതിന് പകരം "പ്രാരംഭ" എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

602. ഖണ്ഡം 9(1)-ൽ "അതിന്റെ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

605. ഖണ്ഡം 9(2)-ൽ "പരാമർശിച്ചിരിക്കുന്ന" എന്നതിന് പകരം "നിർദ്ദേശിച്ചിരിക്കുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

609. ഖണ്ഡം 9(2)-ൽ "സർക്കാരിന്" എന്നതിന് പകരം "സർക്കാർ നിയോഗിക്കുന്ന വിദഗ്ധസമിതി നേരിട്ട് പരിശോധന നടത്തി

നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വസ്തുതകൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 596-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 603, 604 എന്നീ നമ്പർ ഭേദഗതികൾ 602-ാം നമ്പർ ഭേദഗതിക്കും 606 മുതൽ 608 വരെയുള്ള ഭേദഗതികൾ 605-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 601-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 605-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 609-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പത്താം വകുപ്പ്</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

615. ഖണ്ഡം 10-ൽ “ സർക്കാരിൽ നിന്നുള്ള” എന്നതിന് പകരം "സർക്കാരിൽ നിന്നോ സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ബോർഡോ കോർപ്പറേഷനുകളിൽ നിന്നുള്ള” എന്ന് ചേർക്കുക.
624. ഖണ്ഡം 10-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "സ്രോതസ്സുകളിൽ” എന്നതിന് മുൻപ് “ വ്യവസ്ഥാപിതമായ ” എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

616. ഖണ്ഡം 10-ൽ “ സർക്കാരിൽ നിന്നുള്ള മറ്റേതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായമോ” എന്നതിന് പകരം "മറ്റേതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായമോ സർക്കാരിൽ നിന്നോ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ” എന്ന് ചേർക്കുക.
633. ഖണ്ഡം 10 ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "സർവ്വകലാശാലയ്ക്ക്" എന്നതിന് ശേഷം "റെഗുലേറ്ററി ബോഡികളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി " എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>(ശ്രീ. സനീഷ്കുമാർ ജോസഫ്</u>): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

621. ഖണ്ഡം 10-ൽ " പാടില്ലാത്തതും" എന്നതിന് ശേഷം " ആയതിന് " എന്ന് ചേർക്കുക.

637. ഖണ്ഡം 10 ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "അങ്ങനെയുള്ള" എന്നതിന് ശേഷം "അതാത് " എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

622. ഖണ്ഡം 10-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "എന്നാൽ, ഇത്" എന്നതിന് ശേഷം " റെഗുലേറ്ററി ബോഡികളുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി " എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

625. ഖണ്ഡം 10-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ " പ്രോജക്ടുകൾക്കോ" എന്ന് വരുന്നിടത്തെല്ലാം അതിനുശേഷം " പഠനങ്ങൾക്കോ " എന്ന് ചേർക്കുക.

626. ഖണ്ഡം 10-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ " അക്കാദമിക് പ്രോജക്ടുകൾക്കോ" എന്നതിന് ശേഷം " സ്റ്റാർട്ടപ്പുകൾക്കോ " എന്ന് ചേർക്കുക.

634. ഖണ്ഡം 10 ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പ്രോഗ്രാമിനോ" എന്നതിന് ശേഷം "പഠനങ്ങൾക്കോ " എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 10-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ " തടസ്സമാകാൻ പാടില്ലാത്തതാണ്" എന്നതിന് പകരം " തടസ്സമാകുകയില്ല " എന്ന് ചേർക്കുക.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

630. ഖണ്ഡം 10-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ " തടസ്സമാകാൻ പാടില്ലാത്തതാണ്" എന്നതിന് പകരം " തടസ്സമില്ലാത്തതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

631. ഖണ്ഡം 10 ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ, "ഒരു സർവ്വകലാശാലയ്ക്ക്" എന്നതിന് ശേഷം "റെഗുലേറ്ററി ബോഡികളുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി " എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 612-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 623-ാം നമ്പർ ഭേദഗതി 622-ാം നമ്പർ ഭേദഗതിക്കും 628, 629 എന്നീ നമ്പർ ഭേദഗതികൾ 627-ാം നമ്പർ ഭേദഗതിക്കും 632-ാം നമ്പർ ഭേദഗതി 631-ാം നമ്പർ ഭേദഗതിക്കും 636-ാം

നമ്പർ ഭേദഗതി 635-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

621. ഖണ്ഡം 10-ൽ " പാടില്ലാത്തതും" എന്നതിന് ശേഷം " ആയതിന് അർഹതയില്ലാത്തതുമാണ്" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 615, 624 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 616, 633 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച 637-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 622-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 625, 626, 634 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 631-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനൊന്നാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

639. ഖണ്ഡം 11(എ)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്നതിന് പകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.
697. ഖണ്ഡം 11 (ജെ)-ൽ " കാലയളവിലേയ്ക്കോ" എന്നതിന് ശേഷം " കരാർ അടിസ്ഥാനത്തിൽ നിയമിക്കുക" എന്ന് ചേർക്കുക.
727. ഖണ്ഡം 11(ആർ)-ൽ " മറ്റ് ചാർജ്ജുകളും" എന്നതിന് ശേഷം "സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.
749. ഖണ്ഡം 11 (വി)-ൽ " കടം വാങ്ങുക" എന്നതിന് പകരം " വായ്പ എടുക്കുക" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

643. ഖണ്ഡം 11(എ)-ൽ "അറിവും" എന്നതിന് ശേഷം "നൈപുണ്യവും" എന്ന് ചേർക്കുക.
654. ഖണ്ഡം 11(ബി)-ൽ "പ്രൊഫഷണൽ" എന്നതിന് ശേഷം "അംഗീകൃത" എന്ന് ചേർക്കുക.
661. ഖണ്ഡം 11(ഡി)-ൽ "സർവ്വകലാശാല" എന്നതിന് മുൻപിൽ "സർക്കാരോ, റെഗുലേറ്ററി ബോഡികളോ, ഉന്നതവിദ്യാഭ്യാസ കൗൺസിലോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും" എന്ന് ചേർക്കുക.
688. ഖണ്ഡം 11(ജി)-ൽ " നിയമനം" എന്നതിന് മുൻപിൽ " യു.ജി.സി. നിഷ്കർഷിക്കും വിധം യോഗ്യതയുള്ളവരുടെ" എന്ന് ചേർക്കുക.
721. ഖണ്ഡം 11(ആർ)-ൽ " ഫീസും" എന്നതിന് മുൻപിൽ "സർക്കാരോ, റെഗുലേറ്ററി ബോഡികളോ, ഉന്നതവിദ്യാഭ്യാസ കൗൺസിലോ അംഗീകരിച്ച പ്രകാരമുള്ള" എന്ന് ചേർക്കുക.
738. ഖണ്ഡം 11(റ്റി)-ൽ "കൈക്കൊള്ളുകയും ചെയ്യുക" എന്നതിന് ശേഷം "ഇതിനായി ആന്റി റാംഗിംഗ് കമ്മിറ്റികൾക്കും, ഡിസിപ്ലിൻ മാനേജ്മെന്റ് ഡിസിപ്ലിനറി ആക്ഷൻ കമ്മിറ്റികൾക്കും രൂപം നൽകുകയും ചെയ്യുക" എന്ന് ചേർക്കുക.
751. ഖണ്ഡം 11 (വൈ)-ൽ " നേടിയെടുക്കുന്നതിനായി" എന്നതിന് പകരം " നേടിയെടുക്കുന്നതിനും, നിറവേറ്റുന്നതിനുമായി " എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

644. ഖണ്ഡം 11(എ)-ൽ "വൈദഗദ്ധ്യവും" എന്നതിന് പകരം "വൈദഗ്ധ്യവും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

648. ഖണ്ഡം 11(എ)-ൽ "പ്രയോഗിക്കുന്നതിലേയ്ക്കും" എന്നതിന് ശേഷം "പരസ്യപ്പെടുന്നതിലേക്കും" എന്ന് ചേർക്കുക.

650. ഖണ്ഡം 11(ബി)-ൽ "മാനവികം" എന്നതിന് ശേഷം "ശാസ്ത്രം" എന്ന് ചേർക്കുക.

683. ഖണ്ഡം 11(എഫ്)-ൽ " പരിശീലനവും" എന്നതിന് ശേഷം " അപ്രന്റിസ്ഷിപ്പ്" എന്ന് ചേർക്കുക.

713. ഖണ്ഡം 11(ഒ)-ൽ, " കൺസൾട്ടൻസിക്കുമുള്ള" എന്നതിന് ശേഷം "പ്രോജക്ടുകൾ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

651. ഖണ്ഡം 11(ബി)-ൽ "മാനവികം" എന്നതിന് ശേഷം "ബിസിനസ് അഡ്മിനിസ്ട്രേഷൻ" എന്ന് ചേർക്കുക.

668. ഖണ്ഡം 11(ഡി)-ൽ "ബിരുദങ്ങളോ" എന്നതിന് ശേഷം "ഗവേഷണ ബിരുദങ്ങളോ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

652. ഖണ്ഡം 11(ബി)-ൽ "സാങ്കേതിക ശാസ്ത്രം" എന്നതിന് ശേഷം "ഗണിത ശാസ്ത്രം എന്ന് ചേർക്കുക.

660. ഖണ്ഡം 11(സി)-ൽ "പ്രമുഖരെയും" എന്നതിന് പകരം "വിദഗ്ധരെയും" എന്ന് ചേർക്കുക.

701. ഖണ്ഡം 11(കെ)-ൽ " സ്ഥാപനവുമായോ" എന്നതിന് ശേഷം "നിയമപരമായ രീതിയിൽ" എന്ന് ചേർക്കുക.

720. ഖണ്ഡം 11(ആർ)-ൽ ഫീസും എന്നതിന് മുമ്പിൽ " പട്ടികജാതി പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കും, പിന്നാക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് ഇളവ് നൽകി" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

745. ഖണ്ഡം 11 (വി)-ൽ " അംഗീകാരത്തോടെ" എന്നതിന് ശേഷം " സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങി " എന്ന് ചേർക്കുക.

750. ഖണ്ഡം 11 (ഡബ്ല്യൂ)-ൽ " കൺസൾട്ടന്റുകൾ" എന്നതിന് ശേഷം " പ്രൊഫഷണലുകൾ " എന്ന് ചേർക്കുക.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

655. ഖണ്ഡം 11(ബി)-ൽ "അദ്ധ്യയനം" എന്നതിന് പകരം "ബോധനം" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

657. ഖണ്ഡം 11(ബി)-യുടെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.
"എന്നിരുന്നാലും, കേരളത്തിലെ പൊതുസർവ്വകലാശാലകളിൽ നടത്തുന്ന പരമ്പരാഗത കോഴ്സുകൾക്ക് പ്രാമുഖ്യം നൽകാതെ നൂതനവും അന്താരാഷ്ട്ര നിലവാരമുള്ളതും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതുമായ കോഴ്സുകൾക്ക് മുൻഗണന നൽകേണ്ടതാണ്."

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

658. ഖണ്ഡം 11(ബി)-യുടെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.
"എന്നാൽ, ഓരോ കോഴ്സിലും പ്രവേശനം നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ യോഗ്യതകൾ ഉൾപ്പെടെയുള്ള പൂർണ വിശദാംശങ്ങൾ നിർണയിക്കപ്പെടാവുന്ന രീതിയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് രേഖാമൂലം സമർപ്പിക്കേണ്ടതും അവരുടെ അക്കാദമിക പ്രവർത്തനങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ടുകൾ ഓരോ കോഴ്സിന്റെയും സ്വഭാവം അനുസരിച്ച് നിർണയിക്കപ്പെടാവുന്ന ഇടവേളകളിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സമർപ്പിച്ചിരിക്കേണ്ടതുമാണ്."

684. ഖണ്ഡം 11(ജി)-ൽ " എന്നിവ" എന്നതിന് ശേഷം " യു.ജി.സി. യുടെയും മറ്റ് റെഗുലേറ്ററി ബോർഡുകളുടെയും മാനദണ്ഡങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

666. ഖണ്ഡം 11(ഡി)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

670. ഖണ്ഡം 11(ഡി)-യുടെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ, ഓരോ കോഴ്സിലും പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ യോഗ്യതകൾ ഉൾപ്പെടെയുള്ള പൂർണ്ണ വിശദാംശങ്ങളും അക്കാദമിക വിലയിരുത്തൽ റിപ്പോർട്ടുകളും നിർണയിക്കപ്പെടുന്ന പ്രകാരം ഉന്നതവിദ്യാഭ്യാസ കൗൺസിലിന് യഥാസമയം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ മുൻകൂട്ടിയുള്ള അംഗീകാരം നേടാത്തപക്ഷം അത്തരത്തിലുള്ള യാതൊരു ഡിപ്ലോമകളോ സർട്ടിഫിക്കറ്റുകളോ ബിരുദങ്ങളോ മറ്റ് അക്കാദമിക ബഹുമതികളോ നൽകുന്നതിന് സർവകലാശാലയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല."

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

672. ഖണ്ഡം 11 (ഇ)-ൽ "രീതിയിൽ" എന്നതിന് ശേഷം "ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അനുമതിയോടെ" എന്ന് ചേർക്കുക.

723. ഖണ്ഡം 11(ആർ)-ൽ " ഫീസും മറ്റു ചാർജ്ജുകളും നിശ്ചയിക്കുകയും" എന്നതിന് പകരം "റെഗുലേറ്ററി ബോഡികളും, സർക്കാരും കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഫീസും മറ്റു ചാർജ്ജുകളും" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

674. ഖണ്ഡം 11(ഇ)-ൽ "ഓണററി" എന്നതിന് പകരം "ഹോണററി" എന്ന് ചേർക്കുക.

695. ഖണ്ഡം 11 (ജെ)-ൽ " സംഘടനയിലോ" എന്നതിന് പകരം " ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിലോ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

676. ഖണ്ഡം 11(എഫ്)-ൽ "അത് നിശ്ചയിച്ചേക്കാവുന്ന രീതിയിൽ" എന്നതിന് പകരം "സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരത്തോടെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ" എന്ന് ചേർക്കുക.

729. ഖണ്ഡം 11(ആർ) താഴെപ്പറയും പ്രകാരം മാറ്റുക.

" സർക്കാരോ റെഗുലേറ്ററി ബോഡികളോ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള ഫീസും മറ്റ് ചാർജ്ജുകളും ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുക."

731. ഖണ്ഡം 11(എസ്)-ൽ "അച്ചടക്കം" എന്നത് ഒഴിവാക്കുക.

742. ഖണ്ഡം 11 (വി)-ൽ " വസ്തുവകകളിന്മേൽ" എന്നതിന് ശേഷം " വകുപ്പ് 4-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

677. ഖണ്ഡം 11(എഫ്)-ൽ "അത് നിശ്ചയിച്ചേക്കാവുന്ന രീതിയിൽ" എന്നതിന് പകരം "സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരത്തോടെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

679. ഖണ്ഡം 11(എഫ്)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്നതിന് പകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

718. ഖണ്ഡം 11(ക്യൂ)-ൽ, " മാനദണ്ഡങ്ങൾ" എന്നതിന് പകരം "മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന് ചേർക്കുക.

740. ഖണ്ഡം 11(യു)-ൽ "ജീവനക്കാരുടെ" എന്നതിന് ശേഷം "മാനസികവും" എന്ന് ചേർക്കുക.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

689. ഖണ്ഡം 11(എച്ച്)-ൽ " മറ്റ്" എന്നതിന് മുമ്പിൽ " റെഗുലേറ്ററി ബോഡികൾ നിഷ്കർഷിക്കുന്ന യോഗ്യതയുള്ള" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

708. ഖണ്ഡം 11(എൽ)-ൽ, " എന്നിവ" എന്നതിന് ശേഷം "റെഗുലേറ്ററി ബോഡികളുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

711. ഖണ്ഡം 11(എൻ)-ൽ, " വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും" എന്നതിന് പകരം "വിദ്യാർത്ഥികളുടെ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

743. ഖണ്ഡം 11 (വി)-ൽ, " വസ്തുവകകളിന്മേൽ" എന്നതിന് ശേഷം " വകുപ്പ്
നാലിന് വിരുദ്ധമാകാത്ത രീതിയിൽ " എന്ന് ചേർക്കുക.

മി. സ്പീക്കർ: 638-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 640 മുതൽ 642 വരെയുള്ള ഭേദഗതികൾ 639-ാം നമ്പർ ഭേദഗതിക്കും 645-ാം നമ്പർ ഭേദഗതി 644-ാം നമ്പർ

ഭേദഗതിക്കും 656-ാം നമ്പർ ഭേദഗതി 655-ാം നമ്പർ ഭേദഗതിക്കും 659-ാം നമ്പർ ഭേദഗതി 658-ാം നമ്പർ ഭേദഗതിക്കും 667-ാം നമ്പർ ഭേദഗതി 666-ാം നമ്പർ ഭേദഗതിക്കും 671-ാം നമ്പർ ഭേദഗതി 670-ാം നമ്പർ ഭേദഗതിക്കും 673-ാം നമ്പർ ഭേദഗതി 672-ാം നമ്പർ ഭേദഗതിക്കും 675-ാം നമ്പർ ഭേദഗതി 674-ാം നമ്പർ ഭേദഗതിക്കും 678-ാം നമ്പർ ഭേദഗതി 677-ാം നമ്പർ ഭേദഗതിക്കും 680, 681 എന്നീ നമ്പർ ഭേദഗതികൾ 679-ാം നമ്പർ ഭേദഗതിക്കും 685-ാം നമ്പർ ഭേദഗതി 684-ാം നമ്പർ ഭേദഗതിക്കും 690-ാം നമ്പർ ഭേദഗതി 689-ാം നമ്പർ ഭേദഗതിക്കും 696-ാം നമ്പർ ഭേദഗതി 695-ാം നമ്പർ ഭേദഗതിക്കും 698 മുതൽ 700 വരെയുള്ള ഭേദഗതികൾ 697-ാം നമ്പർ ഭേദഗതിക്കും 709-ാം നമ്പർ ഭേദഗതി 708-ാം നമ്പർ ഭേദഗതിക്കും 712-ാം നമ്പർ ഭേദഗതി 711-ാം നമ്പർ ഭേദഗതിക്കും 717, 719 എന്നീ നമ്പർ

ഭേദഗതികൾ 718-ാം നമ്പർ ഭേദഗതിക്കും 722-ാം നമ്പർ ഭേദഗതി 723-ാം നമ്പർ ഭേദഗതിക്കും 724 മുതൽ 726 വരെയുള്ള ഭേദഗതികൾ 727-ാം നമ്പർ ഭേദഗതിക്കും 732, 733 എന്നീ നമ്പർ ഭേദഗതികൾ 731-ാം നമ്പർ ഭേദഗതിക്കും 734 മുതൽ 736 വരെയുള്ള ഭേദഗതികൾ 737-ാം നമ്പർ ഭേദഗതിക്കും 739, 741 എന്നീ നമ്പർ ഭേദഗതികൾ 740-ാം നമ്പർ ഭേദഗതിക്കും 644-ാം നമ്പർ ഭേദഗതി 743-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. ടി. പി. രാമകൃഷ്ണന്റെ 646-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജിന്റെ 694, 716 എന്നീ നമ്പർ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

646. ഖണ്ഡം 11(എ)-ൽ "പുരോഗമിപ്പിക്കുന്നതിലേയ്ക്കും" എന്നതിന് പകരം "മെച്ചപ്പെടുത്തുന്നതിലേയ്ക്കും" എന്ന് ചേർക്കുക.

694. ഖണ്ഡം 11 (ജെ)-ൽ " സംഘടനയിലോ" എന്നതിന് പകരം " പഠന ഗവേഷണ സ്ഥാപനത്തിലോ" എന്ന് ചേർക്കുക.

716. ഖണ്ഡം 11(ക്യൂ)-ൽ, " സർവ്വകലാശാലയിലേയ്ക്കുള്ള" എന്നതിന് പകരം "സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിലേയ്ക്കുള്ള" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 742-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

742. ഖണ്ഡം 11 (വി)-ൽ " വസ്തുവകകളിന്മേൽ" എന്നതിന് ശേഷം " 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 643-ാം നമ്പർ ഭേദഗതിയും ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 644-ാം നമ്പർ ഭേദഗതിയും ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 650-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 731-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ഔദ്യോഗിക

ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 639, 697, 727, 749 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 654, 661, 688, 721, 738, 751 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 648, 683, 713 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 651, 668 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 652, 660, 701, 720, 745, 750 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 655-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 657-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 658, 684 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 666-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 670-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 672, 723 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 674, 695 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 676, 729 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 677-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 679, 718, 740 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ അവതരിപ്പിച്ച 689-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 708-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 743-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

755. ഖണ്ഡം 12(1)-ൽ, “ എല്ലാ വ്യക്തികൾക്കും” എന്നതിന് മുമ്പിൽ "പ്രവേശനം ആഗ്രഹിക്കുന്ന” എന്ന് ചേർക്കുക.

793. ഖണ്ഡം 12-ന്റെ വിശദീകരണം (i)-ൽ “ അഞ്ച് ” എന്നതിന് പകരം “ മൂന്ന് ” എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

759. ഖണ്ഡം 12(1)-ൽ, " വ്യക്തികൾക്കും" എന്നതിന് പകരം " വിദ്യാർത്ഥികൾക്കും" എന്ന് ചേർക്കുക.

767. ഖണ്ഡം 12(2)-ൽ " പ്രക്രിയയ്ക്കും" എന്നതിന് പകരം " പരീക്ഷയ്ക്കും" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

760. ഖണ്ഡം 12(1)-ന്റെ ക്ലിപത നിബന്ധനയിൽ " നിലവാരമോ" എന്നതിന് പകരം "അർഹതയോ" എന്ന് ചേർക്കുക.

761. ഖണ്ഡം 12(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " നിലവാരത്തേക്കാൾ" എന്നതിന് പകരം " അർഹതയേക്കാൾ" എന്ന് ചേർക്കുക.

766. ഖണ്ഡം 12(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " ബാധ്യത" എന്നതിന് പകരം " ബാധ്യതയോ അനുവാദമോ" എന്ന് ചേർക്കുക.

787. ഖണ്ഡം 12(3)-ൽ " നിലവിലുള്ള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

788. ഖണ്ഡം 12(3)-ൽ " സംവരണം" എന്നതിന് പകരം "സംവരണതത്വം" എന്ന് ചേർക്കുക.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

762. ഖണ്ഡം 12(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " റിക്കാർഡുള്ളതോ" എന്നതിന് പകരം " രേഖയുള്ളതോ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

764. ഖണ്ഡം 12(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " നിലനിർത്തുന്നതിനോ ഉള്ള ബാധ്യത സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതല്ല" എന്നതിന് പകരം " നിലനിർത്താൻ പാടില്ല" എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

765. ഖണ്ഡം 12(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " ബാധ്യത" എന്നതിന് പകരം " അധികാരം" എന്ന് ചേർക്കുക.

770. ഖണ്ഡം 12(2)-ൽ " നാൽപത്" എന്നതിന് പകരം " അൻപത്" എന്ന് ചേർക്കുക.

784. ഖണ്ഡം 12(3)-ൽ " നാൽപത്" എന്നതിന് പകരം "അൻപത്" എന്ന് ചേർക്കുക.

786. ഖണ്ഡം 12(3)-ൽ " നിലവിലുള്ള" എന്നതിന് പകരം "കാലാകാലങ്ങളിൽ പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

789. ഖണ്ഡം 12-ൽ (3)-ാം ഉപഖണ്ഡത്തിന് ശേഷം (4)-ാം ഉപഖണ്ഡമായി താഴെപ്പറയുന്നത് ചേർക്കുക.

" (4) സംസ്ഥാനത്തെ സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുള്ള അൻപത് ശതമാനം സീറ്റുകളിലേക്കുള്ള പ്രവേശനത്തിന്റെ കാര്യത്തിലോ, നിയമാനുസൃതമായ സംവരണ മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിച്ച് കൊണ്ടോ ആണ് സർവ്വകലാശാല പ്രവേശന നടപടികൾ സ്വീകരിച്ചത് എന്ന് കണ്ടെത്തുന്നപക്ഷം പ്രസ്തുത പ്രവേശന നടപടികൾ റദ്ദാക്കുന്നതിനുള്ള അധികാരം സർക്കാർ, റെഗുലേറ്ററി ബോഡി, ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഉണ്ടായിരിക്കുന്നതാണ്."

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

769. ഖണ്ഡം 12(2)-ൽ " കോഴ്സിലും" എന്നതിന് ശേഷം " ഏറ്റവും കുറഞ്ഞത്" എന്ന് ചേർക്കുക.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

790. ഖണ്ഡം 12-ന്റെ വിശദീകരണം (i)-ൽ " മുൻപുള്ള" എന്നതിന് ശേഷം "തുടർച്ചയായ" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

797. ഖണ്ഡം 12-ന്റെ വിശദീകരണം (i)-ൽ “ താമസിച്ചിട്ടുള്ളതോ” എന്ന് വരുന്നിടത്തെല്ലാം “ സ്ഥിരതാമസമാക്കിയിട്ടുള്ളതോ” എന്ന് ചേർക്കുക.

801. ഖണ്ഡം 12-ന്റെ വിശദീകരണം (ii) ഒഴിവാക്കുക.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

798. ഖണ്ഡം 12-ന്റെ വിശദീകരണം (i)-ൽ “ താമസിച്ചിട്ടുള്ളതോ” എന്ന് വരുന്നിടത്തെല്ലാം “ താമസിച്ചിട്ടുള്ള” എന്ന് ചേർക്കുക.

799. ഖണ്ഡം 12-ന്റെ വിശദീകരണം (i)-ൽ “ അല്ലെങ്കിൽ മാതാപിതാക്കളിൽ ഒരാൾ സംസ്ഥാനത്ത് താമസിച്ചിട്ടുള്ളതോ” എന്നത് ഒഴിവാക്കുക.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

800. ഖണ്ഡം 12-ന്റെ (ii)-ാം വിശദീകരണം ആരംഭിക്കുന്നതിന് മുൻപായി “ അല്ലെങ്കിൽ,” എന്ന വാക്കും ചിഹ്നവും ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

802. ഖണ്ഡം 12-ന്റെ വിശദീകരണം (ii)-ൽ "അഞ്ച്" എന്നതിന് പകരം "മൂന്ന് " എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 752-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 756 മുതൽ 758 വരെയുള്ള ഭേദഗതികൾ 755-ാം നമ്പർ ഭേദഗതിക്കും 763-ാം നമ്പർ ഭേദഗതി 762-ാം നമ്പർ ഭേദഗതിക്കും 768-ാം നമ്പർ ഭേദഗതി 767-ാം നമ്പർ ഭേദഗതിക്കും 771 മുതൽ 776 വരെയുള്ള ഭേദഗതികൾ 770-ാം നമ്പർ ഭേദഗതിക്കും 778, 779, 780, 781, 782, 783, 785 എന്നീ നമ്പർ ഭേദഗതികൾ 784-ാം നമ്പർ ഭേദഗതിക്കും 791, 792 എന്നീ ഭേദഗതികൾ 790-ാം നമ്പർ ഭേദഗതിക്കും 794 മുതൽ 796 വരെയുള്ള ഭേദഗതികൾ 793-ാം നമ്പർ ഭേദഗതിക്കും 803, 804 എന്നീ ഭേദഗതികൾ 802-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, ഡോ. എൻ. ജയരാജിന്റെ 777-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

777. ഖണ്ഡം 12(3)-ൽ "വിഭാഗങ്ങളിലുമുള്ള" എന്നതിന് പകരം "പഠന കോഴ്സുകളിലുമുള്ള" എന്ന് ചേർക്കുക.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ അവതരിപ്പിച്ച 790-ാം നമ്പർ ഭേദഗതിയും ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 800-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 790, 800 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 755, 793 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 759, 767 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 760, 761, 766, 787, 788 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 764-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 765, 770, 784, 786, 789 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 797, 801 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച 798, 799 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 802-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിമൂന്നാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

807. ഖണ്ഡം 13(എച്ച്) ന് ശേഷം "(ഐ) ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫയർ" എന്ന് ചേർത്ത് ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

808. ഖണ്ഡം 13(ഐ) താഴെപ്പറയും പ്രകാരം മാറ്റുക.
"(ഐ) സർവ്വകലാശാലയിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം പ്രഖ്യാപിച്ചേക്കാവുന്ന മറ്റ് പദവികൾ, സ്ഥാനങ്ങൾ."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 807-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 808-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

810. ഖണ്ഡം 14 (1)-ൽ "സ്പോൺസറിംഗ് ബോഡി" എന്നതിന് പകരം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

811. ഖണ്ഡം 14(1)-ൽ "കാർഷികവും വെറ്ററിനറി ശാസ്ത്രവും" എന്നതിന് പകരം "കൃഷി, വെറ്ററിനറി ശാസ്ത്രം" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

819. ഖണ്ഡം 14(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് അഞ്ചു വർഷത്തേക്കുള്ള ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്"

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

812. ഖണ്ഡം 14(1)-ൽ "മാനവികം" എന്നതിന് ശേഷം "ബിസിനസ് അഡ്മിനിസ്ട്രേഷൻ" എന്ന് ചേർക്കുക.

825. ഖണ്ഡം 14(4)-ന ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക:
"(5) ബഹുമാനാർത്ഥമായ ബിരുദം നൽകുന്നതിനുള്ള ഏതൊരു നിർദ്ദേശവും ചാൻസലറുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കുന്നതാണ്."

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

813. ഖണ്ഡം 14(1)-ൽ "വാണിജ്യം" എന്നതിന് ശേഷം "സാമ്പത്തിക ശാസ്ത്രം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

827. ഖണ്ഡം 14(5)(എ) താഴെപ്പറയും പ്രകാരം മാറ്റുക:
"സർവ്വകലാശാലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഔദ്യോഗിക രേഖകളോ, ഫയലുകളോ, റെക്കാർഡുകളോ, വിവരങ്ങളോ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിളിച്ചുവരുത്തുക."

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

815. ഖണ്ഡം 14(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "താൽക്കാലിക" എന്ന് വരുന്നിടത്തെല്ലാം "താത്കാലിക" എന്ന് ചേർക്കുക.

816. ഖണ്ഡം 14(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സ്പോൺസറിംഗ് ബോഡി ഒരു താൽക്കാലിക ചാൻസലറെ നിയമിക്കേണ്ടതാണ്" എന്നതിന് പകരം "വൈസ്-ചാൻസലർ, ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

824. ഖണ്ഡം 14(4)-ൽ "ആദ്ധ്യക്ഷ്യം" എന്നതിന് പകരം "അദ്ധ്യക്ഷത" എന്ന് ചേർക്കുക.

832. ഖണ്ഡം 14(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:
"(6) ചാൻസലറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിക്കുന്നതാണ്."

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

818. ഖണ്ഡം 14(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സ്പോൺസറിംഗ് ബോഡി" എന്നതിന് ശേഷം "നിശ്ചിതയോഗ്യതയുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

828. ഖണ്ഡം 14(5)(ഡി)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "അധികാരപ്പെടുത്തുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 809-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 829 മുതൽ 831 വരെയുള്ള ഭേദഗതികൾ 829-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഡോ. എൻ. ജയരാജിന്റെ 820, 826 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

820. ഖണ്ഡം 14(2)-ൽ "വഹിക്കേണ്ടതാണ്." എന്ന വാക്കിനും ചിഹ്നത്തിനും പകരം "വഹിക്കേണ്ടതാണ് :" എന്ന വാക്കും ചിഹ്നവും ചേർക്കുക.

826. ഖണ്ഡം 14(5)(എ)-ൽ "വിളിച്ചുവരുത്തുക" എന്നതിന് പകരം "ആവശ്യപ്പെടുകയോ വിളിച്ചുവരുത്തുകയോ ചെയ്യുക" എന്ന് ചേർക്കുക.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 819-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 832-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 810-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 811-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 812, 825 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 813, 827 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 815, 816, 824 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 818-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 828-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനഞ്ചാം വകുപ്പ്

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

836. ഖണ്ഡം 15(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒരാളിന്" എന്നതിന് പകരം "ഒരാൾക്ക്" എന്ന് ചേർക്കുക.

839. ഖണ്ഡം 15(3)-ൽ "ആയിരിക്കുന്നതും" എന്നതിന് പകരം "ആയിരിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

840. ഖണ്ഡം 15(3)-ൽ "അധികാരസ്ഥാനങ്ങളുടെ" എന്നതിന് പകരം "അധികാരസ്ഥാനങ്ങളുടെയും നികായങ്ങളുടെയും" എന്ന് ചേർക്കുക.

852. ഖണ്ഡം 15(8)-ൽ " അധികാരസ്ഥാനങ്ങളുടെ" എന്നതിന് പകരം " അധികാരസ്ഥാനങ്ങളുടെയും നികായങ്ങളുടെയും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

841. ഖണ്ഡം 15 (5)-ൽ "ചെയ്യുന്നത് " എന്നതിന് പകരം "ചെയ്യുന്നുണ്ടെന്ന് " എന്ന് ചേർക്കുക.

858. ഖണ്ഡം 15(10)-ൽ " പ്രകാരമായിരിക്കേണ്ടതാണ്" എന്നതിന് പകരം " പ്രകാരമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

842. ഖണ്ഡം 15 (5)-ൽ "ചെയ്യുന്നത് " എന്നതിന് പകരം "ചെയ്യുന്നുവെന്ന് " എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

844. ഖണ്ഡം 15 (6)-ൽ "അടിയന്തരാവസ്ഥ" എന്നതിന് പകരം "അടിയന്തര സാഹചര്യം" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

845. ഖണ്ഡം 15 (6)-ൽ "അടിയന്തരാവസ്ഥ" എന്നതിന് പകരം "അടിയന്തര സ്ഥിതിവിശേഷമോ സാഹചര്യമോ" എന്ന് ചേർക്കുക.

848. ഖണ്ഡം 15 (6)-ൽ "ചെയ്യേണ്ടതുമാണ്" എന്നതിന് പകരം "ചെയ്ത് സാധൂകരണം ലഭ്യമാക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

863. ഖണ്ഡം 15(13)-ന് ശേഷം ഉപഖണ്ഡം (14) ആയി താഴെപ്പറയുന്നത് ചേർക്കുക.
" (14) വിവരാവകാശ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള ഉദ്യോഗസ്ഥരെ യഥാവിധി ചുമലപ്പെടുത്തുക, ആന്റി-റാഗിംഗ് സമിതികളും, ഡിസിപ്ലിനറി കമ്മിറ്റികളും രൂപീകരിക്കുക, അതിലേക്കാവശ്യമായ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക" .

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

846. ഖണ്ഡം 15 (6)-ൽ "ചെയ്യേണ്ടതുമാണ്" എന്നതിന് പകരം "ചെയ്യേണ്ടതും സാധൂകരണം ആവശ്യമെങ്കിൽ ആയത് നേടേണ്ടതുമാണ് " എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

849. ഖണ്ഡം 15 (7)-ൽ "ജീവനക്കാരനെ" എന്നതിന് പകരം "ജീവനക്കാരെ" എന്ന് ചേർക്കുക.

857. ഖണ്ഡം 15(10)-ൽ " ശമ്പളവും" എന്നതിന് ശേഷം " ആനുകൂല്യങ്ങളും" എന്ന് ചേർക്കുക.

862. ഖണ്ഡം 15(13)-ൽ " നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്" എന്നതിന് പകരം " നിർവ്വഹിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

851. ഖണ്ഡം 15(7)-ൽ " ഉണ്ടായിരിക്കുന്നതാണ്" എന്നതിന് ശേഷം " ഇത്തരം നടപടി സ്വീകരിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട കക്ഷിയെ കേൾക്കുന്നതിനുള്ള അനുവാദം നൽകണം" എന്ന് ചേർക്കുക.

860. ഖണ്ഡം 15(13)-ൽ " ഒരു മാസത്തിനകം" എന്നതിന് പകരം " 15 ദിവസത്തിനകം" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

853. ഖണ്ഡം 15(9)-ൽ " നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം " അധികാരപ്പെടുത്തുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

861. ഖണ്ഡം 15(13)-ൽ " സീനിയോറിറ്റി അനുസരിച്ചുള്ള മൂന്ന് പേരുടെ ഒരു പാനലിൽ നിന്നും സർവ്വകലാശാലയിലെ ഒരു സീനിയർ പ്രൊഫസറെ തെരഞ്ഞെടുക്കേണ്ടതും അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി വൈസ്-ചാൻസലറെ നിയമിക്കുന്നതുവരെ വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്" എന്നതിന് പകരം " പ്രോ-വൈസ്-ചാൻസലറെ ചുമതലപ്പെടുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 833-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 837-ാം നമ്പർ ഭേദഗതി 836-ാം നമ്പർ ഭേദഗതിക്കും 838-ാം നമ്പർ ഭേദഗതി 839-ാം നമ്പർ ഭേദഗതിക്കും 843-ാം നമ്പർ ഭേദഗതി 842-ാം നമ്പർ ഭേദഗതിക്കും 847-ാം നമ്പർ ഭേദഗതി

846-ാം നമ്പർ ഭേദഗതിക്കും 854 മുതൽ 856 വരെയുള്ള ഭേദഗതികൾ 853-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഡോ. എൻ. ജയരാജിന്റെ 850-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

850. ഖണ്ഡം 15 (7)-ൽ "സസ്പെന്റ് ചെയ്യുകയോ" എന്നതിന് ശേഷം "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയ ശേഷം" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 842-ാം നമ്പർ ഭേദഗതിയും ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച 844-ാം നമ്പർ ഭേദഗതിയും ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 846-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 849, 857 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 836, 839 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 840, 852 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 841, 858 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 845, 848, 863 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 862-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 851, 860 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 853-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 861-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു..

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനാറാം വകുപ്പ്</u>

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

865. ഖണ്ഡം 16(1)-നുശേഷം താഴെപ്പറയുന്ന ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.
" (2) നിയമനസമയത്ത് അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ് ചാൻസലറായി നിയമിക്കാൻ പാടുള്ളതല്ല."

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

866. ഖണ്ഡം 16(2)-ൽ " വൈസ് ചാൻസലറുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്" എന്നതിന് പകരം " അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേക്ക് ആയിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

870. ഖണ്ഡം 16(3)-ൽ " യോഗ്യതയുണ്ടായിരിക്കേണ്ടതുമാണ്" എന്നതിന് പകരം " യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

872. ഖണ്ഡം 16(4)-ൽ, " ലിഖിതമായ ഒരു ഉത്തരവ് വഴി" എന്നത് ഒഴിവാക്കുക.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

874. ഖണ്ഡം 16(4)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ " കാരണം കാണിക്കാൻ" എന്നതിന് പകരം " വിശദീകരണം നൽകാൻ" എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

876. ഖണ്ഡം 16(4)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ " കാരണം കാണിക്കാൻ" എന്നതിന് പകരം " വാദഗതികൾ അവതരിപ്പിക്കുവാൻ" എന്ന് ചേർക്കുക.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

878. ഖണ്ഡം 16(4)-ന്റെ 2-ാം ക്ലിപ്തനിബന്ധനയിൽ " നൽകാത്തപക്ഷം" എന്നതിന് പകരം " നൽകാതെ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 864-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 871-ാം നമ്പർ ഭേദഗതി 870-ാം നമ്പർ ഭേദഗതിക്കും 873-ാം നമ്പർ ഭേദഗതി 872-ാം നമ്പർ ഭേദഗതിക്കും 875-ാം നമ്പർ ഭേദഗതി 874-ാം നമ്പർ ഭേദഗതിക്കും 877-ാം നമ്പർ ഭേദഗതി 876-ാം നമ്പർ ഭേദഗതിക്കും 879, 880 എന്നീ ഭേദഗതികൾ 878-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി <u>(ഡോ. ആർ. ബിന്ദു)</u>: സർ, ഡോ. എൻ. ജയരാജിന്റെ 869-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

869. ഖണ്ഡം 16(3)-ൽ " മുഴുവൻ സമയ ശമ്പളം പറ്റുന്ന" എന്നതിന് പകരം " ശമ്പളം പറ്റുന്ന മുഴുവൻ സമയ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 865-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 866-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 870-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 872-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 874-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 876-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 878-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നോമ്പ് തുറക്കേണ്ട സമയമായിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, സാധാരണ ഒരു ബിൽ പരിഗണനയ്ക്ക് എടുത്താൽ അത് പാസാക്കിയതിനുശേഷം മാത്രമെ സഭ പിരിയുകയുള്ളൂ. അതാണ് സഭയുടെ നടപടിക്രമം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സഭ ചേരുന്നത് 6 മണിവരെ എന്നാണ് ബഹുമാനപ്പെട്ട ചെയർ നേരത്തെ പറഞ്ഞത്. ഇന്ന് 06.30-ന് പ്രതിപക്ഷ നേതാവിന്റെ ഇഫ്താർ വിരുന്നുണ്ട്. അതിൽ എല്ലാവർക്കും പങ്കെടുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ബില്ലിന്റെ ബാക്കി ഭാഗം നാളത്തേയ്ക്ക് മാറ്റിവയ്ക്കണമെന്നാണ് ഞങ്ങളുടെ അഭ്യർഥന.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, നിർബന്ധബുദ്ധിയുടെ പ്രശ്നമല്ല, ബിൽ പരിഗണനയ്ക്ക് എടുക്കുമ്പോഴുള്ള സാധാരണ നടപടിക്രമമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഉചിതമായ തീരുമാനം ചെയർ സ്വീകരിച്ചാൽ മതി. ആ തീരുമാനത്തോട് പൂർണ്ണമായി യോജിക്കുന്നു.

<u>മി. സ്പീക്കർ</u>: 17-ാം വകുപ്പുകൂടി പരിഗണനയ്ക്ക് എടുത്തതിനുശേഷം സഭ ഇന്നത്തേയ്ക്ക് പിരിയുന്നതാണ്.

<u>പതിനേഴാം വകുപ്പ്</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

882. ഖണ്ഡം 17(2)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

886. ഖണ്ഡം 17(2) ന്റെ ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.
" എന്നിരുന്നാലും, രജിസ്ട്രാറിന് ചാൻസലറിനെ അഭിസംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതി നൽകിയ ഒരു രാജിക്കത്ത് മുഖേന ഏതു സമയത്തും തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്."

898. ഖണ്ഡം 17(5)-നു ശേഷം ഉപഖണ്ഡം(6) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.
" (6) രജിസ്ട്രാർ സർവ്വകലാശാലയുടെ രേഖകളുടെയും പൊതുമുദ്രയുടെയും അങ്ങനെയുള്ള മറ്റ് സ്വത്തുക്കളുടെയും സൂക്ഷിപ്പുകാരനായിരിക്കേണ്ടതാണ്" .

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

891. ഖണ്ഡം 17(3)-ൽ “ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്” എന്നതിന് പകരം "നിർവ്വഹിക്കേണ്ടതുമാണ്” എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

893. ഖണ്ഡം 17(5)-ൽ “ ഒപ്പ്” എന്നതിന് പകരം "ഒപ്പ്” എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

894. ഖണ്ഡം 17(5)-ൽ “ അധികാരമുണ്ടായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്” എന്നതിന് പകരം "അധികാരമുണ്ടായിരിക്കുന്നതാണ്” എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

896. ഖണ്ഡം 17(5)-ൽ “ പ്രകാരം” എന്നതിന് ശേഷം "അദ്ദേഹം” എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

899. ഖണ്ഡം 17(6)-ന്റെ ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം(7) ചേർക്കുക.
"(7) സർവ്വകലാശാല ഫണ്ടിന്റെ ദുർവിനിയോഗം, ദുർഭരണം അല്ലെങ്കിൽ പെരുമാറ്റദൂഷ്യം എന്നീ കുറ്റാരോപണങ്ങളിൽ ലിഖിതമായ ഒരു ഉത്തരവ് വഴി രജിസ്ട്രാറെ ഔദ്യോഗിക സ്ഥാനത്ത് നിന്ന്, അന്വേഷണ വിചാരണയും കാരണം കാണിക്കാനും തന്റെ ഭാഗം വിശദീകരിക്കാനും ഉള്ള സ്വാഭാവികമായ അവസരവും ഉറപ്പുവരുത്തിക്കൊണ്ട്, നീക്കം ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്" .

<u>മി. സ്പീക്കർ</u>: 881-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 883-ാം നമ്പർ ഭേദഗതി 882-ാം നമ്പർ ഭേദഗതിക്കും 895-ാം നമ്പർ ഭേദഗതി 894-ാം നമ്പർ ഭേദഗതിക്കും 897-ാം നമ്പർ ഭേദഗതി 896-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>):

സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 893-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 882-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 886, 898 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 891-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 894-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 896-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 899-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭയുടെ പൊതുവായ സമവായത്തിന്റെയടിസ്ഥാനത്തിൽ ബില്ലിന്റെ തുടർവകുപ്പുകളുടെ പരിഗണന 25-03-2025-ലേക്ക് മാറ്റിവയ്ക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 25-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 06.20-ന് പിരിഞ്ഞു.)

* * * * *